
പരിഭവങ്ങളില്ലാത്ത പകയില്ലാത്ത



# എന്റെ ജീവിതാനുഭവങ്ങൾ

ഡോ. എൻ. ഗോപാലകൃഷ്ണൻ

INDIAN INSTITUTE OF SCIENTIFIC HERITAGE
Thiruvananthapuram - 695 018

Heritage Publication Series - 100

Scanned with CamScanner

ന്നതും ഏറ്റെടുക്കുന്നതുമായ ഏതു പ്രവർത്തനത്തിനും എന്തെല്ലാം തടസ്സങ്ങളുന്നയിക്കുവാൻ സാധിക്കുമോ അതെല്ലാം, പ്രോജക്റ്റ് ലീഡറും ഹെഡ് ഓഫ് ദി ഡിവിഷനും ചേർന്ന്, എനിക്കെ തിരെകൊണ്ടുവരാനും തുടങ്ങി.

**അകത്തും പുറത്തും രണ്ടു നിറമുള്ള ശാസ്ത്രലോകം**

ഈ മീറ്റിംഗ് കഴിഞ്ഞ ഉടനെ ഞാൻ ഡോ. പിള്ളയെക്കണ്ട് ദേഷ്യ ത്തോടെ പറഞ്ഞു "താനെന്തൊക്കെ വിചാരിച്ചാലും എന്നെ ഒരു ചുക്കും ചെയ്യാൻ സാധിക്കില്ലടോ. തന്റെയൊക്കെ മനസ്സിലെ വിഷ മാണ് തന്നെകൊണ്ടിങ്ങനെ പറയിപ്പിച്ചത്. ഈ ലാബറട്ടറിയെ ഈ അവ സ്ഥയിലേക്കുനയിക്കുന്നതും തന്നെപോലുള്ളവരാണ്."

അദ്ദേഹം എന്റെ അടുത്തു വന്നു പറഞ്ഞു. "ഞാനൊന്നും ഉദ്ദേ ശിച്ചു പറഞ്ഞതല്ല. ഗോപാലകൃഷ്ണൻ പറഞ്ഞതാണ് ശരിയെന്നും എനി ക്കറിയാം. പറഞ്ഞു വന്നപ്പോൾ അങ്ങിനെ ആയിത്തീർന്നതാണ്, ക്ഷമി ക്കണം. എന്നോടു പരിഭവം തോന്നരുത്." ഞാനൊന്നും പറയാതെ തന്നെ എന്റെ മുറിയിലേക്കു മടങ്ങി. ഡോക്ടർ വിജയ്നായരുടെ അടുത്തു ചെന്ന് പറഞ്ഞു, "എന്തിനാ സാറെ ഞാൻ പറഞ്ഞതിനെ വള ച്ചൊടിച്ച് ദുർവ്യാഖ്യാനം ചെയ്ത് എന്നെ അവഹേളിച്ചത്?" അദ്ദേഹം പറഞ്ഞു "ഞാനങ്ങനെയൊന്നും വിചാരിച്ചിരുന്നില്ല. പൊതുവേയുള്ള അഭിപ്രായം പറഞ്ഞു എന്നുമാത്രം..." പിന്നെയും എന്തൊക്കെയോ അദ്ദേഹം പറഞ്ഞു. "ഈ വഞ്ചനയെന്നോട് വേണ്ടായിരുന്നു സാർ, ഞാൻ അങ്ങയെ ഒന്നും ചെയ്തിട്ടില്ലല്ലോ" എന്നും പറഞ്ഞ് ഞാൻ മടങ്ങി.

**എനിക്കു ലഭിച്ച കാരണം കാണിക്കൽ നോട്ടീസ്**

അടുത്ത ദിവസം ഡയറക്ടർ എനിക്ക് ഒരു ഷോകോസ് നോട്ടീസ് തന്നു. അതിലെ ശക്തമായ മുന്നറിയിപ്പിതായിരുന്നു. "ഈ ലാബറട്ടറി യിൽ പരസ്പരം ബന്ധം തകർത്തതും മറ്റും ഞാനാണെന്ന് താങ്കൾ പറഞ്ഞത് ഞാനും എന്റെ സഹപ്രവർത്തകരും ശ്രദ്ധയോടെ കേട്ടു. ഇനി താങ്കളോട് ഞാൻ നിർദ്ദേശിക്കുന്നു. ഇവിടത്തെ ബന്ധങ്ങൾ വഷ ളാകാൻ കാരണമായ എന്റെ ചെയ്തികളെക്കുറിച്ചും, അത് പുനഃസ്ഥാ പിക്കാനുള്ള നിർദ്ദേശങ്ങളും ഒരാഴ്ചയ്ക്കകം സമർപ്പിക്കുക. ഇല്ലെങ്കിൽ അനന്തര നടപടികൾ നേരിടാൻ തയ്യാറാകുക." ഞാൻ ആകെ വിറച്ചു പോയി. രണ്ടു ദിവസങ്ങൾക്കു മുമ്പുവരെ നല്ല ബന്ധത്തിലുണ്ടായി രുന്ന ഡയറക്ടറുടെ കയ്യിൽ നിന്നും ലഭിക്കുന്ന ഭീഷണി കത്ത്. അന ന്തര നടപടികൾ....

എന്നെ സ്നേഹിക്കുകയും ബഹുമാനിക്കുകയും ചെയ്തിരുന്ന



Scanned with CamScanner

വ്യക്തിയുടെ കൈപ്പടകൊണ്ട് ഇങ്ങിനെ ഒരു ഭീഷണിസ്വരമുള്ള കാരണം ബോധിപ്പിക്കൽ നോട്ടീസ് അപ്രതീക്ഷിതമായിരുന്നു. ഞാൻ നേരെ ഡയറക്ടറുടെ മുറിയിൽ ചെന്നു ക്ഷമാപണത്തോടെ പറഞ്ഞു "ഒരു ദുരുദ്ദേശവുമില്ലാതെയാണു ഞാനിതെല്ലാം പറഞ്ഞത്. എല്ലാവരുടേയും അഭിപ്രായമായിരുന്നു ഞാൻ പറഞ്ഞതും. സാറന്നെ ഏൽപിച്ചിരിക്കുന്ന പല പൊതു ഉത്തരവാദിത്വങ്ങളും നടപ്പിലാക്കാൻ ഓരോ സയിന്റിസ്റ്റിനേയും കാണുവാനും അവരുമായി ചർച്ച ചെയ്യുവാനും പോകുന്ന വേളയിൽ ലഭിച്ച അവരുടെ തോന്നലുകൾ നന്മവരട്ടെ എന്ന ലക്ഷ്യത്തോടെ അവതരിപ്പിച്ചു എന്നേയുള്ളൂ. ഞാൻ പറഞ്ഞതിനെ സാറാദ്യം അഭിനന്ദിക്കുകയും ചെയ്തു. പിന്നീടാണ് സാറും മാറിയത്...." അസാധാരണ ദേഷ്യത്തോടെ ഡോ. ദാമോദരൻ പറഞ്ഞു. "എനിക്കിതൊന്നും കേൾക്കേണ്ട. "ഐ വാണ്ട് ദ റിപ്ലൈ." ഞാൻ എന്റെ മുറിയിൽ ചിന്താമഗ്നനായി കസേരയിലിരുന്നു. അന്നു മുതൽ എന്റെ കൂടെയുള്ളവർപോലും എന്റെ അടുത്തു വരാതായി, എന്റെയടുത്തു വന്ന് കുറേനേരം പൈതൃകവിഷയങ്ങൾ സംസാരിക്കുന്നവർപോലും അതു ചെയ്യാതായി. അവരും ഡയറക്ടറുടെ ബാഡ് ബുക്കിലായിപ്പോയാലോയെന്നു ഭയന്നായിരിക്കണം വരാത്തത്. അങ്ങിനെയൊരുപതിവുണ്ട്, ഡയറക്ടർക്കിഷ്ടമില്ലാത്തവരുമായി സംസാരിച്ചാൽ ഡയറക്ടർക്കതിഷ്ടപ്പെടില്ല. എന്നെ ഒറ്റപ്പെടുത്തണമെന്നാഗ്രഹിച്ചവരെല്ലാം ഒരുമിച്ചായി. ക്യാന്റീനിൽ മിക്കവാറും സംഭാഷണം എനിക്കെതിരെയായിരുന്നു. "മൂന്നു പോസ്റ്റ് ഗ്രാജ്വേറ്റ് ഡിഗ്രിയും, ജേർണലിസവും, പിഎച്ച്.ഡിയുമെല്ലാം തലയിൽ കയറുമ്പോഴുണ്ടാകുന്ന അഹങ്കാരമാണിതൊക്കെ..."അങ്ങിനെ പോകുന്നു ചർച്ചകളും കമന്റുകളും. ഡയറക്ടറുടെ ഷോകോസ് നോട്ടീസിന് ഞാൻ മറുപടി കൊടുത്തില്ല. ഡയറക്ടർ രണ്ടാമത്തെ ആഴ്ച ഒരു നോട്ടിസുകൂടി തന്നു. "ഇതുവരെ എന്റെ ആദ്യത്തെ നോട്ടീസിനു മറുപടി ലഭിച്ചില്ല. ഉടനെ അതു നൽകിയില്ലെങ്കിൽ നടപടി ആരംഭിക്കുന്നതായിരിക്കും." ദിവസങ്ങൾ കുറേകഴിഞ്ഞു പോയതിനാൽ അൽപം ധൈര്യം ലഭിച്ചിരുന്നു. ഒരു സാധാരണ പേപ്പറെടുത്ത് പേനകൊണ്ടെഴുതി. "താങ്കളെ അവഹേളിക്കാനോ അപകീർത്തിപ്പെടുത്താനോ ഞാനൊന്നും ചെയ്തിട്ടില്ല. അങ്ങിനെയൊരുദ്ദേശവും എനിക്കുണ്ടായിരുന്നില്ല. ഉണ്ടാകുകയുമില്ല" ഇത്രയും വായിച്ചപ്പോൾ ഡയറക്ടർക്ക് എന്നോട് എത്രയാ ദേഷ്യം തോന്നിയിരിക്കാൻ സാധ്യതയെന്നെനിക്ക് ഊഹിക്കാൻ സാധിക്കുമായിരുന്നു.

എനിക്കെതിരെ നടപടിയെടുക്കേണ്ടതെങ്ങിനെയാണെന്ന് എല്ലാ സീനിയർ ശാസ്ത്രജ്ഞരോടും ഡയറക്ടർ ചോദിച്ചുവത്രെ. അവരുടെ വ്യക്തമായ അഭിപ്രായങ്ങൾ എല്ലാം എനിക്കറിയാൻ സാധിച്ചിരുന്നു. എല്ലാ സയിന്റിഫിക് കമ്മിറ്റിയംഗങ്ങളും ഒരു കാര്യത്തിൽ ഏകാഭിപ്രായക്കാ



Scanned with CamScanner

രായിരുന്നുവത്രെ "ഗോപാലകൃഷ്ണനെതിരെ കർശനമായ നടപടിയെടുക്കണം."

ഡയറക്ടറുടെ മുന്നിൽ എനിക്കെതിരെ നടപടിയെടുക്കണമെന്നു പറഞ്ഞവരെല്ലാം എന്നെകാണുമ്പോൾ മറിച്ചുപറയുമായിരുന്നു. അവർ എല്ലാവരും വളരെ സീനിയറായ ശാസ്ത്രജ്ഞന്മാരായിരുന്നു. ഭൂരിഭാഗവും മലയാളികളും. അവർ ഡയറക്ടറുടെ അടുത്തു പറയുന്ന കാര്യങ്ങൾ സയിന്റിഫിക് കമ്മിറ്റിയിൽ നിന്ന് എന്റെ സുഹൃത്ത് എന്നെ അറിയിക്കുമായിരുന്നു. പക്ഷേ അതേ സീനിയർ ശാസ്ത്രജ്ഞന്മാർ എന്നോടു അനുകമ്പയോടെ പറഞ്ഞത് "എത്രവ്യക്തമായ ഭാഷയിൽ നിങ്ങൾ നല്ല ഒരു കാര്യമാണ് ഡയറക്ടറോട് പറഞ്ഞത്. ഡയറക്ടർ എന്തിനാണതിനെ ഇങ്ങിനെ വ്യാഖ്യാനിക്കുന്നത്. ഞാൻ ഡയറക്ടറോട് കുറെ പറഞ്ഞുനോക്കി അദ്ദേഹം സ്വന്തം വാദത്തിൽ തന്നെ നിൽക്കുന്നു. അതെന്താണെന്നെനിക്കുമനസ്സിലാകുന്നില്ല... ഇതൊക്കെ ഇത്ര സീരിയസായി എടുക്കേണ്ട കാര്യമുണ്ടോയെന്ന് ഞാൻ ഡയറക്ടറോടു പറഞ്ഞു." ഇതായിരുന്നു ഇവരെന്നെക്കാണുമ്പോൾ പറഞ്ഞിരുന്നതിന്റെ സംക്ഷിപ്തം.

## നിയമത്തിന്റെ പന്ഥാവിലൂടെ ചലിക്കാൻ നിർബന്ധിതനായി

എന്റെ അടുത്ത സുഹൃത്തായ ഒരു അഡ്വക്കേറ്റിനോട് ചോദിച്ചിട്ടായിരുന്നു ഞാൻ ഡയറക്ടർക്ക് മറുപടി കൊടുത്തത്. ഡയറക്ടറുടെ ആദ്യത്തെ അഞ്ചു വർഷങ്ങളിൽ പ്രത്യക്ഷമായും പരോക്ഷമായും കത്തിലൂടെ എനിക്ക് എഴുതിത്തന്നിരുന്ന എല്ലാ വിലയിരുത്തലും ഔട്ട്സ്റ്റാന്റിംഗ് സർട്ടിഫിക്കറ്റുകളായിരുന്നു. മറ്റെല്ലാം ഡോക്യൂമെന്റുകളിലും വളരെ നല്ല കമന്റുകളായിരുന്നു എഴുതിയിരുന്നത്. പിന്നീട് എന്റെ സി. ആറും, മോശമായ രീതിയിൽ നിരന്തരമുള്ള റിമൈന്ററുകളും എല്ലാം സഹിക്കാവുന്നതിലപ്പുറത്തായപ്പോൾ, അന്നുവരെ എനിക്കു ലഭിച്ചിരുന്ന എല്ലാ നല്ല കമന്റുകളും ഡയറക്ടറുടെ സർട്ടിഫിക്കറ്റുകളുടെ കോപ്പികളും ചേർത്ത് ഡയറക്ടർക്കും, പ്രോജക്റ്റ് ലീഡർക്കും, ഡിവിഷൻ ഹെഡിനും, അഡ്വക്കേറ്റ് ഡ്രാഫ്റ്റ് ചെയ്ത കത്തും ഞാൻ അയച്ചു. അതിന്റെ കോപ്പി ഡൽഹിയിലുള്ള സി.എസ്.ഐ.ആറിന്റെ ഡയറക്ടർ ജനറലിനുമയച്ചു. ഞാൻ സി.എസ്.ഐ.ആർ, ഡിജിക്കും കത്തെഴുതിയതോടുകൂടിയാണെന്നു തോന്നുന്നു പിന്നെ എനിക്കെതിരെ പ്രത്യക്ഷമായ ഒരു നടപടിയുമുണ്ടായില്ല. പക്ഷേ, ഞാൻ ഡയറക്ടറുടേയും മറ്റ് സീനിയർ ശാസ്ത്രജ്ഞന്മാരുടേയും ദൃഷ്ടിയിൽ ഒരു തന്റേടിയും തീവ്രവാദിയുമായി. അങ്ങനെ ശാന്തനായി കഴിഞ്ഞിരുന്ന ഒരുവനെ മറിച്ചാക്കിയതിനാൽ അതിൽ നിന്നെല്ലാം ഉയർന്നു പറക്കാനൊരു ആഗ്രഹവുമെനിക്കുണ്ടായി. കൂടാതെ എന്തെല്ലാം ചെയ്താലും ഇനിയങ്ങോട്ടംഗീ



Scanned with CamScanner

കാരമൊന്നും ലഭിക്കില്ല എന്നുമറിയാമായിരുന്നു. അതുകൊണ്ട്, എന്തെല്ലാം ചെയ്യണമോ അതെല്ലാം ചെയ്ത് ഈ സംഘർഷത്തെ അതിജീവിക്കുകയെന്നായിരുന്നു എന്റെ ലക്ഷ്യവും മാർഗ്ഗവും. എന്റെ പ്രവർത്തനങ്ങൾ നിർബാധം ശാസ്ത്രമണ്ഡലത്തിലും സാമൂഹികമണ്ഡലത്തിലും തുടർന്നുകൊണ്ടേയിരുന്നു.

കാനഡയിലെ ആൽബർട്ട യൂണിവേഴ്സിറ്റിയിലെ പ്രൊഫസർ ജിയോങ് എസ്. സിം എന്ന വ്യക്തിക്ക് അയച്ച കത്തും, അപേക്ഷാഫാറവും, അതിന് മറുപടിയയച്ചതും, അപേക്ഷ സമർപ്പിച്ചതനുസരിച്ചുള്ള കത്തിടപാടുകളും നിരന്തരം നടക്കുന്നുണ്ടായിരുന്നു.

**ഗവേഷണത്തിന് കാനഡയിലേക്കു ക്ഷണം**

1992 അവസാനത്തോടെ എനിക്ക് ഡോ. സിമ്മിന്റെ കത്തു ലഭിച്ചു. "നിങ്ങൾക്ക് കാനഡയിലെ വിശ്വപ്രസിദ്ധമായ യൂണിവേഴ്സിറ്റി ഓഫ് ആൽബർട്ടയിലെ വിസിറ്റിംഗ് സയിന്റിസ്റ്റായി പ്രവർത്തിക്കാനുള്ള സെലക്ഷൻ ലഭിച്ചിരിക്കുന്നു. ഈ വർഷം മൂന്നു വ്യക്തികളെ തെരഞ്ഞെടുത്തതിൽ ഒരുവൻ ജപ്പാനിൽ നിന്നും മറ്റൊരുവൻ ഇറ്റലിയിൽ നിന്നുമാണ്. വളരെ പ്രസിദ്ധമായ കനേഡിയൻ ഇന്റർനാഷണൽ ഡവലപ്മെന്റ് ഏജൻസി (സി.ഐ.ഡി.എ) യുടെ ഫെല്ലോഷിപ്പ് ലഭിക്കുക എന്നത് അത്യപൂർവ്വമായ ഭാഗ്യമാണ്. സൗകര്യംപോലെ മറ്റു ഫോർമാലിറ്റീസ് തീർത്ത് ഇവിടേക്ക് വരുന്നതെന്നാണെന്നറിയിക്കുക. താങ്കളുടെ ദേശവാസിയായ മിസിസ് ഗീതാ ചെറിയാൻ എന്റെ കൂടെയാണ് റിസർച്ച് ചെയ്യുന്നത്. അവർ നിങ്ങൾക്ക് വേണ്ടതായ എല്ലാ സൗകര്യങ്ങളും മാർഗ്ഗനിർദ്ദേശങ്ങളും നൽകുന്നുണ്ടാകും."

എനിക്ക് 37 വർഷം തികഞ്ഞിരുന്നു. എന്റെ മാഹാരജാസിലെ '40 വയസ്സിനു മുമ്പ്' എന്ന പ്രതിജ്ഞ ഞാനോർത്തു. ഈ കത്തുമായി ഞാനെന്റെ ഡിവിഷൻ ഹെഡിന്റെയും പ്രോജക്ട് ലീഡറുടേയുമടുത്തു പോയി. വളരെ തണുപ്പൻ പ്രതികരണമായിരുന്നു ലഭിച്ചത്. ഡയറക്ടറുടെ അടുത്ത് ഈ കത്തു കാണിച്ചു. കാര്യമായിട്ടൊന്നും പറഞ്ഞില്ല. കൃത്രിമമായ ഒരു പുഞ്ചിരി മാത്രം. എന്റെ ഭയം ഈ ഫെല്ലോഷിപ്പില്ലാതാക്കാനും, ഭാരതം വിടാനുള്ള അനുവാദം തരാതിരിക്കാനും ഇവർ വിചാരിച്ചാൽ എളുപ്പത്തിൽ സാധിക്കും. എന്റെ കത്ത് മുകളിലേക്കയച്ചില്ലെങ്കിൽ അതുമതി എല്ലാം തകരാൻ. വളരെ ശ്രദ്ധയോടെയാണ് ഞാൻ കാര്യങ്ങളെല്ലാം ചെയ്തത്. ഇപ്രകാരമോ ഇത്രയൊന്നും പ്രാധാന്യമില്ലാത്തതോ ആയ ഫെല്ലോഷിപ്പു ലഭിച്ചവർക്കുപോലും അസാധാരണമായ അഭിനന്ദനങ്ങൾ ലാബിൽ നിന്നും ലഭിച്ചിട്ടുണ്ട്. ഡെപ്യൂട്ടേഷൻ വിത്ത് ഫുൾ പേയാണ് എല്ലാവർക്കും ലഭിച്ചിരിക്കുന്നത്. (പൂർണശമ്പ



Scanned with CamScanner

ഉത്തോടുകൂടിയ ഡെപ്യൂട്ടേഷനാണ് ലഭിക്കാറുള്ളത് കാരണം ഇതൊരു അഭിമാനാർഹമായ നേട്ടമാണ്). 1992 അവസാനത്തോടെ എന്റെ ശ്രദ്ധ മുഴുവൻ കാനഡയിലേക്കുള്ള വിസ, ടിക്കറ്റ്, മറ്റു മെഡിക്കൽ ഫോർമാലിറ്റികൾ തുടങ്ങി അനവധികാര്യങ്ങൾക്കായി കേന്ദ്രീകരിച്ചു. ജീവിതത്തിലെ എല്ലാ കാര്യങ്ങളും കുടുംബകാര്യങ്ങളും, മക്കളുടെ വിദ്യാഭ്യാസവുമൊന്നും തകരാതെ തളരാതെ വേണം ഇതൊക്കെ ശരിയാക്കാൻ. ലാബിൽ നിന്ന് അറിഞ്ഞോ അറിയാതെയോ ഉള്ള ഒരു പ്രശ്നവുമുണ്ടാകരുത്. വേണ്ടതിനും വേണ്ടാത്തതിനും അനോണിമസ് കത്തുകളയക്കുന്നവരും, അതു ഡ്രാഫ്റ്റ് ചെയ്തു കൊടുക്കുന്നവരുമായ ശാസ്ത്രജ്ഞന്മാരും, ടൈപ്പിസ്റ്റുമാരുമെല്ലാമുള്ള സ്ഥാപനമാണ്. ഇവരാരു വിചാരിച്ചാലും പ്രൊഫ. സിമ്മിനോ, എന്റെ ഡയറക്ടർ ജനറലിനോ ഏതെങ്കിലും ഇല്ലാത്ത കാര്യങ്ങൾ ചേർത്ത് ഒരു കത്തയച്ചാൽ ഈ ഫെല്ലോഷിപ്പില്ലാതാകും. ഇല്ലാത്ത നിയമങ്ങൾ ഉദ്ധരിക്കാനും ഉള്ളതിനെ തലതിരിച്ചു വ്യാഖ്യാനിക്കാനും കഴിവുള്ളവർ ഈ സ്ഥാപനത്തിൽ ഉണ്ടുതാനും. ഈ തടസ്സങ്ങളിലേതെങ്കിലുമൊന്നുണ്ടായാൽ അത് അതിജീവിക്കാനസാധ്യമാണ്. ഉണ്ടാകാതെ നോക്കൽ മാത്രമാണ് പ്രതിവിധി. വർഷാവസാനത്തോടെ യാത്രക്കുള്ള മറ്റ് ഫോർമാലിറ്റികളെല്ലാം പൂർത്തിയാക്കി.

### എല്ലാവർക്കും അർഹതയുള്ളത് എനിക്ക് ലഭിച്ചില്ല

ഡയറക്ടറുടെ അടുത്ത് എനിക്ക് ഡെപ്യൂട്ടേഷന് അർഹതയുണ്ടെന്നും അതു നൽകണമെന്നും അപേക്ഷിച്ചു. ഒരു ഡയറക്ടറും ചെയ്യാത്തതായിരുന്നു ഡോ. ദാമോദോരൻ ചെയ്തത്. എനിക്ക് ലഭിക്കുന്ന കനേഡിയൻ ഫെല്ലോഷിപ്പ് സംഖ്യ, യാത്രാ ചിലവ്, വിന്റർ അലവൻസ്, മറ്റു യൂണിവേഴ്സിറ്റികളിലേക്കുള്ള വിസിറ്റിംഗ് അലവൻസ് ഇതെല്ലാം കൂട്ടി നോക്കി കനേഡിയൻ ഡോളറിനെ ഇന്ത്യൻ രൂപയാക്കി മാറ്റാൻ അമേരിക്കൻ ഡോളറിന്റെ ഇന്ത്യൻ രൂപയുടെ സമമായ സംഖ്യ കൊണ്ട് ഗുണിച്ച് (അമേരിക്കൻ ഡോളറിന് അന്ന് 36 രൂപയും കനേഡിയൻ ഡോളറിന് 22 രൂപയുമായിരുന്നു) എന്നെ അറിയിച്ചു. "നിങ്ങൾക്ക് ഏകദേശം എട്ടുലക്ഷം രൂപ ലഭിക്കും, അതുകൊണ്ട് ഡെപ്യൂട്ടേഷൻ ഒരിക്കലും സാധ്യമല്ല. ലീവെടുത്തു പോകുക. ഇനി കൂടുതലൊന്നും സംസാരിക്കാനില്ല." ഇന്നുവരെ ലാബിന്റെ ചരിത്രത്തിൽ ഒരു സയിന്റിസ്റ്റിനും ഉണ്ടാകാത്തതാണ് ഇത്. ഞാൻ ഡയറക്ടറോട് ഡെപ്യൂട്ടേഷൻ വേണമെന്ന് അപേക്ഷിച്ചു. ഞാൻ പറയുന്നതൊന്നും കേൾക്കാൻ അദ്ദേഹം സന്മനസുകാണിച്ചില്ല. എന്റെ ഭയം ലാബറട്ടറിയിൽ നിന്നും ശമ്പളം ലഭിക്കില്ല എന്നതിലായിരുന്നില്ല. ഏകദേശം ഒരു വർഷം ഞാൻ

കാനഡയിൽ ചെലവഴിക്കുന്ന കാലം ഡെപ്യൂട്ടേഷനല്ലെങ്കിൽ അത് സർവ്വീസ് ബ്രേക്കാകും. അതിന്റെ നിയമവശങ്ങൾ വളരെ സങ്കീർണമായിരിക്കും എന്ന് അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ എന്നെ അറിയിച്ചിരുന്നു.

ഏതു പ്രശ്നങ്ങളും അതിജീവിക്കാനനുഗ്രഹിച്ച ഈശ്വരൻ ഇവിടെയും അനുഗ്രഹിക്കുമെന്ന് മനസ്സു പറയുന്നുണ്ടായിരുന്നു. ഫെല്ലോഷിപ്പുമായി ബന്ധപ്പെട്ട് ഞാൻ ചെയ്തുകൊണ്ടിരുന്ന ഒരു കാര്യവും ആരേയും അറിയിച്ചിരുന്നില്ല. എപ്പോഴാണ് ആരാണ് പ്രശ്നമുണ്ടാക്കുന്നതെന്നറിയില്ലാത്തതുകൊണ്ടുമാത്രമാണത്.

ഒരു സുപ്രഭാതത്തിൽ ഒരു സർക്കുലർ, ഡയറക്ടറുടെ നോട്ടീസ് ബോർഡിൽ, പതിച്ചിരുന്നതു കണ്ടു. ഏകദേശം ഒരു മാസത്തേക്ക് ഡോ. ദാമോദരൻ വിദേശപര്യടനത്തിലായിരിക്കുമെന്നും അദ്ദേഹം സന്ദർശിക്കുന്ന സ്ഥലങ്ങളും യൂണിവേഴ്സിറ്റികളും വിവരിച്ചുകൊണ്ടായിരുന്നു, സർക്കുലർ. എനിക്ക് വളരെ സന്തോഷം തോന്നി. കാരണം ഏകദേശം നാലു മാസങ്ങൾക്കു മുമ്പായിരുന്നു, കേന്ദ്രഗവൺമെന്റ് സി.എസ്.ഐ. ആറിനുകൂടി ബാധകമാകുമെന്ന വിധത്തിൽ ഒരു പുതിയ നിയമം കൊണ്ടുവന്നത്. സയിന്റിസ്റ്റുമാർക്ക് പത്ത് വർഷത്തെ സർവ്വീസുണ്ടെങ്കിൽ ആറു വർഷത്തിനൊരു വർഷം എന്ന കണക്കിൽ സബാറ്റിക്കൽ ലീവ് (ശമ്പളത്തോടുകൂടി സർവ്വീസ് ബ്രേക്ക് വരാതെ) എടുക്കാനുള്ള അവകാശമുണ്ടെന്ന്. എന്റെ ഡയറക്ടർ വിദേശയാത്രയാരംഭിച്ച് മൂന്നു ദിവസം കഴിഞ്ഞ് ഞാൻ സബാറ്റിക്കൽ ലീവിനുള്ള അപേക്ഷ, ആക്റ്റിംഗ് ഡയറക്ടറായിരുന്ന ഡോ. വിജയ്നായർക്ക് സമർപ്പിച്ചു. ഒന്നും ചോദിക്കാതെ അദ്ദേഹം സബാറ്റിക്കൽ ലീവ് അനുവദിച്ചു തന്നതോടുകൂടി ഞാൻ ആദ്യകടമ്പ കടന്നു. ആശ്വാസമായി! ഒരിക്കൽ അനുവാദം ലഭിച്ചാൽ പിന്നെ അത് മാറ്റുന്ന പതിവില്ല എന്നതാണ് പൊതുവേ അംഗീകരിച്ചിരിക്കുന്ന തത്വസംഹിത. അതുകൊണ്ടൊരു ധൈര്യം, എങ്കിലും ഇത് ചർച്ചാവിഷയമാക്കിയില്ല. എന്റെ ലാബിൽ സബാറ്റിക്കൽ ലീവെടുക്കുന്ന ആദ്യത്തെ സയിന്റിസ്റ്റും ഞാനായിരുന്നു

കാനഡയിലേക്ക് പോകാനുള്ളതെല്ലാം തയ്യാറാക്കുന്ന വേളയിൽ എന്റെ അനുജന്റെ വിവാഹത്തിനുള്ള കാര്യങ്ങൾ നടക്കുന്നുണ്ടായിരുന്നു. കൂടാതെ ഞാൻ താമസിക്കുന്ന പുതിയ വീട്ടിൽ നിന്നും കരമനയിലെ ഒരഗ്രഹാരത്തിലേക്ക് മാറാനുള്ളതെല്ലാം ചെയ്തുകൊണ്ടുമിരുന്നു. ഇത്രയും വിസ്തൃതമായ സ്ഥലത്ത് ഒരു മൂലയ്ക്കുള്ള വീട്ടിൽ രണ്ടു കൊച്ചുകുട്ടികളുമായി കുടുംബം ഒറ്റക്കുതാമസിക്കുന്നത് വളരെ ഭയത്തോടുകൂടിയായിരിക്കുമെന്നത് ഒഴിവാക്കാനായിരുന്നു ഈ വീടുമാറ്റം. അതേസമയം ഈ വീട്ടിലേക്ക് ഒരു വാടകക്കാരനെ കണ്ടെത്തണം. എന്റെ രണ്ടു കുഞ്ഞുങ്ങൾക്ക് സ്കൂൾ യാത്രയ്ക്കുള്ള വാഹനം പോലെ മറ്റെല്ലാമാകണം. അതെല്ലാം ഒന്നൊന്നായി സംഘടിപ്പിച്ചു.



Scanned with CamScanner

ഇതിനിടയ്ക്കുതന്നെ എന്റെ ഔദ്യോഗിക ഗവേഷണ കർമ്മങ്ങളൊക്കെയും, പ്രഭാഷണ പരിപാടികളും, ക്ലാസുകളും, വിചാരകേന്ദ്രത്തിന്റെയും, സ്വദേശി സയൻസ് മൂവ്മെന്റിന്റേയും പ്രവർത്തനങ്ങളുമെല്ലാം മുന്നോട്ടു കൊണ്ടുപോകാനും സാധിച്ചിരുന്നു. എന്തുതടസ്സം വരുമ്പോഴും കോവളത്തെ (മുക്കുവന്മാരുടെ) ധർമ്മശാസ്താവിനെ സ്മരിക്കും അന്നും ഇന്നും. ഉപനിഷത്തുക്കളും, പുരാണങ്ങളും ,വേദങ്ങളും, കൂടുതൽ കൂടുതൽ ഗഹനമായി പഠിക്കുവാനും അത് മറ്റുള്ളവർക്കെത്തിക്കുവാനും ലഭിക്കുന്ന സമയമൊന്നും ഒരിക്കലും പാഴാക്കിയിരുന്നില്ല. ഔദ്യാഗിക സ്ഥാനവും പുറത്ത് ലഭിക്കുന്ന അംഗീകാരങ്ങളും അതിനൊരനുഗ്രഹവുമായി.

## അൽപം ജ്യോതിഷ പഠനം

ഇക്കാലയളവിൽതന്നെ ജ്യോതിഷം കുറെച്ചൊക്കെ പഠിക്കാനും അവസരം ലഭിച്ചു. എന്റെ ജ്യേഷ്ഠൻ ശ്രീനിവാസൻ എറണാകുളത്ത് ജ്യോതിഷം പഠിക്കുന്നുണ്ടായിരുന്നു. അതിന്റെ അനവധി സാധ്യതകൾ ജ്യേഷ്ഠൻ എനിക്ക് പറഞ്ഞുതരുമായിരുന്നു. അത് എന്നിലും ജ്യോതിഷം പഠിക്കാനുള്ള ആഗ്രഹമുണ്ടാക്കി. പുസ്തകം വായിച്ച് കുറേ മനസ്സിലാക്കാൻ ശ്രമിച്ചു. തിരുവനന്തപുരത്തെ ജ്യോതിഷപണ്ഡിതനായ പ്രൊഫ. മുത്തുസ്വാമിയുടെ ശിഷ്യത്വത്തിൽ കുറേകാലം ജ്യോതിഷം പഠിച്ചു. അനന്തസാധ്യതകളുള്ള ഈ വിഷയത്തിൽ ഏതാണ്ട് ആറുമാസം കൊണ്ട് അടിസ്ഥാന കാര്യങ്ങൾ മനസ്സിലാക്കാൻ സാധിച്ചു. വേദപഠനവും ജ്യോതിഷപഠനവും തുടർന്നപ്പോൾ നമ്മുടെ പൂർവീകർ പറഞ്ഞ ഗഹനമായ ഒരു സന്ദേശം അക്ഷരാർത്ഥത്തിൽ ശരിയാണെന്നു ബോധ്യം വന്നു. എത്രയെല്ലാം കഴിവുണ്ടെങ്കിലും പുസ്തകങ്ങളുണ്ടെങ്കിലും ഗുരുമുഖത്തു നിന്നുവേണം വിദ്യ അഭ്യസിക്കാൻ. സ്വയം പഠിക്കാൻ ശ്രമിച്ചിരുന്നെങ്കിൽ ഉണ്ടാകാൻ സാധ്യതയുള്ള വീഴ്ചകൾ വ്യക്തമായി അറിയാൻ സാധിച്ചു. യൂണിവേഴ്സിറ്റി പ്രൊഫസറായിരുന്ന പ്രൊഫ. മുത്തുസ്വാമി, ബുദ്ധിക്കും യുക്തിക്കും നിരക്കുന്ന വിധത്തിലായിരുന്നു ഓരോ ജ്യോതിഷക്ലാസിലും കാര്യങ്ങൾ വിശദീകരിച്ചു തന്നിരുന്നത്, മാത്രമല്ല സ്വയം വിദ്യാർത്ഥികളെക്കൊണ്ട് ചിന്തിപ്പിക്കുകയും, വിമർശനബുദ്ധ്യാവിശകലനം ചെയ്യിക്കുകയും പതിവായിരുന്നു.

## കാനഡായാത്രയ്ക്കുള്ള തയ്യാറെടുപ്പ്

കാനഡയാത്രയോടനുബന്ധമായി കരമനയിൽ വീടെടുക്കുവാൻ സാധിച്ചത് ജ്യോതിഷപഠനത്തിന് വളരെയേറെ സഹായകരമായി. കാനഡയിൽ നിന്ന് തിരിച്ചുവരുന്നതുവരെയുള്ള ഇലക്ട്രിസിറ്റി ചാർജും, വാട്ടർ ചാർജ്ജും, ടാക്സും മറ്റുമെല്ലാം അടച്ചതിനു ശേഷമുള്ള യാത്ര



Scanned with CamScanner

യായിരുന്നതുകൊണ്ട് കുടുംബത്തിന് എല്ലാ ബാധ്യതകളിൽ നിന്നും മോചനമുണ്ടായിരിക്കണം എന്നാഗ്രഹിച്ചിരുന്നു.

അതിസങ്കീർണമായ മെഡിക്കൽ ചെക്കപ്പ് ഭയപ്പെടുത്തുന്നതായിരുന്നു. ഇൻഷ്വറൻസും ടിക്കറ്റുകളുമെല്ലാം യഥാകാലം ഫെബ്രുവരിയിൽ തന്നെ എടുത്തു. ഭാരതത്തിന്റെ അതിർത്തിക്കപ്പുറത്തേക്കുള്ള ആദ്യത്തെ യാത്ര. എന്തെല്ലാം സംഭവിക്കാം. അവസാനം എല്ലാ സ്വപ്നങ്ങളും തകരുമോ എന്നെല്ലാമുള്ള ഭയം മനസ്സിൽ നിറഞ്ഞിരുന്നു. ഓഫീസിൽ ആരോടും കാര്യങ്ങൾ ചോദിച്ചറിയാനുള്ള ധൈര്യവുമില്ല. കാരണം പരിണിതഫലമെന്തെന്നറിഞ്ഞുകൂടാ.

കാനഡയിലേയ്ക്കുള്ള ടിക്കറ്റ് റിസർവ് ചെയ്തപ്പോൾ ദുബായ് വഴിക്ക് പോകണമെന്നാഗ്രഹിച്ചു. എന്റെയനുജൻ അവിടെയുണ്ട്. സംഭവിക്കുന്നതെല്ലാം സംഭവിക്കട്ടെ എന്നുകരുതി യാത്രയുടെ ഒരു നിയമവുമറിയാത്ത ഞാൻ ഒരു കണ്ടീഷൻമാത്രം വെച്ച് ദുബായ് വഴിക്കു ടിക്കറ്റെടുത്ത്; അനുജനേയും കണ്ടിട്ടുവേണം പോകാൻ. ഈ സുവർണാവസരം ഇനി ലഭിച്ചു എന്നുവരില്ല. ഫെബ്രുവരി മാസത്തിൽതന്നെ സബാറ്റിക്കൽ ലീവും ഹെഡ്ക്വാർട്ടേഴ്സിൽ നിന്നുള്ള അനുവാദവും ലഭിച്ചു. മറ്റെല്ലാ തടസ്സങ്ങളും നീക്കിയെടുത്തു അല്ലെങ്കിൽ നിങ്ങിക്കിട്ടി. എന്റെ അടുത്ത ലെവലിലേക്കുള്ള പ്രമോഷനുള്ള ഇന്റർവ്യൂവും കഴിയുന്നത്രയും വേഗത്തിൽ നടത്തണമെന്ന് അഡ്മിനിസ്ട്രേറ്റീവ് ഓഫീസറോടു ഞാൻ അഭ്യർത്ഥിച്ചു. ഡയറക്ടറുമായി നല്ല സ്വരത്തിലല്ലാത്തതിനാൽ പ്രൊമോഷൻ ലഭിക്കാതിരിക്കാനുള്ള എല്ലാ സാധ്യതയുമുണ്ട്. ലാബറട്ടറിയിൽ നിന്ന് രാജിവച്ചാലോ എന്നുവരെ തോന്നുന്ന അനുഭവങ്ങൾ ധാരാളമായിട്ടുണ്ടായിട്ടുണ്ട്. കൂടുതൽ വൈകാതെ കാനഡയിലേക്ക് യാത്ര തിരിക്കണം എന്നുറച്ച്, ഏപ്രിൽ 28ന് തന്നെ യാത്ര പുറപ്പെടുന്നതിന് ടിക്കറ്റ് റിസർവ് ചെയ്തു. സ്വന്തം കഴിവുകൊണ്ടും ജഗദീശ്വരാനുഗ്രഹം കൊണ്ടും മാത്രം, ആരുടേയും ശുപാർശയില്ലാതെ കാനഡ ഗവൺമെന്റ് തെരഞ്ഞെടുത്ത മൂന്നുപേരിൽ ഒരുവനായി കാനഡയിലേയ്ക്ക് പോകാനുള്ള ഭാഗ്യമായിരുന്നു അത്.

ദുബായിൽ നിന്നും ആംസ്റ്റർഡാമിലേക്കും അവിടെനിന്നും ലണ്ടനിലേക്കും പിന്നെ അമേരിക്കയിലെ മിനിയാപൊളിസ് വഴി കാനഡയിലെ ലേക്ക് എഡ്മണ്ടണിലേക്കുമാണ് ടിക്കറ്റ്. ഏകദേശം അമ്പതിനായിരം രൂപ, ഇന്നത്തെ ടിക്കറ്റുവിലയുടെ തുല്യം.

## ആദ്യ വിദേശയാത്രക്കുള്ള അനുഗ്രഹം

എപ്രിലിൽ കാനഡയിലേക്ക് യാത്ര പുറപ്പെടുന്നതിനു മുമ്പ് കുടുംബാംഗങ്ങളെയെല്ലാം സ്വസ്ഥമാക്കി, മാതാപിതാക്കളുടെയും അനുഗ്രഹം വാങ്ങി. അനുജന്റെ വിവാഹം ഏപ്രിൽ 29 എന്ന ദിവസം തന്നെ അറിയാതെ നിശ്ചയിക്കപ്പെട്ടുവെങ്കിലും അതിൽ പങ്കെടുക്കാൻ സാധ്യമല്ലായി



Scanned with CamScanner

രുന്നു എന്നറിയിച്ചു. ഞാൻ കാനഡയിലേക്കു പോകുകയാണെന്നു പറഞ്ഞപ്പോൾ അച്ഛനും അമ്മയും ദുഃഖിച്ചു എന്നതിൽ വിഷമം തോന്നി. എന്നാലും ഇനി വിദേശയാത്ര കഴിഞ്ഞേ തിരിച്ചു തൃപ്പൂണിത്തുറക്കുള്ളൂ എന്നറിയിച്ചുകൊണ്ടാണ് ഞാൻ തൃപ്പൂണിത്തുറയിൽ നിന്ന് മടങ്ങിയത്.

## യാത്രയ്ക്ക് മുമ്പൊരു ഇന്റർവ്യൂ

ഏതെല്ലാം വിധത്തിലുള്ള പ്രശ്നങ്ങളുണ്ടായാലും ഈശ്വരാനുഗ്രഹം കൊണ്ട് ഏപ്രിൽ 26ന് അസിസ്റ്റന്റ് ഡയറക്ടർ പോസ്റ്റിന് ഇന്റർവ്യൂ നടന്നു. നാലുമണിക്കുള്ള എന്റെ ഇന്റർവ്യൂവിൽ തികച്ചും പതറാതെ ഇരുന്നു എങ്കിലും എന്നെ ഒരുതരത്തിലും ഉത്തരം പറയിക്കാതിരിക്കാൻ ഡയറക്ടർ പലരീതിയിലും ചോദ്യങ്ങൾ ചോദിച്ചു. സ്റ്റേജിൽ ഞാൻ പറഞ്ഞതിന്റെ മുഴുവൻ ദേഷ്യവും ഡയറക്ടർ ഇന്റർവ്യൂ ബോർഡിൽ വീട്ടാൻ ശ്രമിച്ചതുപോലെ തോന്നി. ഈശ്വരാനുഗ്രഹത്താൽ ഡയറക്ടർ എനിക്കെതിരാണെന്ന തോന്നൽ ഇന്റർവ്യൂ കമ്മിറ്റിയുടെ ചെയർമാൻ ഡോ. കെ.കെ. ജി. മേനോനും, പ്രഗത്ഭരായ മറ്റു പലർക്കുമുണ്ടായിരുന്നു. വളരെ സ്നേഹത്തോടെയും അനുകമ്പയോടെയുമാണ് അവരെല്ലാം ചോദ്യം ചോദിച്ചത്. ഞാൻ പറഞ്ഞ ഉത്തരത്തിലെ രണ്ടുമൂന്നു കാര്യങ്ങൾ പൂർണമല്ലാതെ വന്നപ്പോൾ ഡയറക്ടർ എതിർത്തു സംസാരിച്ചു. ചോദ്യകർത്താവ്, ഞാൻ പറഞ്ഞതു ശരിയാണെന്നു പ്രഖ്യാപിച്ചു. ഇന്റർവ്യൂ പകുതിയായപ്പോൾ എന്റെ മുഖത്ത് ഭയത്തിന്റെ നിഴൽ കണ്ട് ചെയർമാൻ പറഞ്ഞു. ഡയറക്ടർ എതിരാണെങ്കിലും നിങ്ങൾക്ക് പ്രൊമോഷൻ ലഭിക്കും. മുന്നിലുള്ള ചായയും ബിസ്ക്കറ്റും കഴിക്കൂ (എന്നു നിർബന്ധിച്ചു). ഞാൻ വേണ്ടെന്നു പല ആവർത്തി പറഞ്ഞു. പതിവില്ലാത്ത അനുകമ്പയോടെ ഡോ. മേനോൻ പറഞ്ഞു. ഇനിയുള്ളചോദ്യം നിങ്ങൾ ചായകുടിച്ചിട്ടേയുള്ളൂ. ഞാൻ ഇന്റർവ്യൂ കമ്മിറ്റി അംഗങ്ങൾ ചുറ്റുമിരിക്കുമ്പോൾ തന്നെ ചായ കുടിച്ചു. എല്ലാ കാന്റിഡേറ്റ്സിനും 20 മിനിറ്റായിരുന്നു ഇന്റർവ്യൂ സമയം. എനിക്കുമാത്രം 1 മണിക്കൂർ 15 മിനിറ്റ്. വിളറിയ മുഖവുമായി കൃത്രിമ ചിരിയുമായി എഴുന്നേറ്റ എന്നോട് ഡോ. മേനോനും മറ്റു രണ്ടുപേരും പറഞ്ഞു. "നിങ്ങൾ എല്ലാത്തിനും ഉത്തരം നൽകിയിട്ടുണ്ട്. ധൈര്യമായി കാനഡയിലേക്കു പോയിവരൂ."

പ്രൊമോഷൻ ലഭിക്കാനുള്ള സാധ്യത, ഇന്റർവ്യൂ നന്നായിരുന്നുവെങ്കിലും, വിരളമാണ്. ഡയറക്ടർക്ക് എന്നോടുള്ള ദേഷ്യം തീർക്കാൻ ലഭിക്കുന്ന അവസരം, കൂടാതെ എന്റെ പ്രോജക്ട് ലീഡർക്കും അതേ ആഗ്രഹവുമുണ്ടായിരിക്കണം. കമ്മിറ്റിയുടെ തീരുമാനമാണ് അവസാനത്തേത്. അതുകൊണ്ടുതന്നെ ഇവരുടെ വ്യക്തിപരമായ ഇഷ്ടാനിഷ്ടങ്ങൾ ഇന്റർവ്യൂ കമ്മിറ്റിയേയും തീരുമാനത്തേയും സ്വാധീനിക്കുന്നു. അതിനാൽ എന്റെ മുന്നോട്ടുള്ള പ്രയാണവും അതിനെ ആശ്രയിച്ചിരിക്കുന്നു.



Scanned with CamScanner

## പുറം ലോകത്തിലേക്കൊരു പഠനയാത്ര

ഏപ്രിൽ 27-ാം തീയതി ഞാൻ കാനഡയിലേക്ക് പോകുന്നതിനു മുമ്പ് ലാബറട്ടറിയിൽ കൊടുക്കേണ്ടതായ പേപ്പറുകളെല്ലാം ശരിയാക്കി റിലീവിങ് ഓർഡറും വാങ്ങി. യാത്രക്കുള്ള റിസർവേഷൻ ശരിയാണെന്ന് ഉറപ്പുവരുത്തി. ആവശ്യമുള്ള എല്ലാ ഡ്രസ്സുകളും തയ്യാറാക്കി. ഭൂമിയുടെ കൃത്യം മറുപുറത്തുള്ള എഡ്മണ്ടൺ എന്ന നഗരത്തിലുള്ള യൂണിവേഴ്സിറ്റി ഓഫ് ആൽബർട്ടയിലേക്ക് പോകാൻ! 29-ാം തീയതി അനുജന്റെ വിവാഹമായിരുന്നു. എന്റെ യാത്രയാകട്ടെ 1993 ഏപ്രിൽ 28-ാം തീയതിയും. രാവിലെ 10 മണിക്ക് ബോംബേയിലേക്ക് തിരുവനന്തപുരത്ത് നിന്നും വിമാനം കയറി.

## യാത്രയുടെ ആരംഭം തന്നെ പ്രശ്നത്തിൽ

ഉച്ചക്ക് ഒരു മണിക്കുള്ള ഫ്ളൈറ്റിലാണ് ബോംബേക്കു പുറപ്പെട്ടത്. തിരുവനന്തപുരത്തു നിന്ന് നേരിട്ട് ദുബായിലേക്കായിരുന്നില്ല, ടിക്കറ്റ്. 5.30 ന് സാഹർ എയർപോർട്ടിലെത്തി, 29 ന് രാവിലെ 2 മണിക്കാണ് ദുബായ് ഫ്ളൈറ്റ് എന്നായിരുന്നു ടിക്കറ്റിൽ. എന്റെ ടിക്കറ്റ് കെ എൽ എം എന്ന ജർമ്മൻ ഫ്ളൈറ്റിന്റേതായിരുന്നു. പക്ഷേ കെ എൽ എം മായി ബന്ധപ്പെട്ടപ്പോൾ അവർ പറഞ്ഞു. രാവിലെ 8 മണിക്കാണ് യഥാർത്ഥ പുറപ്പെടൽ സമയം, ഏജന്റ് തെറ്റായിട്ട് സമയം കുറിച്ചതാണെന്ന്. രാത്രി മുഴുവനും ഉറങ്ങാതെ ബോംബേ എയർപോർട്ടിൽ തന്നെ കറങ്ങി നടന്ന് തളർന്നു പോയി. വിമാനത്തിന്റെ സമയമാറ്റത്തെക്കുറിച്ച് അറിഞ്ഞതാകട്ടെ രാത്രി 12 മണിക്കാണ്. പിന്നേയും സംശയമായി രാവിലെ രണ്ടു മണിക്കാണെന്ന് മാറ്റി പറഞ്ഞാലോ എന്നു വിചാരിച്ച് നിരന്തരം കെ എൽ എം കൗണ്ടറുമായി ബന്ധപ്പെട്ടുകൊണ്ടിരുന്നു. സഹികെട്ടപ്പോൾ അവർ അവജ്ഞയോടെ പറഞ്ഞു. "നേരിട്ട് ആംസ്റ്റർ ഡാമിലേക്കാണെങ്കിൽ ഇപ്പോഴുള്ള ഫ്ളൈറ്റിൽ കയറ്റി വിടാം. പക്ഷേ അവിടെനിന്നും അടുത്ത ദിവസമേ ലണ്ടനിലേക്ക് പോകാനൊക്കൂ." വേണ്ടെന്നു ഞാൻ പറഞ്ഞു കാരണം ദുബായിൽ എല്ലാവരും കാത്തു നിൽക്കുന്നുണ്ടാകും. പിന്നെ എഡ്മണ്ടനിലെത്തുന്ന സമയവും അവിടെയുള്ളവരെ അറിയിച്ചിട്ടുണ്ട്. എവിടെയെങ്കിലും എന്തെങ്കിലും മാറ്റം വന്നാൽ ഇന്നത്തെപോലെ മൊബൈൽ ഫോണും, ഇ.മെയിലും ഒന്നുമില്ലാത്ത കാലമായിരുന്നതിനാൽ ഞാൻ വഴിയാധാരമാകും. കുറച്ചു ഡോളർ മാത്രമേ കയ്യിലുള്ളൂ, അതു ചിലവാക്കാനും മനസ്സില്ല. ക്ഷീണിച്ച് തളർന്ന് ഇരുന്നപ്പോൾ ദുബായിലേക്ക് പോയതായി



Scanned with CamScanner

ട്ടാണ് മയക്കത്തിൽ സ്വപ്നം കാണുന്നത്. ഭക്ഷണം പോലും കാര്യമായിട്ടൊന്നും ലഭിച്ചില്ല. അടുത്ത ദിവസം രാവിലത്തെ എമിറേറ്റ്സ് വിമാനത്തിൽ ഞാൻ ദുബായിലേക്ക് പുറപ്പെട്ടു. നൂറു കണക്കിന് മാതാപിതാക്കളും സുഹൃത്തുക്കളും ബന്ധുക്കളും സ്വന്തക്കാരെ വിദേശത്തേക്കയക്കാൻ പുറത്തു നിൽക്കുന്നുണ്ടായിരുന്നു. തിരുവനന്തപുരത്തു നിന്നുപോലും എന്നെ യാത്രയാക്കാൻ ആരുമുണ്ടായിരുന്നില്ല എന്നു ഞാൻ ചിന്തിച്ചു. രാവിലെ 9.45 നാണ് ഫ്ളൈറ്റ് ഉയർന്നുപൊങ്ങിയത്. എന്റെ വിദേശയാത്രയുടെ ആരംഭത്തിന്റെ അവസാനമായിരുന്നു അത്. ബാഹ്യലോകം കാണാത്ത എനിക്ക് എമിറേറ്റ്സ് യാത്രയും ഭക്ഷണവും അത്ഭുതകരമായിരുന്നു.

രാവിലെ പത്തരക്ക് ദുബായിലിറങ്ങി. അനുജനെ ദുബായിലേക്ക് കൊണ്ടുപോയ ശ്രീ.കെ.സി.ജെ. നായർ ദുബായിൽ കാത്തു നിൽക്കുന്നുണ്ടായിരുന്നു. എന്റെ വരവും എന്നെ സ്വീകരിക്കലുമെല്ലാം അതീവ രഹസ്യമായിട്ടായിരുന്നുവത്രെ. അവർ പറഞ്ഞതനുസരിച്ച് അവിടം മുഴുവനും 'സ്പൈ' ആണത്രെ. ഓരോരുത്തരും ദുബായിലേക്കു വരുന്നതും പോകുന്നതുമെല്ലാം വാച്ചുചെയ്യാൻ ചാരന്മാരുണ്ട്. ഞാൻ ട്രാൻസിറ്റ് വിസയിൽ ദുബായിലിറങ്ങി. അനുജന്റെ വിവാഹമായിരുന്നതിനാൽ അവനുണ്ടായിരുന്നില്ല. സുഹൃത്തുക്കളെയെല്ലാം സന്ദർശിച്ചു. കഴിഞ്ഞ രാത്രി യിലും ഉറക്കമില്ലാതെ ക്ഷീണിച്ച് തകർന്നിരുന്നു, എന്നിരുന്നാലും കഴിയാവുന്നത്രയും സ്ഥലങ്ങൾ, ദുബായ് എന്ന മഹാനഗരരാജ്യത്തിൽ ചുറ്റിക്കറങ്ങി നടന്നു കണ്ടു. ഉറക്കത്തിന്റെ ക്ഷീണം കണ്ണിനേയും ശരീരത്തേയും വലിക്കുന്നുണ്ടായിരുന്നുവെങ്കിലും ഒരു വിദേശരാജ്യം കാണാനുള്ള ഭാഗ്യം ഇനി ഇങ്ങിനെ ലഭിച്ചു എന്നു വരില്ല. അതു കൊണ്ട് സർവശക്തിയുമുപയോഗിച്ച് കണ്ണു തുറന്നു പിടിച്ച് ഞാൻ രാത്രി 6 മണി വരെ ദുബായ് കണ്ടു. രാത്രി 8 മണിയോടെ ശ്രീ. കെ. സി.ജെ. നായരും കൂട്ടരും നൽകിയ ഭക്ഷണവും കഴിച്ച്, എയർ പോർട്ടിലെത്തി. എന്റെ പാസ്പോർട്ട് തിരിച്ചുകിട്ടാൻ ഭഗീരഥയത്നം വേണ്ടിവന്നു. പാസ്പോർട്ട് അടിയറ വെച്ചു വേണ്ടിയിരുന്നു, ദുബായിലെ ട്രാൻസിറ്റ് വിസയിൽ പുറത്തിറങ്ങാൻ. അതുകൊണ്ട് തിരിച്ചു പോകുന്ന വഴി ശ്രീ കെ സി ജെ നായരുടെ പരിചയക്കാരുണ്ടായിരുന്നതിനാൽ എളുപ്പത്തിൽ അത് തിരിച്ചു ലഭിക്കുമെന്നു വിചാരിച്ചിരുന്നു. തിക്കി തിരക്കി ഒരു മണിക്കൂർ പണിപ്പെട്ട് വളരെ ചെറിയ അന്നത്തെ ദുബായ് എയർ പോർട്ടിൽ നിന്നും കെ എൽ എം ഫ്ളൈറ്റിൽ കയറിയത് ശ്രമകരമായ ജോലിയായി



Scanned with CamScanner

രുന്നു. കയറുന്നതിന് മുമ്പ് ബോംബേയിലുണ്ടായിരുന്നതുപോലെ ദുബായിലും അമേരിക്കൻ സൈനീകരെന്നു തോന്നുന്ന ഉദ്യോഗസ്ഥർ എന്നെ അരമണിക്കൂറോളം പല ചോദ്യങ്ങളും ചോദിച്ച് ഇന്റർവ്യൂ നടത്തിയിട്ടാണ് ഫ്ളൈറ്റിനകത്തേക്ക് വിട്ടത്. അതുതന്നെ എന്നെ വല്ലാതെ ഭയപ്പെടുത്തിക്കളഞ്ഞു. ഒരു രാത്രി പൂർണമായും ഉറങ്ങാതെയുള്ളതും രണ്ടാം ദിവസം ദുബായിൽ ചുറ്റിത്തിരിഞ്ഞതുമായ ക്ഷീണം കാരണം കെ എൽ എം ജർമ്മൻ വിമാനത്തിൽ ഞാൻ ഉറങ്ങിയപ്പോൾ ഇടത്തോട്ടും വലത്തോട്ടും നിരന്തരം തല ചായുന്നുണ്ടായിരുന്നു. എയർ ഹോസ്റ്റസ് എന്റെ തല നേരെ വയ്ക്കാൻ എല്ലാ പണിയും നോക്കി. എന്റെ രണ്ടുവശത്തുള്ളവർക്ക് പ്രശ്നമാകുന്നു എന്നറിയാനുള്ള ബോധംപോലു എനിക്കുണ്ടായിരുന്നില്ല. ഞാൻ ഫ്ളൈറ്റിൽ അത്രക്കും ഗാഢമായ ഉറക്കത്തിലായിരുന്നു.

അതിരാവിലെ ആംസ്റ്റർ ഡാമിലിറങ്ങി. പുറത്തേക്കു പോകാനുള്ള വിസയില്ല. ശരീരം വൃത്തിയാക്കി കുറച്ചു ബിസ്ക്കറ്റും കഴിച്ച് 30-ാം തീയതി ഉച്ചക്ക് 2 മണിക്കുള്ള ഫ്ളൈറ്റ് പുറപ്പെടുന്നതും പ്രതീക്ഷിച്ചിരുന്നു. അത് പുറപ്പെട്ടത് 4 മണിക്കായിരുന്നു. വിമാനത്തിലെ സ്ക്രീനിൽ കാണിക്കുന്ന സ്ഥലങ്ങളും പർവതങ്ങളുമെല്ലാം പാഠപുസ്തകത്തിൽ പണ്ട് വായിച്ചു പഠിച്ചതോർമ്മയുണ്ട്. ഗ്രീൻവിച് രേഖ കടന്ന്, നോർത് സീ, ഇംഗ്ലണ്ട്, ഐസ് ലാണ്ട്, ഗ്രീൻലാണ്ട്, ഹഡ്സൺ ബേ, കടന്ന് കാനഡയുടെ മുകളിലൂടെ അമേരിക്കയിലെ മിനിയാപ്പോളീസ് എന്ന സ്ഥലത്തിറങ്ങി. ഏഴര മണിക്കൂർ ഒറ്റയിരിപ്പായിരുന്നു. വൈകുന്നേരം 6 മണിക്കാണ് അവിടെയിറങ്ങിയത്.

**മിനിയാപ്പോളിസിലെ ക്രൂരത**

എന്റെ യാത്രയുടെ ടിക്കറ്റിന്റെ എല്ലാ ഉത്തരവാദിത്വങ്ങളും ബുക്കിങ് ഏജന്റിനായതിനാൽ ഞാനൊന്നും ചോദിച്ചറിയാതെയാണ് മിനിയാപ്പോളിസിലിറങ്ങിയത്. അവിടെ ഇറങ്ങിയ ഉടനെ മൂന്നു സെക്യൂരിറ്റി ഉദ്യോഗസ്ഥർ എന്നെ വളഞ്ഞു. എന്തിനാണ് അമേരിക്കയിലേക്ക് വന്നതെന്നായിരുന്നു ആദ്യ ചോദ്യം. ഞാൻ പറഞ്ഞു ഞാനമേരിക്കയിലേക്കല്ല കാനഡയിലേക്കാണ് പോകുന്നത്. ഒരു മണിക്കൂർ അവരെന്നെ ചോദ്യം ചെയ്തു. അമേരിക്കയിലൂടെ കാനഡയിലേക്ക് പോകാൻ കാരണമെന്ത്? അവരുടെ ഇംഗ്ലീഷ് എനിക്ക് വ്യക്തമായിട്ടു മനസ്സിലാകുന്നില്ലായിരുന്നു. അതുകൊണ്ട് വ്യക്തമായി മറുപടി പറയാനും അസാദ്ധ്യമായിരുന്നു. എന്നെ ഒരു ചെറിയ മുറിയിലേക്ക് കൂട്ടികൊണ്ടുപോയി, രണ്ട്



Scanned with CamScanner

ആഫ്രിക്കൻ വംശജരായ സെക്യൂരിറ്റി സ്ത്രീകൾ ഉൾപ്പെടെ അഞ്ചു പേരാണ് എന്നെ ചോദ്യം ചെയ്തത്. എന്താണ് സംഭവമെന്നെനിക്കറിഞ്ഞുകൂടായിരുന്നു. പുറപ്പെട്ട് ഏകദേശം മൂന്ന് ദിവസങ്ങളായതിനാൽ താടി കുറച്ചു വളർന്നിരുന്നു. ഉറക്കമില്ലാത്തതിനാൽ കണ്ണ് മയക്കുമരുന്ന് കഴിച്ചവനെപോലെ ഉണ്ടായിരുന്നിരിക്കണം. തലമുടിയും പാറുന്നതുപോലെയായിരുന്നു. ഞാൻ ഏതോമയക്കു മരുന്നുകടത്തുകാരനോ, അഭയാർത്ഥിയോ, മറ്റാരെങ്കിലുമോ എന്നവർ ധരിച്ചിരിക്കണം. ഭയന്നു വിറച്ചിരുന്ന എന്നോട് ബാഗിലുള്ളതെല്ലാം താഴെയിടാൻ പറഞ്ഞു. ഓരോന്നായി അവർ വടികൊണ്ടുയർത്തിപിടിച്ച് നോക്കി. കൈകൊണ്ടു തൊടാതെ ഓരോന്നും പരിശോധിച്ചു. ഒരു പാക്കറ്റിന്റെ പകുതി ഹോർളിക്സ് ബിസ്കറ്റുണ്ടായിരുന്നു. അതവർ അറപ്പോടെ തട്ടി നോക്കി. അതിൽ ഒരുറുമ്പുണ്ടായിരുന്നു. അവർക്കത് വിശ്വസിക്കാൻ സാധിക്കാത്ത അത്ഭുതത്തോടെ ഒരു വലിയ കൊടിൽ (ഫോർസെപ്സ്) ഉപയോഗിച്ച് പോയ്സൺ എന്നെഴുതിയിരിക്കുന്ന ഒരു പ്ളാസ്റ്റിക് ബക്കറ്റിലിട്ടു. ഒന്നര മണിക്കൂർ നേരത്തെ കൊടിയ ചോദ്യം ചെയ്യലിനുശേഷം ഒരു കൊലയാളിയെ കൊണ്ടുപോകുന്നതുപോലെ കൈയ്യിൽ പിടിച്ച് (ഞാൻ ഓടിപ്പോകാതിരിക്കാൻ) എന്നെ ഒരു സ്പെഷ്യൽ ബസിൽ കയറ്റി. ഞാനൊറ്റക്കായിരുന്നു ബസ്സിലുണ്ടായിരുന്നത് കൂടാതെ ആറു അജാനുബാഹുക്കളായ സെക്യൂരിറ്റി ഉദ്യോഗസ്ഥരും, മിലിട്ടറി വേഷത്തിൽ! ഞാനവരോടുയാചിച്ചു പറഞ്ഞു. "ഏഴരക്കാണ് എന്റെ ഫ്ളൈറ്റ് എന്നെ മറ്റൊരിടത്തേക്കും കൊണ്ടുപോകരുത്. ഞാനൊരു സയിന്റിസ്റ്റാണ്." ഒരാൾ കൈകൊണ്ടു കാണിച്ചു "അതാ അവിടെയാണ് എയർപോർട്ട്." എനിക്കു ഭയം തോന്നി. ഞാനിറങ്ങിയ സ്ഥലത്തു നിന്ന് കുറഞ്ഞത് രണ്ടു മൂന്നു കിലോമീററർ ദൂരം ഞാൻ ബസ്സിൽ യാത്ര ചെയ്തു കഴിഞ്ഞു. ഇനി എന്നെ എങ്ങോട്ടാണാവോ കൊണ്ടുപോകുന്നത് ഈശ്വരാ. എന്റെ തൊണ്ടയിൽ ഒരിറ്റു നനവുണ്ടായിരുന്നില്ല. സെക്യൂരിറ്റിയിലെ ഒരാൾ കൈകാണിച്ചതനുസരിച്ച് ഇറങ്ങാൻ സമയമായി എന്നു വിചാരിച്ച് ഞാൻ സീറ്റിൽ നിന്ന് എഴുന്നേറ്റു. പെട്ടെന്ന് അഞ്ചു സെക്യൂരിറ്റിക്കാരും ചാടിയെഴുന്നേറ്റ് എന്നെ ബലമായി പിടിച്ചിരുത്തി. രണ്ടുപേർ അവരുടെ കൈത്തോക്കും എടുത്തു. ഏതാനും മിനിറ്റുകൾക്കകം മറ്റൊരു എയർ പോർട്ടിലെത്തി. ഈ അഞ്ചു സെക്യൂരിറ്റിക്കാർ എന്നെ വളഞ്ഞ് എല്ലാവരുടേയും മുന്നിലൂടെ ഒരു കുറ്റവാളിയെ കൊണ്ടുപോകുന്നതുപോലെ നടത്തിച്ചു. ബോർഡിങ് കാർഡുമെടുപ്പിച്ച് വിമാനത്തിനകത്തേക്കു വന്ന് എന്നെ എന്റെ സീറ്റിലി



Scanned with CamScanner

രുത്തി സീറ്റ് ബെൽറ്റ് ഇടുവിച്ചതിനു ശേഷമാണ് അവർ പോയത്. അടുത്തുള്ള പലരും എന്നെ തുറിച്ചു നോക്കുന്നുണ്ടായിരുന്നു. പിന്നീട് ഞാനറിഞ്ഞു എന്നെ നാടുകടത്താൻവേണ്ടി ചോദ്യം ചെയ്യൽ കഴിഞ്ഞ് എന്നേയും കൊണ്ട് വിമാനം ഉയർന്നത് അരമണിക്കൂർ വൈകിയായിരുന്നു എന്ന്.

എല്ലാ ഫ്ളൈറ്റും കൃത്യസമയത്തെടുക്കുന്ന അമേരിക്കക്കാരൻ എനിക്കു വേണ്ടി അരമണിക്കൂർ വൈകിച്ചപ്പോൾ ഫ്ളൈറ്റിൽ എന്റെ സീറ്റൊഴികെ ബാക്കിയെല്ലാം നിറഞ്ഞിരുന്നു. ഞാൻ വിശപ്പു കൊണ്ട് അന്തം വിട്ടിരുന്നു. ഭയത്തിന്റെ അത്യുന്നതാവസ്ഥ. നേപ്പാളിൽ നിന്ന് ഇന്ത്യൻ അതിർത്തി കടന്ന് പാതിരാത്രിക്ക് ബസ്സിൽ നിന്നിറങ്ങി എന്നെ ചോദ്യം ചെയ്തപ്പോൾ തോന്നിയതിനേക്കാൾ ഭയമായിരുന്നു ഈ വിദേശരാജ്യത്തെ അനുഭവം. അവിടെ അനുഭവിച്ചത് സ്വന്തം ജനങ്ങളിൽ നിന്നായിരുന്നുവല്ലോ. ഇന്നനുഭവിച്ചത് വിദേശിയരിൽ നിന്നും! നോർത്ത് വെസ്റ്റ് ഫ്ളൈറ്റിന്റെ വിമാനത്തിൽ കയറി അവർ നൽകിയ കാരറ്റും കുറച്ചു കപ്പലണ്ടിയും കഴിച്ച് അർദ്ധ രാത്രിയിൽ എഡ്മണ്ടനിൽ ഇറങ്ങി. ഫ്ളൈറ്റ് ഉയർന്നുകഴിഞ്ഞ ഉടനേ എനിക്ക് കുറേ ആശ്വാസമായി. ഇനിയൊരു മാർഗവും ലക്ഷ്യവുമേയുള്ളൂ, അത് എഡ്മണ്ടൻ! എന്റെ യാത്രയുടെ അവസാനത്തെ ബിന്ദു. പിന്നീട് ഞാനറിഞ്ഞു, മിനിയാപ്പോളീസിൽ നിന്നും ഫോൺ നമ്പറെടുത്ത് എഡ്മണ്ടിലെ ഞാനുമായി ബന്ധപ്പെടേണ്ട എല്ലാവരേയും സെക്യൂരിറ്റിക്കാർ ബന്ധപ്പെട്ട് കാര്യങ്ങൾ തിരക്കിയതിനു ശേഷമായിരുന്നു ഫ്ളൈറ്റിൽ കയറ്റിവിട്ടത് എന്ന്.

എന്റെ യാത്രയെക്കുറിച്ച് പ്രത്യേകിച്ച് വ്യക്തമാക്കിയിരുന്നെങ്കിലും ഗീതാ ചെറിയാനും കുടുംബവും എയർ പോർട്ടിലെത്തി വിളിച്ചറിയിച്ചാൽ ഉടനെ എത്തിക്കോളാമെന്ന് എന്നെ അറിയിച്ചിരുന്നു. അർധരാത്രി ഞാനവരെ വിളിച്ചു, രാവിലെ വന്നാൽ മതിയെന്നും ഞാൻ എയർ പോർട്ടിൽ തന്നെ ഇരിക്കാമെന്നുമറിയിച്ചു.

## അജ്ഞാതയായ ആതിഥേയഗൃഹത്തിലേക്ക്

എന്റെ ചേട്ടൻ അങ്ങിനെ രാത്രി മുഴുവനും എയർ പോർട്ടിലിരിക്കണ്ടെന്ന് ഗീത പറഞ്ഞു. അരമണിക്കൂറിനകം അവരെത്തി. ഞാൻ ഗീതാ ചെറിയാന്റെ വീട്ടിലെ താഴത്തെ നിലയിൽ കിടന്നു. വിശപ്പിന്റെ അഗ്നി, വയറിൽ കത്തിക്കാളുന്നുണ്ടായിരുന്നു. ഭക്ഷണം കഴിച്ചോ എന്നോ, എന്തെങ്കിലും കഴിക്കാൻ വേണോ എന്നോ അവർ ചോദിച്ചതുമില്ല. ഞാനൊന്നും കഴിച്ചിട്ടില്ലെന്നു മടികൊണ്ട് പറഞ്ഞതുമില്ല. ഒന്നും പറയാതെ കിടന്നു. ജെററ്ലാഗുകാരണം, അവിടത്തെ അർദ്ധരാത്രി ഇവിടത്തെ നട്ടുച്ചയാണ്. അതുകൊണ്ടും വിശപ്പുകൊണ്ടും ഉറക്കം വന്നില്ല.



Scanned with CamScanner

ഞാൻ ഭൂമിയുടെ പകുതി കറങ്ങി, യൂണിവേഴ്സിറ്റി ഓഫ് ആൽബർട്ടയിൽ ഗവേഷണത്തിനായി, മേയ് മാസം രണ്ടാം തീയതി ഞായറാഴ്ച അതിരാവിലെ ഉണർന്നു. ഞായറാഴ്ചയായതിനാൽ അവിടത്തുകാർ ഉണരുന്നത് 11 മണിക്കാണ്. ഞാൻ അതിരാവിലെ ഉണർന്ന് ഒരു ഗ്ലാസ് കാപ്പിക്കുവേണ്ടി കൊതിച്ചിരുന്നു. കോച്ചിവലിക്കുന്ന അപരിചിതമായ തണുപ്പും പിന്നെ വിശപ്പും. ഗീതാ ചെറിയാനും കുടുംബവും ഉണർന്നത് ഏകദേശം 10 മണിക്കായിരുന്നു. അശരീരി പോലെ ഒരു വാർത്തയും കേട്ടാണ് അവരുണരുന്നത്. അവരുടെ അച്ഛനെ ന്യൂയോർക്കിൽ ആശുപത്രിയിൽ പ്രവേശിപ്പിച്ചിരിക്കുന്നു, ഹാർട്ട് അറ്റാക്! ആ വീട്ടിലെല്ലാവരുടെയും അവസ്ഥ ഞാൻ പറയാതെയറിയാവുന്നതാണ്. ഗീതക്ക് രണ്ടു സഹോദരിമാർ മാത്രമാണുണ്ടായിരുന്നത്. മൂന്നു പെൺകുട്ടികളേയും വളർത്തിയ അച്ഛനെ അവർ ഈശ്വരനായിട്ടാണ് കണ്ടിരുന്നത്. അതുകൊണ്ട് ഈ വാർത്തയുടെ പ്രതിഫലനം ആ വീട്ടിലുണ്ടായിരുന്നു. എവിടേയോ ഉണ്ടായിരുന്ന ഞാൻ ശ്രീമതി ഗീതാ ചെറിയാന്റെ വീട്ടിലെത്തിയ പ്രഭാതത്തിൽ കേൾക്കുന്ന വാർത്ത അവരുടെ എല്ലാമെല്ലാമായ അച്ഛന്, അനുജത്തിയോടൊപ്പം ന്യൂയോർക്കിൽ താമസിച്ചിരുന്ന വ്യക്തിക്ക്, പ്രഭാതത്തിൽ ശക്തമായ ഒരറ്റാക്ക്. അതും ഗോപാലകൃഷ്ണനോട് ഗീതയുടെ കുടുംബാംഗങ്ങൾ എന്തെങ്കിലും സംസാരിക്കാൻ തുടങ്ങുന്നതിനു മുമ്പ് തന്നെ. തികച്ചും പുതിയ അന്തരീക്ഷം, ആൾക്കാർ, മതാടിസ്ഥാനത്തിൽ പോലും വ്യത്യാസമുള്ള അന്തരീക്ഷം. ഇവിടെ ഇരുന്നുകൊണ്ട് ഞാൻ ഇവരുടെ ദുഃഖത്തെയെങ്ങിനെ അഭിമുഖീരിക്കും? തികച്ചും പുതിയതായി. ആദ്യമായി. അവരെക്കാണുന്ന ഞാൻ! എന്റെ മനസ്സിൽ ആകെ വിഷമം തോന്നിയെങ്കിലും അതെല്ലാം താങ്ങാൻ സാധിച്ചത് 1 മണിക്ക് അല്പം ബ്രഞ്ച് കിട്ടിയപ്പോഴാണ്. (ബ്രേക്ക്ഫാസ്റ്റും ലഞ്ചും ചേർന്നത്)

ഭക്ഷണം കഴിഞ്ഞ് ആദ്യം ചെയ്തത് തൃപ്പൂണിത്തുറയിലെ വീട്ടിലേക്ക് വിളിച്ചു. അനുജന്റെ വിവാഹത്തിനു പങ്കെടുക്കാൻ പറ്റാത്ത ദുഃഖവും അതോടൊപ്പം ആശീർവാദവും അറിയിച്ചു. ഒരു ദിവസം എല്ലാ സ്ഥലത്തും ഗീതയുടെ കുടുംബാംഗങ്ങളോടൊപ്പം കറങ്ങി. ഗീതയുടെ സഹോദരീ ഭർത്താവ് എനിക്ക് ഒരു വീടു കണ്ടു വെച്ചിരുന്നു. 200 ഡോളർ വാടക, 80-ാമത്തെ അവന്യൂവിലെ 10919 നമ്പർ വീട്. അടുത്ത ദിവസം ഞാനവിടേക്കു മാറി. ഭക്ഷ്യസാധനങ്ങളെല്ലാം പാകം ചെയ്യാനുള്ള സംവിധാനങ്ങൾ അവിടെയുണ്ടായിരുന്നു. എല്ലാം തികഞ്ഞ വീട് യൂണിവേഴ്സിറ്റിക്കടുത്തായിരുന്നു. ശല്യമൊന്നുമില്ലാത്ത സ്ഥലം. ഏതു

രാത്രിക്കും വന്നിറങ്ങാം, കടകൾ അടുത്തുണ്ട് എല്ലാമെല്ലാം 'നന്നായിട്ടാരംഭിച്ചു'. എന്റെ വിദേശയാത്രയുടെ രണ്ടാംഘട്ടം ഇവിടെ ആരംഭിക്കുന്നു എന്നുതോന്നി. വൈകുന്നേരം വരെ ഞാനുറങ്ങി. വൈകുന്നേരമായപ്പോൾ ഗീതയും കുടുംബാംഗങ്ങളും വന്ന് എനിക്ക് ബെഡ്ഷീറ്റും മറ്റെല്ലാ അത്യാവശ്യ സാമഗ്രികളും കൊണ്ടു വന്നു തന്നു. മതമേതായാലും എവിടെത്താമസിക്കുന്നവരായാലും എവിടെ ജീവിക്കുന്നവരായാലും ഭാരതീയർ എന്നും ഭാരതീയരാണ് എന്ന മഹത്വമനുഭവിച്ചറിഞ്ഞു. രണ്ടു ദിവസം കഴിഞ്ഞ് എന്റെ പ്രൊഫസർ, ജിയോങ് എസ് സിം (ഗീതയുടെയും ഗൈഡ് ആണ്). ഗീതയോട് ചോദിച്ചുവത്രേ "നിങ്ങൾക്ക് ഒരിക്കലും കണ്ടു പരിചയമോ കേട്ടുപരിചയമോ പോലുമില്ലാത്ത ഇയാളെ നിങ്ങളെങ്ങിനെയാണ് നിങ്ങളുടെ വീട്ടിൽ താമസിപ്പിച്ചത്? ഞാൻ 30 ഡോളർ കൊടുത്ത് ലോഡ്ജ് ബുക്കു ചെയ്യുമായിരുന്നല്ലോ" എന്ന്. അതിന് ഗീത മറുപടി പറഞ്ഞത് ഞങ്ങൾ ഇന്ത്യാക്കാർക്ക് ലോകത്തെവിടെ ചെന്നാലും ഒരതിഥി ഞങ്ങളുടെ കൂടെ വീട്ടിൽ താമസിക്കാൻ വരുന്നു എന്നറിഞ്ഞാൽ ആഹ്ളാദമാണ്. അതുപോലെയാണ് ഗോപാലകൃഷ്ണൻ വീട്ടിൽ വരുന്നു എന്നും ഞങ്ങളുടെ കൂടെ താമസിക്കുന്നു എന്നും അറിഞ്ഞപ്പോഴുണ്ടായ സന്തോഷവും."

**വിദേശ യൂണിവേഴ്സിറ്റിയിൽ ശാസ്ത്രജ്ഞനായി**

3-ാം തീയതി ഗീതയുടെ ഭർത്താവ് രാജനുമായി യൂണിവേഴ്സിറ്റിയിൽ പോയി ഡോ. ജ്യോങ് എസ്.സിമ്മിനെ കണ്ട് ഗവേഷണത്തിന് ഔദ്യോഗികമായി ചേർന്നു. അന്നു കുറേ സാധനങ്ങളുമെല്ലാം വാങ്ങി റോഡിലൂടെ മനോഹരമായ കാനഡയുടെ കാഴ്ചയും കണ്ട്, മുറിയിലേക്ക് നടന്നു. അവിടത്തെ ഗവേഷണപരമ്പരകൾക്കാരംഭം കുറിച്ച് ഒന്നു രണ്ടാഴ്ചകൾക്കകം വളരെ ചുറുചുറുക്കുള്ള ഒരു ഗവേഷകനായി ഞാൻ മാറി എന്നെനിക്കു തന്നെ തോന്നിത്തുടങ്ങി.

കർണാടകത്തുകാരൻ രാജു പാട്ടിലിനെ കണ്ട് ഹോസ്റ്റൽ സൗകര്യത്തിനായി വേണ്ടതെല്ലാം ചെയ്തു. ലൈബ്രറിയിൽ കുറച്ചു സമയം ചിലവഴിച്ച്, കുറേ സമയം മനോഹരമായ കാഴ്ചകളും കണ്ടു നടന്നു. സൂര്യനസ്തമിക്കുന്നത് രാത്രി 10 മണിക്കായിരുന്നു. ഉദിക്കുന്നതാകട്ടെ രാവിലെ രണ്ടു മണിക്കും. 24 മണിക്കൂറും റോഡിലിരുന്നു വൈദ്യുതി വിളക്കില്ലാതെ വായിക്കാവുന്ന വെളിച്ചമുണ്ട്. എഡ്മണ്ടൺ എന്ന നഗരം ആർട്ടിക് ഓഷ്യന്റെ അടുത്താണ്. ഉത്തരായണത്തിൽ സൂര്യൻ അങ്ങ് വടക്കേയറ്റത്തു വരെ ചെല്ലുന്നതു കൊണ്ട് പകൽ വളരെ കൂടുതലായിരിക്കും. സൂര്യൻ അസ്തമിക്കാത്ത പ്രതീതിയായിരിക്കും ഇക്കാല

ത്ത്. അതും ഒരുവലിയ അനുഭവമായിരുന്നു. പുസ്തകത്തിൽ പഠിച്ചത് നേരിൽ കണ്ടനുഭവിച്ചറിയുക എന്നത്. ആർട്ടിക് ഓഷ്യന്റെയടുത്താണ് എഡ്മണ്ടൻ. മുറിയിൽ വന്നപ്പോളാണ് അറിഞ്ഞത്, ബേസ്മെന്റിൽ ഞാൻ താമസിക്കുന്ന മുറിയോട് ചേർന്നുള്ള അടുത്ത മുറിയിൽ ആണിന്റെ സ്വഭാവമുള്ള ഒരു പെൺകുട്ടി വാടകക്കു വന്നിരിക്കുന്നു. അന്നുമുതൽ ആ ബേസ്മെന്റിലുള്ള പാത്രങ്ങൾ, ഗ്യാസടുപ്പ്, വാഷിങ് മെഷീൻ, എല്ലാം രണ്ടു പേരും പൊതുവായി ഉപയോഗിച്ചുകൊള്ളണമെന്നാണ് നിയമം. കാനഡക്കാർ ഇടിച്ചു കയറി കാര്യങ്ങൾ ചെയ്യുന്നതുകൊണ്ട് അവർക്കായിരിക്കും എല്ലാത്തിലും മുൻതൂക്കം. അതൊരു ബുദ്ധിമുട്ടായി തോന്നിയില്ല.

യൂണിവേഴ്സിറ്റിക്കകത്തുകൂടി നടന്നപ്പോൾ തിരുവനന്തപുരത്തുകാരൻ ഒരു കൃഷ്ണപിള്ളയെ കണ്ടുമുട്ടി. അദ്ദേഹം യൂണിവേഴ്സിറ്റിയിലെ വിദ്യാർത്ഥിയായിരുന്നു. പട്ടാപ്പകലുപോലെ വെളിച്ചമുള്ള അർദ്ധരാത്രി വരെ അദ്ദേഹത്തിന്റെ മുറിയിൽ ഇരുന്ന് മിനിയാപ്പോളിസിലുണ്ടായതുൾപ്പെടെയുള്ള കാര്യങ്ങളെല്ലാം വിചാരിച്ചു പറഞ്ഞു, ഭക്ഷണം കഴിച്ച് മടങ്ങി. അടുത്ത ദിവസം തിരുവനന്തപുരത്തുകാരനായ ഒരു പ്രൊഫസർ കൃഷ്ണനെ പരിചയപ്പെട്ടു. യൂണിവേഴ്സിറ്റി ഓഫ് ആൽബർട്ടയിലെ സോഷ്യോളജി ഡിപ്പാർട്ടുമെന്റിലെ സ്റ്റാററിക്സ് പ്രൊഫസറായിരുന്നു അദ്ദേഹം. അതി ബഹുമാനത്തോടെ അദ്ദേഹവുമായി കുറേ നേരം സംസാരിച്ചിരുന്നു.

ഇത്രയും അകലത്തുള്ള വാസം മഞ്ഞുകാലത്ത് അസഹനീയമായിരിക്കുമെന്ന് എല്ലാവരും പറഞ്ഞു. അതുകൊണ്ട് പത്തു ദിവസത്തിനകം ഹോസ്റ്റലിന് അപേക്ഷകൊടുത്തു. കുറേ കാനഡക്കാരും, മലയാളികളും മറ്റിന്ത്യാക്കാരുമായി സുഹൃത്ബന്ധമുണ്ടാക്കി. മറ്റുത്തരവാദിത്വങ്ങളൊന്നുമില്ല. കുറേ സമയം ഗവേഷണം അതും അവിടത്തുകാരുടെ സ്വഭാവമനുസരിച്ച് "ചത്തു പണിയെടുക്കേണ്ട കാര്യമില്ല.", രാവിലെ 9 മുതൽ വൈകു. 5 വരെ മാത്രം. കാര്യമായിട്ടാരും അച്ചടക്കം അടിച്ചേൽപ്പിക്കാനില്ല. സ്വയം കൽപിക്കുന്ന അച്ചക്കമേ വേണ്ടു. മറ്റു ഭാരങ്ങളുമില്ല. നല്ല പ്രകാശവും സ്വാതന്ത്ര്യവും സുന്ദരവുമായ സ്ഥലങ്ങളും, തലങ്ങും വിലങ്ങും നടക്കുമ്പോൾ കുഴപ്പങ്ങളൊന്നുമില്ലാത്ത രാഷ്ട്രീയക്കാരല്ലാത്ത മലയാളികളും. ഇതൊരു സുഖമുള്ള അനുഭവങ്ങളുടെ കൂമ്പാരമായിരുന്നു.

യൂണിവേഴ്സിറ്റിയിൽ നിന്നും 907 ഡോളറിന്റെ ചെക്ക് മേയ് 13 ന് ആദ്യത്തെ ഫെല്ലോഷിപ്പിന്റെ അഡ്വാൻസായി ലഭിച്ചു. 907 ഡോളർ



Scanned with CamScanner

എന്നാൽ ഇന്ത്യൻ രൂപയനുസരിച്ച് 20,000 രൂപ. ഹോസ്റ്റലിനുള്ള അഡ്വാൻസും താമസിക്കുന്ന വീടിന്റെ വാടകയും കൊടുത്തു. എന്റെ താമസമെല്ലാം സുസ്ഥിരമാക്കി കുറേ പരിചയക്കാരേയുമുണ്ടാക്കി നാട്ടിലെ വിശേഷങ്ങളെല്ലാം അവരുമായി പങ്കുവെച്ച്, ചിലരുടെ വീട്ടിൽ ഭക്ഷണവും കഴിച്ച്, വന്നതിനു ശേഷം രണ്ടാഴ്ച കഴിഞ്ഞ് എന്റെ ഗവേഷണപരിപാടികൾ ആരംഭിച്ചു. കേരളത്തിൽ നിന്ന് ഹൈദരാബാദിൽ പോയി പിഎച്ച്.ഡി ചെയ്തപ്പോഴുണ്ടായ വേവലാതികളൊ ദുഃഖങ്ങളൊ ഒന്നും എന്നെ കാര്യമായിട്ട് അലട്ടിയില്ല. രണ്ടു കൊച്ചു കുഞ്ഞുങ്ങളുടെ ഭാരവും സി ടി ഒ യിലെ ജോലിയും ചെയ്ത് തളരുന്ന ഭാര്യയെക്കുറിച്ചോർത്തുകൊണ്ടിരുന്നു. ഒറ്റക്കാണല്ലോ ഇതെല്ലാം ചെയ്യേണ്ടിയിരുതെന്ന ദുഃഖം ഉണ്ടായിരുന്നുതാനും.

ലിപ്പോപ്രോട്ടീൻസ്, ലിപ്പിഡ് എന്നീ വിഷയത്തിലെ കെമിസ്ട്രിയുടെ അടിസ്ഥാനത്തിലുള്ളബയോകെമിസ്ട്രിയായിരുന്നു ഗവേഷണ വിഷയം. കോഴിമുട്ടയും, പലസസ്യങ്ങളും, വിത്തുകളും, കനോള എന്നറിയിപ്പെടുന്ന കാനഡകാർ വികസിപ്പിച്ച എണ്ണക്കുരുവും, സോയബീൻ എണ്ണയുമെല്ലാം നിരന്തരം പഠനത്തിനു വിധേയമാക്കി. മനുഷ്യശരീരത്തിലെ കൊളസ്റ്ററോൾ കുറക്കാനുള്ള ഭക്ഷ്യ സാമഗ്രികൾ വികസിപ്പിക്കുകയായിരുന്നു പരിപാടി. എനിക്ക് വളരെ ഇഷ്ടമുള്ളതും ഒരു ബുദ്ധിമുട്ടുമില്ലാത്തതുമായ വിഷയം. അതേ വിഷയത്തെക്കുറിച്ച് എന്റെ പ്രൊഫസറിന്റെ ജ്ഞാനം കുറവായിരുന്നു. വിഷയത്തിൽ ഞാനൊരു അതോറിറ്റിയാണെന്ന് പ്രൊഫ. സിം എല്ലാവരോടും പറയുമായിരുന്നു. ഗവേഷണം നിരന്തരമായി നടന്നു. എഡ്മണ്ടനിലെ ലങ്കക്കാരുടെ ഗണേശ ക്ഷേത്രദർശനം നടത്തി, മാസത്തിലൊരിക്കൽ ഭജനയും, പോട്ലെഗ് പാർട്ടിയും, വിശേഷ ദിവസങ്ങളിലൊത്തുചേരലും, ഭാരതീയ പൈതൃകത്തെക്കുറിച്ച് ക്ലാസെടുക്കലും, ഭാരതത്തിലെ സ്വന്തക്കാർക്കും അദ്ധ്യാപകർക്കുമെല്ലാം കത്തെഴുതലും, ചർച്ചകളും, ഗൃഹസന്ദർശനവും മറ്റുമായി ദിവസങ്ങൾ നീങ്ങിക്കൊണ്ടിരുന്നു. ഓരോ സ്ഥലവും, ബസ്സിലും നടന്നും കാണുവാനും കാര്യങ്ങൾ മനസ്സിലാക്കുവാനുമുള്ള അവസരങ്ങളുപയോഗിച്ചു. സുഹൃത്തുക്കളുടെ ജീവിത രീതിയും കാനഡയുടെ പ്രത്യേകതകളുമെല്ലാം മനസ്സിലാക്കി. പലരുടേയും വീടുകളിൽ പോയി പുതിയ ഭക്ഷ്യവിഭവങ്ങളുണ്ടാക്കേണ്ടത് അവരെ പഠിപ്പിച്ചു.



Scanned with CamScanner

## മൂന്നാം ഭാഗം

### ഭാരതീയ പൈതൃക പ്രചരണം കാനഡയിൽ

കേരളത്തിൽ നിന്ന്, ഭാരതത്തിലെ വിവിധ സംസ്ഥാനങ്ങളിലും, അതോടൊപ്പം ഭാരതത്തിനു പുറത്ത് കാനഡയിലും നടത്തിയ പഠന പ്രചരണങ്ങളുടെ അനുഭവങ്ങൾ ഇവിടെ, ജഗദീശ്വരാനുഗ്രഹത്തോടെ, സമർപ്പിക്കുന്നു.

മേയ് 24-ാം തീയതി (1993) വേണുചേട്ടൻ എന്ന സായി ഭക്തനെ പരിചയപ്പെട്ടു. കുടുംബജീവിതത്തിലെ പ്രശ്നങ്ങളെല്ലാം നിരന്തരം അനുഭവിച്ചിട്ടും ചിരിച്ചുകൊണ്ടു ജീവിക്കുന്ന അദ്ദേഹം ഏതു ദുഃഖങ്ങളേയും തടസ്സങ്ങളേയും അതിജീവിക്കാൻ കഴിയുന്ന വ്യക്തിയായിരുന്നു. അദ്ദേഹത്തെ പരിചയപ്പെട്ടതോടെ എഡ്മണ്ടനിലെ വലിയ ഒരു മലയാളി സമൂഹത്തെ പരിചയപ്പെടാനും അവസരം ലഭിച്ചു. അദ്ദേഹത്തിന്റെ കാറിൽ എന്നെ എല്ലായിടത്തേക്കും കൊണ്ടുപോകാനും തയ്യാറായി. എന്റെ ചിരകാല സുഹൃത്തിനെ പോലെയായിരുന്നു അദ്ദേഹം പെരുമാറിയിരുന്നത്. പരിചയപ്പെടുന്നവർ ചോദിക്കുന്ന ആചാര-വിചാര-വിശ്വാസ-സങ്കൽപങ്ങളെക്കുറിച്ചും ഭാരതത്തെക്കുറിച്ചുമുള്ള വിവിധ വിഷയങ്ങളുമായി ബന്ധപ്പെട്ട എല്ലാ ചോദ്യങ്ങൾക്കും ഞാനുത്തരം നൽകിയിരുന്നതുകൊണ്ട് മലയാളികളുടെ ഇടയിൽ വളരെ പെട്ടെന്ന് അറിയപ്പെടുന്നവനായി മാറാൻ സാധിച്ചു. കഴിയുന്നത്രയും ഹിന്ദുക്കളെ പള്ളിയിലേക്കാനയിക്കുക എന്ന ലക്ഷ്യവും അവിടത്തെ മലയാളി ക്രൈസ്തവർക്കുണ്ടായിരുന്നതുകൊണ്ട്, പുതിയ അതിഥിയായി വന്ന എന്നേയും ഗീത പള്ളിയിലേക്കു ക്ഷണിച്ചു. അവിടേയും ചില സന്ദേശങ്ങൾ കൊടുക്കാനും സാധിച്ചു. അന്നു തന്നെ ഞങ്ങൾ ഗീതാ ചെറിയാനോടൊപ്പം അവിടത്തെ മലയാളികളുടെ മാർത്തോമാപള്ളിയിലേക്കു പോയി. എല്ലാവരുമായി ചേർന്ന് മേയ് 27 ലെ എന്റെ പത്താം വിവാഹവാർഷികവും പ്രൊഫ. കൃഷ്ണന്റെ വീട്ടിൽ വെച്ച് ആഘോഷിച്ചു.

### കവിതകളെഴുതി ആസ്വദിച്ചു

ഇന്നുവരെ എന്നിൽ നിലനിൽക്കാത്ത ഒരാവേശം ഉടലെടുത്തതുകൊണ്ടാണ് കവിതകളെഴുതിയത്. ജാതകത്തിൽ ദശമാറുന്നതു പോലെ കുറച്ചുകാലത്തേക്കുണ്ടായതായിരിക്കണം കവിതയെഴുതാനുള്ള ആവേശം. ജൂൺ 6 മുതൽ കുറേ ദിവസങ്ങളോളം നല്ല കവിതകളെഴുതി ഒരു പുസ്തകത്തിലേക്കു പകർത്തി. എനിക്ക് വിവരിക്കാൻ സാധിക്കാത്ത ആവേശം പോലെ ഈ കവിതാ രചന തോന്നി പലരും എന്റെ കവിതകൾക്ക് ഈണം നൽകി യാത്രാ വേളയിലും, സത്യസായി

ശിബിരത്തിലും, മലയാളികളുടെ ഒത്തുചേരലിലും, പിക്നിക്ക് നടക്കുമ്പോഴും, ഓണത്തിനും, മറ്റു വിശേഷദിവസങ്ങളിലും പാടുന്നുണ്ടായിരുന്നു. അവർണ്ണനീയമായ അനുഭവമായിരുന്നു അത്. ഈ കവിതകളെല്ലാം ഞാൻ ഇന്നും സൂക്ഷിച്ചുവെച്ചിട്ടുണ്ട്.

**അമേരിക്കയിലേക്കൊരു യാത്ര**

സി ഐ ഡി എ (കനേഡിയൻ ഇന്റർനാഷണൽ ഡെവലപ്മെന്റ് ഏജൻസി) ഫെല്ലോഷിപ്പ് പ്രകാരം കാനഡയിലെ ഏതൊരു യൂണിവേഴ്സിറ്റിയിലും പോയി രണ്ടാഴ്ച വരെ പ്രവർത്തിക്കാനുള്ള അവസരം എനിക്കുണ്ട്. പ്രവർത്തിക്കുന്ന ലാബററ്ററി കൂടാതെ മറ്റേതെങ്കിലും ഗവേഷണസ്ഥാപനം, ഇതിനു വേണ്ടി തെരഞ്ഞെടുക്കാവുന്നതാണ്. കാനഡയിലെ യൂണിവേഴ്സിറ്റിയായിരിക്കണമെന്നൊരു അലിഖിത നിയമവുമുണ്ട്. കാനഡയിലെ എല്ലാവർക്കും ആരോടും എന്തും ചോദിക്കാനുള്ള സ്വാതന്ത്ര്യമുണ്ട്. നല്ല പണക്കാരന് പിച്ചകാശുപോലും ചോദിക്കാം. ആരും അതിനെ എതിർക്കുകയില്ല. അനുകൂലിക്കണമെന്നു നിർബന്ധവുമില്ല. അതുകൊണ്ട് കാനഡയിലെ യൂണിവേഴ്സിറ്റികളിൽ സന്ദർശനം നടത്തുന്നതിനു പകരം അമേരിക്കയിലെ യൂണിവേഴ്സിറ്റിയിലേക്ക് പോകാനാഗ്രഹമുണ്ടെന്ന് എന്റെ പ്രൊഫസറെ ഞാനറിയിച്ചു. ഒരു വിസമ്മതവുമില്ലാതെ അദ്ദേഹം അത് അംഗീകരിക്കുകയും ചെയ്തു. ഞാൻ വിചാരിച്ചു കാനഡയിൽ പ്രവർത്തിക്കുന്നവർക്ക് അമേരിക്കയിലേക്ക് പോകാൻ വലിയ തടസ്സങ്ങളുണ്ടാകില്ല. എന്ന് ഓരോ യൂണിവേഴ്സിറ്റിയിലും പോകാനായി പല പല പരിചയക്കാരേയും പരിചയക്കാരുടെ പരിചയക്കാരേയും സംഘടിപ്പിച്ചു. അതോടൊപ്പം ചെറിയ ചിലവിൽ കാനഡയിലെ അമേരിക്കൻ എംബസിയിൽ നിന്നും അമേരിക്ക സന്ദർശിക്കാനുള്ള വിസ 50 ഡോളറിന് രണ്ടാഴ്ച കൊണ്ട് സംഘടിപ്പിക്കുകയും ചെയ്തു. എന്നെ മിനിയാപോളീസിൽ വെച്ച് കൊലയാളിയെ പോലെ കൊണ്ടുപോയ അമേരിക്കയിലേക്കു പോകണം എന്നൊരു തീരുമാനമെടുത്തതിന്റെയടിസ്ഥാനത്തിലായിരുന്നു ഇത്. അതിനെക്കുറിച്ച് ചിന്തിച്ചു, കാനഡയുടെ വടക്കു പടിഞ്ഞാറു ഭാഗത്താണ് എഡ്മണ്ടൺ. അവിടെനിന്നും കാനഡയും അമേരിക്കയും തലങ്ങും വിലങ്ങും സഞ്ചരിക്കണം. ചിക്കാഗോവിൽ സ്വാമി വിവേകാനന്ദൻ പ്രസംഗിച്ച സ്ഥലം കാണണം. ന്യൂയോർക്കിലേക്കും, വഷിങ്ടണിലേക്കും കൂടി പോയാൽ അമേരിക്കയുടെ പടിഞ്ഞാറേ അറ്റത്ത് പസഫിക്ക് സമുദ്രത്തിൽ നിന്ന് കിഴക്കേയറ്റത്തുള്ള അറ്റ്ലാന്റിക് സമുദ്രം വരെയായി. അവിടെനിന്നും വട

ക്കോട്ടു പറക്കണം, അതായത് ഗ്ലോബിന്റെ മുകളിലേക്ക് അവിടെ ലോക സുന്ദരമായ ഹാലി ഫാക്സ് എന്ന സ്ഥലമുണ്ട്. അവിടത്തെ യൂണി വേഴ്സിറ്റിയിൽ ഒരാഴ്ച ചിലവഴിക്കാനുള്ള അനുവാദം പ്രൊഫ.ഓക് മാനിൽ നിന്നും ലഭിച്ചിട്ടുണ്ട്. അവിടെ നിന്നും കാനഡ മുഴുവനും കറങ്ങി തിരിച്ചുവരണം. അമേരിക്കക്കാരുടെ ഭാഷയിൽ 'പൂർണഭ്രാന്ത്.' എന്റെ മനസ്സിൽ അമേരിക്കയും കാനഡയും തലങ്ങും വിലങ്ങും അവരുടെ ചിലവിൽ പോകാനുള്ള 'അത്യാഗ്രഹം'. അമേരിക്കയിലെ മിഷിഗൺ യൂണിവേഴ്സിറ്റിയിലെ ഗവേഷണ വിദ്യാർത്ഥിയായ ശ്രീ രാമചന്ദ്രൻ, എന്റെ കൂടെ പഠിച്ച ശ്രീ പരമേശ്വരന്റെ അനുജനാണ്. അദ്ദേഹത്തിനെയും എന്റെ ആഗ്രഹം അറിയിച്ചു. അവിടെക്കാണാനു ള്ളതെല്ലാം ശരിയാക്കാമെന്നദ്ദേഹം ഏറ്റു. അദ്ദേഹത്തിന്റെ ഒരു സുഹൃത്ത് ചിക്കാഗോവിലുണ്ടായിരുന്നതിനാൽ അവിടേയും ഓട്ടപ്ര ദക്ഷിണം ചെയ്ത് സ്വാമി വിവേകാനന്ദൻ പ്രസംഗിച്ച സ്ഥലവും മറ്റും കാണാനുള്ള എല്ലാ സൗകര്യങ്ങളും ചെയ്തു തരാമെന്നും ശ്രീ രാമ ചന്ദ്രൻ വാഗ്ദാനം ചെയ്തിരുന്നു. കൂടാതെ ശ്രീ പരമേശ്വർജിയും മറ്റു സനാതന ധർമ്മ നേതാക്കളും പങ്കെടുക്കുന്ന വലിയൊരു സെമി നാർ 'വിഷൻ 2000' വാഷിങ്ടണിൽ നടക്കുന്നതിൽ പങ്കെടുക്കുന്നത് നന്നായിരിക്കുമെന്ന് ശ്രീ പരമേശ്വർജി അറിയിച്ചിരുന്നു. അവിടത്തെ സൈക്കോളജിസ്റ്റായി ഡോ. ബാബു സുശീലൻ അവിടെത്താമസി ക്കാനുള്ള എല്ലാ സൗകര്യങ്ങളും ചെയ്തു തരാമെന്ന് വാഗ്ദാനം ചെയ്തിരുന്നു. ഗീതാചെറിയാന്റെ അനുജത്തി ന്യൂയോർക്കിലുണ്ടാ യിരുന്നു. അവർ ന്യൂയോർക്ക് കാണാനുള്ള എല്ലാ സൗകര്യങ്ങളും ചെയ്തു തരാമെന്ന് വാഗ്ദാനം ചെയ്തിരുന്നതിനാൽ ഒരു സ്ഥലത്തു നിന്ന് മറ്റേ സ്ഥലത്തേക്ക് ഫ്ളൈറ്റിൽ കയറിയിറങ്ങിയാൽ മതി ബാക്കി ക്കാര്യങ്ങളെല്ലാം അവിടെയുള്ള സുഹൃത്തുക്കൾ ചെയ്തു തരും. ഇങ്ങിനെയൊരു ക്രമീകരണം തന്നെയാണ് വിദേശത്തേക്ക് പിന്നീടു പോകുമ്പോഴും ഞാൻ സ്വീകരിച്ചിരുന്നത്.

എന്റെ എല്ലാ യാത്രാമാർഗവും വിവരിച്ച്, യൂണിവേഴ്സിറ്റിയിലെ ഫ്ളൈറ്റ് റിസർവേഷൻ കൗണ്ടറിൽ കൊടുത്ത് ഏറ്റവും വിലക്കുറഞ്ഞ ടിക്കറ്റ് തരാനാവശ്യപ്പെട്ടു. അയാൾ അത്ഭുതത്തോടെ ചോദിച്ചത് 'ആർ യു ക്രേസി' നിങ്ങൾക്ക് ഭ്രാന്താണോ എന്നായിരുന്നു.

### അമേരിക്കൻ വിസയും ഇന്റർവ്യൂ പരാജയവും

ജൂൺ 22 ന് അമേരിക്ക എന്ന മഹാരാജ്യം, ലോകത്തിന്റെ തല സ്ഥാനം, സന്ദർശിക്കാനുള്ള വിസ ലഭിച്ചു. അമേരിക്കയിലേക്ക് പോകാൻ



Scanned with CamScanner

ശിബിരത്തിലും, മലയാളികളുടെ ഒത്തുചേരലിലും, പിക്നിക്ക് നടക്കുമ്പോഴും, ഓണത്തിനും, മറ്റു വിശേഷദിവസങ്ങളിലും പാടുന്നുണ്ടായിരുന്നു. അവർണനീയമായ അനുഭവമായിരുന്നു അത്. ഈ കവിതകളെല്ലാം ഞാൻ ഇന്നും സൂക്ഷിച്ചുവെച്ചിട്ടുണ്ട്.

**അമേരിക്കയിലേക്കൊരു യാത്ര**

സി ഐ ഡി എ (കനേഡിയൻ ഇന്റർനാഷണൽ ഡെവലപ്മെന്റ് ഏജൻസി) ഫെല്ലോഷിപ്പ് പ്രകാരം കാനഡയിലെ ഏതൊരു യൂണിവേഴ്സിറ്റിയിലും പോയി രണ്ടാഴ്ച വരെ പ്രവർത്തിക്കാനുള്ള അവസരം എനിക്കുണ്ട്. പ്രവർത്തിക്കുന്ന ലാബറട്ടറി കൂടാതെ മറ്റേതെങ്കിലും ഗവേഷണസ്ഥാപനം, ഇതിനു വേണ്ടി തെരഞ്ഞെടുക്കാവുന്നതാണ്. കാനഡയിലെ യൂണിവേഴ്സിറ്റിയായിരിക്കണമെന്നൊരു അലിഖിത നിയമവുമുണ്ട്. കാനഡയിലെ എല്ലാവർക്കും ആരോടും എന്തും ചോദിക്കാനുള്ള സ്വാതന്ത്ര്യമുണ്ട്. നല്ല പണക്കാരന് പിച്ചകാശുപോലും ചോദിക്കാം. ആരും അതിനെ എതിർക്കുകയില്ല. അനുകൂലിക്കണമെന്നു നിർബന്ധവുമില്ല. അതുകൊണ്ട് കാനഡയിലെ യൂണിവേഴ്സിറ്റികളിൽ സന്ദർശനം നടത്തുന്നതിനു പകരം അമേരിക്കയിലെ യൂണിവേഴ്സിറ്റിയിലേക്ക് പോകാനാഗ്രഹമുണ്ടെന്ന് എന്റെ പ്രൊഫസറെ ഞാനറിയിച്ചു. ഒരു വിസമ്മതവുമില്ലാതെ അദ്ദേഹം അത് അംഗീകരിക്കുകയും ചെയ്തു. ഞാൻ വിചാരിച്ചു കാനഡയിൽ പ്രവർത്തിക്കുന്നവർക്ക് അമേരിക്കയിലേക്ക് പോകാൻ വലിയ തടസ്സങ്ങളുണ്ടാകില്ല. എന്ന് ഓരോ യൂണിവേഴ്സിറ്റിയിലും പോകാനായി പല പല പരിചയക്കാരേയും പരിചയക്കാരുടെ പരിചയക്കാരേയും സംഘടിപ്പിച്ചു. അതോടൊപ്പം ചെറിയ ചിലവിൽ കാനഡയിലെ അമേരിക്കൻ എംബസിയിൽ നിന്നും അമേരിക്ക സന്ദർശിക്കാനുള്ള വിസ 50 ഡോളറിന് രണ്ടാഴ്ച കൊണ്ട് സംഘടിപ്പിക്കുകയും ചെയ്തു. എന്നെ മിനിയാപോളീസിൽ വെച്ച് കൊലയാളിയെ പോലെ കൊണ്ടുപോയ അമേരിക്കയിലേക്കു പോകണം എന്നൊരു തീരുമാനമെടുത്തതിന്റെയടിസ്ഥാനത്തിലായിരുന്നു ഇത്. അതിനെക്കുറിച്ച് ചിന്തിച്ചു, കാനഡയുടെ വടക്കു പടിഞ്ഞാറു ഭാഗത്താണ് എഡ്മണ്ടൺ. അവിടെനിന്നും കാനഡയും അമേരിക്കയും തലങ്ങും വിലങ്ങും സഞ്ചരിക്കണം. ചിക്കാഗോവിൽ സ്വാമി വിവേകാനന്ദൻ പ്രസംഗിച്ച സ്ഥലം കാണണം. ന്യൂയോർക്കിലേക്കും, വഷിങ്ടണിലേക്കും കൂടി പോയാൽ അമേരിക്കയുടെ പടിഞ്ഞാറേ അറ്റത്ത് പസഫിക്ക് സമുദ്രത്തിൽ നിന്ന് കിഴക്കേയറ്റത്തുള്ള അറ്റ്ലാന്റിക് സമുദ്രം വരെയായി. അവിടെനിന്നും വട



Scanned with CamScanner

ക്കോട്ടു പറക്കണം, അതായത് ഗ്ലോബിന്റെ മുകളിലേക്ക് അവിടെ ലോക സുന്ദരമായ ഹാലി ഫാക്സ് എന്ന സ്ഥലമുണ്ട്. അവിടത്തെ യൂണി വേഴ്സിറ്റിയിൽ ഒരാഴ്ച ചിലവഴിക്കാനുള്ള അനുവാദം പ്രൊഫ.ഓക് മാനിൽ നിന്നും ലഭിച്ചിട്ടുണ്ട്. അവിടെ നിന്നും കാനഡ മുഴുവനും കറങ്ങി തിരിച്ചുവരണം. അമേരിക്കക്കാരുടെ ഭാഷയിൽ 'പൂർണഭ്രാന്ത്.' എന്റെ മനസ്സിൽ അമേരിക്കയും കാനഡയും തലങ്ങും വിലങ്ങും അവരുടെ ചിലവിൽ പോകാനുള്ള 'അത്യാഗ്രഹം'. അമേരിക്കയിലെ മിഷിഗൺ യൂണിവേഴ്സിറ്റിയിലെ ഗവേഷണ വിദ്യാർത്ഥിയായ ശ്രീ രാമചന്ദ്രൻ, എന്റെ കൂടെ പഠിച്ച ശ്രീ പരമേശ്വരന്റെ അനുജനാണ്. അദ്ദേഹത്തിനെയും എന്റെ ആഗ്രഹം അറിയിച്ചു. അവിടെക്കാണാനു ള്ളതെല്ലാം ശരിയാക്കാമെന്നദ്ദേഹം ഏറ്റു. അദ്ദേഹത്തിന്റെ ഒരു സുഹൃത്ത് ചിക്കാഗോവിലുണ്ടായിരുന്നതിനാൽ അവിടേയും ഓട്ടപ്രദക്ഷിണം ചെയ്ത് സ്വാമി വിവേകാനന്ദൻ പ്രസംഗിച്ച സ്ഥലവും മറ്റും കാണാനുള്ള എല്ലാ സൗകര്യങ്ങളും ചെയ്തു തരാമെന്നും ശ്രീ രാമചന്ദ്രൻ വാഗ്ദാനം ചെയ്തിരുന്നു. കൂടാതെ ശ്രീ പരമേശ്വർജിയും മറ്റു സനാതന ധർമ്മ നേതാക്കളും പങ്കെടുക്കുന്ന വലിയൊരു സെമിനാർ 'വിഷൻ 2000' വാഷിങ്ടണിൽ നടക്കുന്നതിൽ പങ്കെടുക്കുന്നത് നന്നായിരിക്കുമെന്ന് ശ്രീ പരമേശ്വർജി അറിയിച്ചിരുന്നു. അവിടത്തെ സൈക്കോളജിസ്റ്റായി ഡോ. ബാബു സുശീലൻ അവിടെത്താമസി ക്കാനുള്ള എല്ലാ സൗകര്യങ്ങളും ചെയ്തു തരാമെന്ന് വാഗ്ദാനം ചെയ്തിരുന്നു. ഗീതാചെറിയാന്റെ അനുജത്തി ന്യൂയോർക്കിലുണ്ടായിരുന്നു. അവർ ന്യൂയോർക്ക് കാണാനുള്ള എല്ലാ സൗകര്യങ്ങളും ചെയ്തു തരാമെന്ന് വാഗ്ദാനം ചെയ്തിരുന്നതിനാൽ ഒരു സ്ഥലത്തു നിന്ന് മറ്റേ സ്ഥലത്തേക്ക് ഫ്ളൈറ്റിൽ കയറിയിറങ്ങിയാൽ മതി ബാക്കി ക്കാര്യങ്ങളെല്ലാം അവിടെയുള്ള സുഹൃത്തുക്കൾ ചെയ്തു തരും. ഇങ്ങിനെയൊരു ക്രമീകരണം തന്നെയാണ് വിദേശത്തേക്ക് പിന്നീടു പോകുമ്പോഴും ഞാൻ സ്വീകരിച്ചിരുന്നത്.

എന്റെ എല്ലാ യാത്രാമാർഗവും വിവരിച്ച്, യൂണിവേഴ്സിറ്റിയിലെ ഫ്ളൈറ്റ് റിസർവേഷൻ കൗണ്ടറിൽ കൊടുത്ത് ഏറ്റവും വിലക്കുറഞ്ഞ ടിക്കറ്റ് തരാനാവശ്യപ്പെട്ടു. അയാൾ അത്ഭുതത്തോടെ ചോദിച്ചത് 'ആർ യു ക്രേസി' നിങ്ങൾക്ക് ഭ്രാന്താണോ എന്നായിരുന്നു.

### അമേരിക്കൻ വിസയും ഇന്റർവ്യു പരാജയവും

ജൂൺ 22 ന് അമേരിക്ക എന്ന മഹാരാജ്യം, ലോകത്തിന്റെ തല സ്ഥാനം, സന്ദർശിക്കാനുള്ള വിസ ലഭിച്ചു. അമേരിക്കയിലേക്ക് പോകാൻ



Scanned with CamScanner

ഭയമുണ്ടായിരുന്നു. എങ്കിലും അതൊരു വെല്ലുവിളിയാണെന്നറിഞ്ഞേറ്റെടുക്കണം എന്നു മനസ്സു പറയുന്നുണ്ടായിരുന്നു. വിസ കിട്ടിയതിന്റെ സന്തോഷം ഉടനെ അവസാനിച്ചു. ലാബറട്ടറിയിൽ നടത്തിയ പ്രൊമോഷൻ ഇന്റർവ്യൂവിൽ ഞാൻ പരാജയപ്പെട്ടു എന്നതും ഡയറക്ടർ പ്രൊമോഷൻ തരുന്നതിന് എതിരായിരുന്നു എന്നും അറിഞ്ഞു. കുറേ പേർ എന്നെ ആശ്വസിപ്പിച്ചു. ഇനി അതിനെക്കുറിച്ചൊന്നും വേവലാതിപ്പെടേണ്ട അമേരിക്കൻ യാത്രയിൽ ശ്രദ്ധിക്കുവാൻ പറഞ്ഞു. ഈ യാത്രയിൽ ഭയപ്പെടാനൊന്നുമില്ലെന്ന ആശ്വാസ വാക്കുകൾ എന്നെ കാര്യമായി സ്വാധീനിച്ചു. പല പല സുഹൃത്തുക്കളുടേയും വീടുകളിൽ ക്ളാസെടുക്കാനും പൈതൃകവിഷയം, ജ്യോതിഷം എന്നിവയിലെല്ലാം സംശയ നിവാരണത്തിനും സുഹൃത് സംഗമത്തിനും എല്ലാം പോയിക്കൊണ്ടേയിരുന്നപ്പോൾ പ്രൊമോഷൻ ലഭിക്കാത്ത ദുഃഖമെല്ലാം പെട്ടെന്നകന്നു.

പലരും അവരുടെ വീട്ടിലേക്ക് എന്നെ ക്ഷണിക്കാനായി മത്സരിക്കുന്നതുപോലെ തോന്നിയിരുന്നു. പല വിഷയങ്ങളിലും ക്ലാസുകളും, മന്ത്രങ്ങളും, വിവരങ്ങളും അതാതുസ്ഥലത്തിന് യോജിക്കുന്ന വിധത്തിൽ വിവരിക്കാൻ സാധിച്ചതുകൊണ്ട് എല്ലാവർക്കും ക്ലാസുകൾ ഒരു ഹരമായിത്തുടങ്ങി. മുടക്ക ദിവസങ്ങളിലും മറ്റു ദിവസങ്ങളിൽ വൈകുന്നേരങ്ങളിലും പല വീടുകളിലും അവരുടെ ബന്ധുക്കളും സുഹൃത്തുക്കളും ഒത്തുചേരുമ്പോൾ അവർക്കുണ്ടാകുന്ന സംശയങ്ങൾ അകറ്റാനായി എന്നെ ക്ഷണിച്ചിരുന്നു. ഒറ്റക്കിരിക്കുന്നതിന്റെ മുഷിപ്പ് ഒഴിവാക്കാൻ ഇതൊരനുഗ്രഹമാകുകയും ചെയ്തു. അവിടെ ലോക്കൽ ഫോൺ പൂർണമായും സൗജന്യമായിരുന്നതുകൊണ്ട്, എന്റെ വിലയിരുത്തലുകളും, അഭിപ്രായങ്ങളും, വിവരണങ്ങളും സ്ത്രീകൾ പരസ്പരം വിളിച്ചു പറഞ്ഞുകൊണ്ടിരുന്നു. ഓരോ വ്യക്തിക്കും ഞാൻ അവരെക്കുറിച്ച് നന്നായി മറ്റുള്ളവരോടു പറയണമെന്നാഗ്രഹം കൂടി കൂടി വന്നു തുടങ്ങി. എന്റെ അഭിപ്രായങ്ങൾക്കും വിലയിരുത്തലിനും മൂല്യം കൂടി വന്നപ്പോൾ ഭക്ഷണത്തിനു ക്ഷണിക്കുന്നവരുടേയും, വിഭവങ്ങളുടെയും, എണ്ണവും ഗുണവും വർധിക്കാനും തുടങ്ങി. പിന്നീട് എനിക്കിഷ്ടമുള്ളത് ഉണ്ടാക്കി നൽകുകയെന്നായിത്തുടങ്ങി. പല വീടുകളിൽ നിന്ന് ഭക്ഷ്യവിഭവങ്ങൾ കൊണ്ടുവന്ന് പോട്‌ലഗ് പരിപാടി നടത്തുമ്പോൾ അവരവർ കൊണ്ടുവന്ന വിഭവത്തിന്റെ മഹത്വമറിയാൻ പലരും ആകാംഷയോടെ കാത്തിരിക്കുന്നതും കാണാമായിരുന്നു. മറ്റുള്ളവരെക്കുറിച്ച് ഞാൻ എന്തെങ്കിലും 'കുറ്റം' പറഞ്ഞാൽ അസാധാരണ കൗതുകത്തോടെയാണ് പലരും അതു കേട്ട് മിനിറ്റുകൾക്കകം വാർത്തയാക്കിയിരുന്നത്.

## ഹബ്മാളിലേക്കുള്ള താമസമാറ്റം

ഒറ്റ മുറിയിൽ നിന്നും ഞാൻ യൂണിവേഴ്സിറ്റി ഹോസ്റ്റലിലേക്ക് ജൂലൈ 1 ന് മാറി. എല്ലാ സൗകര്യവും തികഞ്ഞ നാലു കൊച്ചുമുറികളുള്ളതും ഓരോ യൂണിറ്റിലും നാലു പേർക്ക് താമസിക്കാവുന്നതും എല്ലാം പൊതുവായിട്ടുപയോഗിക്കാൻ സൗകര്യമുള്ളതുമായ ഫ്ളാറ്റ്. എല്ലാ സാധനസാമഗ്രികളും ഇതേ മാളിലുണ്ട്. ഇവിടെ നിന്നും തണുപ്പേൽക്കാതെ എന്റെ ലാബറട്ടറിയിലേക്കുമെത്താം. അത്യാവശ്യത്തിന് സഹപ്രവർത്തകരുടെ സഹായവും ഷെയറിങ്ങുമെല്ലാമാകാം. ലാബറട്ടറിയിലേക്ക് അൽപം മാത്രം നടന്നാൽ മതി. സ്വർഗീയമായ അന്തരീക്ഷവും സൗകര്യങ്ങളും. ഇതുവരെ താമസിച്ചിരുന്ന വീട്ടിൽ ദിവസവും കുറച്ചൊക്കെ എക്സർസൈസും, അയൽപക്കത്തുള്ളവരുമായുള്ള ചങ്ങാത്തവും, ഓരോ കാനഡക്കാരന്റേയും ജീവിതരീതിയും അനുഭവങ്ങളും നേരിട്ടറിയാനുള്ള അവസരങ്ങളുമുണ്ടായിരുന്നു. അവിടെനിന്നും സിറ്റി സെന്ററിലേക്കുള്ള ദൂരം കുറവുമായിരുന്നു. യൂണിവേഴ്സിറ്റിയിലേക്ക് ഏകദേശം രണ്ടു കിലോമീറ്റർ നടക്കാനുള്ള ദൂരമുണ്ടായിരുന്നു. മരങ്ങളുടെ ചുവട്ടിലൂടെ വശ്യസുന്ദരമായ റോഡിലൂടെ നടക്കുന്ന പതിവ് അവസാനിക്കുകയാണ് എന്നറിഞ്ഞു എങ്കിലും സെപ്റ്റംബർ കഴിഞ്ഞാൽ തണുപ്പാരംഭിക്കും. ഒക്ടോബറിനു മുമ്പ് മഞ്ഞു വീഴാൻ തുടങ്ങും. ഡിസംബറാകുമ്പോൾ മൈനസ് 45 ഡിഗ്രി സെന്റിഗ്രേഡിലെത്തി റോഡു മുഴുവനും കട്ട ഐസുകൊണ്ടുപൊതിയുമ്പോൾ അനുഭവക്കേണ്ടി വരുന്ന ദുഃഖം ഈശ്വരാനുഗ്രഹത്താൽ, ഈ ഹോസ്റ്റൽ ലഭിച്ചതു കൊണ്ടു വേണ്ടിവരില്ലെന്നുറപ്പായി.

## കാൽഗറി സ്റ്റാംപേഡ്

നമ്മുടെ നാട്ടിലെ തൂക്കം ആഘോഷിക്കുന്നതുപോലെ ഒരു കനേഡിയൻ ആഘോഷം എഡ്മണ്ടനിനടുത്ത് കാൽഗറി എന്ന സ്ഥലത്തുണ്ടായിരുന്നു. കാളയുടേയും കുതിരയുടേയും പുറത്തിരുന്ന്. ആ മൃഗത്തെ വെകിളി പിടിപ്പിക്കുക. താഴെ വീഴാതെ എത്ര സമയം ഇരിക്കുന്നോ അതിനനുസരിച്ചാണ് പോയിന്റുകൾ. നമ്മുടെ നാട്ടിലെ ഉത്സവം പോലെ പല കച്ചവട സാധനങ്ങളും കളിപ്പാട്ടങ്ങളും, ദൃശ്യങ്ങളും, റെഡിന്ത്യാക്കാരുടെ ഗ്രാമങ്ങളുമെല്ലാം കാണാനായി പതിനായിരങ്ങൾ വരുന്നതാണ് ഈ കാൽഗറി സ്റ്റാംപേഡ്. ഹോസ്റ്റലിൽ താമസിക്കുന്ന ഞങ്ങൾ പ്രത്യേക ബസ്സിലാണ് ഈ കാഴ്ചകാണാൻ, ജൂലൈ 10-ാം തീയതി പോയത്. ഈ യാത്രയും ഉത്സവവും കാനഡക്കാരുടെ അനവധി പ്രത്യേകതകളും, പച്ച ഇറച്ചി ചുട്ടു തിന്നുന്നതുമെല്ലാം എനിക്കും കാണാൻ

സാധിച്ചു. വർഷത്തിൽ ഏകദേശം 8 മാസവും ഐസുകൊണ്ടു പൊതി ഞ്ഞിരിക്കുന്ന ഈ ആർട്ടിക് ഓഷ്യൻ ഭാഗത്തുള്ളവർക്ക് ജീവിതത്തിലെ ആഘോഷം ഇതൊക്കെയാണ്. നമ്മുടെ നാട്ടിലുള്ളതിന്റെ പത്തിലൊ രംശം പോലും വരില്ലെങ്കിലും, കഷ്ടിച്ച് 60 വർഷത്തെ പൈതൃകം മാത്രമുള്ള എഡ്മണ്ടൻകാർക്കും സമീപത്തുള്ളവർക്കുമെല്ലാം ഇതൊക്കെ ഏറ്റവും വലിയ തൃശ്ശൂർപൂരമഹോത്സവമാണ്. അതിൽ അവർ എല്ലാം മറന്ന് നിയന്ത്രണം വിടാതെ ആസ്വദിക്കുന്നു, പോലീസോ പട്ടാളമോ ഒന്നും ക്രമസമാധാന പാലനത്തിന് അവിടെയുണ്ടായിരുന്നില്ല.

**പന്നിവളർത്തലിൽ പരീക്ഷണം**

എന്റെ പ്രൊഫസർക്ക് ഒരു പുതിയ പ്രോജക്റ്റ് ലഭിച്ചിരുന്നു. പന്നി യിറച്ചിയിൽ അൺസാച്ചുറേറ്റഡ് ഫാറ്റി ആസിഡിന്റെ അളവു കൂട്ടുക. അതിനായി പല തരത്തിലുള്ള തീറ്റകൾ അദ്ദേഹം വികസിപ്പിക്കുന്നു ണ്ടായിരുന്നു. ആ പ്രോജക്റ്റിൽ പങ്കെടുക്കാൻ താൽപര്യമുണ്ടോയെന്ന് ഗീത എന്നോടു ചോദിച്ചു. എന്തു വേണമെങ്കിലും ചെയ്യാൻ തയ്യാറാ ണ്. ഈ ഒരനുഭവവും പരിചയവും മറ്റൊരിടത്തും ലഭിക്കാത്തതിനാൽ പ്രോജക്റ്റിലെ അംഗമാകാൻ തയ്യാറാണെന്നും, ഒരു കാര്യത്തിൽ മാത്രം ഞാനൊഴിവാണെന്നും പറഞ്ഞു. പന്നിയെ കൊല്ലുകയോ, അതിന്റെ ഇറച്ചി അനലൈസ് ചെയ്യാൻ വേണ്ടി തൊടുകയോ ചെയ്യില്ല. ബാക്കി യെന്തു വേണമെങ്കിലുമാകാം. അതിലൂടെ കുറേ ആഴ്ചത്തേക്ക് പന്നി വളർത്തൽ പ്രോജക്റ്റിലും ഞാൻ പങ്കെടുത്തു. കോഴിയിലും, പന്നിയി ലും, പശുക്കളിലുമെല്ലാം അവയുടെ മുട്ടയായാലും, ഇറച്ചിയായാലും, പാലായാലും ആ മൃഗത്തിന് കൊടുക്കുന്ന തീറ്റയുടെ ഘടനക്കനുസ രിച്ചായിരിക്കും ഉൽപന്നങ്ങളുടെ ഘടനയെന്നറിയാവുന്നതിന്റെ പ്രായോ ഗികമായ ഉപയോഗമാണ് ഇവിടെ ഗവേഷണത്തിലൂടെ നൽകുന്നത്. ഗീതയോടൊപ്പം പന്നി വളർത്തു കേന്ദ്രത്തിൽ പോയി ഓരോ പന്നിക്കും തീറ്റകൊടുക്കുമ്പോൾ അവയുടെ സ്നേഹവും മറ്റും കാണുമ്പോൾ, വകതിരിവും ബന്ധവുമില്ലാത്ത മനുഷ്യനെ ഒരിക്കലും 'പന്നീ' എന്നു വിളിക്കരുതെന്നു പറയുവാൻ തോന്നി. പക്ഷേ ആ പന്നികളെ വളർത്തി വലുതാക്കി, അതിനെ വളരെ വേഗത്തിൽ കറങ്ങുന്ന ബ്ലേഡുപയോ ഗിച്ച് തടിയറക്കുന്ന മാതിരി അറത്ത് ഇറച്ചിക്കഷണങ്ങളാക്കി മാറ്റുന്ന കാഴ്ച കണ്ടപ്പോൾ നടുങ്ങിപോയി. ആ ഇറച്ചിയെല്ലാം അവിടുത്തെ സ്റ്റാഫ് പങ്കുവെക്കുന്നതും കണ്ടു.

**കാനഡയിലെ കർക്കിടക രാമായണവായന**

എല്ലാ വർഷവും കർക്കിടക മാസത്തിൽ കാനഡയിലും അമേരി ക്കയിലും മലയാളികൾ രാമായണം വായിക്കുന്ന പതിവുണ്ട്. പലർക്കും



Scanned with CamScanner

അതൊരു മഹത്വമേറിയ ധർമ്മമാണ്. ചിലർക്ക് അത് ഒരു ഒത്തുചേരലിനവസരം മാത്രമാണ്. കേരളത്തിൽ നിലനിന്നിരുന്ന അതേ പുരാതന ശൈലിയിലാണ് രാമായണവായന. കേരളത്തിൽ നിന്ന് 1950-70 കാലയളവിൽ അവിടേക്ക് പോയവരായതുകൊണ്ട് ഭൂരിഭാഗം മലയാളികളും പുരാതന കേരളത്തിന്റെ പ്രത്യേകതകൾ ഉൾക്കൊള്ളുന്നവരും അതേ രീതി നിലനിർത്തുന്നവരുമാണ്. പഴയ കേരളത്തിലെ പല നന്മകളും തിന്മകളും അവരിൽ കാണാമായിരുന്നു. എല്ലാ മതസ്ഥരിലും അതു നിലനിന്നിരുന്നു. രാമായണമാസ ഒത്തുചേരലും പള്ളിയിലെ ഒത്തുചേരലും കഴിഞ്ഞ് വീട്ടിലെത്തിയാൽ പിന്നെ മണിക്കൂറുകളോളം പരദൂഷണവും, ചർച്ചകളും മാത്രമാണ്. പഴയ പഞ്ചായത്തു കിണറിനു ചുറ്റും സ്ത്രീകളിരുന്നു സംസാരിക്കുന്ന രീതിപോലെയാണ്. ടെലിഫോൺ ചാർജില്ലാത്തതുകൊണ്ട് എത്ര മണിക്കൂർ സംസാരിച്ചാലും ഒരു പ്രശ്നവുമില്ല. സംസാരിക്കുന്ന വിഷയങ്ങളിൽ ഏറ്റവും പ്രധാനപ്പെട്ടത് 'ഞാൻ' എന്ന വ്യക്തിയുടെ (സംസാരിക്കുന്നയാളിന്റെ) മഹത്വവും 'എനിക്ക്' കൂടുതൽ മഹത്വമുള്ളതുകൊണ്ട് നിങ്ങൾ എന്റെ കൂട്ടുകാരനാകണം, എന്റെ അഭിപ്രായം ശരിവെക്കണം, എന്നതും മാത്രമാണ്. മിക്കവാറും രാമായണ വായന കർക്കിടകം മുഴുവനും ഉണ്ടായിരുന്നതുകൊണ്ട് എന്റെ രാത്രി ഭക്ഷണം പല വീടുകളിലായിരുന്നു. പഴയ തറവാട്ടിലെ അമ്മമാരും തികച്ചും പുരാതന ഈണത്തിൽ രാമായണം വായിക്കുന്ന രീതി ഇന്നുവരെ ആധുനീക കേരളത്തിൽ ഞാൻ കേട്ടിട്ടില്ല. കേരളത്തിൽ രാമായണ വായനയിൽ പങ്കെടുക്കാത്ത ഞാൻ കാനഡയിലും അമേരിക്കൻ യാത്രാവേളയിൽ ചിക്കാഗോവിലെ മലയാളി കുടുംബത്തിലും അതിൽ പങ്കെടുത്തു. ഈ അവസരമെല്ലാം പൈതൃകം പറഞ്ഞുകൊടുക്കാനും ഞാൻ ഉപയോഗിച്ചിരുന്നു. എന്നെ പരിചരിക്കുന്നതിലും എനിക്കിഷ്ടമുള്ള ഭക്ഷണമുണ്ടാക്കുന്നതിലും പലരും മത്സരിച്ചിരുന്നു എന്ന് ഞാൻ പിന്നീടറിഞ്ഞു. അഭിനന്ദിക്കുന്ന വരികൾ ഞാൻ പറയുമ്പോഴും അത് മിനിറ്റുകൾ കൊണ്ട് മലയാളികളിലെല്ലാം എത്തുമായിരുന്നു. സ്വയം തോന്നിയത് പലതും ഞാൻ പറഞ്ഞതാണെന്ന കഥയുണ്ടാക്കുന്നവരും കുറവല്ലായിരുന്നു. ഞാൻ പറയുന്നത് മിനിറ്റുകൾക്കകം, ദുർവ്യാഖ്യാനം ചെയ്ത് ധാരാളമായി കഥകളുണ്ടാക്കിയുമിരുന്നു.

**പ്രൊഫ. കൃഷ്ണന്റെ കുടുംബത്തിൽ നിന്നു ലഭിച്ച സഹായം**

ഒരു തമിൾ ബ്രാഹ്മണ കുടുംബത്തിലെ അംഗമായിരുന്നു കൃഷ്ണൻ. ഭാര്യ ക്രിസ്ത്യാനിയാണെങ്കിലും രണ്ടു പേർക്കും പൈതൃകം, ജ്യോതിഷം ആത്മീയത ഇവയിൽ വളരെയേറെ ശ്രദ്ധയുണ്ടായിരു



Scanned with CamScanner

ന്നു. പൂജാദി കർമ്മങ്ങൾ, മന്ത്രാലാപനങ്ങൾ, എല്ലാം നടത്താനും അവയുടെ സന്ദേശം കൊടുക്കാനും കഴിവുള്ള പ്രൊഫ. കൃഷ്ണൻ, യൂണിവേഴ്സിറ്റിയിലെ മാത്തമാറ്റിക്സ് പ്രൊഫസറായിരുന്നു. ഞാൻ അവിടെ പോയി മാസങ്ങൾ കഴിഞ്ഞപ്പോൾ, അദ്ദേഹത്തിനേക്കാൾ പൂജയും മറ്റു കാര്യങ്ങളും അറിയാവുന്ന ഒരാൾ വന്നതിൽ ആ കുടുംബത്തിന് അൽപം വിഷമം തോന്നിയതായി അനുഭവപ്പെട്ടു. എന്റെ കാനഡാ വാസക്കാലത്ത് എനിക്ക് തണലും താങ്ങുമായി നിന്ന ഒരു കുടുംബമായിരുന്നു അവരുടേത്. കുഞ്ഞുങ്ങളില്ലാതിരുന്നതിനാൽ അവർ ആരേയും മക്കളെപോലെ സ്നേഹിക്കുകയും അവരോട് അധികാര ഭാവത്തിൽ സംസാരിക്കുകയും ചെയ്തിരുന്നു. ഈ ഒരു പ്രത്യേകത എനിക്കും അവരിൽ നിന്നനുഭവപ്പെട്ടു. ഇത്രയും ഞാനിവിടെ കുറിച്ചത്, കാനഡയിലെ ജീവിതത്തിൽ മലയാളികളുടെ വൈവിധ്യമാർന്ന സ്വഭാവങ്ങളിൽ ഒന്നുരണ്ടെണ്ണം ഉദാഹരണമായി മാത്രം ചൂണ്ടിക്കാണിക്കാനായിരുന്നു. ഓരോ വ്യക്തിയും വളരെ സ്നേഹവും ബഹുമാനവും എല്ലാം നിലനിർത്തുന്നവരായിരുന്നു. കൂടിച്ചേർന്നാൽ പല പ്രശ്നങ്ങളുടേയും പര്യായമായി തോന്നുന്ന വിധത്തിലാണ് അവരുടെ പെരുമാറ്റം. മിക്കവാറും ഏതാവശ്യത്തിനും പരസ്പരം അവർ സഹായിക്കുമായിരുന്നു. ഉള്ളിന്റെ ഉള്ളിൽ 'അയാൾക്കതു സംഭവിച്ചതിൽ' ചിലർക്കെങ്കിലും, സന്തോഷമുണ്ടെങ്കിലും വൈവിധ്യമാർന്ന ഇവർ പരസ്പരം സഹായിക്കുന്നുമുണ്ടായിരുന്നു. അതെല്ലാം തൊട്ടറിഞ്ഞു പഠിക്കാൻ എനിക്ക് സാധിച്ചു.

**ഞാനൊരു മാർഗദർശിയായി മാറുകയായിരുന്നു**

എന്റെ മൂന്നു മാസത്തെ വാസം, പൈതൃകത്തിന്റെ അറിവ്, കാര്യങ്ങൾ വിലയിരുത്തുന്ന രീതി, ഭാരതത്തിൽ സയിന്റിസ്റ്റെന്ന ജോലി, ഫെല്ലോഷിപ്പിലൂടെ അന്താരാഷ്ട്രതലത്തിൽ തെരഞ്ഞെടുക്കപ്പെട്ടതിൽ ഒരുവനാണെന്ന സ്ഥാനം, പ്രഭാഷണം നടത്താനും ക്ലാസുകളെടുക്കുവാനും, സംശയങ്ങൾ ദൂരികരിക്കാനുമുള്ള കുറച്ച് കഴിവ് ചേർന്ന എന്നെ അറിഞ്ഞ എഡ്മണ്ടനിലെ മലയാളികൾക്ക് ഞാനൊരു കുടുംബാംഗത്തെപ്പോലെയായിത്തീരുകയായിരുന്നു. അവരുടെ സംശയങ്ങൾക്കും പ്രശ്നങ്ങൾക്കും ഒരു പരിഹാരം, അല്ലെങ്കിൽ ഉത്തരം ഇവിടെ നിന്നും ലഭിക്കുമെന്നറിവായിരുന്നു ഈ ബന്ധത്തിനു കാരണം. എല്ലാവരും ബഹുമാനിക്കുമ്പോഴും എനിക്ക് അഹങ്കാരത്തിന്റെ മുളകളുണ്ടാകാതിരിക്കാനും, അങ്ങിനെയാർക്കും തോന്നാതിരിക്കാനും ഞാൻ വളരെയേറെ ശ്രദ്ധിച്ചിരുന്നു. ഒരു കാര്യം എനിക്ക് വ്യക്തമായിട്ടറിയാമായിരുന്നു. ഞാനില്ലെങ്കിലും അവർ ജീവിക്കും. അവരില്ലെങ്കിൽ എനിക്കെന്തെങ്കിലും സംഭവിച്ചാൽ സഹായിക്കാനാരുമുണ്ടാകില്ല. അതുകൊണ്ടുതന്നെ

എല്ലാവരുമായുള്ള ബന്ധം ദൃഢമാക്കാൻ ഞാനെന്നും ശ്രമിച്ചത് കുറേയൊക്കെ വിജയിച്ചു. അവരിൽ പലരുമായുള്ള ബന്ധം ഇന്നും ഞാൻ നിലനിർത്തുന്നു. അതേ സമയം തന്നെ ഞാൻ ഒരു വ്യക്തിയുടേയോ കുടുംബത്തിന്റേയോ മാത്രം സ്വന്തമാകാതിരിക്കാനും, അങ്ങിനെയൊരു തോന്നൽ ആരിലുമുണ്ടാകാതിരിക്കാനും പ്രത്യേകം ശ്രദ്ധിച്ചിരുന്നു. എന്നിൽ നിന്നു വരുന്ന എല്ലാ വരികളിലും ഉണ്ടാകാൻ സാധ്യതയുള്ള പ്രശ്നങ്ങൾ മുൻകൂട്ടി കണ്ടുകൊണ്ടായിരുന്നു ഞാൻ എല്ലാ കുടുംബങ്ങളുമായുള്ള ബന്ധം നിലനിർത്തിയിരുന്നത്.

**ഒരു പിക്നിക്കിന്റെ അനുഭവങ്ങൾ**

മഞ്ഞുകാലം തുടങ്ങാറായി. വേനലിന്റെ അവസാനം തിമിർത്ത് ആഘോഷിക്കുന്ന കാനഡാക്കാരുടെ കുടുംബങ്ങൾ. മഞ്ഞുകാലമായാൽ പിന്നെ അവരാരും കാര്യമായി പുറത്തിറങ്ങാറില്ല, കാരണം അവർക്കു പുറത്തിറങ്ങാനാകില്ല. അതുകൊണ്ട് ജൂലൈ 24, 25 ന് കുറേ മലയാളികൾ ചേർന്ന് ലേക് ബ്യൂള എന്ന സ്ഥലത്തേക്ക് പിക്നിക്കിന് പോയി. ഏകദേശം 300 കിലോമീറ്റർ ദൂരത്തുള്ള ഒരു സ്ഥലത്തേക്കായിരുന്നു യാത്ര. സിറ്റിയിൽ നിന്നും കാട്ടിലേക്ക് യാത്ര തിരിക്കുന്ന ആയിരകണക്കിന് കുടുംബങ്ങൾക്ക് കാടിനകത്ത് എല്ലാ സൗകര്യങ്ങളുമുള്ള കുടിലുകളും, വീടുകളും ഉള്ളത് നേരത്തേ റിസർവു ചെയ്ത് എത്ര ദിവസങ്ങൾ വേണമെങ്കിലും എത്ര പേർക്കുവേണമെങ്കിലും അവിടെ താമസിക്കാം. അതൊരു പ്രത്യേക അനുഭവമായിരക്കും. കാട്ടിലെന്തെല്ലാമുണ്ടോ അവയെകാണുകയും കാടിന്റെ ഗുണദോഷങ്ങൾ അനുഭവിച്ചറിയുകയും ചെയ്യാം. അതിനായിരുന്നു ഈ യാത്ര. വളരെ രസകരമായ പലതും അനുഭവിച്ചു. കൂടാതെ അക്ഷരശ്ലോകം, ഭക്ഷണം പാകം ചെയ്യൽ, കാനഡ ദർശനം, എല്ലാമെല്ലാം അവിസ്മരണീയമായിരുന്നു. നൂറു കണക്കിന് കിലോമീറ്റർ ഒരൊറ്റ മനുഷ്യനും ഇല്ലാത്ത സ്ഥലങ്ങളായിരുന്നു കൂടുതലും. ഭാരതത്തിന്റെ മൂന്നു നാലിരട്ടിയുള്ള കാനഡയിൽ കേരളത്തിന്റെ യത്രയും ജനങ്ങളേ ഉള്ളൂ എന്നതറിഞ്ഞ് അത്ഭുതം തോന്നി. റോഡിലൂടെ ചീറിപ്പായുന്ന വാഹനങ്ങൾ ഇടക്കിടക്ക് കാണാം. അതി മനോഹരമായ കാടുകൾ, വഴിയോരങ്ങൾ, ഒറ്റപ്പെട്ട വലിയ എസ്റ്റേറ്റുകൾ, ഇതെല്ലാം ചിന്താതീതമായ അനുഭവത്തിന്റെ ഭണ്ഡാരത്തിലേക്കു ഞാൻ നിക്ഷേപിച്ചു. ഒരു വികസിത രാഷ്ട്രത്തിന്റെ നിർവചനം മനസ്സിലായതപ്പോഴായിരുന്നു. ധാരാളം ഗോതമ്പു വയലുകളും ഇടക്കിടക്ക് കാണാമായിരുന്നു. വാഹനത്തിലിരുന്നു എന്തെങ്കിലും ഭക്ഷണം കഴിച്ചാൽ അതിന്റെ പാക്കറ്റോ, ടിന്നോ, കണ്ടെയിനറോ റോട്ടിലേക്കു

വലിച്ചെറിയുന്നത് പുറകിലത്തെ കാറിൽ വരുന്നവൻ കണ്ടാൽ അവൻ അപ്പോൾ തന്നെ പോലീസിൽ റിപ്പോർട്ടു ചെയ്യുമായിരുന്നു. അവർ അഞ്ഞൂറു ഡോളർ ഫൈനായി അടക്കേണ്ടി വരും. സാറ്റലൈറ്റ് ട്രേസിങ് സംവിധാനവുമുണ്ടായിരുന്നു.

**എല്ലാവരും മനസ് തുറക്കുന്നു**

പിക്നിക്കുകൾ കഴിഞ്ഞ് എന്നെ എല്ലാവരും മനസ്സിലാക്കിത്തുടങ്ങിയപ്പോൾ (എന്ന് എനിക്കു തോന്നി) ഓരോരുത്തരായി എന്നെ സൽക്കരിക്കാൻ കൂടുതലായി മത്സരിക്കുന്നുണ്ടായിരുന്നു. ഞാൻ അവരുടെ പ്രശ്നങ്ങൾക്കൊരുതാങ്ങാകണം. ബുക്കിങ്ങിന്റെ ഒരു നീണ്ട ലിസ്റ്റ് തന്നെയുണ്ടായിത്തുടങ്ങിയിരുന്നു. എല്ലാവർക്കും അഭിനന്ദനത്തിന്റേയും ആശ്വാസത്തിന്റേയും അനുഗ്രഹങ്ങളുടേയും വാക്കുകൾ വേണം. അവിടെ ആരും ആരേയും അഭിനന്ദിക്കാറില്ല. പുറമേയുള്ള മലയാളികൾ എഡ്മണ്ടനിലേക്കു വരാറുമില്ല. ആരുടേയും ആന്തരിക കുടുംബപ്രശ്നങ്ങൾ തുറന്നു പറയുന്നതു കേൾക്കാനാളുമില്ലായിരുന്നു. കേൾക്കാനാരെങ്കിലും തയ്യാറായാൽ അത് അടുത്ത മണിക്കൂറിൽ അങ്ങാടിപ്പാട്ടാകും. സമ്പത്തിന്റേയും സുഖസൗകര്യങ്ങളുടേയും നടുവിൽ കഴിയുന്ന ഓരോരുത്തനും അവനവന്റെ മക്കൾ കാനഡക്കാരനെ കല്യാണം കഴിക്കുമെന്നും, പ്രായപൂർത്തിയാകുന്നതിന് മുമ്പ് പലരും ലൈംഗികബന്ധങ്ങളിലേർപ്പെടുമെന്നും ഭയപ്പെടുന്നു. മാനസികമായി തനി പഴയ കേരളീയർ, ശാരീരികമായി ആധുനിക കാനഡയിലെ നിലവാരം പുലർത്തുന്നവരാണവർ. ആർക്കും ഏതു സമയത്തും ജോലി പോകാനുള്ള സാധ്യതയുമുണ്ട്. ഓരോ വ്യക്തിയും കുടുംബവും കത്തുന്ന അഗ്നിപർവതമായിരുന്നു. ക്രൈസ്തവർക്ക് പള്ളിയും അച്ചനുമുള്ളതുകൊണ്ട് ആശ്വാസ വാക്കുകൾ അവിടെ നിന്നും ലഭിക്കുമായിരുന്നു. ഹിന്ദുക്കൾ എണ്ണത്തിൽ വളരെക്കുറവായിരുന്നതുകൊണ്ട് എന്റെ സാന്നിദ്ധ്യം ഒരു ഉപദേശിയുടേയോ ആശ്വാസ വരികൾ നൽകുന്നവന്റേയോ പോലെ ആയിത്തുടങ്ങിയിരുന്നു. ആത്മീയതയിലേയും പൈതൃകത്തിന്റേയും അറിവും ആധുനീക വിഷയം കൈകാര്യം ചെയ്യുന്ന ശാസ്ത്രജ്ഞനെന്ന പദവിയും ചേർന്നപ്പോളായിരുന്നു ഓരോരുത്തരായി അവരുടെ മനസ് എന്റെ മുന്നിൽ തുറന്ന് ദുഃഖങ്ങൾ വിളമ്പിയത്. ഏതാണ്ട് 25 ഹിന്ദു മലയാളി കുടുംബങ്ങൾ മാത്രമുള്ള ആ പ്രദേശത്ത് ഈ മുഖങ്ങൾ മാത്രമായിരുന്നു പരസ്പരം കാണാനായിട്ടുണ്ടായിരുന്നത്. ഓണത്തിനൊഴികെ മറ്റൊന്നിനും വൻ സമൂഹമുള്ള

കേരളീയ ക്രൈസ്തവരും കുറച്ചു മാത്രമുള്ള കേരളീയ ഹിന്ദുക്കളും തമ്മിൽ ഒരു ബന്ധവുമുണ്ടായിരുന്നില്ല. അതുകൊണ്ടാണ് ഒരു പുണ്യ വാളനായ ഉപദേശിയായി ഞാൻ ഉയർത്തപ്പെട്ടത്.

**ശാരീരികാസ്വാസ്ഥ്യം എന്നെ പിന്നോട്ടു വലിക്കുന്നു**

ഗവേഷണ ഭാരം, കുടുംബത്തിൽ നിന്ന് ഒറ്റപ്പെട്ട് ഭൂമിക്കപ്പുറത്തു താമസം ഇക്കാരണത്താൽ ദിവസങ്ങൾ കഴിയുന്തോറും മനസിലൊര സ്വസ്ഥതയുമുണ്ടായിരുന്നു. പിന്നെയെന്തെക്കേയോ കാരണങ്ങളുമുള്ള തുപോലെ തോന്നി. പതിവുള്ള നെഞ്ചു വേദനയും മൈഗ്രേനും വർഷ ങ്ങളോളമുണ്ടായിരുന്നത് വീണ്ടും ഉയർന്നു തുടങ്ങി. ഡോക്ടറെ കാണുക പതിവായി. ഒന്നും ചെയ്യാനില്ല. ഒരസുഖവും കാണാനില്ലെന്നും അവർ പറയുകയുണ്ടായി. ഇടക്കൊരു ദിവസം ശക്തമായ ഐസ് മഴ (ഹെയ്ൽ സ്റ്റോം) വന്നതോടെ എന്റെ ശരീരം തളർന്നതു പോലെയാ യി. നടക്കാൻ പോലും വയ്യാത്ത അവസ്ഥ. നാട്ടിലേക്ക് തിരിക്കണമോ എന്നുവരെ ചിന്തിച്ചു. എല്ലാവരും എന്നെ സംരക്ഷിക്കാനുണ്ടായിരു ന്നു. ഡോ. ഭാസ്കരനും ഭാര്യ രമയും, കുറുപ്പ് ദമ്പതികളും എന്റെ കാര്യത്തിൽ വളരെയേറെ ശ്രദ്ധിച്ചിരുന്നു. കാര്യമായി ഒരു പൊളി റ്റിക്സിനും അവരുണ്ടായിരുന്നില്ല. തികഞ്ഞ സായിഭക്തരും മലയാളി കളല്ലാത്ത അനവധി സുഹൃത്തുക്കളുണ്ടായിരുന്നവരുമായിരുന്നതിനാൽ കുറേകൂടി വിശാല മനസ്സിന്റെ ഉടമകളായിരുന്നു അവർ. ഡോ. ഭാസ്ക രനും കുടുംബവും ശ്രീ കറുപ്പും ശ്യാമളയും എന്നും സേവനങ്ങളിൽ മുഴുകിയിരുന്നു. സത്യസായി സേവാസമിതിയിലുള്ള വലിയ ഒരു കൂട്ടം ദേശവിദേശികളുടെ സുഹൃത്ത് ബന്ധം അവർക്കുണ്ടായിരുന്നതിനാൽ അവർ എന്നും സന്തോഷമുള്ളവരായി കാണപ്പെട്ടു. കാനഡയിൽ നിന്നും തിരിച്ചു വന്ന് 15 വർഷം കഴിഞ്ഞു എങ്കിലും ഈ രണ്ടു കുടും ബങ്ങളുമായുള്ള എന്റെ ആത്മബന്ധത്തിനും ഒരു തരിമ്പുപോലും കുറവു വന്നിട്ടില്ല. ഇൻസ്റ്റിറ്റ്യൂട്ടിന്റെ പ്രവർത്തനങ്ങളിൽ പൂർണ മന സ്സോടെ സഹകരിക്കുക മാത്രമല്ല, ഇടക്ക് കാനഡയിൽ എന്റെ പ്രഭാഷ ണപരമ്പരകൾ സംഘടിപ്പിക്കുവാനും അതിന്റെ സാമ്പത്തീക കാര്യ ങ്ങളെല്ലാം സൂക്ഷ്മമായി കണ്ടെത്താനും ഈ കുടുംബാംഗങ്ങൾ അശ്രാന്ത പരിശ്രമം നടത്താറുണ്ട്. അവരുടെ സഹായത്താൽ വളരെ പെട്ടെന്ന് ഞാൻ ആരോഗ്യവാനായി. എല്ലാവിധത്തിലുള്ള തയ്യാറെടു പ്പുമായി, ആരോഗ്യം കഴിയുന്നത്രയും വീണ്ടെടുത്ത്, ഞാൻ അമേരി ക്കൻ പര്യടനം എന്ന ജൈത്രയാത്ര ആരംഭിച്ചു.

## അമേരിക്കൻ പര്യടനം

1993 സെപ്റ്റംബർ 1 ന് രാവിലെ 11 മണിക്ക് എന്നെ ശ്രീ പണിക്കരും കുടുംബവും എഡ്മണ്ടൺ എയർപോർട്ടിലെത്തിച്ചു. 12 മണിക്കുള്ള ഫ്ളൈറ്റിൽ നേരെ പോയത് ഡിട്രോയിറ്റിലേക്കാണ്. എന്റെ കൂടെ മഹാരാജാസിൽ പഠിച്ചിരുന്ന പരമേശ്വരന്റെ അനുജൻ രാമചന്ദ്രൻ അവിടെ മിഷിഗൻ യൂണിവേഴ്സിറ്റിയിൽ പിഎച്ച്.ഡിക്കായി പ്രവർത്തിക്കുന്നു. അദ്ദേഹവും കുടുംബവും എന്നെ ആ പ്രദേശമെല്ലാം കാണിക്കാൻ തയ്യാറാണെന്നറിയിച്ചിരുന്നു. ഏകദേശം രാത്രി 9.00 മണിക്ക് ഞാൻ ഡിട്രോയിറ്റിലിറങ്ങി. രണ്ടു ടൈം സോൺ കടന്നു വേണം അവിടെയെത്താൻ. അതി സങ്കീർണമായ സ്ഥലം, കൊള്ളയും കൊള്ളിവെപ്പും ഏതു പട്ടാപ്പകലും നടക്കുന്ന സ്ഥലം. ഞാൻ എയർപോർട്ടിന്റെ പുറത്തു വന്നു ഞാൻ കാത്തു നിന്നു. രാമചന്ദ്രൻ എന്നെ കൊണ്ടുപോകാൻ എത്തിയിരുന്നില്ല. അതികഠിനമായ തിരക്ക്, കുറേ സമയം കാത്തിരുന്നു. ഭയം കൊണ്ടു കാലിടറിതുടങ്ങി. പല പ്രാവശ്യം രാമചന്ദ്രന്റെ വീട്ടിലേക്ക് ഫോൺ ചെയ്തു. റിങ് ചെയ്യുന്നുണ്ട് ആരും എടുക്കുന്നില്ല. വോയ്സ് മെസ്സേജ് കൊടുത്തതു റെക്കോർഡു ചെയ്യുന്നുണ്ടായിരുന്നു. അന്ന് മൊബൈൽ ഫോൺ സംവിധാനമില്ലായിരുന്നു. കയ്യിലുള്ള 25 സെന്റ് നാണയം ഉപയോഗിച്ച് ഡയറിയിൽ നിന്ന് നമ്പറെടുത്ത് വിളിച്ചു കൊണ്ടേയിരുന്നു. ഏകദേശം മുക്കാൽ മണിക്കൂർ കഴിഞ്ഞപ്പോൾ രാമചന്ദ്രനെത്തി, അസാധാരണമായിട്ടൊന്നും സംഭവിക്കാത്തതുപോലെ പറഞ്ഞു. "നിങ്ങൾ മുകളിലത്തെ ഫ്ളോറിലുണ്ടാകുമെന്നു വിചാരിച്ചു. പിന്നെ മനസ്സിലായി അത് ഡിപ്പാർച്ചറാണെന്ന്. താഴെയാണ് അറൈവലെന്നു മനസിലായപ്പോൾ വൈകിപ്പോയി. ഒന്നും പറ്റിയില്ലല്ലോ? ഇനി സോറി പറഞ്ഞിട്ടു കാര്യമില്ലല്ലോ".

## മിഷിഗൺ യൂണിവേഴ്സിറ്റിയിലൂടെ പര്യടനം

അന്നുരാത്രി വൈകും വരെ രാമചന്ദ്രനോടും കുടുംബാംഗങ്ങളോടും സംസാരിച്ച് അർധരാത്രി കഴിഞ്ഞപ്പോൾ ഉറങ്ങി. അടുത്ത ദിവസം രാവിലെ മിഷിഗൺ യൂണിവേഴ്സിറ്റിയിലൂടെ കറങ്ങി. ലോകത്തിലെ പ്രസിദ്ധമായതും അനവധി നോബൽ സമ്മാനജേതാക്കളെ സൃഷ്ടിച്ചതുമായ യൂണിവേഴ്സിറ്റിയുമാണ് മിഷിഗൺ യൂണിവേഴ്സിറ്റി. അവിടത്തെ ലാബറട്ടറിയിലെ ഉപകരണങ്ങളെല്ലാം കണ്ടു, ചിലത് പ്രവർത്തിപ്പിച്ചു. ലോകപ്രസിദ്ധമായ ഡിട്രോയിറ്റ് തടാകവും വിസ്തരിച്ചു കണ്ടു. ചെറുപ്പക്കാർ വെറും അണ്ടർവെയറുമിട്ട് നടക്കുന്നുണ്ടായിരുന്നു. അവരെല്ലാം മയക്കു മരുന്നിനടിമകളാണത്രേ. കുത്തഴിഞ്ഞ ജീവിതത്തിന്റെ മകുടോദാഹരണം. ഏതാനും മിനിറ്റുകൾ എവിടെയെങ്കിലും



Scanned with CamScanner

ഒരു കാർ നിർത്തിയിട്ടാൽ രണ്ടു മിനിറ്റുകൊണ്ട് നാലു ചക്രവും മോഷണം പോകുന്ന അവസ്ഥയാണത്രെ ഡിട്രോയിറ്റിലുള്ളത്. സ്റ്റിയറിങ്ങും, ഗിയറും ചേർത്ത് സീറ്റിൽ ബന്ധിച്ചുവെച്ചാണ് അഞ്ചു മിനിറ്റ് കാറുടമകൾ ഒരു ചായ കുടിക്കാനാണെങ്കിൽ പോലും പുറത്തുപോകുന്നത്. ലോകജനതയെ ഭരിക്കുന്നതും ലോകത്തിന്റെ ക്രമസമാധാനപാലകരുമായ അമേരിക്കയുടെ 'മഹത്വമറിയണമെങ്കിൽ' ഡിട്രോയിറ്റിൽ കൂടി പോകണം. പോലീസുകാർപോലും ഭയക്കുന്ന അതിസങ്കീർണ്ണമായ സാങ്കേതികവിദ്യയിലൂടെ ഏതു തരം കള്ളത്തരവും ചെയ്യാൻ അസാധാരണ വൈഭവശേഷിയുള്ളവരും എന്തിനും ഏതിനും മടിക്കാത്തവരുമാണത്രെ ഇവിടത്തെ കൊള്ളക്കാർ. ഭയത്തോടെയാണ് ഇതെല്ലാം പട്ടാപകൽ പോലും ഞാൻ നോക്കിക്കണ്ടത്.

ഉച്ചക്ക് ഞാൻ തിരിച്ചു രാമചന്ദ്രന്റെ വീട്ടിൽ വന്നപ്പോൾ ഒരു ടെലിഫോൺകാൾ ലഭിച്ചു. ഒരു സ്ത്രീയുടെ ശബ്ദം "നിങ്ങളുടെ ഡയറിയും പാസ്പോർട്ടും രണ്ടു കുഞ്ഞുമക്കളുടെ ഫോട്ടോയും ഇവിടെ ഡിട്രോയിറ്റ് എയർ പോർട്ടിൽ സെക്യൂരിറ്റിയുടെ കയ്യിൽ ഭദ്രമായി സൂക്ഷിച്ചിട്ടുണ്ട്. തെളിവുനൽകി എടുത്തു കൊള്ളുക." അപ്പോഴാണ് ഞാനെന്റെ പാസ്പോർട്ടിനെക്കുറിച്ചോർത്തത്. തലേ ദിവസം രാത്രി രാമചന്ദ്രനെ കാണാത്ത ഭയത്തിൽ, ടെലിഫോൺ നമ്പറെടുക്കാൻ ഡയറി തുറന്നു, അതിൽ പാസ്പോർട്ടുമുണ്ടായിരുന്നു. ഫോൺവിളി കഴിഞ്ഞ് അതുരണ്ടും അവിടെത്തന്നെ വെച്ചു. എന്റെ മക്കളുടെ ഹരീഷിന്റേയും ഹേമയുടേയും ഒരുമിച്ചുള്ള ഫോട്ടോയുമതിലുണ്ടായിരുന്നു. ഉടനെ ഞങ്ങൾ നേരെ അൻപതു മൈൽ ദൂരമുള്ള എയർപോർട്ടിലേക്ക് വണ്ടിയോടിച്ചു പോയി അതു സ്വീകരിച്ചു. എത്ര കള്ളന്മാരും കൊള്ളക്കാരുമുള്ള നാടാണെങ്കിലും ഡിട്രോയിറ്റിൽ എന്റെ ഡയറിയും പാസ്പോർട്ടും സുരക്ഷിതമായിരുന്നു. അത് തിരിച്ചു ലഭിക്കുകയും ചെയ്തു എന്നത് എന്നെ അത്ഭുതപ്പെടുത്തി. എല്ലാവരോടും നന്ദി പറഞ്ഞിട്ടാണ് മടങ്ങിയത്. അതു നഷ്ടപ്പെട്ടിരുന്നെങ്കിൽ അവിടത്തെ യാത്രയും, തിരിച്ചുവരവും അമേരിക്കയിലെ ചുറ്റിക്കറങ്ങലും, കാനഡയിലെ തുടർന്നുള്ള ഗവേഷണവും, ജിവിതം പോലും എന്തായിരിക്കുമെന്ന് ചിന്തിക്കാൻ സാധിക്കുമായിരുന്നില്ല. ആഗസ്റ്റ് 1-ാം തീയതി മിഷിഗണിലും ഡിട്രോയിറ്റിലെ എല്ലായിടവും കറങ്ങി. 2-ാം തീയതി ചിക്കാഗോവിലുള്ള തമിഴനായ മലയാളി ശ്യാമളൻനായരെ ഫോണിലൂടെ ബന്ധപ്പെട്ടു. ഞാൻ ചിക്കാഗോവിലേക്ക് വരുകയാണെങ്കിൽ സ്വീകരിച്ച് അവിടെയെല്ലാം കാണിച്ചു തരാൻ തയ്യാറാണെന്നദ്ദേഹം അറിയിച്ചു. 2-ാം തീയതി മിഷിഗണിലെ വൻ മ്യൂസിയവും, ജൂറാസിക് ജീവികളുടെ അവശിഷ്ട



Scanned with CamScanner

ങ്ങളുമെല്ലാം കണ്ട്, ചിക്കാഗോവിലേക്കുള്ള ഗ്രേഹൗണ്ട് ബസ്സിൽ ടിക്കറ്റും റിസർവ് ചെയ്തു. അമേരിക്കയിലെല്ലായിടത്തും ഓടുന്ന ലക്ഷ്വറി ബസ്സ്, ഗ്രേഹൗണ്ട് കമ്പനിയുടേതാണ്. അതു അവിടത്തെ പാവപ്പെട്ടവർക്കുള്ളതാണ്. നൂറു ഡോളറിൽ താഴെയാണ് യാത്രാകൂലി. ഫ്ളൈറ്റിലാണെങ്കിൽ വലിയ ചാർജാകും. രാത്രി 9 മണിക്ക് അമേരിക്കൻ പര്യടനത്തിന്റെ രണ്ടു ശുഭദിനങ്ങൾ കഴിഞ്ഞ്, ലോകപ്രശസ്ഥമായ ഒരു യൂണിവേഴ്സിറ്റിയിൽ കയറിയിറങ്ങി, അടുത്ത യാത്രക്ക് തയ്യാറെടുത്തു. സ്വാമി വിവേകാനന്ദൻ ലോകജനതയെ അഭിസംബോധന ചെയ്ത ഭൂമിയിലേക്ക്. ജീവിതാഗ്രഹം സഫലീകരിക്കുന്ന വിധത്തിലൊരു യാത്രയായിരുന്നു അത്.

**വിവേകാനന്ദന്റെ ചിക്കാഗോവിലേക്ക്**

ഭാരതത്തിലെവിടെയെല്ലാം പ്രഭാഷണം നടത്തിയിട്ടുണ്ടെങ്കിലും എന്റെ ആത്മീയ-മാനസീക ഗുരുവായ സ്വാമി വിവേകാനന്ദനേയും ശാസ്ത്രീയ മാനസീക ഗുരുവായ ആചാര്യ ജെ സി ബോസിനേയും ഞാനുദ്ധരിക്കാറുണ്ട്. സ്വാമി വിവേകാനന്ദൻ നിന്നു പ്രസംഗിച്ച സ്ഥലത്തു നിൽക്കണം. കണ്ണടച്ച് സ്വാമിയെ മനസാസ്മരിക്കണം. "അവിടുന്ന് ഏറ്റെടുത്ത ദൗത്യം തുടരാൻ എന്നേയും അനുവദിക്കണം" എന്നു പ്രാർത്ഥിക്കണം. അതൊരു പ്രാർത്ഥനയായിരിക്കണം (ആയിരുന്നു താനും) മിഷിഗണിൽ നിന്നും രാവിലെ ബസ്സിൽ കയറി. അതി ഭീമാകാരന്മാരായ കറുത്ത വംശജരായിരുന്നു ബസ്സിലെ യാത്രക്കാരെല്ലാം വെളുത്തവരാരുമുണ്ടായിരുന്നില്ല. അൽപം വെളുത്ത് മെലിഞ്ഞവൻ ഞാൻ മാത്രം. അവരുടെ ഇടക്കെങ്ങാനും പെട്ടുപോയാൽ ചതഞ്ഞുപോകുമായിരുന്നു. ബസ് പല സ്റ്റാന്റുകളിലും നിർത്തിയപ്പോൾ ഒന്നോ രണ്ടോ മനുഷ്യക്കോലങ്ങൾ മാത്രമേ ആ പ്രദേശത്തുണ്ടായിരുന്നുള്ളൂ. യിസ്പിലാണ്ടി എന്ന സ്ഥലത്ത് പത്തുമിനിറ്റു ബസ് നിർത്തിയപ്പോൾ പട്ടാപകലായിരുന്നെങ്കിൽപോലും പുറത്തിറങ്ങാൻ ഭയം തോന്നുന്ന അന്തരീക്ഷമായിരുന്നു. ഒന്നും കഴിക്കാതെ ബസിൽ തന്നെയിരുന്നു. ഉച്ചക്കുശേഷം 3.30 ന് ചിക്കാഗോവിൽ, എത്തി. ബസ് സ്റ്റാന്റിലെ കാഴ്ച എന്നെ അമ്പരപ്പിച്ചു. നൂറ്റിയമ്പതും നൂറ്റിതൊണ്ണൂറും കിലോഗ്രാം ഭാരമുള്ള കറുത്ത വർഗ്ഗക്കാരായ പുരുഷന്മാരും സ്ത്രീകളും, ഏതാണ്ടെല്ലാവരും മദ്യപിച്ചിട്ടുണ്ട്, ചിമ്പാൻസിയേയും ഗറില്ലായേയും പോലെ അവർ അങ്ങോട്ടുമിങ്ങോട്ടും നടക്കുന്നു. ബസ്സ് സ്റ്റാന്റിലിറങ്ങിയപ്പോൾ ശ്യാമളൻനായരുണ്ടായിരുന്നില്ല. അദ്ദേഹത്തിനെ ഞാൻ ഫോണിൽ വിളിച്ചു, മറുപടി എന്നെ വീണ്ടും ഭയപ്പെടുത്തുന്നതായിരുന്നു.



Scanned with CamScanner

"ബസ്സ്റ്റാന്റിൽ നിന്ന് പുറത്തിറങ്ങരുത്. ഇത് കൊലയാളികളുടെ സ്ഥലമാണ്. പുറത്തിറങ്ങിയാൽ കഴുത്തിനു മുകളിൽ തല കാണില്ല. ഞാനുടനെ വരാം. അവിടെ പാർക്കിങ് ലഭിക്കാത്തതിനാലാണ് ഫോൺ ലഭിച്ചതിന് ശേഷം ഇറങ്ങാമെന്നു വിചാരിച്ചത്." ബസ്സ്റ്റാന്റിൽ ശ്വാസം പിടിച്ചു നിന്നു. ഏകദേശം അര മണിക്കൂറിനകം ശ്യാമളൻനായരെത്തി. വളരെ തറവാടിത്വമുള്ള കുടുംബാംഗം, ബാങ്കുദ്യോഗസ്ഥൻ! ഇന്ത്യാക്കാരനായതുകൊണ്ട് തന്റെ എല്ലാ പ്രൊമോഷനും അമേരിക്കക്കാർ തടഞ്ഞു എന്നുപറഞ്ഞ് ദുഃഖിക്കുന്ന മലയാളിയായ തമിഴൻ, ചിക്കാഗോയിലെ പല സ്ഥലത്തേക്കും എന്നെ കൊണ്ടുപോയിക്കാണിച്ചു.

**വിവേകാനന്ദന്റെ പാദസ്പർശമേറ്റ ഭൂമിയിൽ നിന്നു**

വിവേകാന്ദനെക്കുറിച്ച് അവിടത്തുകാർക്ക് അറിഞ്ഞു കൂടായിരുന്നു. ചിലർ സംശയം പറഞ്ഞു, ചിക്കാഗോ നാഷണൽ മ്യൂസിയം നിൽക്കുന്ന സ്ഥലത്താണ് പണ്ട് അന്താരാഷ്ട്രസെമിനാർ നടന്നതെന്ന്. അവിടെ പോയി മ്യൂസിയത്തിലെ ഗൈഡിനോട് ചോദിച്ചു ഇവിടെയാണോ സ്വാമി വിവേകാനന്ദൻ പ്രസംഗിച്ചത്? ഭാരതീയ വിഗ്രഹങ്ങളും ബിംബങ്ങളും നിറഞ്ഞുനിൽക്കുന്ന മ്യൂസിയത്തിന്റെ ഡയറക്ടർ എന്നെ അകത്തേക്കു ക്ഷണിച്ചു. എനിക്കറിയേണ്ട കാര്യങ്ങളെല്ലാം ശ്രദ്ധയോടെ കേട്ടു. ഞാൻ പറഞ്ഞതെല്ലാം പിന്നീടദ്ദേഹം കുറിച്ചെടുത്ത്, ന്യൂയോർക്കിലെ നാഷണൽ മ്യൂസിയം ഹെഡ്ക്വാർട്ടേഴ്സിലേക്കു വിളിച്ചു ചോദിച്ചു. അവർക്കും വ്യക്തമായ അറിവുണ്ടായിരുന്നില്ല. അവരുടെ നിർദേശപ്രകാരം വാഷിങ്ടണിലേക്ക് അദ്ദേഹം തന്നെ വിളിച്ചു. അവർ കുറേ സമയം സംസാരിച്ചതിനുശേഷം ചിക്കാഗോവിലെ തന്നെ ഒരു മലയാളിയായ ശ്രീ നായരുടെ ഫോൺ നമ്പർ ഈ ഉദ്യോഗസ്ഥനു കൊടുത്തു. അതേ നമ്പറിൽ ഈ ഡയറക്ടർ തന്നെ ശ്രീ നായരെ വിളിച്ചു ചോദിച്ചു. അദ്ദേഹം നൽകിയ നിർദ്ദേശമനുസരിച്ച് സ്വാമി വിവേകാനന്ദൻ നിന്നു പ്രസംഗിച്ച സ്ഥലത്ത് എന്നെ കൊണ്ടുപോയി. വിവേകാനന്ദൻ പ്രസംഗിച്ച പഴയ കെട്ടിടം ഇപ്പോഴില്ലത്രെ. അതിന്റെ പ്രവേശന കവാടം മാത്രമാണിപ്പോഴുള്ളത് എന്നു തുടങ്ങിയ വിവരണങ്ങൾ ലഭിച്ചു. കുറേ നേരം ഞാനവിടെ ആ പ്രവേശനകവാടത്തിലും ചുറ്റുമായും നിന്നു വിവേകാനന്ദനെ മനസാ പ്രണമിച്ചു. ഈ അടുത്ത കാലത്ത് ഞാൻ ചിക്കാഗോവിൽ മൂന്നാമത്തെ പ്രാവശ്യവും പോയിരുന്നു. അപ്പോഴാണ് കണ്ടത് ഈ മ്യൂസിയത്തിന്റെ മുന്നിലൂടെ പോകുന്ന വളരെ പ്രധാനപ്പെട്ട റോഡിന് ഇപ്പോൾ സ്വാമി വിവേകാനന്ദ റോഡ് എന്നാണ് പേരുകൊടുത്തിരിക്കുന്നത്. കുറേ മലയാളികളുടെ ശ്രമഫലമായിട്ടാണ്



Scanned with CamScanner

അതു സാധിച്ചെടുത്തതെന്നും അറിഞ്ഞു. ആഗസ്റ്റ് 4 ന് വീണ്ടും ഒരു ചിക്കാഗോ കറക്കം കഴിഞ്ഞ് ഒന്നു രണ്ടു പഴയ സുഹൃത്തുക്കളെ ബന്ധപ്പെട്ട് ശ്യാമളൻ നായരുടേയും കുടുംബത്തിന്റേയും ദുഃഖങ്ങൾക്കെല്ലാം ഉപദേശം നൽകി ആശ്വസിപ്പിച്ച്, കുറേ ഫോട്ടോയുമെടുത്ത്, രാത്രി 10.15 ന് ഗ്രേഹൗണ്ട് വണ്ടിയിൽ തന്നെ മിഷിഗണിലെ രാമചന്ദ്രന്റെ വീട്ടിലേക്ക് യാത്ര തിരിച്ചു. സ്വാമി വിവേകാനന്ദന്റെ പാദസ്പർശമേറ്റ മണ്ണിൽ നിന്ന് ഞാൻ ഇനിയും വരുമെന്നു പറഞ്ഞ്, സിയേഴ്സ് ടവറുൾപ്പെടെ അത്യാധുനികവും അതിപുരാതനവുമായ കാര്യങ്ങളിൽ സാധിക്കാവുന്നത്രയും കണ്ടാണ് മടങ്ങിയത്. പണ്ട് തൊഴിലാളി വർഗത്തിനു വേണ്ടി ഒരു ബാലൻ മേയ് 1-ാം തീയതി മരിച്ചു വീണ ചിക്കാഗോവിലൂടെ, (മേയ് ദിനാഘോഷമുണ്ടായതിങ്ങിനെയാണ്) എബ്രഹാം ലിങ്കന്റെ പ്രിയപ്പെട്ട ചിക്കാഗോവിലൂടെ കാറിലും നടന്നും കണ്ടു. സിയേഴ്സ് ടവറിന് മുകളിൽ കയറിക്കാണുവാൻ 6 ഡോളർ കൊടുക്കേണ്ടിവന്നു. ചിക്കാഗോ മ്യൂസിയത്തിലും അതേ സംഖ്യ പ്രവേശന ഫീസായി കൊടുക്കേണ്ടതുണ്ടായിരുന്നെങ്കിലും പണ്ടുനടന്ന അന്താരാഷ്ട്ര മതസമ്മേളനത്തെക്കുറിച്ചെല്ലാം ചരിത്രപരമായ ഔത്സുക്യത്തോടെ ചോദിച്ചറിയാൻ വന്ന വ്യക്തിയായതുകൊണ്ട് അവിടെയെന്നെ അവരുടെ അതിഥിയായിട്ടായിരുന്നു സ്വീകരിച്ചത്. പ്രവേശനം സൗജന്യമായിരുന്നുതാനും.

**അമേരിക്കയുടെ തലസ്ഥാനത്തേക്ക്**

ആഗസ്റ്റ് 5 ന് രാവിലെ പുറപ്പെട്ട വീട്ടിലേക്കു തന്നെ, ചിക്കാഗോവിൽ നിന്ന്, തിരിച്ചെത്തി. മിഷിഗണിൽ ഒന്നു കൂടി കറങ്ങിത്തിരിഞ്ഞ് കണ്ണുകൾക്കെടുക്കാൻ സാധിക്കുന്നതെല്ലാം ദർശനമായി എടുത്ത്, 6-ാം തീയതി ഡെട്രോയിറ്റ് എയർപോർട്ടിൽ നിന്ന് നേരെ വാഷിങ്ടണിലേക്ക് യാത്ര തിരിച്ചു. നേരത്തെ സൂചിപ്പിച്ചിരുന്നതുപോലെ വിഷൻ 2000 എന്ന അത്യാഡംബരപൂർവമായ ഒരു സെമിനാർ കുറേ സനാതന ധർമ്മ പ്രവർത്തകർ ചേർന്ന് സംഘടിപ്പിക്കുന്നുണ്ടായിരുന്നു. ശ്രീ പരമേശ്വർജിയുമതിൽ പങ്കെടുക്കുന്നുണ്ടെന്നറിയിച്ചിരുന്നു. സാധിക്കുമെങ്കിൽ ഞാനും അതിൽ പങ്കെടുക്കണമെന്ന് പരമേശ്വർജി കത്തയച്ചിരുന്നു. അതിനു വേണ്ടിയും, കൂടാതെ വാഷിങ്ടൺ എന്ന ലോകതലസ്ഥാനം കാണാനും വേണ്ടിയുമായിരുന്നു ഞാൻ ഈ യാത്രയിൽ വാഷിങ്ടൺ ഉൾപ്പെടുത്തിയത്. അവിടെ രാവിലെ 9.00 മണിക്കാണെത്തിയത്. ഒരു വിഷമവും കൂടാതെ പുറത്തിറങ്ങിയപ്പോൾ ടാക്സിയുടെ ഒരു നിര തന്നെ കണ്ടു. ഇന്ത്യാവിഷൻ 2000 എന്ന സെമിനാറിന്റെ ക്ഷണക്കത്തിന്റെ



Scanned with CamScanner

കൂടെ എയർപോർട്ടിൽ സ്വീകരിക്കാൻ ആളുണ്ടാകുമെന്നറിയിച്ചിരുന്നെങ്കിലും ആരുമുണ്ടായിരുന്നില്ല. യാത്ര ചിലവ് തരാൻ വിഷമമാണെന്നും താമസസൗകര്യം മാത്രം ഏർപ്പെടുത്താമെന്നും പറഞ്ഞതനുസരിച്ചാണ് ഈ അവസരം ഉപയോഗിച്ചത്. ലോകത്തിന്റെ തലസ്ഥാനമായ അമേരിക്കയിലും, അമേരിക്കയുടെ തലസ്ഥാനമായ വാഷിങ്ടണിലുമെത്തിയ ആവേശത്തിലായിരുന്നു ഞാൻ.

എയർപോർട്ടിൽ നിൽക്കുന്ന ഒരു പോലീസുകാരനോട് വിശ്വസിക്കാവുന്ന ഒരു ടാക്സി കാണിച്ചുതരാൻ അഭ്യർത്ഥിച്ചു. മുന്നിലൂടെ ഒഴുകിപ്പോകുന്ന ടാക്സികളുടെ നിരയിൽ നിന്നൊന്ന് ചൂണ്ടിക്കാണിച്ച് അതിൽ കയറിക്കോളാൻ അയാൾ പറഞ്ഞു. ഞാനതിൽ കയറി 'ടേക്മി ട്ടു വാഷിങ്ടൺ ഹിൽടൺ ഹോട്ടൽ' എന്നു പറഞ്ഞു. അരമണിക്കൂർ കൊണ്ടവിടെയെത്തി പത്തു ഡോളറും കൊടുത്തു. അവിടെയെത്തിയ ഉടനെ പലരും അത്ഭുതത്തോടെ എന്നോട് ചോദിക്കുന്നുണ്ടായിരുന്നു "മർഡറേഴ്സ് കാപ്പിറ്റൽ ഓഫ് ദ വേൾഡിലേക്ക് എങ്ങിനെ ഒറ്റക്കു വന്നു. ഇതിൽ അത്ഭുതമുണ്ട്." പരിചിതരും അനേകം പണ്ഡിതന്മാരും രാഷ്ട്രീയക്കാരും പരമേശ്വർജിയും അവിടെയുണ്ടായിരുന്നു. ഭൂരിഭാഗവും അപരിചിതരായിരുന്നു. മറ്റെല്ലാവരും അവരവരുടെ കാര്യത്തിൽ മുഴുകിയപ്പോൾ ഞാൻ എന്റെ താമസത്തിനുള്ള മുറിയും ബെഡ്ഡും ഉറപ്പിച്ച്, ബാഗ് അവിടെവെച്ച് പുറത്തു വന്ന് 10 ഡോളർ കൊടുത്ത് സന്ദർശകരുടെ ബസ്സിൽ കയറി വൈറ്റ് ഹൗസും, മിലിട്ടറി സെന്ററുമെല്ലാം കണ്ട് അനവധി ഫോട്ടോയുമെടുത്തു. ഓരോസ്ഥലത്തും അവർ എല്ലാ സന്ദർശകരേയും ഇറക്കി ഓരോന്നും വിവരിച്ചു തന്നു. വാഷിങ്ടണിലെ കാപ്പിറ്റോൾ ഹില്ലും, വൈറ്റ് ഹൗസും കണ്ണെടുക്കാതെ മിനിറ്റുകളോളം കണ്ടു നിന്നു. ധാരാളം ഭിക്ഷക്കാരും പിടിച്ചു പറിക്കാരും കറുത്ത വർഗ്ഗക്കാരുടെ ചോരനീരാക്കിയുണ്ടാക്കിയ വെളുത്ത ഭരണാധികാരിയുടെ വൈറ്റ് ഹൗസിനു മുമ്പിലുണ്ടായിരുന്നു. ബസ്സിലെ ഡ്രൈവർ, കൂട്ടം തെറ്റി പോകരുതെന്ന് നിർദേശിക്കുകയും ചെയ്തുകൊണ്ടേയിരുന്നു. മിലിട്ടറി സെന്ററും, പെന്റഗണും, പല പ്രസിഡന്റുമാരുടേയും വാസസ്ഥലവും, പ്രത്യേക ചാരസംഘടനയായ സി ഐ എ യുടെ ആസ്ഥാനവുമെല്ലാം ഓട്ടപ്രദക്ഷിണത്തിൽ കണ്ടു. പഠിച്ചതും, ടി വിയിൽ കണ്ടതും, വാർത്തകളിൽ വായിച്ചുകേട്ടതുമെല്ലാം നേരിൽ കാണുകയാണല്ലോ എന്നോർത്തു.

അടുത്ത ദിവസവും രാവിലെ തന്നെ ഒരു ടാക്സിയെടുത്ത് വാഷിങ്ടണിലെ വൈറ്റ് ഹൗസും, പെന്റഗണും, കെന്നഡിയുടെ വീടും, വാഷി



Scanned with CamScanner

ങ്ടൺ ടോംബും, വാട്ടർ ഗേറ്റും അവിടെ നടന്ന കാര്യങ്ങളും ഓരോ പോയിന്റ്സ് സ്ഥലവും, വൻകിട ഓഫീസുകളുമെല്ലാം വീണ്ടും കണ്ടു. അമേരിക്കക്കാരന്റെ അഹങ്കാരത്തിന്റേയോ അഭിമാനത്തിന്റേയോ എല്ലാം പ്രതീകമായി നിൽക്കുന്നതെല്ലാം ഈ ചുരുങ്ങിയ സമയം കൊണ്ട് കണ്ട തിനുശേഷം നേരെ വാഷിങ്ടൺ എയർപോർട്ടിലേക്ക് യാത്രയായി. ആഗസ്റ്റ് 7 നു പുറപ്പെട്ട്) അവിടെനിന്ന് ന്യൂയോർക്കിലേക്ക് യാത്ര തിരി ച്ചു. വിമാനത്തിലെ അസാധാരണമായ കുടുക്കം എന്നെ വല്ലാതെ ഭയ പ്പെടുത്തിയിരുന്നു. ശാസ്ത്ര സെമിനാറുകളിലും, ലാബറട്ടറികളിലുമെല്ലാം പ്രത്യേകാവശ്യത്തിനായി പോകേണ്ടി വരുമ്പോൾ അവിടെയുള്ള ചില ശാസ്ത്രജ്ഞന്മാർ അമേരിക്കയിൽ പോയതിന്റേയും അവിടത്തെ കാഴ്ച കൾ കണ്ടതിന്റേയുമെല്ലാം വിവരണങ്ങൾ എനിക്ക് തരാറുണ്ട്. അവർ നൽകുന്ന വിവരണങ്ങളിൽ കേൾക്കുന്ന കാര്യങ്ങൾ, നേരിൽ കാണാൻ സാധിക്കുമോ എന്ന് ആഗ്രഹിക്കാറുണ്ടായിരുന്നു. ആ ആഗ്രഹമാണല്ലോ ഇപ്പോൾ സഫലീകൃതമാകുന്നത് എന്നോർക്കുമ്പോൾ ഇതൊരു സ്വപ്ന മാണോ യാഥാർത്ഥ്യമാണോ എന്നു പോലും സംശയിച്ചു.

**ന്യൂയോർക്കിലൂടെ**

യൂണിവേഴ്സിറ്റി ഓഫ് ആൽബർട്ടയിലെ എന്റെ സഹപ്രവർത്ത കയായ ഗീതാ ചെറിയാന്റെ സഹോദരീ ഭർത്താവ് ശ്രീ തോമസ് എയർപോർട്ടിൽ എത്താമെന്നറിയിച്ചിരുന്നു. പറഞ്ഞിരുന്ന സമയത്തേ ക്കാൾ ഒരു മണിക്കൂർ മുമ്പ് തന്നെ ഞാൻ വാഷിങ്ടണിൽ നിന്ന് ന്യൂയോർക്കിലെത്തിയിരുന്നു. എല്ലാ പതിനഞ്ചു മിനിറ്റിലും ഓരോ ഫ്ളൈറ്റ് ഉണ്ടായിരുന്നതിനാൽ നാം വണ്ടിപിടിച്ചു യാത്ര ചെയ്യുന്നതു പോലെ, സീറ്റുള്ള ഫ്ളൈറ്റിൽ യാത്ര ചെയ്യാൻ സൗകര്യമുണ്ടായിരു ന്നതിനാലാണ്, നേരത്തേ ന്യൂയോർക്കിലെത്തിയത്. തോമസിനെ കാണാ തായപ്പോൾ ഭയം തോന്നി. ന്യൂയോർക്ക് സിറ്റിയിലെ ടെലിഫോൺ ഡയറക്ടറി എടുത്ത് നായർ, പണിക്കർ, മേനോൻ, കുര്യാക്കോസ്, മത്തായി എന്നിങ്ങനെയുള്ള മലയാളി പേരുകൾ നോക്കി കുറേപേരെ ഫോണിലൂടെ ബന്ധപ്പെട്ടു. എല്ലാവരും നൽകിയ മറുപടി ഒന്നു തന്നെയായിരുന്നു. "എയർപോർട്ടിൽ വന്ന് പലരും ഇതുപോലെ ബന്ധ പ്പെടാറുണ്ട്. ആരെയെങ്കിലും സഹായിക്കാനിറങ്ങിയാൽ അതു ഞങ്ങൾക്കു തന്നെ പിന്നീട് പ്രശ്നമാകും. അതുകൊണ്ട് ക്ഷമിക്കണം" ബന്ധപ്പെട്ട ഏഴുപേരും ഇപ്രകാരമാണ് പറഞ്ഞത്. ഏകദേശം അരമ ണിക്കൂർ കഴിഞ്ഞപ്പോൾ ശ്രീ തോമസ്സെത്തി, ന്യൂയോർക്ക് നഗരത്തി



Scanned with CamScanner

ലൂടെ യാത്രചെയ്ത് എല്ലാ കാഴ്ചകളും കാണിച്ചു തന്നു. ന്യൂയോർക്ക് ബ്രിഡ്ജ്, എംപയർ സ്റ്റേറ്റ് ബിൽഡിംഗ്, ഇന്റർ നാഷണൽ ബിസിനസ് സെന്റർ (ഇതാണ് തീവ്രവാദികൾ വിമാനമിടിച്ചു തകർത്തത്) യൂ എൻ ഓ യുടെ ആസ്ഥാനം, ചുവന്ന തെരുവുകൾ, ഏകദേശം ആറു മണിക്കൂർ സമയംകൊണ്ട് കാണാൻ സാധിക്കാവുന്നിടത്തോളം കണ്ടു. ചായയും ബ്രഡും കഴിച്ച് ഓരോ പോയിന്റിലുമിറങ്ങി, ചിത്രങ്ങളെല്ലാം, എന്നും മനസ്സിൽ നിലനിർത്താനായി ധാരാളം ഫോട്ടോകളുമെടുത്തു. ഒരു അത്യാധുനിക വ്യവസായ കേന്ദ്രമായ ന്യൂയർക്കിലില്ലാത്തതായിട്ടൊന്നുമില്ല എന്നതായിരുന്നു സത്യം. നെപ്പോളിയൻ കൊടുത്ത പ്രതിമയും, അത്യുഗ്രൻ കെട്ടിടങ്ങളും, ചില സ്ഥലത്ത് ഇടുങ്ങിയതും ചില സ്ഥലത്ത് നല്ല വീതിയുള്ളതുമായ റോഡുകളുമെല്ലാം കണ്ടു. ന്യൂയോർക്ക് നഗരത്തിലാണ് നിൽക്കുന്നത് എന്ന് ചിന്തിക്കാനേ സാധിച്ചിരുന്നില്ല. ഏതാനും മാസങ്ങൾക്ക് മുമ്പ് രണ്ടു വൻ കെട്ടിടം, (വിമാനമിടിച്ചു തകർത്തത്), നിന്ന സ്ഥലം കാണുകയുണ്ടായി. ഇന്നും അവിടത്തെ ജനതയുടെ ഹൃദയത്തിലുള്ള മരവിപ്പ് മാറിയിട്ടില്ല എന്ന സത്യവും ഞാൻ നേരിട്ടു കണ്ടറിഞ്ഞു. മൻഹാട്ടനും, വലിയ അണ്ടർഗ്രൗണ്ട് റോഡുകളും, സൗധങ്ങളുമെല്ലാം എന്റെ മാതൃഭൂമിയുടെ മണ്ണിൽ ഉണ്ടാകണമെങ്കിൽ (അങ്ങിനെ വേണമെന്നാഗ്രഹമില്ല) എത്ര കാലം കഴിയണമെന്ന് ചിന്തിച്ചു (ആഗ്രഹിച്ചില്ല)

**മോൺട്രിയാലിലെ മണ്ണിലും സ്പർശിച്ചു**

വൈകുന്നേരമായപ്പോൾ നേരെ മോൺട്രയാലിലേക്ക് പോയി. കാനഡയിലുള്ള മോൺട്രിയാലിലാണ് പണ്ട് ഒളിമ്പിക്സ് നടന്നത്. അവിടെ നിന്ന് കൂടുതലായി യാത്ര ചെയ്തില്ല. ഒരു ചെറിയ നഗരം മാത്രമാണത് എന്നു മനസ്സിലായി. എന്നിരുന്നാലും പുറത്തു വന്ന് ഒരു ടാക്സിക്കാരനോട് നഗരം ചുറ്റിക്കാണിച്ച് രണ്ടുമണിക്കൂറിനകം തിരിച്ചു വിടാമോ എന്നു ചോദിച്ചു. അയാളുടെ മറുപടി ഫ്രഞ്ച് ഭാഷയിലായിരുന്നു. ഞാൻ ഇംഗ്ലീഷിൽ എന്തു ചോദിച്ചാലും ഉടനെ അയാൾ ഫ്രഞ്ചിൽ മറുപടി പറയുന്നതു കേട്ടു. അതിൽ നിന്ന് ഒന്നു മനസ്സിലായി അയാൾക്ക് ഇംഗ്ലീഷ് മനസ്സിലാകുന്നുണ്ടായിരുന്നു. പക്ഷേ ഇംഗ്ലീഷ് ഭാഷയോടെ തിർപ്പുള്ളതുകൊണ്ട് പ്രയോഗിക്കാത്തതായിരിക്കാം എന്നു തോന്നി. പിന്നെ ഞാൻ ഇംഗ്ലീഷിനു പകരം എന്റെ മാതൃഭാഷയായ തുളുവിൽ (മംഗലാപുരം ഭാഷ) അയാളോടു സംസാരിച്ചു. അയാളുടെ മുഖഭാവം പെട്ടെന്നു മാറി. അയാൾ ഇംഗ്ലീഷിൽ മറുപടി പറയാൻ തുടങ്ങി. ഏകദേശം 200 ഡോളർ ടാക്സി ചാർജ് ചോദിച്ചതുകൊണ്ട് മോൺട്രിയാൽ



Scanned with CamScanner

നഗരം വിമാനത്തിലിരുന്നു കണ്ടതേയുള്ളു, ചുറ്റിക്കറങ്ങി കണ്ടില്ല.

## ലോകസുന്ദരമായ ഹാലി ഫാക്സിലേക്ക്

ഇനി പോകാനുള്ളത് അറ്റ്ലാന്റിക് സമുദ്ര തീരത്ത് കാനഡയുടെ കിഴക്കേയറ്റത്തുള്ള അതിമനോഹരമായ ഹാലി ഫാക്സിലേക്കാണ്. അവിടത്തെ വിശ്വപ്രസിദ്ധമായ, ടെക്നോളജിക്കൽ യൂണിവേഴ്സിറ്റി ഓഫ് നോവാ സ്കോഷ്യയിലെ ഡോ. ഓക്മാനുമായി നേരത്തേ കത്തിടപാടുകൾ നടത്തിയിരുന്നതിനാൽ സന്ദർശിക്കാനുള്ളതും താമസിക്കാനുള്ളതുമായ എല്ലാ സൗകര്യങ്ങളും അദ്ദേഹം വാഗ്ദാനം ചെയ്തിരുന്നു. മോൺട്രയാലിൽ നിന്നു പറന്നുയർന്ന വിമാനത്തിൽ കാലാവസ്ഥയുമായി ബന്ധപ്പെട്ട എന്തോ പ്രശ്നം വന്നതുകൊണ്ട് ഹാലി ഫാക്സിൽ നിന്നും 300 മൈലകലേയുള്ള സെന്റ് ജോൺസ് എന്ന എയർപോർട്ടിലായിരിക്കും വിമാനമിറങ്ങുക എന്നറിയിപ്പുണ്ടായി. അവിടെ നിന്ന് എങ്ങിനെ ഹാലി ഫാക്സിൽ പോകും എന്നു ഞാൻ ഭയന്നുപോയി. ഡോ. ഓക്മാൻ, ഹാലിഫാക്സിൽ കാത്തുനിൽക്കുമല്ലോ എന്നെല്ലാം ചിന്തിച്ചു. വിളിച്ചു പറയാനുള്ള സംവിധാനവുമില്ല. ഒരു മണിക്കൂർ യാത്ര തുടർന്നപ്പോൾ വീണ്ടും അറിയിപ്പുണ്ടായി. ഹാലി ഫാക്സിൽ തന്നെയായിരിക്കും ഇറങ്ങുക എന്ന്. രാത്രി ഏറെ വൈകിയാണ് ഹാലി ഫാക്സിലിറങ്ങിയത്. അവിടത്തെ യൂണിവേഴ്സിറ്റി ഹോസ്റ്റലിലെ ഒബ്രയൻസ് ഹാളിൽ എനിക്ക് മുറിയെടുത്തു വെച്ചിരുന്നതനുസരിച്ച് ഭക്ഷണമൊന്നും കഴിച്ചില്ലെങ്കിലും ഞാൻ സുഖമായി കിടന്നുറങ്ങി.

## ഹാലി ഫാക്സിലൂടെ

1993 ആഗസ്റ്റ് 8 ന് ഞായറാഴ്ച രാവിലെ ഉണർന്ന് മനോഹരമായ ഹാലിഫാക്സിലൂടെ കാൽനടയായിതന്നെ കുറേ കാഴ്ചകൾ കണ്ടു. വാക്കുകൾ കൊണ്ടു വിവരിക്കാൻ സാധിക്കാത്ത ഈ ഭൂപ്രദേശം, മരിക്കുന്നതിനുമുമ്പ് സാധിക്കുന്നവരെല്ലാം കാണേണ്ടതാണെന്ന് ഞാനിവിടെ എഴുതട്ടെ. ഒരിക്കലെങ്കിലും കാണേണ്ടതായ ഈ പ്രദേശത്ത് എത്തിയപ്പോൾ മനസ്സിനുണ്ടായ ആഹ്ളാദത്തെ ബ്രഹ്മാനന്ദമെന്നു പദപ്രയോഗത്തിലൂടെ മാത്രമേ വിവരിക്കാനാകൂ. ഈ പ്രദേശത്തെക്കുറിച്ച് വിവരിക്കാൻ എന്റെ മനസ്സിനോ ബുദ്ധിക്കോ പേനക്കോ സാധിക്കില്ല. ഉപനിഷത്തിൽ പറയുന്നതുപോലെ 'നതത്ര വാഗ്ച്ഛതി' അവിടേക്ക് വാക്കുകളെത്തില്ല. 'ന നത്ര സൂര്യോഭാതി' സൂര്യനവിടെയൊന്നുമില്ല. അത്രക്കും അത്രക്കും സുന്ദരമായ ഹാലി ഫാക്സിലൂടെ വിശപ്പും ദാഹവും മറന്ന് നടന്നു. കഴിക്കാനായി കുറച്ചു ബ്രഡും ബട്ടറും വാങ്ങി



Scanned with CamScanner

ച്ചു. രാത്രി വരെ, മനം കുളിർക്കെ കണ്ടാസ്വദിച്ചു, സുന്ദരമായ ഹാലി ഫാക്സ് എന്ന ജനങ്ങസാന്ദ്രതയില്ലാത്ത പ്രദേശം. അനവധി പള്ളികളുണ്ടായിരുന്ന ഈ സ്ഥലത്ത് പള്ളിയിലെ വികാരിമാർ എന്നോട് ഭിക്ഷ യാചിക്കുന്നുണ്ടായിരുന്നു. അഞ്ചു ഡോളർ വേണമെന്നാവശ്യപ്പെട്ടുകൊണ്ട് പലരും ഇങ്ങിനെ ഭിക്ഷ യാചിക്കുന്നതായി കണ്ടു. പള്ളിയിലേക്ക് ആരും പോകാറില്ലാത്തതുകൊണ്ട് അവർ പട്ടിണിയിലണെന്നും പറഞ്ഞു. അവരിൽ ചിലർ എന്നോട് പള്ളിയിൽ വന്നാൽ പ്രാർത്ഥിക്കാൻ സഹായിക്കാം അഞ്ചു ഡോളർ തരണമെന്നഭ്യർത്ഥിച്ചു. അവർക്ക് ഞാൻ ചായയും ബ്രഡും വാങ്ങിക്കൊടുത്തു. അത്യാർത്തിയോടു കൂടി അവരതു തിന്നുന്നതു കണ്ടു. ഒരു വലിയ സുന്ദരമായ സെമിത്തേരിയിൽലെ ഒരു ശവക്കലറയുടെ മുകളിൽ ഞാൻ കുറേ സമയം കിടന്നു. അതിലേ പോകുന്ന ഒരുവനെകൊണ്ട് എന്റെ കാമറയിൽ ഒരു ഫോട്ടോ എടുപ്പിക്കുകയും ചെയ്തു. അയാൾ പോയി, കുറേ നേരം കൂടി ഞാനവിടെ കിടന്ന്, അറിയാതെ ഉറങ്ങിപ്പോയി. ഗാഢമായ നിദ്രയിലാണ്ടപ്പോൾ എന്താണു സംഭവിച്ചതെന്നുമറിഞ്ഞില്ല. അടുത്ത ദിവസത്തെ ഹാലി ഫാക്സ് ന്യൂസ് എന്ന പത്രത്തിൽ ഞാൻ സെമിത്തേരിയിൽ കിടന്നുറങ്ങുന്ന ഒരു പടമുണ്ടായിരുന്നു. 'എ ലിവിങ് ബോഡി എബവ് എ ഡെഡ് ബോഡി.' എന്ന തലക്കെട്ടോടു കൂടിയായിരുന്നു ചിത്രം. രാത്രി എട്ടു മണിക്ക് മുറിയിലെത്തി ബ്രഡ് കഴിച്ച് കിടന്നുറങ്ങി.

**മടക്കയാത്ര യഥാസ്ഥാനത്തേക്ക്**

തിങ്കളാഴ്ച രാവിലെ ഉണർന്ന് കുളിക്കഴിഞ്ഞ ഓക്മാനെക്കാണാനായി യൂണിവേഴ്സിറ്റിയിലേക്കുപോയി. അവിടെ അദ്ദേഹം ഒരു ശ്രീലങ്കക്കാരനെ പരിചയപ്പെടുത്തി തന്നു. ശ്രീ ഇന്ദ്രസേന എന്നാണദ്ദേഹത്തിന്റെ പേര്. ഇദ്ദേഹം എന്നെ ഹാലി ഫാക്സിലെ ധാരാളം സ്ഥലങ്ങൾ കാണിച്ചു തന്നു. മെക്ഡോണാൾഡ് പാലവും, ഡാർട്ട് മൗത്തും, പച്ചപരവതാനി വിരിച്ച പുൽമേടും, വൻ വൃക്ഷങ്ങളും, കാടുകളും എല്ലാമെല്ലാം കണ്ടു. അവിസ്മരണീയമായ ഹാലി ഫാക്സ് ഇന്നും മനസ്സിലുണ്ട്. ആഗസ്റ്റ് 10 ന് അതിരാവിലെ എഴുന്നേറ്റു. 7.30 ന് ടാക്സി എത്തി, എയർ പോർട്ടിലേക്കുള്ള യാത്ര, അമേരിക്കൻ യാത്രയുടെ അവസാനത്തിന്റെ ആരംഭമായിരുന്നു. എയർപോർട്ടിലെത്തി ചായയും കുടിച്ച് തിരിച്ചു പോകാനുള്ള ടിക്കറ്റുകളെല്ലാം എടുത്ത് അറ്റ്ലാന്റിക് ഓഷ്യന്റെ അറ്റത്തുള്ള ഹാലി ഫാക്സിൽ നിന്ന് മൂന്നു ടൈം സോൺ കടന്ന്, എഡ്മണ്ടനിലേക്ക് ടൊറൊന്റോ വഴി ഒറ്റ ടിക്കറ്റ് തന്നു. 11 മണിക്ക് തിരിച്ചുള്ള യാത്രയാരംഭിച്ചു. ടൊറൊന്റോയിൽ ഒരു മണിക്കൂറിരുന്ന്



Scanned with CamScanner

അവിടെനിന്നും നേരെ എഡ്മണ്ടനിലെത്തി.

വൈകു. 4.30 ന് എഡ്മണ്ടൻ എയർ പോർട്ടിൽ സുഹൃത്തുക്കൾ കാത്തിരുപ്പുണ്ടായിരുന്നു. അവിടെ നിന്നും ശശിയുടെ വീട്ടിലേക്കു പോയി ഭക്ഷണം കഴിച്ച്, രാത്രി 10 മണിക്ക് എന്റെ ഹോസ്റ്റലിലെത്തിയപ്പോൾ പുറത്തെ താപനില 7° യിൽ താഴെയായിരുന്നു. ഞാൻ തണുത്തു വിറക്കുന്നുണ്ടായിരുന്നു. ശശിയും കുടുംബവും ഒരു സഹോദരനെ പോലെ എന്നെ സ്വീകരിക്കാനെത്തുകയും സ്വഗൃഹത്തിൽ ഭക്ഷണമെല്ലാം തയ്യാറാക്കി ആചാരപൂർവം നൽകുകയും ചെയ്ത്, രാത്രി തന്നെ ഹോസ്റ്റലിലേക്ക് എത്തിച്ചു. നിറഞ്ഞ ഹൃദയത്തോടെ അമേരിക്കയും കാനഡയും കാണുവാൻ വേണ്ടി മാത്രം ഇങ്ങിനെയൊരു യാത്ര മറ്റാരും ചെയ്തിരിക്കാനിടയില്ല. ടിക്കറ്റ് റിസർവുചെയ്ത സമയത്ത് അവിടെയുണ്ടായിരുന്ന അസിസ്റ്റന്റ് പറഞ്ഞ വരി 'ആർ യു ക്രേസി - തനിക്കു ഭ്രാന്തുണ്ടോ?' എന്ന ചോദ്യം പ്രസക്തമേയല്ല എന്ന്. ഇത്രയും ചെറിയ തുക കൊണ്ട് ഇത്രയും സ്ഥലങ്ങൾ സന്ദർശിക്കാൻ സാധിച്ചതിൽ നിന്നെനിക്കു മനസ്സിലായി. ഏകദേശം 800 കനേഡിയൻ ഡോളറായിരുന്നു എല്ലാം കൂടി എനിക്ക് ചിലവായത്. ഞാൻ യൂണിവേഴ്സിറ്റിയിലെത്തിയപ്പോൾ എന്റെ പ്രൊഫസർ. ഡോ. സിം എന്റെ യാത്രയെക്കുറിച്ച് കേട്ട് അത്ഭുതത്തോടെ ചോദിച്ചു "തനിക്കിതെങ്ങിനെ സാധിച്ചു എന്ന്. ഓരോ ദിവസത്തിനും 60 ഡോളർ ഡി എ യും കൂടാതെ ടി എ യും ചേർത്ത് സ്വന്തം പ്രോജക്റ്റിൽ നിന്ന് അദ്ദേഹം 2000 ഡോളർ (50000 രൂപ) തന്ന് അഭിനന്ദിച്ചു.

ഞാൻ അമേരിക്കയും കാനഡയും കണ്ടതിനുശേഷം മടങ്ങിയെത്തിയപ്പോഴുണ്ടായ ആഹ്ളാദം അളവറ്റതായിരുന്നു.

### വീണ്ടും പരീക്ഷണഗവേഷണങ്ങൾ

രാമായണമാസവും സുഹൃത്തുക്കളുടെ ഗൃഹസമ്പർക്കവും എല്ലാം എന്റെ ഗവേഷണത്തോടൊപ്പം നടക്കുന്നുണ്ടായിരുന്നു. ഓണക്കാലത്തെ ആഘോഷങ്ങളിൽ ഞാനെഴുതിയ കവിതകൾ ഈണത്തിൽ ചൊല്ലലുമുണ്ടായിരുന്നു. ആഗസ്റ്റ് 29 നായിരുന്നു ഗോപാലകൃഷ്ണ കവിതാമത്സരം പോലെയുള്ള പരിപാടി ആവിഷ്കരിച്ചത്. ആഗസ്റ്റ് 15 ന് യൂണിവേഴ്സിറ്റിയിൽ ഭാരത സ്വാതന്ത്ര്യദിനാഘോഷവും നടന്നു. സെപ്റ്റംബർ 4 ന് സമൂഹ ഓണസദ്യ കേരളീയർക്കു വേണ്ടി ഉണ്ടാക്കിയിരുന്നു. വലിയ, ഈ സദ്ധ്യക്ക് പാചകത്തിന് നേതൃത്വം നൽകിയത് ഞാനായിരുന്നു. ഒരു അമ്പലത്തിലെ ഓഡിറ്റോറിയത്തിലായിരുന്നു സദ്യ. തലേദിവസം വളരെ നേരത്തേ തന്നെ എല്ലാവരും ചേർന്ന് ഭക്ഷണം



Scanned with CamScanner

പാകം ചെയ്തു വെച്ചു. പുറത്ത് മഞ്ഞു വീഴുന്നുണ്ടായിരുന്നുവെങ്കിലും എല്ലാ സ്ഥലത്തും ഹീറ്റർ ഘടിപ്പിച്ചിരുന്നതിനാൽ അകത്ത് 25 ഡിഗ്രിയിൽ കൂടുതലായിരുന്നു. അടുത്ത ദിവസം ഉച്ചക്കു കഴിക്കേണ്ട ഭക്ഷണം പന്ത്രണ്ടു മണിക്കൂർ മുമ്പ് തയ്യാറാക്കാൻ എല്ലാവരും തീരുമാനിച്ചതു കൊണ്ട് എല്ലാ വിഭവങ്ങളും ചീത്തയായിരുന്നു. സായി 'സേവാ സമിതിയുമായും ബന്ധപ്പെടാനുള്ള അവസരം ലഭിച്ചത് ഈ ദിവസങ്ങളിലായിരുന്നു. രാവും പകലും, ഞാൻ അതിഗഹനമായ ഗവേഷണങ്ങളിലും മുഴുകിയിരുന്നു.

**പസഫിക് സമുദ്രത്തിന്റെ തീരത്തേക്കൊരു യാത്ര**

സെപ്റ്റംബർ ആദ്യവാരത്തിൽ യൂണിവേഴ്സിറ്റിയിൽ പ്രവർത്തിക്കുന്ന ശ്രീ കൃഷ്ണപിള്ള ഒരു കാറുവാങ്ങി. കാനഡയിലെത്തിയതിനു ശേഷം പരിചയപ്പെട്ട ആദ്യത്തെ വ്യക്തിയായിരുന്നു ശ്രീ കൃഷ്ണപിള്ള ഞങ്ങൾ ഒരുമിച്ചു കൂടുന്നത് വളരെ സാധാരണയായിരുന്നു. ചിലർക്ക് കൃഷ്ണപിള്ളയേയും കുടുംബത്തേയും സ്നേഹമായിരുന്നില്ല. വളരെ നല്ല പെരുമാറ്റവും കുലീനതയുമുള്ള അദ്ദേഹത്തിന്റെ കുടുംബാംഗങ്ങളുമായും എളുപ്പത്തിൽ ഗാഢമായ ബന്ധമുണ്ടാക്കാൻ എനിക്കു സാധിച്ചു. ഒരുദിവസം അദ്ദേഹമെന്നോടു ചോദിച്ചു "ഞങ്ങൾ കാറിൽ വാൻകൂവറിലേക്ക് പോകുന്നുണ്ട്, വരുന്നുണ്ടോ?" എന്ന്. കുറേ വർഷങ്ങൾക്കു മുമ്പ് മാതൃഭൂമി ദിനപത്രത്തിൽ സാൽമൺ മത്സ്യത്തിന്റെ അത്ഭുതകരമായ ജീവിതചക്രത്തെക്കുറിച്ച് ഒരു സചിത്ര ലേഖനമുണ്ടായിരുന്നു. അതു വായിച്ചപ്പോൾ സാൽമൺ ക്രീക് എന്ന സ്ഥലത്ത് മുട്ടയിട്ട് കുഞ്ഞുങ്ങൾ വലുതാകുന്ന സ്ഥലം ജീവിതത്തിലൊന്നു കാണുവാൻ സാധിക്കുമോ എന്ന് ആഗ്രഹിച്ചിരുന്നു. കൃഷ്ണപിള്ളയുടെ ഈ ക്ഷണം ഒരുപക്ഷേ അതിനു പ്രയോജനപ്പെട്ടേക്കാം എന്നും തോന്നി. കൂടാതെ അമേരിക്കൻ പ്രസിഡന്റിന്റെ പല വലിയ സമ്മേളനങ്ങളും ചർച്ചകളും നടക്കുന്നതും വാൻകൂവറിലാണ്. അതുമൊന്നു കാണണം എന്നും പത്രവാർത്തകളിൽ നിന്ന് താൽപര്യം തോന്നിയത്, ഇവിടെ സഫലമാകുമല്ലോ എന്ന ആഹ്ളാദവുമുണ്ടായിരുന്നു.

**വാൻ കുവറിലേക്കുള്ള യാത്ര**

അതിരാവിലെ 5.30 ന്, സെപ്റ്റംബർ 6-ാം തീയതി ഞങ്ങൾ പുറപ്പെട്ട് 8.30 ന് അതിമനോഹരമായ കാംലൂപിലെത്തി. ജാസ്പർ പർവതങ്ങളുടെ സൈഡിലൂടെയുള്ള കാർ യാത്ര, അവിസ്മരണീയമായിരുന്നു. ബ്രിട്ടീഷ് കൊളംബിയ എന്ന സംസ്ഥാനത്താണ്, വാൻകൂവർ. പസിഫിക് സമുദ്രത്തോട് തൊട്ടുകിടക്കുന്ന ശാലീന സുന്ദരമായ സ്ഥലം.



Scanned with CamScanner

അതിനു തൊട്ടുതാഴെ, അതായത് തെക്കു വശത്തായി അമേരിക്കയുടെ വാഷിങ്ടൺ എന്ന സംസ്ഥാനം. (വാഷിങ്ടൺ ഡി സി എന്നത് അറ്റ്ലാന്റിക് സമുദ്രതീരത്തുള്ള അമേരിക്കൻ തലസ്ഥാനം. ഡി.സി ചേർത്ത് പറയുന്നത് ഡിസ്ട്രിക്റ്റ് ഓഫ് കൊളംബിയ). പ്രകൃതി കനി ഞ്ഞനുഗ്രഹിച്ച ഈ കാംലൂപ് എന്ന സ്ഥലത്ത് ഒരു ദിവസം താമസി ക്കാനായി ഒരു ഇന്ത്യൻ ലോഡ്ജ് മുറി വാടകക്കെടുത്തു. അതിൽ സ്വയം ഭക്ഷണം പാകം ചെയ്ത് അന്നു അവിടെയെല്ലാം ചുറ്റിക്കറങ്ങി നടന്ന് കണ്ടാസ്വദിച്ചു. ഏഴാം തീയതി അടുത്ത ദിവസം, രാവിലെ ഉണർന്ന് ഒരു ഇറ്റാലിയൻ ഹോട്ടലിൽ പ്രഭാതഭക്ഷണം കഴിച്ച്, ഞങ്ങൾ വെർണൻ എന്ന സ്ഥലത്തേക്ക് യാത്രയായി. കൃഷ്ണപിള്ളയും കുടുംബവും ചെറിയ തോതിൽ സായിഭക്തരായിരുന്നതിനാൽ പോകുന്ന വഴി ഒരു സായി ഭക്തയുടെ വീട്ടിലും കയറി, കുറേ നേരം ചിലവഴിച്ച് ഊണും കഴിച്ച് യാത്ര പുറപ്പെട്ടു.

ഈ വീട്ടിൽ സായി ബാബയുടെ പടത്തിനു മുന്നിൽ ഒരു 'ഓം' കാരം പ്രത്യക്ഷപ്പെട്ടുവെന്നും സായിബാബയുടെ ചിത്രത്തിൽ ഒരു സർപ്പത്തിന്റെ പത്തി കാണാമെന്നുമെല്ലാം പലരും എഡ്മണ്ടനിൽ വെച്ച് മാസങ്ങൾക്കു മുമ്പ് പറയുന്നതു കേട്ടിട്ടുണ്ടായിരുന്നു. ആ വീട്ടിലേ ക്കാണ് പോകുന്നതെന്നറിഞ്ഞപ്പോൾ സത്യമെന്തെന്നറിയാമല്ലോ എന്ന് തോന്നുകയും ചെയ്തു. കൃഷ്ണപിള്ളയും കുടുംബവും നല്ല ഇടതു പക്ഷ ചിന്താഗതിക്കാരായിരുന്നാലും സായി സേവാസമിതിയുമായി അവർക്ക് നല്ല ബന്ധമുണ്ടായിരുന്നു. അന്ധമായ സായി ഭക്തിയുണ്ടാ യിരുന്നില്ലതാനും. ചന്ദനത്തിരികത്തിച്ചതിന്റെ ചാരം വീണു പോയതി നുശേഷമുള്ള കമ്പിന്റെ കരി വളഞ്ഞു 1 സെന്റീമീറ്റർ നീളത്തിലുള്ള മൂന്നു കഷണങ്ങൾ ഒരുമിച്ചു ചേർന്നതാണ്, സായിബാബയുടെ മുന്നിൽ 'ഓം' കാരമുണ്ടായതെന്നു ഞങ്ങൾ കണ്ടു. പിന്നെ സായിബാബയുടെ മുടിയിൽ സർപ്പത്തിന്റെ രൂപം വന്നത്, ആ പടത്തിൽ, അടുത്ത വീട്ടിലെ ജനലിൽ സൂര്യപ്രകാശം തട്ടിയുണ്ടാകുന്ന പ്രതിഫലനമാണ് എന്നും ഞങ്ങൾ കണ്ടു. ചെറിയ ചില കാര്യങ്ങളെ വലിയ കാര്യമാക്കി അതിശ യോക്തിയോടെ പറഞ്ഞു പരത്തുന്നതിനെക്കുറിച്ച് കുറേ നേരം ചർച്ച ചെയ്യുകയുമുണ്ടായി. എന്നാൽ ഈ വീട്ടിലുള്ളവരോട് ഇതിനെക്കുറി ച്ചൊന്നും സംസാരിച്ചതുമില്ല. അവർ ഭക്തിയുടെ പാരമ്യത്തിലായിരുന്നു.

അവിടെ നിന്നും ഞങ്ങൾ പോയത് ഒക്കനാഗൻ യൂണിവേഴ്സിറ്റി യുടെ കീഴിലുള്ള വെർണൻ കോളേജിലേക്കായിരുന്നു. കൃഷ്ണപിള്ള യുടെ ഭാര്യക്ക് അവിടെ അദ്ധ്യാപികയായി ജോലി ലഭിച്ചതിനാൽ



Scanned with CamScanner

അവിടെ ജോലിക്ക് അന്നു തന്നെ ചേരുകയും ചെയ്തു. അതിനുശേഷം പ്രകൃതിരമണീയമായ കെലോവ്നായിലേക്കായിരുന്നു യാത്രതിരിച്ചത് അവിടെയും രാത്രി ഒരു ലോഡ്ജിൽ താമസിച്ചു. എട്ടാം തീയതി രാവിലെ ഞങ്ങൾ വാൻകൂവറിലേക്ക് യാത്ര തിരിച്ച് ഓരോ സ്ഥലവും കണ്ട് രാത്രി പത്തു മണിക്ക് വാൻകൂവറിലുള്ള ശ്രീ ബാലന്റെ വീട്ടിലെത്തി. മലയാളിയായ അദ്ദേഹം രസികനായിരുന്നു. രാവിലെ 2 മണിവരെ ജ്യോതിഷത്തെക്കുറിച്ചും അവരുടെ കുടുംബപ്രശ്നങ്ങളെക്കുറിച്ചു സംസാരിച്ചു കൊണ്ടിരുന്നു.

**വാൻ കൂവറിലെ ദൃശ്യങ്ങൾ**

ഞങ്ങൾ താമസിച്ചിരുന്ന (ആതിഥ്യമരുളിയ) വീട്ടുകാരുടെ സ്വര ചേർച്ചയില്ലായ്മ വഴിയിൽ മുഴുവനും പ്രകടമാക്കിക്കൊണ്ടേയിരുന്നു എങ്കിലും - കാണാനുള്ളതെല്ലാം ഈ സുന്ദര ദേശത്ത് ഞങ്ങൾ കണ്ടു. നനൈമോയും, വിക്റ്റോറിയായും, പസിഫിക് സമുദ്രവും, എല്ലം അതീവ ഹൃദ്യമായിരുന്നു. കടലിൽലെ ബോട്ട് യാത്ര, അനവധി മനോഹരമായ ദ്വീപുകളിലൂടെ കടന്നുപോയി. പൂർവീകരായ റെഡിന്ത്യാക്കാരുടെ കലാ വിരുതും, കാണുവാൻ ഭാഗ്യമുണ്ടായി. ഇന്നും ബ്രിട്ടീഷ് രാജ്ഞിക്ക് കപ്പം കൊടുക്കുന്ന കാനഡക്കാർ, ബ്രിട്ടീഷുകാരാണെന്ന് അഭിമാനി ക്കുന്നു, പ്രത്യേകിച്ചും ഈ സംസ്ഥാനത്ത് അധിവസിക്കുന്നുവർ. അതു കൊണ്ടു തന്നെ അമേരിക്കയിലെ കൊളംബിയ സംസ്ഥാനത്തു നിന്നു വ്യത്യസ്ഥമായ ഒരു സംസ്ഥാനം കാനഡയിലുണ്ടാക്കി അതിന് അവർ ബ്രിട്ടീഷ് കൊളംബിയ എന്ന് പേരും കൊടുത്തു. വാൻകൂവറിലെ ഉദ്യാ നങ്ങൾ, വനങ്ങൾ, മ്യൂസിയം, എല്ലാം ഒരൊറ്റ ദിവസം കൊണ്ട് കണ്ടാസ്വ ദിച്ച് രാത്രി 10.00 മണിക്ക് താമസസ്ഥലത്തെത്തി. ഹാലി ഫാക്സിൽ അറ്റ്ലാന്റിക് ഓഷ്യനിലും, വാങ്കൂവറിൽ പസിഫിക് ഓഷ്യനിലും മുട്ടു വരെ വെള്ളത്തിലിറങ്ങിനിന്ന് ഇഹലോകവാസം വെടിഞ്ഞ എന്റെ മാതാ മഹന്മാർക്കും പിതാമഹന്മാർക്കുമെല്ലാം ഞാൻ തർപ്പണം കൊടുത്തു. ആ കടലിലെ വെള്ളം ശരീരത്തിൽ തളിക്കുകയും ചെയ്തു. ഓരോ സ്ഥലവും തനതായ രീതിയിൽ സുന്ദരമായിരുന്നു എന്നതാണ് സത്യം. ഏതോ പൂർവജന്മ പുണ്യബന്ധം പോലെ കാനഡയിലെ ഈ വാങ്കൂ വർ ഇതുവരെ ഏകദേശം അരഡസൻ പ്രാവശ്യം, കഴിഞ്ഞ ഏതാനും വർഷങ്ങൾക്കുള്ളിൽ, സന്ദർശിക്കാൻ സാധിച്ചിട്ടുണ്ട്.

**വാൻകൂവറിൽ നിന്നുള്ള മടക്കയാത്ര**

ലോകപ്രശസ്ഥമായ റോക്കി പർവതനിരകളിലൂടെ നിർമ്മിച്ചിരി ക്കുന്ന കീഴ്ക്കാംതൂക്കമായ കോക്കുഹള്ളാഹൈവേയിലൂടെയായിരുന്നു



Scanned with CamScanner

മടക്കയാത്ര. വഴിയിൽ ധാരാളം കരടികളെക്കാണാമായിരുന്നു. അവയെക്കാറിടിച്ചാൽ അടുത്ത പോലീസ് സ്റ്റേഷനിൽ റിപ്പോർട്ടു ചെയ്യണം. അതല്ലെങ്കിൽ പുറകിൽ വരുന്ന കാറുകാരൻ റിപ്പോർട്ട് ചെയ്താൽ ആയിരം ഡോളറാണ് പിഴ. ഒരു കരടിയെ ഞങ്ങളുടെ കാർ തൊട്ടുവെങ്കിലും ഇടിച്ചു വീഴ്ത്തിയില്ല. അതോടി പോകുന്നതു കണ്ടു. അതും ഞങ്ങളും അങ്ങിനെ രക്ഷപ്പെട്ടു. പോകുന്ന വഴിക്ക് ഒരു ഗുരുദ്വാരയിലും കയറി പോയി. അവിടെ നിന്നും ഭക്ഷണം കഴിച്ചു. ബ്രിട്ടീഷ് കൊളംബിയായിലെ 50 ശതമാനം ജനങ്ങളും സിഖുക്കാരാണ്. മൂന്നും നാലും തലമുറകൾക്ക് മുമ്പു കൃഷിക്കായി ഇവിടെ വന്നവർ. അവർ കോടി പ്രഭുക്കളായ കൃഷിക്കാരാണ്, പഞ്ചാബി മാത്രമേ പഴയ തലമുറക്കറിയാവൂ. ഈ സംസ്ഥാനത്തെ രണ്ടാം ദേശീയ ഭാഷ പഞ്ചാബിയാണ്. എയർ പോർട്ടിലുമെല്ലാം പഞ്ചാബിയിൽ എഴുതിവെച്ചിരിക്കുന്നതു കാണാം. യാത്രാ മദ്ധ്യേ വെർണനിലെത്തി സ്വയം ഭക്ഷണം പാകം ചെയ്ത് കഴിച്ച്, രാത്രി വൈകിയാണ് കിടന്നുറങ്ങിയത്. 11-ാം തീയതി രാവിലെ പുറപ്പെട്ട് രാത്രി 8.30 ന് ഞങ്ങൾ സുന്ദരമായ പർവതങ്ങളിലൂടെ യാത്ര ചെയ്ത് എഡ്മണ്ടനിൽ തിരിച്ചെത്തി. വരുന്ന വഴി സാൽമൺക്രീക്ക് ദർശിച്ചു. കോടിക്കണക്കിന് സാൽമൺ മത്സ്യങ്ങൾ ജീവിതാന്ത്യത്തിൽ തലതല്ലിച്ചാകുന്ന സ്ഥലമാണിത്. മാതൃഭൂമി പത്രത്തിൽ വായിച്ചത് നേരിട്ടു കണ്ടു.

**പുതിയ പ്രൊജക്റ്റിന്റെ പ്രവർത്തനം**

ഈ യാത്രകൾക്കിടയിലും പ്രവൃത്തി ദിവസങ്ങൾ നഷ്ടപ്പെടാതിരിക്കാൻ നിരന്തരമായി ഗവേഷണങ്ങൾ നടത്തിയതിന്റെ അടിസ്ഥാനത്തിൽ കുറേ പ്രബന്ധങ്ങൾ പ്രസിദ്ധീകരിക്കാനുള്ള ശ്രമം ആരംഭിച്ചു. അതോടൊപ്പം മറ്റു നല്ല പ്രോജക്റ്റുകൾ എഴുതുവാനും തുടങ്ങി. എന്റെ പ്രൊഫസർ ഒരു ദിവസം മുറിയിൽ വിളിച്ചു വരുത്തി ഒരുമിച്ച് ചായ കുടിച്ച് നടക്കാൻ പോകാമെന്നു പറഞ്ഞു. കുറേ ദൂരം നടന്നപ്പോൾ അദ്ദേഹം പറഞ്ഞു. "എനിക്ക്, തന്നെ വേണം. തനിക്ക് ഇവിടത്തെ പൗരത്വമെടുത്തുതരാം. എല്ലാ കാര്യത്തിലും എന്നെ സഹായിക്കണം. മതപരമായ കാര്യവും ശാസ്ത്രകാര്യങ്ങളും..." ചർച്ച നീട്ടികൊണ്ടു പോകാതെ ഞാൻ പറഞ്ഞു. ഞാൻ ഭാരതത്തിനു വേണ്ടി ജനിച്ചു. ഭാരതത്തിനു വേണ്ടി ജീവിക്കുന്നു. ഭാരതത്തിനു വേണ്ടി തന്നെയായിരിക്കും മരിക്കുക. ഇവിടെ കുറേക്കാലം താമസിക്കാനോ പൗരത്വത്തിനോ ഒന്നും എനിക്ക് ഒരു താൽപര്യവുമില്ല. ഞാനിവിടെ വന്നതു എന്റെ നാട്ടിലുള്ളവരെന്നെ അംഗീകരിക്കണമെങ്കിൽ ഞാൻ



Scanned with CamScanner

വിദേശത്തു പോയി വരണം എന്നതാണ് ഞങ്ങളിൽ ചിലരുടെ ധാരണ. എന്നാൽ അതും ആയിക്കൊള്ളട്ടെ എന്നു വിചാരിച്ച് മാത്രമാണ് വന്നത്....'' പിന്നീട് പല അവസരങ്ങളിലും അദ്ദേഹം ഈ ആവശ്യം ആവർത്തിക്കുകയുണ്ടായി. കാര്യമായി സ്വാധീനിക്കാൻ കഴിവുള്ളവനും, തരക്കേടില്ലാത്ത ഇംഗ്ലീഷുപയോഗിക്കാനറിയാവുന്നവനും, ഭാരത പൈതൃകത്തിൽ അറിവുള്ളവനും, സ്ഥിരോത്സാഹിയുമായവനെന്ന് അദ്ദേഹം പലപ്പോഴും അഭിസംബോധന ചെയ്തത്, ഞാനൊരു ക്രിസ്ത്യാനിയായി മതം മാറണം എന്നതിനായിരുന്നു. ചൈനാക്കാരേയും ഏഷ്യാക്കാരേയും മതം മാറ്റാൻ ഞാൻ സഹായിക്കണം. എല്ലാവരേയും ക്രൈസ്തവരാക്കി യേശുവിന്റെ പന്ഥാവിലെത്തിക്കാൻ സാധിച്ചാൽ എനിക്ക് യൂണിവേഴ്സിറ്റിയിൽ ജോലിയും കനേഡിയൻ പൗരത്വവും മറ്റെല്ലാ സൗകര്യങ്ങളും നൽകുകയും ചെയ്യാം. അദ്ദേഹത്തിന്റെ ശാസ്ത്ര-സാങ്കേതിക മണ്ഡലത്തിലെ പ്രവർത്തനങ്ങൾക്ക് എന്റെ പിന്തുണയും ലഭിക്കും. രണ്ടും ഒരേ വ്യക്തിയിലൂടെ നടക്കണമെന്നുള്ള ആഗ്രഹമായിരുന്നു അദ്ദേഹത്തിനുണ്ടായിരുന്നത്.

**പ്രഭാഷണപരമ്പരകൾ**

സെപ്റ്റംബർ മാസത്തോടെ ഞാനൊരു നല്ല പ്രഭാഷകനാണെന്ന് പലരും അറിഞ്ഞു എന്നു തോന്നുന്നു. സുഹൃത്തുക്കളും സഹപ്രവർത്തകരുമെല്ലാം ചേർന്ന് അമ്പലത്തിലും, പള്ളികളിലും വിളിച്ചുകൂട്ടുന്ന ചെറുതും വലുതമായ സദസ്സുകളിൽ ആഴ്ചയിൽ മൂന്നും നാലും പ്രഭാഷണങ്ങളും ക്ലാസുകളും ആരംഭിച്ചു. സായി ഭക്തന്മാരായ ശ്രീലങ്ക, ഫിജി, ഗയാനക്കാരും, മലയാളികളല്ലാത്ത ഭാരതീയരും പ്രഭാഷണത്തിനായി എന്നെ ക്ഷണിക്കുന്നുണ്ടായിരുന്നു. പല സംഘടനകളും വീട്ടിൽ ക്യാമ്പുകൾ നടത്തുകയും, വൻ കാടുകളിലൂടെ ടൂർ സെന്ററിലേക്ക് പോയി കാമ്പ് നടത്തുകയും ചെയ്യുന്ന വേളയിലും എന്റെ ക്ലാസുകൾക്ക് ഡിമാന്റായിരുന്നു. ഇതെല്ലാം ഗീതാ ചെറിയാനിലൂടെ എന്റെ പ്രൊഫസർ ഡോ. സിം അറിയുന്നുണ്ടായിരുന്നു. ഞാൻ പ്രവർത്തിക്കുന്ന ഡിവിഷനിലും ഒരു പ്രഭാഷണത്തിന് എനിക്ക് ക്ഷണം ലഭിച്ചു. ഒക്ടോബർ 14 ന്, അവിസ്മരണീയമായ 'ഫ്രൈ ഡേ ലക്ചർ' അതി പ്രശസ്തർക്കു മാത്രം ലഭിക്കുന്ന ഈ പ്രഭാഷണം എനിക്ക് ഏറെ ആത്മാഭിമാനം തോന്നിയതായിരുന്നു. എന്റെ പ്രഭാഷണത്തെക്കുറിച്ച് യൂണിവേഴ്സിറ്റിയിൽ അനവധി പോസ്റ്ററുകൾ ഒട്ടിച്ചിരുന്നു. എല്ലാ ന്യൂസ് ലെറ്ററുകളിലും എന്റെ പ്രഭാഷണത്തിന്റെ വാർത്ത വന്നിരുന്നു. നവംബർ 26-ാം തീയതി വലിയ ഒരു സദസ്സിന്റെ മുമ്പിൽ ആർഭാടത്തോടെയായിരുന്നു ഞാൻ ഭാരതശാസ്ത്ര പൈതൃക പ്രഭാഷണം അവതരിപ്പിച്ചത്. ഏറ്റവും സംതൃപ്തമായ വിധ



Scanned with CamScanner

ത്തിലായിരുന്നു അത് എന്ന് ഇന്നും അഭിമാനത്തോടെ സ്മരിക്കുന്നു.

**മഞ്ഞു വീഴ്ചയുടെ ആരംഭം**

സെപ്റ്റംബർ 16-ാം തീയതി എഡ്മണ്ടനിലെ താപനില ഏകദേശം പൂജ്യം ഡിഗ്രിയെത്തിയിരുന്നു. ആദ്യമായി തുമ്പപ്പൂപോലുള്ള മഞ്ഞു വീഴുന്നതു കണ്ട് അത്ഭുതം തോന്നി. ഇനിയുള്ള നാളുകളിൽ വീട്ടിനുള്ളിലിരിക്കൽ മാത്രമേ സാധിക്കൂ എന്ന് കാനഡക്കാർ പറഞ്ഞു. റോഡു മുഴുവനും മഞ്ഞായിരിക്കും എന്നറിഞ്ഞു. ഓരോരുത്തരുടേയും വീട്ടിലേക്കു കൊണ്ടുപോകാനായി ധാരാളം മലയാളികളും സായി ഭക്തരും നിരന്തരം എന്നെ ക്ഷണിച്ചിരുന്നതുകൊണ്ട് മഞ്ഞുകാലം എന്റെ പ്രവർത്തനത്തെ ബാധിച്ചില്ല. ചിലരുടെ വീട്ടിലേക്കു പോയാൽ മറ്റുചിലർക്ക് ഇഷ്ടപ്പെടാത്ത അവസ്ഥകളും ഒട്ടും കുറവല്ലായിരുന്നു. എല്ലാത്തിനും പല പല അർത്ഥങ്ങൾ കാണാൻ ചിലർ ശ്രമിച്ചിരുന്നു. അവയൊന്നും ഞാൻ കാര്യമാക്കിയെടുത്തില്ല. എങ്കിലും ചിലപ്പോൾ വല്ലാതെ ദേഷ്യം വരുത്തുന്ന വിധത്തിലുള്ള പെരുമാറ്റങ്ങളും അഭിപ്രായങ്ങളും വിലയിരുത്തലുകളുമുണ്ടായിരുന്നു.

**കാനഡയിലൊരു ഭഗവതിപൂജ**

യൂണിവേഴ്സിറ്റിയിലെ വിവിധ ഡിപ്പാർട്ടുമെന്റുകളിലും പ്രഭാഷണങ്ങൾ നടത്താനുള്ള അവസരങ്ങൾ ലഭിച്ചു. അങ്ങിനെയൊരു പ്രഭാഷണം യൂണിവേഴ്സിറ്റി ഓഫ് ആൽബർട്ടയിലെ സോഷ്യോളജി ഡിപ്പാർട്ടുമെന്റിൽ നടക്കുമ്പോൾ ഒരു കാനഡക്കാരി ചോദിച്ചു "ഞാനിന്ത്യയിൽ വന്നപ്പോൾ ചില വീടുകളിൽ പൂജ നടക്കുന്നതു കണ്ടിട്ടുണ്ട് ഒരു പൂജ നടത്താമോ?" ഞാനുടനെ മറുപടിയും കൊടുത്തു "യൂണിവേഴ്സിറ്റിയിൽ ബുദ്ധിമുട്ടാണ് പക്ഷേ ഏതെങ്കിലും ഒരു വീട്ടിൽ വെച്ച് നടത്താം." ഇതൊരു ആകർഷകമായ സംഭവമായി അവർക്കെല്ലാവർക്കും തോന്നി. ഈ ഡിപ്പാർട്ടുമെന്റിലെ പലരുടേയും ശ്രമഫലമായി പ്രൊഫ. കൃഷ്ണന്റെ വീട്ടിൽ ഒക്ടോബർ 30 ന് വൈകുന്നേരം മൂന്നു മണിക്കൂർ നീണ്ടു നിന്ന ഒരുഗ്രൻ ഭഗവതി പൂജ നടത്തി. അതിൽ പങ്കെടുത്തവർക്കും എനിക്കും അവിസ്മരണീയമായ അനുഭവമായിരുന്നു. ഏകദേശം ഒരു ഡസൻ ക്യാമറയിലൂടെ പലരും ഈ പൂജ പകർത്തുന്നുണ്ടായിരുന്നു. കാനഡയിലിങ്ങിനെയൊരു മലയാളി പൂജ ആദ്യമായിട്ടായിരുന്നു. യൂണിവേഴ്സിറ്റിയിലെ കാനഡക്കാരായ ധാരാളം പ്രൊഫസർമാർ ഇതിൽ പങ്കെടുത്തിരുന്നു. പൂജക്കു ശേഷം ഇവയെല്ലാം വിവരിച്ചു കൊണ്ടുള്ള ക്ലാസുമെടുത്തു. ഒരു പക്ഷേ ഈയൊരു ആത്മീയ

മന്ത്രതന്ത്ര കർമ്മ മണ്ഡലത്തിലുമുള്ള എന്നെക്കുറിച്ച് മനസ്സിലാക്കാൻ അവിടെയുള്ള മലയാളികൾക്ക് സാധിച്ചത് ഇതാദ്യമായിട്ടായിരുന്നിരിക്കാം.

## ഗവേഷണത്തിന്റെ പര്യവസാനത്തിലേക്ക്

പലപ്പോഴും ശനി ഞായർ ദിവസങ്ങൾ ഉൾപ്പെടെ ലഭിക്കുന്ന സമയമെല്ലാം ലാബറട്ടറിയിൽ ഞാൻ തന്നെയായിരുന്നു. ഗവേഷണം ചെയ്ത റിസൾട്ടുകളെല്ലാം കമ്പ്യൂട്ടറിലാക്കിക്കൊണ്ടിരുന്നു. അതെല്ലാം റിസർച്ച് പേപ്പറുകളാക്കാൻ ഗീതാ ചെറിയാനേയും പ്രൊഫ. സിമ്മിനേയും ഏൽപ്പിച്ചു. ഇടക്ക് നാട്ടിലേക്ക് വിളിക്കാനും സമയം കണ്ടെത്തി. അന്തരീക്ഷ താപനില -10 നും - 20 നും (മൈനസ്) ഇടക്ക് വന്നു തുടങ്ങിയപ്പോൾ ശരീരത്തിന് അസ്വസ്ഥത തോന്നിത്തുടങ്ങിയിരുന്നു. നടക്കുമ്പോൾ ബാലൻസ് പോകുന്നതുപോലെ തോന്നുക, കപ്പലിൽ നടക്കുന്ന അനുഭവം, അൽപം ഭയന്നു പോയി. സഹായിക്കാനാരുമില്ലാത്ത രാജ്യത്തിൽ ആരെ ആശ്രയിക്കും. ഡോക്ടർമാരെ കാണാൻ ബുദ്ധിമുട്ടില്ല, സാമ്പത്തീക ഭാരവുമില്ല. പക്ഷേ മുറിയിലുള്ളവർക്ക് ഞാനൊരു ഭാരമാകരുതല്ലോ. അവർ വിദ്യാർത്ഥികളാണ്, ഇന്ത്യയിൽ നിന്ന് വന്നവരാണെല്ലാവരും. ശാരീരികാസ്വസ്ഥ്യമുണ്ടെങ്കിലും ക്ലാസുകളെടുത്തുകൊണ്ടിരുന്നു. വിദ്യാരംഭത്തിന് പല കുഞ്ഞുങ്ങളേയും എഴുത്തിനിരുത്തി. ആവശ്യത്തിനു സാധനങ്ങൾ വാങ്ങിക്കുവാൻ മഞ്ഞിലൂടെ സഹായികളുടെ വാഹനത്തിൽ പോയിരുന്നു. നവംബർ 14 ന് ഏറ്റവുമധികം മഞ്ഞു വീണ ദിവസമായിരുന്നു. ഒരു മീറ്റർ മുതൽ രണ്ടര മീറ്റർ വരെ മഞ്ഞിന്റെ കൂനകൾ കാണാം. ചന്ദ്രനിലേക്കു പോകുന്ന തരത്തിലുള്ള പാന്റും ഡ്രസ്സുമായിരുന്നു എന്റേത്. എന്നിട്ടും തണുത്തു വിറക്കുന്നുണ്ടായിരുന്നു. തീരെ സുഖമില്ലാതെ വന്ന ദിവസങ്ങളിൽ ഏതെങ്കിലും മലയാളികളുടെ വീട്ടിൽ കിടക്കും. കുറുപ്പും, കൃഷ്ണപിള്ളയും, ഭാസ്കരനും, ശിവനും, മണിയുമെല്ലാം എന്നു വേണമെങ്കിലും ഏതവസ്ഥയിലും സ്വാഗതമരുളിയിരുന്നു. അവരെന്നെ കുടുംബാംഗത്തെപ്പോലെ പരിചരിച്ചിരുന്നു. സെന്റ് പോളിലെ വേണുച്ചേട്ടൻ എന്റെ കാര്യത്തിൽ ഓരോ മിനിറ്റും ശ്രദ്ധിച്ചിരുന്നു. ആരോഗ്യമുള്ളപ്പോഴും ഇല്ലാത്തപ്പോഴും എഡ്മണ്ടനിലെ മലയാളി സമൂഹത്തിന്റെ ഭാഗമായിക്കഴിഞ്ഞിരുന്ന എനിക്ക് എല്ലാവീട്ടിലേയും അംഗത്വഭാഗ്യമുണ്ടായിരുന്നു. പലരും ഭക്ഷണം പാകം ചെയ്ത് എന്റെ മുറിയിലെ ഫ്രിഡ്ജിൽ കൊണ്ടുവന്നു വെക്കുമായിരുന്നു. നിരന്തരം ഫോൺകാളുകൾ വരുമ്പോഴാണ് എനിക്ക് ആരോഗ്യപ്രശ്നമുണ്ടെന്ന് എന്റെ മുറിയിൽ താമസിക്കുന്ന



Scanned with CamScanner

വർ പോലും അറിഞ്ഞത്. പലരും തണുത്തു വിറക്കുന്ന -50 ഡിഗ്രിയിലും പാതിരാത്രിക്കു വന്ന് എന്റെ ആരോഗ്യമന്വേഷിക്കുന്നുണ്ടായിരുന്നു. ഡോ. കൃഷ്ണന്റെ പത്നി ശ്രീമതി ലീല എനിക്കുവേണ്ടി സഹിച്ചിരിക്കുന്ന ത്യാഗത്തിന് പരിധിയില്ലായിരുന്നു. അവർ എനിക്ക് അമ്മയും സഹോദരിയും പോലെ ഈ കൊടും തണുപ്പത്തും സഹായങ്ങളെത്തിച്ചു കൊണ്ടേയിരുന്നു.

**കാനഡയിൽ നിന്നുള്ള മടക്കയാത്ര**

ജനുവരി മാസം ആദ്യത്തെ ആഴ്ച മടങ്ങാൻ പാകത്തിനുള്ള ടിക്കറ്റ് റിസർവ് ചെയ്തു. "ഭൂമിയുടെ ഇപ്പുറത്തു കൂടെ പോയി അപ്പുറത്തുകൂടെ വരാൻ" സാധിക്കണം. അതാണ് 1971 ൽ മഹാരാജാസിലെ അദ്ധ്യാപികയോട് പറഞ്ഞിരിക്കുന്നത്. അതുകൊണ്ട് ഞാൻ ടിക്കറ്റ് റിസർവ് ചെയ്യുമ്പോൾ ഇതും മനസ്സിൽ സൂക്ഷിച്ചിരുന്നു. അന്ന് തിരുവനന്തപുരം ആർ ആറെല്ലിൽ നിന്നും ഡയറക്ടർ ഡോ. ദാമോദരൻ എന്നെ ഫോണിൽ വിളിച്ചു പറഞ്ഞു. "മടക്കയാത്രയിൽ ന്യൂയോർക്കിലിറങ്ങി അവിടത്തെ ഒരു പ്രൊഫസറെ കാണണം. അക്കാഡമിക് കാര്യങ്ങളിൽ അദ്ദേഹം നല്ല ഉപദേശങ്ങൾ തരും. താമസ സൗകര്യവും ഭക്ഷണവും ഏർപ്പാടാക്കിയിട്ടുണ്ട്. ഒരു ദിവസം അവിടെ ചിലവഴിച്ചിട്ടേ വരാവൂ. ഇത് നിർദ്ദേശമാണ് അഭിപ്രായമല്ല അനുസരിക്കണം." ഫോണിലൂടെ പറഞ്ഞതു തന്നെ ഫാക്സിലൂടെയും അയച്ചു തന്നു. ആ നിർദേശങ്ങൾ ഞാൻ സ്വീകരിച്ചില്ല. എനിക്കൊരു പ്രതിജ്ഞയുണ്ടായിരുന്നു, 40 വയസ്സിനുള്ളിൽ ഭൂമിയുടെ ഇപ്പുറത്തുകൂടെ പോയി അപ്പുറത്തുകൂടെ വരുമെന്ന് 1993 നവംബർ 20 ന് എന്റെ 38-ാം ഔദ്യോഗിക ജന്മ വാർഷികമാണ്. നാല്പതു തികയാൻ ഇനി രണ്ടുവർഷം! ഇനിയൊരു യാത്ര ഉടനെ അമേരിക്കയ്ക്ക് ഉണ്ടാകില്ല. ഞാൻ ന്യൂയോർക്ക് വഴിമടങ്ങിയാൽ ഭൂമിയെ പ്രദക്ഷിണം വെക്കാൻ സാധിക്കില്ല. എന്റെ ഈ ഒരു തീരുമാനത്തിൽ മാറ്റം വരുത്തില്ല. ഏതായാലും എന്റെ ഡയറക്ടർ എനിക്ക് മെറിറ്റ് പ്രമോഷണനൊന്നും തന്നിട്ടില്ല. സാധിക്കാവുന്നത്രയും പ്രശ്നങ്ങൾ കൂടെ നിന്നവരുടെ വാക്കുകൾ കേട്ട് ഉണ്ടാക്കിയിട്ടുമുണ്ട്. പിന്നെ വരുന്നതു വരുന്നിടത്തു വെച്ചു കാണാം! ഇതെല്ലാം മനസ്സിൽ നിറച്ച് താഴ്മയോടെ ഞാൻ ഡയറക്ടറോട് 'ന്യൂയോർക്ക് വഴിയുള്ള മടക്കയാത്ര സാദ്ധ്യമല്ലെ'ന്നു തന്നെ പറഞ്ഞു. ഇനിയൊരിക്കലും മാറ്റം വരാത്ത വിധത്തിൽ അന്നുതന്നെ മടക്കയാത്രക്കുള്ള ടിക്കറ്റുമെടുത്തു. തിരുവനന്തപുരം, ബോംബേ, ദുബായ്, ആംസ്റ്റർഡാം, മിനിയാപോ



Scanned with CamScanner

ളിസ്. എഡ്മണ്ടനിൽ എത്തി....... തിരിച്ചു മറുപുറത്തു കൂടെ വരുവാനു ള്ള ടിക്കറ്റായിരുന്നു അത്.

**മടക്കയാത്രയുടേയും യാത്രയയപ്പിന്റേയും തുടക്കം**

എല്ലാ പരീക്ഷണനിരീക്ഷണ റിസൾട്ടുകളും സമാഹരിച്ച് ഡോ. സിമ്മിനെ ഏൽപിച്ചുകൊണ്ടിരുന്നു. അവിടവിടെയായി കുറേ ക്ലാസു കളും എടുത്തുകൊണ്ടിരുന്നു. തണുപ്പിന്റെ കാഠിന്യവും ശാരീരികാ സ്വാസ്ഥ്യവും താങ്ങാൻ സാധിക്കുന്നതിനേക്കാൾ കൂടുതലാകുമ്പോഴും ഇതൊന്നും നിറുത്തിയില്ല. ഡിസംബർ ആദ്യവാരത്തിൽ താപനില-30 ഡിഗ്രി സെൽഷ്യസ് കടന്നു കഴിഞ്ഞിരുന്നു. ശാരീരികമായ അസ്വ സ്ഥ്യവും വർധിച്ചുകൊണ്ടിരുന്നു. നിന്ന നിൽപ്പിൽ തലചുറ്റിവീഴുന്ന അവ സ്ഥവരെയെത്തി. തണുത്തു വിറക്കുന്ന വേളയിലും ഞാൻ ചിലപ്പോൾ വിയർത്തു കുളിക്കുന്നുണ്ടായിരുന്നു. പല ഡോക്ടർമാരും പരിശോധി ച്ചു. ഒരു കനേഡിയൻ ഡോക്ടർ എല്ലാം പരിശോധിച്ച് എന്നോടു സ്വകാ ര്യമായി പറഞ്ഞു. "ദശലക്ഷത്തിലൊരാൾക്കു മാത്രം ഉണ്ടാകുന്ന ഒരു രോഗമാണ് നിങ്ങൾക്കുള്ളത്. തലച്ചോറിൽ കാൽസ്യം ഡെപ്പോസിറ്റ് ചെയ്യുകയാണ്. കാത്സിഫിക്കേഷൻ ഓഫ് ന്യൂറോൺസ്. സാവധാന ത്തിൽ ശരീരത്തിന്റെ കൺട്രോൾ തലച്ചോറിന് നഷ്ടപ്പെടും. ഏകദേശം രണ്ടു വർഷം വരെ വലിയ പ്രശ്നമുണ്ടാകില്ല. അതിനുശേഷമായിരിക്കും പ്രശ്നങ്ങളുണ്ടാകുക. പ്രത്യേകിച്ച് മരുന്നൊന്നുമില്ല. നിങ്ങൾക്ക് സുഖ കരമായ ഒരു ജീവിതം ഇനി ബുദ്ധിമുട്ടാണ്." ഇത്രയും അദ്ദേഹം പറഞ്ഞതു കേട്ടപ്പോൾ എനിക്കൊന്നും തോന്നിയില്ല. അതൊന്നുമല്ല എന്റെ അസുഖമെന്ന് എനിക്ക് വ്യക്തമായിട്ടറിയാമായിരുന്നു. എന്റെ മുഖത്ത് ഒരു ഭാവവ്യത്യാസവും കാണാതായപ്പോൾ അയാൾക്ക് അത്ഭു തമായി. ഞാൻ എഴുന്നേറ്റ് അയാളോട് ഒരു വരി പറഞ്ഞു. "താങ്കൾ പറ ഞ്ഞതിൽ എനിക്ക് വിശ്വാസമില്ല. ഞാൻ പോകുകയാണ്." ഇവിടെ യുള്ള ഡോക്ടർമാരുടെ രോഗനിർണയരീതിയും അവർ രോഗവിവര ങ്ങൾ രോഗിയെ അറിയിക്കുന്ന രീതിയും, പരിശോധനാ ക്രമവുമെല്ലാം കണ്ടപ്പോൾ എനിക്കു തോന്നി; കേരളത്തിലെ ഡോക്ടർമാർ ഇവരേക്കാൾ നൂറിരട്ടി കഴിവുള്ളവരും രോഗത്തെക്കുറിച്ചും ചികിത്സ യെക്കുറിച്ചും വ്യക്തമായ ധാരണയുള്ളവരുമാണെന്ന്. അവിടെ ഞാൻ ബന്ധപ്പെട്ട കാനഡക്കാരായ മലയാളികളുൾപ്പെടെ ആദരണീയരെന്നു പറയാൻ വിരലിലെണ്ണാവുന്ന യോഗ്യതയുള്ള ഡോക്ടർമാരെ മാത്രമേ കാണുവാൻ സാധിച്ചുള്ളൂ.



Scanned with CamScanner

## കാൽഗറിയിലേക്കും സെന്റ് പോളിലേക്കുമൊരു യാത്ര

എന്റെ കൂടെയുണ്ടായിരുന്നവർ പറഞ്ഞു കാൽഗറിയിൽ ഡോ. സുരേഷുണ്ട് അദ്ദേഹത്തെകൊണ്ട് ഞങ്ങൾ ഡിസംബർ 4 ന് കാർഗറിയിലേക്ക് ഏകദേശം 300 കിലോമീറ്റർ ദൂരത്തേക്ക്, കട്ടിമഞ്ഞിന്റെ മുകളിലൂടെ യാത്രയായി. നല്ല ഒരു യാത്രയായിരുന്നു. ഡസൻ കണക്കിന് ഡൈനിങ് മുറികളും, ബെഡ് റൂമുകളുമുള്ള ഡോ. സുരേഷിന്റെ ആ വലിയ കൊട്ടാരത്തിൽ ഒരു രാത്രി താമസിച്ചു. എന്നെ എല്ലാ ടെസ്റ്റിനും അദ്ദേഹം വിധേയമാക്കി. കാര്യമായിട്ടൊരു പ്രശ്നവും കാണുന്നില്ലെന്നും അറിയിച്ചു. അദ്ദേഹത്തിന്റെ വീട്ടിൽ ഞാനൊരു പൂജയും നടത്തി, യാത്ര പറഞ്ഞ് അന്നുതന്നെ ഞങ്ങൾ എഡ്മണ്ടനിലേക്ക് പുറപ്പെട്ടു.

ഒരു വലിയ ചെറിയ കുടുംബത്തിലെ ഡോ. സുരേഷിന്റെ ജീവിതശൈലിയും ധനം സമ്പാദിക്കാനുള്ള ശ്രമവും, കൊട്ടാരസദൃശമായ ഹോങ്കോങ്ങുകാരന്റെ പക്കൽ നിന്നും വാങ്ങിയ ചിന്താതീത വിസ്താരമുള്ള വീടുമെല്ലാം കണ്ടപ്പോൾ ഭഗവദ്ഗീതയിലെ തത്വശാസ്ത്രവരികളാണ് ഓർമ്മയിൽ വന്നത്. കാറിലിരുന്നും, ഡോ. ഭാസ്കരന്റെ വീട്ടിലിരുന്നും പുറത്തെ ടെംപറേച്ചർ -40 നു താഴെയായിരുന്നിട്ടും ഞാൻ വിയർത്തു കുളിച്ചിരുന്നു. ഡിസംബർ 10 ന് സെന്റ് പോളിലേക്ക് വേണുവിന്റെ കൂടെ പോയി. കുറേ സമയം അദ്ദേഹത്തിന്റെ വീട്ടിൽ ചിലവഴിച്ച്. രാത്രി ടി വിയിൽ സിനിമയും കണ്ട്, 12 ാം തീയതി രാവിലെ തിരിച്ചു യാത്ര ചെയ്തു. എല്ലാം കഴിയുന്നു എന്നതിന്റെ ആരംഭമായിരുന്നു അത്. വേണുച്ചേട്ടൻ സായിബാബയിൽ എല്ലാം സമർപ്പിച്ച് ജീവിക്കുന്നു. ശ്രീ വേണുവിന്റെ കുടുംബാംഗങ്ങളുമായി കുറേ നേരം സംസാരിച്ചു കൊണ്ടിരുന്നു. അവരുടെ ജീവിതാനുഭവങ്ങളുമെല്ലാം കേട്ടുകൊണ്ടിരുന്നപ്പോൾ, വാശിയും പകയും വിദ്വേഷവുമെല്ലം ഒരു കുടുംബത്തെ എത്രത്തോളം വരെ എത്തിക്കുമെന്ന് കണ്ടറിഞ്ഞു.

## ഹൃദയസ്പർശിയായ യാത്രയയപ്പുകൾ

ഡിസംബർ 17 ന് എഡ്മണ്ടൻ മലയാളി അസോസിയേഷന്റെ മീറ്റിങ്ങിൽ ചീഫ് ഗസ്റ്റായി പങ്കെടുത്തു. അവരുടെ തന്നെ ക്രിസ്മസ് ആഘോഷത്തിനും ഞാൻ ചീഫ് ഗസ്റ്റായിരുന്നു. എഡ്മണ്ടനിലെ മഹാസൗധങ്ങളും, തണുത്തുറഞ്ഞ സസ്കാച്ചേവൻ നദിയും, ആഞ്ഞടിക്കുന്ന കാറ്റും, -50 ഡിഗ്രി സെന്റിഗ്രേഡും, അനങ്ങാതെ വിറങ്ങലിച്ചു നിൽക്കുന്ന അന്തരീക്ഷവും, ചന്ദ്രനിലേക്കു പോകുന്നവരെ പോലെ വേഷമിട്ടിരിക്കുന്നവരും, അനുനിമിഷം ഐസിൽ ചവുട്ടി തെറ്റി വീണ്



Scanned with CamScanner

പരിക്കേൽക്കുന്നവരും, മഞ്ഞുമൂടിയ വൻ കച്ചവടസ്ഥാപനങ്ങളും, ബന്ധുക്കളെ പോലെ എന്നെ കാത്തു സംരക്ഷിക്കുന്ന മലയാളികളും എല്ലാം ഓർമ്മയിൽ നിർത്തികൊണ്ട്, ലാബറട്ടറിയിലെ എല്ലാ റെക്കോഡുകളും ഡിസംബർ 20 ന് ഡോ. സിമ്മിനെ ഏൽപ്പിച്ചു.

ഓരോരുത്തരുടെ കയ്യിൽ നിന്നു വാങ്ങിയതെല്ലാം തിരിച്ചു കൊടുത്തു. എല്ലാവരോടുമൊപ്പം ക്രിസ്മസ് ആഘോഷിച്ചു. നിരന്തരം പലയിടത്തും ക്ലാസുകൾ നടത്തി. അവരുടെ സംശയങ്ങൾക്ക് മറുപടി പറഞ്ഞു. ഗീതയുടെ വീട്ടിലും അവരുടെ കുടുംബാംഗങ്ങളോടൊപ്പം ഒരു ദിവസം താമസിച്ച് ആദ്യ ദിവസത്തെ അനുഭവങ്ങളെല്ലാം അയവിറക്കി. 29 ന് ലാബിൽ നിന്ന് എല്ലാ സർട്ടിഫിക്കറ്റുകളും വാങ്ങി എല്ലാവരോടുമായി യാത്ര പറഞ്ഞിറങ്ങി. ഡിസംബർ 31 ന് ഞാൻ എന്റെ ഹോസ്റ്റൽ വിട്ടു. ലാബറട്ടറിയിൽ എന്നെയെല്ലാവരും ചേർന്നാണ് യാത്രയാക്കിയത്. അമേരിക്കക്കാരുടെ ബന്ധം വളരെ ദൃഢമല്ലല്ലോ. ഉള്ളത്രയും സ്വീകരിച്ചു. അവിടെ നിന്നു നേരെ ഞാൻ ഡോ. ഭാസ്കരന്റെ വീട്ടിലേക്ക് താമസം മാറി. മൂന്നു ദിവസം മഞ്ഞിൽ സ്വതന്ത്രമായി കറങ്ങി നടന്ന്, എല്ലാ സ്വീകരണങ്ങളും ഏറ്റുവാങ്ങി. എനിക്ക്, പുരസ്കാരമായിട്ടൊക്കെ ലഭിച്ചതിൽ ചിലത് ഞാൻ പാക്ക് ചെയ്തു. ബാക്കിയെല്ലാം വാങ്ങിയ സ്ഥലത്തു തന്നെവെച്ച്, കുടുംബത്തിനും സാരി വാങ്ങി (അതൊന്നും ഭാര്യക്കിഷ്ടപ്പെടാത്തതിനാൽ പിന്നീടതെല്ലാം മറ്റുള്ളവർക്കു കൊടുത്തു) കുഞ്ഞുങ്ങൾക്കും ചിലതു വാങ്ങി, ജനുവരി മൂന്നിന് എഡ്മണ്ടൺ എയർപോർട്ടിൽ നിന്ന് യാത്രയാക്കാൻ കുറേ പേർ വന്നിരുന്നു. അവിടെ നിന്നും വാങ്കൂവറിലെത്തി. പിന്നീട് അടുത്ത ദിവസം സിയോളിലെത്തി നാലു മണിക്കൂറവിടെ തങ്ങി.

## ഇടക്കൊരു സിംഗപ്പൂർ സന്ദർശനം

സിംഗപ്പൂരിലിറങ്ങി താമസസൗകര്യവും ട്രാൻസിറ്റ് വിസയുമുണ്ടായിരുന്നതിനാൽ ഹോട്ടലിൽ മുറിയെടുത്ത് താമസിച്ചു. സാധിക്കാവുന്നത്രയും സ്ഥലങ്ങൾ നടന്നും ബസ്സിലും കറങ്ങി കണ്ടു. ഒരു കൊച്ചു വികസിത കേരളം മാത്രമായിരുന്നു സിംഗപ്പൂർ. അതിനാൽ പ്രത്യേകതയൊന്നും തോന്നിയില്ല. പല പല ക്ഷേത്രങ്ങളും കണ്ട്, സുദീർഘമായി നടന്ന്, ഹോട്ടലിൽ ഭക്ഷണം കഴിച്ച്, സിംഗപൂരിന്റെ എല്ലാ നന്മ തിന്മകളുമറിഞ്ഞ് അന്നു രാത്രി ഹോട്ടലിൽ തിരിച്ചെത്തിയുറങ്ങി. നല്ല ഇന്ത്യൻ ഭക്ഷണവും കഴിച്ച് അടുത്ത ദിവസം രാവിലെയും സാധിക്കാവുന്നതെല്ലാം നടന്നുകണ്ട്, എയർ പോർട്ടിലേക്ക് പോയി, ഉച്ചക്കുള്ള ഫ്ളൈറ്റിൽ കൊളംബോയിലുമെത്തി.

**കൊളംബോയിലെ പ്രശ്നം**

കൊളംബോയിലെ റിപ്പോർട്ടിങ് സെക്ഷനിലെത്തിയപ്പോളാണ് അറിയുന്നത്, കൊളംബോയിൽ നിന്ന് തിരുവനന്തപുരത്തേക്ക് ടിക്കറ്റില്ല. എന്റെ കൈയിലുള്ള ടിക്കറ്റിൽ വെറുതേ ഒകെ എന്നടിച്ചിരിക്കുന്നു എന്നു മാത്രം. ലങ്കൻ എയർ വേയ്സിൽ ചോദിച്ചപ്പോൾ ഒരൊറ്റ മറുപടി "ഒരു സീറ്റു പോലും വാക്കന്റ് അല്ല, വെയിറ്റിങ് ലിസ്റ്റ് 45 വരെ വേറെയുമുണ്ട്." ഞാനാകെ തളർന്നു പോയി എന്നു പറയുന്നതാവും ശരി. എൽ ടി ടിയുമായി കാര്യമായ പോരാട്ടം നടക്കുന്ന കാലമായതിനാൽ ഒരിന്ത്യാക്കാരനും ആവശ്യമായ പേപ്പറും വിസയുമില്ലാതെ കൊളംബോയിലിറങ്ങിനടക്കാൻ സാധ്യമല്ല. അപ്പോൾ എയർ പോർട്ടിനകത്ത് ഇനിയുള്ള ഫ്ളൈറ്റിൽ ഒരു വാക്കൻസിയുണ്ടാകുന്നതുവരെ താമസിക്കണം. ഓരോ രാത്രിയും നൂറു അമേരിക്കൻ ഡോളർ വാടക കൊടുത്തു വേണം താമസിക്കാൻ. ഭക്ഷണ ചിലവ് വേറെയും. ഇതാണ് സംഭവിക്കാൻ പോകുന്നത്. അങ്ങിനെ സംഭവിക്കാതിരിക്കാൻ ചെയ്യേണ്ടതെല്ലാം ചെയ്യണം.

അടുത്ത ദിവസം രാവിലെ നാലു മണിക്കാണ് ഫ്ളൈറ്റ്. രാത്രി 7 മുതൽ ഞാൻ, ഉറങ്ങാതെ ലങ്കൻ എയർ ലൈൻസുകാരെ ബന്ധപ്പെട്ടു കൊണ്ടിരുന്നു. തിരുവനന്തപുരത്തെ വീട്ടിൽ വിളിച്ചു. "എന്നാണ് വരാൻ സാധിക്കുന്നതെന്നറിഞ്ഞു കൂടാ" എന്നായിരുന്നു ഞാനറിയിച്ചത്. എല്ലാ ദുഃഖവും സഹിച്ച് കുടുംബാംഗങ്ങൾ കാത്തിരുന്നു. ഞാനും രാത്രി മുഴുവൻ പ്രാർത്ഥനയിലായിരുന്നു. എല്ലാം മറന്നു പ്രാർത്ഥിച്ചത് അന്നായിരുന്നു. രാവിലെ മൂന്നു മണിക്ക് കൗണ്ടർ തുറന്നപ്പോൾ തലേ ദിവസം ഞാൻ ബന്ധപ്പെട്ടു സംസാരിച്ച സ്ത്രീ പറഞ്ഞു ദൈവാനുഗ്രഹത്താൽ നിങ്ങൾക്ക് ഒരു സീറ്റ് കിട്ടും ഒരു വാക്കൻസിയുണ്ട്. അതിന് വെയിറ്റിങ് ലിസ്റ്റിൽ നിന്നും ആരേയും എടുക്കേതില്ലെന്നു തീരുമാനിച്ചു. യാത്രയിലെ അവസാനത്തെ വേദനയിൽ നിന്നും മോചനം നേടി, വിമാനത്തിലേക്കു യാത്രയായി. രാവിലെ 6 മണിക്ക് ഞാൻ തിരുവനന്തപുരത്തിറങ്ങി! ഭൂമി വലയം വെച്ച്, പ്രസിദ്ധമായി യൂണിവേഴ്സിറ്റിയിൽ പ്രവർത്തിച്ച്, തിരുവനന്തപുരത്തെത്തി ഭൂമി തൊട്ടു തലയിൽ വെച്ച്, ടാക്സി പിടിച്ച് വീട്ടിലെത്തിയപ്പോൾ, ഭാര്യയും രണ്ടു മക്കളും കാത്തിരിപ്പുണ്ടായിരുന്നു. നിറഞ്ഞ കണ്ണുകളോടെ അവർ സ്വീകരിച്ചു. ഒന്നും ചിന്തിക്കാൻ നിൽക്കാതെ അടുത്ത ദിവസം ഞാൻ എറണാകുളത്തേക്കു പുറപ്പെട്ടു. നേരെ പോയത് എന്റെ വീട്ടിലേക്ക്, അച്ഛനേയും അമ്മയേയും സാഷ്ടാംഗം നിറകണ്ണുകളോടെ നമസ്കരിച്ചു. ഇങ്ങിനെയൊരു ജന്മം നൽകിയതിന് ജഗദീശ്വരനോടും മാതാപിതാക്കളോടും നന്ദി പറഞ്ഞു. അവിടെനിന്നും, ഡോ. പി.എസ്. രാമൻസാറിനെ കാണാനായി പോയി



Scanned with CamScanner

നമസ്കരിച്ചു. എന്നെ കെമിസ്ട്രി പഠിപ്പിച്ച ടീച്ചർ നൽകിയ അനുഗ്രഹവും അത് ഞാൻ എടുത്ത രീതിയും അന്നെടുത്ത പ്രതിജ്ഞയും ഞാൻ രാമൻസാറിനെ അറിയിച്ചു. നാൽപതു വയസ്സാകാൻ ഇനിയും ഒന്നരവർഷം ബാക്കിയുണ്ട്. ഞാൻ ടീച്ചറെ കണ്ട് കാര്യങ്ങൾ പറയാൻ പോകുകയാണെന്നു പറഞ്ഞ് മഹാരാജാസ് കോളേജിലേക്കു പുറപ്പെട്ടു. ഡോ. രാമൻസാർ പറഞ്ഞു. "ഇക്കാര്യങ്ങൾ ഓർമ്മിപ്പിക്കാനായി ഒരിക്കലും ടീച്ചറെ പോയിക്കാണരുത്. ഒരു അദ്ധ്യാപകന്റെ ജീവിതത്തിലെ ഏറ്റവും വേദനാജനകമായ ഒരു നിമിഷമായിരിക്കുമത്. അതുകൊണ്ട് ടീച്ചറെ കണ്ട് യാത്രാ വിവരണങ്ങൾ മാത്രം നൽകി യാത്ര പറഞ്ഞ് വരാൻ വേണ്ടി മാത്രമാണെങ്കിലേ പോകാവൂ." ഞാൻ ആ ടീച്ചറെ കാണാൻ പോയില്ല. പിന്നീട് പല വേദികളിലും വെച്ച് അവരെ കാണുന്നുണ്ടായിരുന്നു. നിറഞ്ഞ ഹൃദയത്തോടെ സ്മരിക്കാറുമുണ്ട്. എന്നെ ഞാനാക്കി മാറ്റിയ മേഡം എന്നുമെന്നും എന്റെ പ്രണാമം! എന്ന് പറഞ്ഞ് നിറഞ്ഞ കണ്ണുകളോടെ തൊഴുതു നിൽക്കാറുണ്ട്.

### കാനഡയിൽ നിന്നുള്ള ആവേശം

കാനഡയിലെ മലയാളികളും അല്ലാത്തവരും നൽകിയ പ്രോത്സാഹനം അഭിനന്ദനം ഇവയെല്ലാം എന്നിലെ ഇച്ഛാശക്തി വളരെയധികം വർധിപ്പിച്ചു. ലോകജനതക്കാവശ്യമുള്ള സമ്പത്ത് ഈ ഭാരതത്തിലുണ്ട് എന്നുറക്കെപ്പറയാൻ എനിക്ക് ആത്മവിശ്വാസം ലഭിച്ചു. അതവർക്കു മനസ്സിലാക്കാൻ സാധിക്കുന്ന വിധത്തിൽ എഴുതിയും പറഞ്ഞും കൊടുക്കേണ്ടതെങ്ങിനെയെന്നും എനിക്കു മനസ്സിലായി. സ്വതന്ത്രമായും വിമർശനാത്മകമായും ബുദ്ധിക്കും യുക്തിക്കും നിരക്കുന്ന വിധത്തിലും പറഞ്ഞുകൊടുക്കണം.

തിരുവനന്തപുരം ആർ ആറെല്ലിൽ (ലാബറട്ടറിയിൽ) ഗവേഷണത്തിന് വീണ്ടും ആരംഭം കുറിച്ചു. ഞാൻ പ്രവർത്തിക്കുന്ന ഡിവിഷനിലുള്ള പലർക്കും, എന്റെ പ്രോജക്റ്റു ലീഡർക്കും ഞാൻ തിരിച്ചു വന്നപ്പോൾ എന്തെല്ലാമോ തരത്തിലുള്ള മനോവികാരങ്ങളായിരുന്നു, പ്രകടമായത് എന്നു തോന്നുന്നു. ഡയറക്ടറിൽ നിന്നു പോലും ആത്മാർത്ഥമായ ഒരു അനുമോദനവുമുണ്ടായില്ല എന്നതിൽ പരിഭവം തോന്നിയില്ല. അന്താരാഷ്ട്ര നിലവാരം പുലർത്തുന്ന മൂന്നു പ്രബന്ധങ്ങളും, രണ്ടു സാങ്കേതിക വിദ്യയും വികസിപ്പിച്ച് അഭിനന്ദനത്തിന്റെ പൂച്ചെണ്ടുകളുമായി തിരിച്ചുവന്നപ്പോൾ എന്റെ മാതൃസ്ഥാപനത്തിലുള്ള സഹപ്രവർത്തകർ നന്മയുടെ ഒരു വരിയും പറഞ്ഞില്ലെന്നു മാത്രമല്ല. എന്റെ പ്രോജക്ട് ലീഡറും അദ്ദേഹത്തോടു ചേർന്ന് നടക്കുന്ന ശ്രീകുമാറും ഈ യാത്രയെ കാര്യമായി വിലയിടിച്ചു കാണിച്ചു കൊണ്ട് സംസാരിക്കുന്നുമുണ്ടായിരുന്നു.



Scanned with CamScanner

# നാലാം ഭാഗം

## കാനഡയിലെ വിസിറ്റിങ് സയിന്റിസ്റ്റ് പദവിയിൽ നിന്ന് വീണ്ടും കർമ്മമണ്ഡലത്തിലേക്ക്

### ഭാരതത്തിന്റെ മണ്ണിൽ കർമ്മനിരതനാകുക

ജീവിതത്തിൽ എത്രകാലം ഇനി അവശേഷിച്ചിട്ടുണ്ടെന്നറിഞ്ഞുകൂടാ. സാധിക്കുന്നത്രയും കാര്യങ്ങൾ ചെയ്യണം. പഠിക്കുകയും, പഠിപ്പിക്കുകയും, പത്രമാധ്യമങ്ങളിലൂടെയും, പുസ്തകങ്ങളായും ഭാരതപൈതൃകം പ്രകാശനം ചെയ്യണം. അത്യന്താധുനിക ഉപകരണങ്ങളുപയോഗിച്ച് അതിപുരാതന പൈതൃകം പ്രചരിപ്പിക്കണം. അതിനിനി അൽപം പോലും സമയം നഷ്ടപ്പെടുത്താനില്ല. വിദേശത്തു നിന്ന് ലഭിച്ച അംഗീകാരം സ്വദേശത്തിലെ കർമ്മത്തിന് സമാരംഭമായിരിക്കണമെന്നായിരുന്നു ആഗ്രഹം.

### എന്റെ ആദ്യത്തെ പ്രസിദ്ധികരണം

കാനഡയിൽ നിന്ന് വന്ന് കരമനയിൽ താമസിച്ചുകൊണ്ടിരുന്നപ്പോൾ ആദ്യം ചെയ്തുതീർക്കണമെന്നു വിചാരിച്ചത്, ഭാരതീയ പൈതൃകത്തെക്കുറിച്ച് ശേഖരിച്ച എല്ലാ വിവരങ്ങളും വർഷങ്ങൾക്കു മുമ്പ് ശ്രീ പരമേശ്വർജിയെ ഏൽപ്പിച്ചത്, അവിടെ നിന്നും എറണാകുളത്തുള്ള എം.എ.കൃഷ്ണൻസാറിന്റെ കൈയ്യിൽ അന്ത്യവിശ്രമം കൊണ്ടിരുന്ന പുസ്തകം തിരിച്ചു വാങ്ങണം. വീണ്ടും ഒന്ന് ശരിക്കെഴുതി, ഇൻസ്റ്റിറ്റ്യൂട്ടിന്റെ എല്ലാ പുസ്തകങ്ങളും പ്രസിദ്ധീകരിക്കുന്ന ശ്രീപ്രിന്റേഴ്സിലെ രാമകൃഷ്ണൻനായരെ ഏൽപിച്ച്, അതു പ്രസിദ്ധീകരിക്കാനുള്ള ഏർപാടുകൾ ചെയ്യണം. ഏകദേശം 300 പേജുള്ള ഒരു പുസ്തകം പ്രസിദ്ധീകരിക്കുന്നത് ആദ്യമായാണ്. ഇന്നത്തെ പോലെ കമ്പ്യൂട്ടർ സെറ്റിങ് ഒന്നുമില്ലാതിരുന്ന കാലത്ത് അച്ചുകൾ നിരത്തിവെച്ച് ഏകദേശം നാലു മാസം കൊണ്ട് ഭാരതീയവിചാരധാര എന്ന പുസ്തകം റെഡിയാക്കി.

പുസ്തകത്തിന്റെ ആദ്യപേജുകളിൽ, നിറഞ്ഞ ഹൃദയത്തോടെ ഞാനെഴുതി "ഗംഗയും യമുനയും, ഗോദാവരിയും, നർമ്മദയും, കാവേരിയും, ഒരു ശംഖതീർത്ഥത്തിൽ ആവാഹിക്കുന്ന ഭാരതീയ സാംസ്കാരിക പാരമ്പര്യത്തിനു മുന്നിൽ, അത്രയും നദികൾക്കു തുല്യ വ്യാപ്തിയും ചൈതന്യവും, ഈ ഭാരതീയ വിചാരധാരയിൽ സംഗ്രഹിച്ച് സമാരാധ്യരായ വായനക്കാരുടെ മുമ്പിൽ അനുഗ്രഹങ്ങൾക്കായി പ്രാർത്ഥിച്ചുകൊണ്ട് സമർപ്പിക്കട്ടെ." തൃപ്പൂണിത്തുറയിലെ വീട്ടഡ്രസ്സിൽ കൃഷ്ണൻ പബ്ളിക്കേഷൻസ് എന്ന പേരിലാണ് ഈ പുസ്തകം ആദ്യം ഇറക്കിയത്. എന്റെ ഓഫീസിൽ നിന്ന് ഉണ്ടാകാൻ സാധ്യതയുള്ള പ്രശ്നങ്ങൾ കൂടി മുൻകൂട്ടി കണ്ടുകൊണ്ടു വേണമല്ലോ, എന്തും പ്രവർത്തി



Scanned with CamScanner

ക്കുവാൻ. ഒരു ശാസ്ത്രജ്ഞൻ ഒരു പുസ്തകം പ്രസിദ്ധീകരിക്കുന്നതിനു മുമ്പ് സ്വീകരിച്ചിരിക്കേണ്ടതായ നിയമ നടപടികളെന്തൊക്കെയാണെന്ന് ആർക്കും വ്യക്തമല്ല. പ്രസിദ്ധീകരിക്കട്ടെ എന്നു ചോദിച്ചാലുള്ള ഉത്തരവും പ്രസിദ്ധീകരിക്കുകയാണെന്നു പറഞ്ഞാലുള്ള മറുപടിയും എല്ലാം വ്യത്യസ്ഥമായിരിക്കും. അതുകൊണ്ട്, ഇന്നു ചെയ്തത് നാളെ പ്രശ്നങ്ങൾക്കു കാരണമാകരുത്.

ഈ പുസ്തകത്തിന് ശ്രീ പരമേശ്വർജിയും, ഡോ. സാംബശിവനും അവരുടേതായ വീക്ഷണങ്ങളുമെഴുതി. ഏകദേശം 22,000 രൂപ മുടക്കി ഏപ്രിൽ മാസത്തിൽ പുസ്തകത്തിന്റെ പ്രിന്റിങ് കഴിഞ്ഞു. വിചാരകേന്ദ്രവുമായി സഹകരിച്ച് തിരുവനന്തപുരം വൈ എം സി എ ഹാളിൽവെച്ച് അതു പ്രകാശനും ചെയ്തു. ശ്രീ. ടി. എൻ. ജയചന്ദ്രനായിരുന്നു പ്രകാശനം ചെയ്തത്. അസാധാരണമായ ഒരു പ്രഭാഷണം അദ്ദേഹം അന്നവിടെ നടത്തി. സാധ്യമല്ലെന്നു വിചാരിച്ചത് ഒറ്റക്കു ചെയ്തു തീർത്തസന്തോഷം! ഒരു വെല്ലുവിളിയേറ്റെടുത്ത് നടത്തിയ യജ്ഞത്തിന്റെ പ്രകാശം പരത്തുന്ന സമയത്ത് അതാസ്വദിക്കാനും അതൊരു മഹായജ്ഞത്തിന്റെ തുടക്കമാണെന്ന് അവിടെ പങ്കെടുത്തവരോടു പറയുവാനും എന്റെ മനസ്സിനു സാധിച്ചു. നല്ല ഒരു സദസ്സവിടെയുണ്ടായിരുന്നു. എന്റെ കൂടെയുണ്ടായിരുന്നവർക്കെല്ലാം വളരെ ആത്മവിശ്വാസം പകരുന്നതുമായിരുന്നു ഈ പ്രകാശന കർമ്മം. എന്റെ ജ്യേഷ്ഠനും കൂടെയുണ്ടായിരുന്നു, എന്റെ ഭാര്യ പങ്കെടുത്തില്ല.

**എന്നെക്കുറിച്ചൊരു ലേഖനം**

ഭാരതീയ വിചാരധാര എന്ന എന്റെ പുസ്തകം വായിച്ചും, വൈ എം സി എ യിലെ എന്റെ പ്രഭാഷണം കേട്ടും, ആവേശം കൊണ്ടിട്ടാണോ എന്നറിഞ്ഞുകൂടാ, ശ്രീ ടി. എൻ. ജയചന്ദ്രൻ ഐ. എ. എസ് എന്നെക്കുറിച്ചൊരു നാലു പേജു ലേഖനം കലാകൗമുദിയിൽ പ്രസിദ്ധീകരിച്ചു. ഇത്രയും മഹാനായ ഒരുവ്യക്തി എന്നെക്കുറിച്ചൊരു ലേഖനമെഴുതുക എന്നത് എനിക്ക് ഇന്നും വിശ്വസിക്കാൻ സാധിക്കുന്നില്ല. അതും അതിപ്രശസ്തനും പണ്ഡിതനും വാഗ്മീയുമായ ശ്രീ. ജയചന്ദ്രൻ അവർകൾ! ഭാരതീയ വിചാരധാരക്ക് ആ പേര് ഇട്ടതിൽ ആർ എസ് എസിലെ ചിലർക്ക് എതിർപ്പുണ്ടായിരുന്നു. ഗുരുജി ഗോൾവൾക്കറുടെ പുസ്തകത്തിന്റെ പേര് 'വിചാരധാര' എന്നായിരുന്നു. അതും ഇതും തമ്മിൽ തെറ്റിദ്ധരിക്കപ്പെടുമോ എന്നു വിചാരിച്ചിട്ടുള്ള എതിർപ്പായിരുന്നു സംഘത്തിലെ പ്രവർത്തകർക്കെല്ലാം. കുറേയധികം പ്രതികൾ പ്രീപബ്ലിക്കേഷനായും അല്ലാതെയും ജനങ്ങളിലെത്തി. കേസരിവാരികയിൽ അതിനെക്കുറി



Scanned with CamScanner

ച്ചൊരു പരസ്യവും കൊടുത്തു. അതിന്റെയടിസ്ഥാനത്തിലും കുറച്ചു കോപ്പികൾ ചിലവായി. തുടർന്നുള്ള കാലത്ത് ഞാൻ പ്രഭാഷണത്തിനു പോകുന്ന സ്ഥലങ്ങളിലും ഇത് വിൽപനക്ക് വെക്കുമായിരുന്നു. ബാക്കി യുണ്ടായിരുന്ന ഏകദേശം 300 കോപ്പികൾ ഞാൻ പിന്നീട് ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സയിന്റിഫിക് ഹെറിറ്റേജിന്, 2000 ൽ ട്രസ്റ്റ് രെജിസ്റ്റർ ചെയ്തതിനുശേഷം സംഭാവന ചെയ്തു. എന്റെ ഈ പുസ്തകം കണ്ട പ്പോൾ ആർ ആറെല്ലിലെ എന്റെ പ്രോജക്റ്റ് ലീഡറായിരുന്ന ഡോ. അറുമുഖം പറഞ്ഞു "ഇതേ പോലെയുള്ള കാര്യത്തിന് സമയം വേസ്റ്റ് ചെയ്യുന്നതിനു പകരം ലാബറട്ടറിയിൽ കുറേകൂടി വർക്കു ചെയ്തിരു ന്നെങ്കിൽ എത്ര റിസൾട്ടുണ്ടാകുമായിരുന്നു." പ്രതീക്ഷിച്ച വരികളായി രുന്നതിനാൽ ഒരു വികാരവും തോന്നിയില്ല.

**ലാബറട്ടറിയിൽ അസ്വസ്ഥത വ്യാപിക്കുന്നു.**

ആർ ആർ എല്ലിൽ നിരന്തരം ചെറുതും വലുതുമായ പ്രശ്ന ങ്ങൾ തുടങ്ങിയത് 1992 നു ശേഷമായിരുന്നു. ഡയറക്ടറുടെ പെരു മാറ്റം ഇഷ്ടപെടാത്തവർ ശക്തമായി പ്രതിഷേധിക്കാനും, പോസ്റ്ററുക ളൊട്ടിക്കാനും പേരുവെക്കാത്ത കത്തുകൾ പ്രചരിപ്പിക്കാനും തുടങ്ങി. ഡയറക്ടറുടെ ചിന്താധാരയിലും രാഷ്ട്രീയ വീക്ഷണത്തിലുംപെട്ടവർ തന്നെയായിരുന്നു ഡയറക്ടർക്കെതിരെ തിരിഞ്ഞത്. കാലചക്രം തിരി യുമ്പോൾ എല്ലാം മാറിമറിക്കപ്പെട്ടേക്കാം എന്ന വലിയ സന്ദേശം ഇവിടെ പ്രത്യക്ഷമായനുഭവപ്പെടുന്നു. സി എസ് ഐആറിൽ പൊതുവേ പതി വില്ലാത്ത മുദ്രാവാക്യം വിളിയും ഖോരാവോയും വരെ എത്തി. പല കത്തുകളും ഡൽഹിയിലുള്ള ഡയറക്ടർ ജനറലിന്റേയും കേന്ദ്രമന്ത്രി യുടേയും കൈയ്യിൽ വരെ എത്തിക്കൊണ്ടേയിരുന്നു. ഡയറക്ടറുടെ കൂടെ നിന്നവർ തുറന്ന് ഡയറക്ടർക്കനുകൂലമായും, അടക്കിപ്പിടിച്ച് ഡയറക്ടർക്കെതിരായും പ്രവർത്തിച്ചുകൊണ്ടേയിരുന്നവരും ഡയറ ക്ടർക്കെതിരായി. പിന്നെ കത്തുകളും ലേഖനങ്ങളും പത്രക്കുറിപ്പുകളും വാർത്തകളും എഴുതി, ടൈപ്പ് ചെയ്ത് കവറിലാക്കി എത്തിക്കേണ്ട സ്ഥലത്ത് എത്തിച്ചുകൊണ്ടേയിരുന്നു. അവരെ തന്നെ ഡയറക്ടർ ഏതു കാര്യത്തിനും, രഹസ്യസ്വഭാവമുള്ള കാര്യങ്ങൾ വരെ ചർച്ച ചെയ്യാനും ആശ്രയിച്ചുകൊണ്ടുമിരുന്നു. അതിനാൽ ഡയറക്ടറുടെ തീരുമാനങ്ങളും ചിന്തകളും മിനിറ്റുകൾക്കകം മറുവശത്തുള്ളവർക്കു ലഭിക്കുമായിരു ന്നു. ആർ ആർ എൽ എന്ന ഗവേഷണശാലയുടെ പവിത്രത നഷ്ടപ്പെ ട്ട അവസ്ഥയിലെത്തുകയായിരുന്നു.

പല കമ്മിറ്റികളിലും അംഗമായിരുന്ന എന്നെ എല്ലാ കമ്മിറ്റികളിൽ നിന്നും നീക്കം ചെയ്തിരുന്നു. എത്ര നന്മയുണ്ടെങ്കിലും അതംഗീക രിക്കാനുള്ള വിമുഖത ലാബറട്ടറിയിലെന്നും നിഴലിച്ചിരുന്നു. ആദ്യ



Scanned with CamScanner

മാദ്യം എനിക്ക് ദുഃഖം തോന്നിയിരുന്നുവെങ്കിലും പിന്നീടതൊരു പ്രശ്നമേ ആയി തോന്നിയില്ല. കർമ്മമണ്ഡലത്തിന്റെ ഭാഗമായിത്തന്നെ അവയൊക്കെ കാണാനും ഉൾക്കൊള്ളാനും സാധിച്ചു. ലാബിൽ നടക്കുന്ന എല്ലാ നന്മതിന്മകൾക്കും ഒരു സാക്ഷിഭാവത്തിൽ ഞാൻ നിലകൊണ്ടു തുടങ്ങി. കാനഡയിലേക്കു പോകുന്നതിനുമുമ്പ് ഏതു ഗവേഷണമണ്ഡലത്തിലാണോ പ്രവർത്തിച്ചിരുന്നത് അതു തുടരുകയും ചെയ്തു. എങ്കിലും എല്ലായിടത്തു നിന്നും ഒറ്റപ്പെടുത്തുന്ന തോന്നൽ കലശലായി അനുഭവപ്പെട്ടുകൊണ്ടിരുന്നു. കുറേ ഗവേഷണപ്രസിദ്ധീകരണങ്ങൾ, പേറ്റന്റുകൾ, ലേഖനങ്ങൾ എല്ലാം നിരന്തരം പ്രസിദ്ധീകരിച്ചുകൊണ്ടേയിരുന്നുവെങ്കിലും അതൊന്നും ശോഭിക്കുന്നില്ലായിരുന്നു. ലാബറട്ടറിക്കകത്ത് അംഗീകാരമൊന്നും ലഭിച്ചില്ലെങ്കിലും പുറത്ത് നല്ല അംഗീകാരം ലഭിച്ചുതുടങ്ങിയിരുന്നു. കാനഡയിലെ വിസിറ്റിങ് സയിന്റിസ്റ്റ് എന്ന പദവിയും അമേരിക്കൻ പര്യടനവുമൊക്കെ സാധാരണ ജനങ്ങളിൽ എന്നോടുള്ള സ്വീകാര്യത പതിന്മടങ്ങു വർധിപ്പിച്ചു. പുറമേ അറിയപ്പെടുന്ന വ്യക്തിയായിക്കൊണ്ടിരുന്നു എന്നത്, ലാബറട്ടറി സമയവും പൊതുപ്രവർത്തനത്തിനായി വിനിയോഗിക്കുന്നു എന്നാരോപണത്തിന് കാരണമായി. യുവശാസ്ത്രജ്ഞന്മാരായി പ്രശോഭിച്ചിരുന്ന ചിലരുടെ കാന്റീൻ ചർച്ചകളിലെ വ്യംഗ്യാർത്ഥത്തിലുള്ള പദപ്രയോഗങ്ങളെല്ലാം എന്റെ ഈ കർമ്മത്തെ ലക്ഷ്യമാക്കിയുള്ളതായിരുന്നു.

**എന്നിട്ടും എനിക്ക് പ്രമോഷൻ ലഭിച്ചു**

തികച്ചും പ്രതികൂലമായ കാലത്തിൽ പോലും ഒരു നല്ല ഗവേഷകന്റെ എല്ലാ കഴിവുകളും സാധിക്കുന്നിടത്തോളം പ്രദർശിപ്പിച്ച് കോൺഫിഡൻഷ്യൽ റിപ്പോർട്ടുകൾ പലതും വളരെ മോശമായിരുന്നിട്ടും പിന്നീടുള്ള ഒരു ഇന്റർവ്യൂവിന് കമ്മിറ്റിയുടെ ശക്തമായ ശുപാർശ കൊണ്ട് ഡയറക്ടർ എതിർത്തിട്ടും 1997 ഡിസംബർ 22 ന് നടന്ന ഇന്റർവ്യൂവിൽ, പ്രൊമോഷൻ ലഭിച്ചു. ഇന്റർവ്യൂ കമ്മിറ്റിയംഗങ്ങൾ ചോദിച്ച ചോദ്യങ്ങൾക്ക് ഞാൻ നൽകിയ മറുപടിയെല്ലാം തെറ്റാണെന്ന് ഡയറക്ടർ ഡോ. എ.ഡി. ദാമോദരൻ കമ്മിറ്റിയിൽ അവഹേളിക്കുന്നതുപോലെ സംസാരിച്ചു. കാനഡയിൽ ചെയ്ത ഗവേഷണങ്ങളൊന്നും ഈ അസസ്മെന്റ് ഇൻർവ്യൂവിൽ അവതരിപ്പിക്കരുതെന്നും മുന്നിറിയിപ്പു നൽകി. ഇന്റർവ്യൂവിൽ സഹപ്രവർത്തകനെ തളർത്താൻ ഈ ഡയറക്ടർ ശ്രമിച്ചുകൊണ്ടേയിരുന്നു എന്ന് ഞാൻ ജീവചരിത്രത്തിലെഴുതിയില്ലെങ്കിൽ, ഈ പുസ്തകത്തിന് ഞാൻ കൊടുത്ത പേര് 'എന്റെ ജീവിതാനുഭവങ്ങൾ' എന്നത് അന്വർത്ഥമാകില്ല.



Scanned with CamScanner

### ജീവിതത്തിൽ മറക്കാൻ സാധിക്കാത്ത വേദന

ഞാൻ കുറെ വേദനിച്ചിട്ടുണ്ട്, എങ്കിലും പരാജയപ്പെടാൻ നിന്നു കൊടുത്തിട്ടില്ല. സി എസ് ഐ ആറിലെ ഒരു ശാസ്ത്രജ്ഞനും അനുഭവിക്കേണ്ടി വരാത്തത് എനിക്ക് അനുഭവിക്കേണ്ടി വന്നിട്ടുണ്ട്. എന്നെക്കാൾ എത്രയോ താഴെയുള്ളവരെല്ലാം ഉയർന്നു പോകുന്നുണ്ടായിരുന്നു. കുറേ പേറ്റന്റുകളും, പ്രസിദ്ധീകരിണങ്ങളും, അര ഡസൻ അവാർഡുകളും, സെമിനാർ പ്രബന്ധങ്ങളും, സാങ്കേതിവിദ്യകളും, സ്വന്തമായി പ്രോജക്റ്റും, മൂന്നു പോസ്റ്റുഗ്രാജ്വേഷൻ ഡിഗ്രിയും, പിഎച്ച്.ഡിയുമുണ്ടായിരുന്ന എനിക്ക് പിന്നീടു നടന്ന ഇന്റർവ്യൂവിൽ പ്രൊമോഷൻ തരാൻ (പിന്നീട് വന്ന ഡയറക്ടർമാരെ കൊണ്ടുപോലും) അനുവദിച്ചില്ല എന്നത് നിസ്സംഗനായിട്ടാണെങ്കിലും തത്വശാസ്ത്രത്തിന്റെ സ്പിരിറ്റോടു കൂടി ഞാനെഴുതുന്നു. ഇതെഴുതിയത് ലാഭനഷ്ടങ്ങളുടെ കണക്കുകൾ വെച്ചുകൊണ്ടേയല്ല. മറിച്ച് പരമമായ സത്യാന്വേഷണമാണ് ശാസ്ത്രമെങ്കിൽ അതന്വേഷിക്കുന്നവരിൽ പലരും പലതരത്തിൽ ശാസ്ത്രജ്ഞനെന്ന പദത്തേയും പദവിയേയും വ്യഭിചരിക്കുന്നവരാണ് എന്നറിയിക്കാനാണ്. സി എസ് ഐ ആറിന്റെ 40 ലാബറട്ടറികളിൽ ഒന്നിൽ പോലും മൂന്നു പോസ്റ്റു ഗ്രേജ്വേറ്റ് ഡിഗ്രിയും, പി. എച്ച്. ഡിയും, ഡിലിറ്റും ഉള്ളവരുണ്ടാകാനിടയില്ല. ഇത്രയും ഗവേഷണ പ്രബന്ധങ്ങളും ആറ് അവാർഡുകളും കനേഡിയൻ ഗവൺമെന്റിന്റെ അഭിമാനാർഹമായ ഫെല്ലോഷിപ്പും കേന്ദ്രസർക്കാറിന്റെ ഫെല്ലോഷിപ്പുമുള്ള ഒരു ശാസ്ത്രജ്ഞൻ ഇത്രക്കും തഴയപ്പെട്ടിട്ടുണ്ടാകില്ല. നമ്മളാരാണെന്ന് ലോകത്തെ ബോധ്യപ്പെടുത്താൻ ലോകത്തിലെത്രയോ പന്ഥാവുകളുണ്ട് അതിൽ നല്ലതു സ്വീകരിക്കണം എന്നുറച്ച് ഞാനെന്റെ കർമ്മമണ്ഡലം ലാബറട്ടറിക്കു പുറത്തേക്ക് വികസിപ്പിക്കാൻ ഒരുപക്ഷേ ഇതൊരനുഗ്രഹമായിത്തീർന്നു.

### എന്റെ മാതാപിതാക്കളുടെ മരണം

കാനഡയിൽ നിന്നു വന്നതിനുശേഷം തൃപ്പൂണിത്തുറയിലെ വീട്ടിലേക്ക് പോകുക എന്നത് ജീവിതത്തിന്റെ ഭാഗമായിരുന്നു. മാതാപിതാക്കൾ അസാധാരണമായി ക്ഷീണിച്ചിരുന്നു. അച്ഛന്റെയും അമ്മയുടെയും ഓരോ ദർശനം കഴിയുമ്പോഴും ഞാൻ ചിന്തിക്കും ഇനി എത്രകാലം ഇവർ നമ്മുടെ കൂടെയുണ്ടാകും ഈശ്വരാ എന്ന്. അച്ഛന്റെ ശതാഭിഷേകം കഴിഞ്ഞിരുന്നു. അമ്മയും സാമാന്യമായി കിടപ്പിലായി. അച്ഛന്റെ നിഴലായി അമ്മ ജീവിച്ചിരുന്നു. മാനസീകവും, ശാരീരികവുമായ പല പ്രശ്നങ്ങളും അനുഭവിച്ച അമ്മ 1994 മധ്യത്തോടെ തളർന്നിരുന്നു. സ്വയം ഭക്ഷണം പാകം ചെയ്യാനും നടക്കാനും സാധിക്കാത്ത അവസ്ഥയാ



Scanned with CamScanner

യി. മാതാപിതാക്കൾ മക്കളെ ആശ്രയിച്ചുതുടങ്ങി. എന്റെ രണ്ടു ജ്യേഷ്ഠന്മാരുടെ കുടുംബവും അനുജന്റെ കുടുംബവും മാതാപിതാക്കളെ പരിപാലിച്ചുകൊണ്ടിരുന്നു. ഞാൻ തിരുവനന്തപുരത്തായതിനാൽ അതിനു സാധിച്ചില്ല. 1994 വർഷാരംഭത്തോടെ തികച്ചും തളർന്നു ശോഷിച്ചവശയായ അമ്മയെ ആശുപത്രിയിൽ പ്രവേശിപ്പിച്ചു. ഒരാഴ്ചത്തെ ആശുപത്രി വാസത്തിൽ ഞങ്ങൾ മക്കൾ ഡോക്ടറോടു പറഞ്ഞു "അമ്മയുടെ ആയുസ്സു നീട്ടിക്കിട്ടാൻ സാധിക്കില്ലെങ്കിൽ വേദനിക്കാതിരിക്കാനും ശ്വാസതടസ്സമുണ്ടാകാതിരിക്കാനും ആവശ്യമായ മരുന്നുകൾ മാത്രം നൽകിയാൽ മതി. ഇനിയും ആശുപത്രിയിൽ കിടത്തി നരകിപ്പിക്കേണ്ട ആവശ്യമില്ലല്ലോ." പൂർണമനസ്സോടെ ഡോക്ടർമാർ സമ്മതിച്ചു. അമ്മയ്ക്ക് വീട്ടിൽ പരിചരണം നൽകി മാർച്ച് മാസമാദ്യത്തിൽ അനങ്ങാൻ പോലും സാധിക്കാതെ അമ്മ കിടപ്പിലായി. ഞാൻ ഇടക്കിടക്ക് വീട്ടിലേക്കു പോകുമായിരുന്നു. എന്റെ ഹൃദയം മന്ത്രിച്ചു കൊണ്ടിരുന്നു. അമ്മ ഇനി കൂടുതൽ ദിവസങ്ങൾ നമ്മുടെ കൂടെയുണ്ടാകില്ല. കഴിയുന്നത്രയും പരിചരിക്കണം. എത്ര പ്രാവശ്യം അമ്മയുടെ അടുത്തു വരാൻ സാധിക്കുമോ അത്രയും പ്രാവശ്യം ഞാനെത്തിയിട്ടുണ്ട്. ഞാനമ്മയെ അടുത്തിരുന്നു തലോടിക്കൊണ്ടേയിരുന്നു. (1995) മാർച്ച് മധ്യത്തോടെ സംസാരിക്കാൻ സാധിക്കാത്ത വിധത്തിൽ അമ്മ തളർന്നിരുന്നു. അമ്മയുടെ അടുത്ത് ഒരു കാസറ്റു പ്ലേയർ വെച്ച് ഞാൻ ഭഗവദ്ഗീത കേൾപ്പിക്കാൻ വേണ്ടതെല്ലാം ചെയ്തുകൊണ്ടേയിരുന്നു. ഞാൻ ഇടക്ക് തിരുവനന്തപുരത്ത് നിന്ന് വന്ന് സാധിക്കുന്നത്രയും കാര്യങ്ങൾ ചെയ്തു എന്നു മാത്രം. ജ്യേഷ്ഠാനുജന്മാരാണ് അച്ഛനമ്മമാരെ പരിചരിക്കുന്നത്. അമ്മ അന്ത്യദിനത്തോടടുത്തപ്പോഴെല്ലാം അമ്മ അന്ത്യയാത്രയാകുകയാണെന്നോർത്തുകൊണ്ടിരുന്നു. എല്ലാവരോടും ഞാൻ പറഞ്ഞു "കഴിയുന്നത്രയും സമയം മാറിമാറിയെങ്കിലും നമ്മൾ അമ്മയുടെ അടുത്തുണ്ടാകണം. ഏതു നിമിഷമാണ് അമ്മ യത്രയാകുന്നതെന്നറിഞ്ഞുകൂടാ".

മാർച്ച് 25-ാം തീയതി അമ്മയുടെ നില അതീവ ഗുരുതരമായി ഞാൻ തലോടിക്കൊണ്ടേയിരുന്നു. അമ്മ കേൾക്കുമാറ് നാമം ജപിച്ചു കൊണ്ടുമിരുന്നു. എന്റെ സഹോദരന്മാരെ വീണ്ടും വീണ്ടും ഞാൻ അറിയിച്ചു, എല്ലാവരുമുണ്ടാകണം ഏതു നിമിഷവും അമ്മ മരിക്കും. അൽപസമയത്തിനുള്ളിൽ അമ്മ എന്നോട് കൈയുയർത്തി കാണിച്ചു. 'ഞാൻ പോകുകയാണ്' ആ ആംഗ്യഭാഷ എനിക്കാദ്യം മനസ്സിലായില്ല. എങ്കിലും നിരന്തരം ഗംഗാജലം വായിൽ കൊടുത്തുകൊണ്ടിരുന്നു. ഞാനുറക്കെ നാമവും ജപിച്ചു. അമ്മയുടെ കാൽ തൊട്ടു നമസ്കരിച്ചു,

കെട്ടിപിടിച്ചു കരഞ്ഞു. അമ്മയുടെ കൈ താഴെ വീണു, ഞാൻ തലോടിക്കൊണ്ടേയിരുന്നു. അമ്മ മെല്ലെ കണ്ണടച്ചു. എന്റെ അമ്മ എന്നേന്നക്കുമായി യാത്ര പറഞ്ഞു. അമ്മ എന്നെ വിളിച്ചിരുന്നത് 'ബാലകൃഷ്ണാ' എന്നാണ്. ആ മുറിയിൽ അമ്മയുടെ വിളി കേൾക്കുന്നതായി എനിക്കു തോന്നി. ഇന്നും ചെവിയിൽ അതു കേൾക്കുന്നു. ശാന്ത സ്വരത്തിൽ മുഴങ്ങുന്നു, എന്റെ അമ്മ മരിച്ചു. അങ്ങകലെ തിരുവനന്തപുരത്തു ജീവിക്കുന്ന എനിക്ക് അമ്മയുടെ അന്ത്യശ്വാസ സമയത്ത് അവരെ തലോടിക്കൊണ്ട് ഇരിക്കാനും ആശ്വസിപ്പിക്കാനും ഗംഗാജലം വായിലൊഴിച്ചു കൊടുക്കാനും സാധിച്ചു എന്ന കൃതാർത്ഥതയുടെ അവസാനത്തെ ബിന്ദുവിലായിരുന്നു ഞാൻ. എന്നും എന്റെ പ്രഭാഷണങ്ങളിൽ ഞാൻ പറയാറുണ്ട് "പും നാമനരകാത് ത്രായതെ ഇതി പുത്രഃ" ജീവനുള്ള അവസ്ഥയിൽ നിന്ന് ജീവനില്ലാത്ത അവസ്ഥയിലേക്ക് കടക്കുന്ന ജംഗ്ഷനായ മരണസമയത്ത് അക്കരെക്ക് കടത്തിവിടുന്നവനാരാണോ അവനാണ് പുത്രൻ എന്ന്. എനിക്കും അതു സാധിച്ചു. കഴിഞ്ഞ ജന്മത്തേയും ഈ ജന്മത്തേയും പുണ്യം.

മരിക്കുന്നതിന് മൂന്നു മണിക്കൂർ മുമ്പ് അച്ഛനെ അമ്മ അടുത്തു വിളിച്ചു വരുത്തിയിരുന്നു. മരണത്തെ കണ്ടുപരിചയമുള്ള അച്ഛൻ അമ്മ പറയുന്നത് കേട്ട് നിറകണ്ണുകളോടെ തിരിച്ചു വന്നു. രണ്ടു ദിവസം മുമ്പ് അമ്മ അച്ഛനോടെന്തോ സംസാരിച്ചിരുന്നു, എന്താണെന്നച്ഛനോട് ഞാൻ ചോദിച്ചപ്പോൾ "ഒരു ഭാര്യയുടെ അവസാന വാക്കുകളാണ് എന്നു മാത്രം അറിഞ്ഞാൽ മതിയെന്നു" പറഞ്ഞു. മക്കൾക്കും ഭർത്താവിനും വേണ്ടി മാത്രം ജീവിച്ച എന്റെയമ്മ യാത്രയായി. മക്കളെല്ലാമെത്തിയിരുന്നു, അന്ത്യ യാത്രക്കായി ചിത കൂട്ടി അന്ത്യകർമ്മങ്ങളെല്ലാം ചെയ്തു. എല്ലാ ദിവസവും ചെയ്യാനുള്ള കർമ്മങ്ങളുണ്ടായിരുന്നതെല്ലാം യഥാവിധി കഴിച്ച് ഏപ്രിൽ 9-ാം തീയതി ഞാൻ തിരുവനന്തപുരത്തേക്ക് മടങ്ങി.

മനസ്സ് അമ്മയിൽ നിന്നു മാറുന്നില്ലായിരുന്നു. ഒന്നുമില്ലാത്തതിൽ നിന്ന് ആറു മക്കളെ വളർത്തിയ അമ്മയെക്കുറിച്ചോർത്ത് ദിവസങ്ങൾ കഴിഞ്ഞു.

### പിതാവും വിട്ടു പിരിയുന്നു

അമ്മയുടെ അന്ത്യകർമ്മങ്ങൾ കഴിഞ്ഞതോടെ അച്ഛൻ തളർന്നിരുന്നു. അച്ഛൻ തകർന്നിരുന്നു എന്നതായിരിന്നു ശരി. ഏപ്രിൽ അന്ത്യത്തോടെ-(അമ്മയുടെ മരണം കഴിഞ്ഞ് ഒരു മാസത്തിനുള്ളിൽ) അച്ഛൻ കിടപ്പിലായി. നടക്കാൻ ബുദ്ധിമുട്ടനുഭവപ്പെട്ടു തുടങ്ങിയിരുന്നു. ഒരു ദിവസം രാത്രി കട്ടിലിൽ നിന്നു വീഴുകയും പല ദുഃസ്വപ്നങ്ങളും കണ്ട് രാത്രി ഉറക്കെ നിലവിളിക്കുകയും ചെയ്തു. വല്ലാതെ ഭയപ്പെടുന്നുമു



Scanned with CamScanner

ണ്ടായിരുന്നു. ഇതെല്ലാം അച്ഛനെ ശാരീരികമായും മാനസീകമായും തളർത്തിയിരുന്നു. മേയ് ആദ്യവാരത്തിൽ, രാവിലെ അച്ഛൻ എഴുന്നേറ്റില്ലല്ലോ എന്നു നോക്കാൻ ചെന്നപ്പോൾ കട്ടിലിൽ നിന്ന് വീണ് പരവേശത്തോടെ എന്തെല്ലാമോ നിലത്തു കിടന്നു ചെയ്യുന്നുണ്ടായിരുന്നു. എനിക്ക് സന്ദേശം ലഭിച്ച ഉടനെ ഞാനും തൃപ്പൂണിത്തുറക്കുപോയി. ആശുപത്രിയിൽ പ്രവേശിപ്പിച്ചിരുന്ന അച്ഛന് ബ്രെയിൻ ഹെമറേജ് ആണുണ്ടായത് എന്ന് ഡോക്ടർ പറഞ്ഞു. ഏകദേശം ഒരാഴ്ചയോളം കാര്യമായ ഒരു മാറ്റവുമില്ലാതെ ചികിത്സ തുടർന്നു. അച്ഛന്റെ ചെറുപ്പകാലത്തു നടന്ന കാര്യങ്ങളെല്ലാം ഓർമ്മിച്ചുകൊണ്ട് ഒരു തുടർക്കഥ പോലെ അച്ഛൻ സംസാരിച്ചുകൊണ്ടേയിരുന്നു. വിമാനത്തിലെ ബ്ലാക്ക് ബോക്സിൽ വിമാനത്തിൽ നടക്കുന്നതെല്ലാം, റെക്കോഡു ചെയ്തു വെക്കുമെന്നു കേട്ടിട്ടുണ്ട്. അതുപോലെ അച്ഛന്റെ മസ്തിഷ്കത്തിൽ വളരെ വ്യക്തതയോടെ റെക്കോഡു ചെയ്തു വെച്ചിരിക്കുന്നതെല്ലാം ഒരു തെറ്റുമില്ലാതെ അച്ഛൻ പറയുന്നതു കേട്ടപ്പോൾ മനുഷ്യമസ്തിഷ്കത്തിന്റെ അപാരതയോർത്തിരിക്കാറുണ്ടായിരുന്നു. പഴമയെല്ലാം അബോധാവസ്ഥയിലല്ലെങ്കിലും നിയന്ത്രണമില്ലാതെ പറഞ്ഞു കൊണ്ടിരിക്കുന്നതിനിടക്കും എല്ലാ ചോദ്യങ്ങൾക്കകം അച്ഛൻ മറുപടി നൽകുമായിരുന്നു. തലച്ചോറിൽ രക്തം കട്ടപിടിച്ചിരിക്കുന്നത് ഓപ്പറേഷനിലൂടെ നീക്കാൻ ബുദ്ധിമുട്ടാണെന്ന് ഡോക്ടർമാർ പറയുകയും ചെയ്തു.

അച്ഛന്റെ ശരീരത്തിനു വേദനയില്ല, വിശപ്പില്ല, ഓർമ്മയില്ല. ചിരിച്ച മുഖവും തുടർച്ചയായ സംസാരവും. ഇഞ്ചക്ഷനെടുത്താൽ 'അയ്യോ' എന്നു മാത്രം പറയും. സംസാരിക്കുന്നതോടൊപ്പം പല ആംഗ്യങ്ങളും നടക്കാനുള്ള വെമ്പലും എല്ലാം പ്രകടമായിരുന്നു. ആഴ്ചയൊന്നു കഴിഞ്ഞപ്പോൾ ചിരപരിചിതനായ ഡോക്ടറോടു ചോദിച്ചു. "അച്ഛന് ഇതിൽ നിന്ന് മോചനം നേടാൻ സാധിക്കുമോ?" "സാധിക്കാവുന്ന വഴികളെല്ലാം നോക്കി ഇനി ബുദ്ധിമുട്ടാണ്. തലച്ചോറിൽ രക്തം കട്ടപിടിച്ചിരിക്കുന്നു. ഓപ്പറേഷൻ ചെയ്യാവുന്ന അവസ്ഥയിലല്ല. വീട്ടിൽ പോയി പരിചരിച്ചാൽ മതിയാകും." ഡോക്ടർ പറഞ്ഞു.

ഞങ്ങൾ ഏകാഭിപ്രായക്കാരായിരുന്നതിനാൽ മറ്റൊന്നും ചിന്തിക്കാതെ അച്ഛനെ വീട്ടിൽ കൊണ്ടു വന്നു. ഞങ്ങൾ മക്കൾ ഓരോരുത്തരായി മാറിമാറി പരിചരിച്ചുകൊണ്ടിരുന്നു. നിരന്തരം കട്ടിലിൽ കിടന്നുരുളുമായിരുന്നതിനാലും, രാത്രി ഉറക്കമില്ലാത്തതിനാലും, ഓർമ്മയില്ലാത്തതിനാലും ദുഃഖവും സുഖവുമില്ലാത്തതിനാലുമുള്ള അവസ്ഥ കാരണം ഓരോ നിമിഷവും ആരെങ്കിലും അച്ഛനെ ശ്രദ്ധിച്ചുകൊണ്ടേയിരിക്കണം.



Scanned with CamScanner

ഞാൻ എന്റെ ജാതകത്തിൽ സ്വയം കണ്ടിട്ടുണ്ട് എന്റെ അഷ്ടമാധിപതിയും, ഒമ്പതാം ഭാവാധിപതിയും ഒന്നുതന്നെയാണ്. അതുകൊണ്ട് മേയ് മാസം അവസാനത്തിൽ എന്റെ ജന്മനക്ഷത്രമായ എടവമാസത്തിലെ തിരുവോണത്തിന് അച്ഛൻ ഇഹലോകവാസം വെടിയാൻ സാധ്യതയുണ്ട്. ഈ വിവരം ഞാൻ സഹോദരന്മാരോടു പറഞ്ഞു. അവരതു കാര്യമാക്കിയതുമില്ല. എന്റെ ജന്മദിനം തൃപ്പൂണിത്തുറ യിൽ ഞങ്ങളാഘോഷിക്കാറില്ല. പതിവില്ലാത്ത വിധം അന്ന് എന്റെ ജന്മദിനം ആചരിച്ചു. ഉച്ചക്ക് അച്ഛൻ നല്ലവണ്ണം ഭക്ഷണവും കഴിച്ചു. തലേദിവസം രാത്രി മുഴുവനും ഞാൻ അച്ഛന്റെ കൂടെ ഉറങ്ങാതെ കിടന്നിരുന്നു. അതുകൊണ്ടുതന്നെ നല്ല ഉറക്കം വരുന്നുണ്ടായിരുന്നെങ്കിലും 'ഇന്നച്ഛൻ മരിക്കും' എന്നെന്റെ മനസ്സ് നിരന്തരം ഓർമ്മിപ്പിച്ചുകൊണ്ടേയിരുന്നു. അച്ഛനെ ദിവസവും പരിചരിക്കാനായി ആരെയെങ്കിലും ഏർപ്പാടു ചെയ്യണം എന്ന് ഞങ്ങൾ സഹോദരന്മാർ തമ്മിൽ ചർച്ചയും നടക്കുന്നുണ്ടായിരുന്നു. ഉച്ചക്കുശേഷം, ബാത്ത് റൂമിൽ പോകണമെന്നു പറഞ്ഞ്, ഞങ്ങൾ മൂന്നുപേരും താങ്ങിപിടിച്ച് ബാത്ത് റൂമിൽ പോയി, പുറത്തു വന്ന അച്ഛൻ ഞങ്ങളുടെ കൈയിൽ പിടിച്ചു നിന്ന്, ഇരുന്ന്, ചെരിഞ്ഞ്, കിടന്നു മരിച്ചു. എന്റെ ജന്മദിനത്തിൽ എന്റെ പിതാവ് എന്നന്നേക്കുമായി 1995 മേയ് 20 ന് അന്ത്യയാത്രയായി. ആരേയും വിഷമിപ്പിക്കാതെ, പരിചരിക്കാനാരേയും ഏൽപിക്കേണ്ടിവരാതെ മാർച്ച് 25 ന് അമ്മയും മേയ് 20 ന് അച്ഛനും ഇഹലോകവാസം വെടിഞ്ഞു.

കാനഡയിൽ നിന്നു വന്ന ഉടനെ അച്ഛനെ സാഷ്ടാംഗം നമസ്കരിച്ച വേളിയിൽ എന്നെ അടുത്തിരുത്തി കൈയ് എന്റെ തലയിൽ വെച്ച് അച്ഛൻ പറഞ്ഞിരുന്നു. ഞാനിനി "കൂടുതൽ കാലം ഇവിടെയില്ല. പോകാറായി എനിക്ക് നിന്നോട് ഒരു കാര്യം പറയാനുണ്ട്. നിന്നെ എഴുത്തിനിരുത്തിയ ദിവസം പുരോഹിതൻ പറഞ്ഞു, നിനക്കുള്ളത് നല്ല നാവാണ്. പറഞ്ഞാലും പഠിപ്പിച്ചാലും എല്ലാവർക്കും മനസ്സിലാകും. പഠിപ്പിക്കാനറിയാവുന്നവനായി നീ വളരും. നീ ഇവിടെ ബി.എസ്സിക്കാർക്ക് കെമിസ്ട്രി ട്യൂഷൻ എടുക്കുമ്പോൾ രണ്ടാം ക്ലാസു മാത്രം പഠിച്ച എനിക്കും അതു മനസ്സിലാകുന്നുണ്ടായിരുന്നു. നീ പഠിപ്പിക്കുന്നതു കേൾക്കാൻ എനിക്കിഷ്ടമാണ്. നീ പഠിച്ചതൊക്കെ മറ്റുള്ളവരേയും പഠിപ്പിക്കണം. എല്ലാവരേയും പഠിപ്പിക്കണം. നിന്റെയച്ഛൻ ആകാശത്തിരുന്നു, നീ പഠിപ്പിക്കുന്നതൊക്കെ കേൾക്കുന്നുണ്ടാകും." നിറഞ്ഞ കണ്ണുകളോടെ മരണത്തിന് ഏതാനും ദിവസങ്ങൾക്കു മുമ്പും അച്ഛനിതാവർത്തിച്ചിരുന്നു. അച്ഛന്റെ കാൽ നഖം വെട്ടിക്കൊണ്ടിരുന്നപ്പോൾ എന്റെ തലയിൽ കൈവെച്ചുകൊണ്ടാണ് അച്ഛനിതാവർത്തിച്ചത്! നീണ്ടു



Scanned with CamScanner

നിവർന്നു മരിച്ചു കിടക്കുന്ന അച്ഛന്റെ ശരീരം മനസ്സിൽ മായാതെ മറയാതെ നിൽക്കുന്നു. രാത്രി വളരെ വൈകുന്നതിനു മുമ്പ് അച്ഛന്റെ ശരീരം ഭസ്മമായി, എന്റെ അച്ഛൻ ഓർമ്മകൾ മാത്രമായി.

പത്തു ദിവസങ്ങൾ ഞങ്ങൾ ശ്രദ്ധയോടെ ആചരിച്ചു. രാമേശ്വരത്തു പോയി അന്ത്യകർമ്മങ്ങളെല്ലാം അനുഷ്ഠിച്ചു. ജീവിതയാത്രയിൽ ശരീരം തന്ന രണ്ടു പേരും എന്നെ വിട്ടുപിരിഞ്ഞു. ജനനം പോലെ മരണവും ജീവിതത്തിന്റെ ഭാഗമെന്ന് പുരാണവൈരാഗ്യം എന്ന തത്വശാസ്ത്രം പഠിപ്പിക്കുന്നു. അതുകൊണ്ട് ഭഗവദ്ഗീതയിൽ പറഞ്ഞിരിക്കുന്നതുപോലെ ജനിച്ചവന് മരണം നിശ്ചയമാണ്. അതിൽ ദുഃഖിച്ചിട്ടു കാര്യമില്ല. സ്വധർമ്മമനുഷ്ഠിക്കുക ഞാൻ എന്റെ ധർമ്മത്തിലേക്കു വീണ്ടും പ്രവേശിച്ചു.

## സംസ്കൃതത്തിലൊരു പിഎച്ച്.ഡി

സംസ്കൃതത്തിലേയും പൈതൃകത്തിലേയും വിഷയങ്ങൾ ജനങ്ങളിലെത്തിക്കുമ്പോൾ ജനങ്ങളിലുണ്ടാകുന്ന താൽപര്യം അത്യത്ഭുതകരമായിരുന്നു. ആ വിവരണങ്ങളെല്ലാം ചേർത്ത് ഭാരതീയ വിചാരധാരയെന്ന സംക്ഷിപ്തമായ പുസ്തകം പ്രസിദ്ധീകരിച്ചതിനും നല്ല പ്രതികരണമായിരുന്നു. അതുപോലൊരു ഗ്രന്ഥം ഭാരത ശാസ്ത്ര സാങ്കേതിക പൈതൃകത്തെക്കുറിച്ച് പ്രസിദ്ധീകരിക്കണമെന്ന് തോന്നി. കാനഡയിൽ നിന്ന് വന്ന ഉടനെ അതിനുള്ള ശ്രമവുമാരംഭിച്ചു. ഈ ശ്രമത്തിനിടക്കാണ് മനസ്സിൽ പുതിയൊരാശയം ഉദിച്ചത്. ശാസ്ത്ര സാങ്കേതിക പൈതൃകത്തെക്കുറിച്ച് ഒരു പിഎച്ച്.ഡി, കാലടിയിലെ ശ്രീ ശങ്കരാചാര്യ യൂണിവേഴ്സിറ്റിയിൽ നിന്നെടുക്കണം. അതിലൂടെ അടുക്കും ചിട്ടയുമുള്ള ഒരു തീസീസുമുണ്ടാകും, അതു പുസ്തകമാക്കുകയും ചെയ്യാം, പിഎച്ച്.ഡിയും ലഭിക്കും. ഈ ആശയം തിരുവനന്തപുരത്തെ പ്രശസ്ത സംസ്കൃത പണ്ഡിതനായ ഡോ. വാസുദേവൻ പോറ്റിയുമായി ചർച്ച ചെയ്തു. വേണ്ടതെല്ലാം ചെയ്തുതരാമെന്ന് അദ്ദേഹവും സമ്മതിച്ചു. അദ്ദേഹം അന്ന്, ശ്രീശങ്കരായൂണിവേഴ്സിറ്റിയിലെ പ്രൊഫസർ, ആയിരുന്നതിനാൽ രെജിസ്ട്രേഷൻ കാര്യങ്ങൾക്കെല്ലാമായി തിരുവനന്തപുരത്തു താമസിക്കുന്ന അദ്ദേഹത്തിനെ ബന്ധപ്പെടുകയുമാകാം എന്നൊരു അനുഗ്രഹമുണ്ടാകുമെന്നും വിചാരിച്ചു.

1996 ജൂൺ 15 ന് എന്റെ ലാബറട്ടറിയിൽ നിന്നു അനുവാദം ലഭിച്ചു, ഡയറക്ടർ ഡോ. ദാമോദരൻ അനുവാദം നിരസിക്കാൻ സാദ്ധ്യതയുള്ളതുകൊണ്ട് ഡെപ്യൂട്ടി ഡയറക്ടറായിരുന്ന ഡോ. വിജയൻനായരുടെ അനുവാദത്തോടെയാണ് ഇപ്രകാരമൊരു പഠനശ്രമം ആരംഭിച്ചത്. ജൂൺ 24 ന് 25 രൂപയുടെ പോസ്റ്റൽ ഓർഡറും വെച്ച് കാലടിയി



Scanned with CamScanner

ലേക്ക് പിഎച്ച്.ഡി അപേക്ഷാ ഫോറത്തിനായി അപേക്ഷിച്ചു. അതിൽ പോസ്റ്റാഫീസ് എഴുതിയത് തെറ്റിപ്പോയി എന്നെഴുതി എല്ലാം തിരിച്ചുവന്നു. അങ്ങിനെ ആദ്യമേ കുഴപ്പത്തിലാണാരംഭിച്ചത്. പിന്നീട് ഞാൻ കാലടിയിൽ പോയി അപേക്ഷാ ഫോറം വാങ്ങി പൂരിപ്പിച്ച് രെജിസ്ട്രാർ നിർദ്ദേശിച്ചതനുസരിച്ച് ചെയ്തു. അതു കൊണ്ട് രെജിസ്ട്രേഷൻ എന്ന പ്രക്രിയയിൽ ആദ്യം തന്നെ പ്രശ്നമുണ്ടായപ്പോൾ എനിക്കു സംശയവും ഭയവുമുണ്ടായിരുന്നു. ഈ പരിപാടിയും കേരളാ യൂണിവേഴ്സിറ്റിയുടെ ഗതിയിലെത്തുമോ? കാലടിയിലാണ് രെജിസ്ട്രേഷനെങ്കിലും, തിരുവനന്തപുരത്തെ കേന്ദ്രത്തിലാണ് റിപ്പോർട്ട് ചെയ്യേണ്ടത്. 25 രൂപയുടെ പോസ്റ്റൽ ഓർഡർ വെച്ച് ജൂലൈ 23 ന് (1996) ഞാൻ അപേക്ഷ പൂർണരൂപത്തിൽ, ശ്രീ ശങ്കരാചാര്യ യൂണിവേഴ്സിറ്റിയുടെ തിരുവനന്തപുരം റീജിയണൽ സെന്ററിൽ സമർപ്പിച്ച്, തിരുവനന്തപുരത്തെ രെജിസ്ട്രേഷൻ നമ്പർ 7 ആയി അന്നു തന്നെ എന്റെ രെജ്സ്ട്രേഷൻ സ്ഥിരീകരിക്കുകയും ചെയ്തു. രെജിസ്ട്രേഷൻ കിട്ടിയതിൽ സന്തോഷമൊന്നും തോന്നിയില്ല കാരണം ശ്രീശങ്കരാചാര്യ യൂണിവേഴ്സിറ്റിയും കേരളത്തിലാണെന്നതുകൊണ്ടും അതിലുള്ളതത്രയും ശുദ്ധ രാഷ്ട്രീയക്കാരുമാണെന്നതുകൊണ്ടു തന്നെ.

പ്രൊഫ. വാസുദേവൻ പോറ്റിയുടെ ഗൈഡന്റ്സ് വെക്കുന്നതാണ് നല്ലതെന്ന് കാലടി ശങ്കരാചാര്യ യൂണിവേഴ്സിറ്റിയിലെ രെജിസ്ട്രാറെ നേരിട്ടു കണ്ടപ്പോൾ അദ്ദേഹം പറഞ്ഞു. എന്തിനും ഏതിനും പ്രശ്നമുണ്ടാകാൻ സാധ്യതയുള്ള ഒരു പ്രത്യേക യൂണിവേഴ്സിറ്റിയാണിതെന്ന് മലയാളമറിയാത്ത രെജിസ്ട്രാർ മുന്നറിയിപ്പു നൽകി. അതുകൊണ്ട് പോസ്റ്റ് ഗ്രാജ്വേഷൻ ഡിഗ്രിയോ പിഎച്ച്.ഡി. യോ ഉണ്ടെന്നു പറഞ്ഞിട്ടു കാര്യമില്ല. ഇവിടെ വല്ല പ്രശ്നവുമുണ്ടായാൽ അതു പരിഹരിക്കാൻ ഇവിടത്തെ ഒരു പ്രൊഫസർ ഗൈഡായി വരുന്നതാണുത്തമം എന്നായിരുന്നു അദ്ദേഹത്തിന്റെ നിർദ്ദേശം. ആ നിർദേശപ്രകാരമായിരുന്നു ഞാൻ എല്ലാം ചെയ്തത്. ഒരു പിഎച്ച്.ഡി ഉണ്ടായിരുന്നതുകൊണ്ട് മറ്റൊരു പിഎച്ച്.ഡി ക്ക് ഗൈഡിന്റെ ആവശ്യമില്ലാ എന്ന നിയമമുണ്ടെന്ന് തോന്നുന്നുവെങ്കിലും എന്തെങ്കിലും പ്രശ്നങ്ങളുണ്ടായാൽ ഒരു ഗൈഡുണ്ടായിരിക്കുന്നത് നന്നായിരിക്കുമെന്ന് സൂചിപ്പിച്ചതനുസരിച്ച് 725 രൂപയും അടച്ച് കാലടിയിലെ രെജിസ്റ്ററിൽ എന്റെ അഡ്മിഷൻ നമ്പർ, 114 ആയി, പാർട്ട് ടൈം പഠന ഗവേഷണമാണ് ആരംഭിച്ചത്.

എല്ലാ മാസവും ലൈബ്രറി ഫീസും മറ്റെല്ലാ ഫീസും ക്രമത്തിൽ അടയ്ക്കുകയും യൂണിവേഴ്സിറ്റി അധികൃതരുമായി ബന്ധപ്പെടുകയും ചെയ്തുകൊണ്ടുമിരുന്നു. ഹൈദരാബാദിൽ ഗവേഷണം നട



Scanned with CamScanner

ത്തിക്കൊണ്ടിരുന്നപ്പോൾ കേരളായൂണിവേഴ്സിറ്റിയിൽ നിന്നുണ്ടായ അനുഭവം ആവർത്തിക്കാതിരിക്കാനായിരുന്നു, ഈ സ്ഥാപനത്തിലെ ജോയിന്റ് രെജിസ്ട്രാറും പ്രൊഫസറും, മറ്റു വിഭാഗത്തിൽ പെട്ടവരുമായി നിരന്തരം ബന്ധപ്പെട്ടുകൊണ്ടേയിരുന്നത്. ആഗസ്റ്റ് 27-ാം തീയതി (1997ൽ) പിഎച്ച്.ഡി. തീസിസിന്റെ പ്രിലിമിനറിയായി മൂന്നു കോപ്പികൾ വീതം അയക്കണമെന്ന ശങ്കരാചാര്യ യൂണിവേഴ്സിറ്റിയുടെ ഓർഡർ (A1/Ph.D/97) എനിക്കു ലഭിച്ചു. അതനുസരിച്ച് പ്രൊഫസറുടെ അനുവാദത്തോടെ പ്രിലിമിനറി തീസീസ് സമർപ്പിച്ചു. രെജിസ്ട്രാർ ഡോ. കെ.ജി. പൗലോസിന്റെ ഒപ്പുവെച്ചിട്ടുള്ളതായിരുന്നു ഈ ഓർഡർ.

എന്റെ രെജിസ്ട്രേഷന്റേയും അതുമായി ബന്ധപ്പെട്ട എല്ലാ വിവരങ്ങളുടേയും കത്തുകൾ യഥാസമയം തിരുവനന്തപുരം കേന്ദ്രത്തിൽ നിന്നും കാലടിയിലേക്ക് പോകുന്നുണ്ടെന്നും ഉറപ്പു വരുത്താനും ഞാൻ ശ്രമിച്ചിരുന്നു. തിരുവനന്തപുരം സെന്ററിലെ ശ്രീ ദിലീപ് എന്ന ഉദ്യോഗസ്ഥൻ വിവരങ്ങളെല്ലാം ശേഖരിച്ചു എനിക്ക് നൽകിയിരുന്നു. വേണ്ടതെല്ലാം ചെയ്യുവാനായി സഹായിച്ചുമിരുന്നു. 1998 ജൂൺ 27-ാം തീയതി എന്റെ എല്ലാ രെജിസ്ട്രേഷൻ വിവരങ്ങളും യൂണിവേഴ്സിറ്റിക്ക് അയച്ചിരുന്നതിന്റെ റെക്കോഡും ഞാൻ സൂക്ഷിച്ചിരുന്നു. അതിൽ രെജിസ്ട്രേഷന്റെ വിവരങ്ങളെല്ലാമുണ്ടായിരുന്നു. 1999 സെപ്റ്റംബർ 15 ന് മറ്റെല്ലാ വിവരങ്ങളും എല്ലാ രേഖകളോടും കൂടി വീണ്ടും അയച്ചിരുന്നു. രെജിസ്ട്രേഷന് തടസ്സം ഒന്നുമുണ്ടായിരുന്നില്ല. അത് വളരെ കർക്കശമായി തന്നെ ഞാൻ പാലിച്ചും, വ്യക്തമാക്കിയും മുമ്പോട്ടു പോയിരുന്നു. വിദ്യാഭ്യാസ കാര്യത്തിൽ ഇതുവരെ അനുഭവിച്ച പ്രശ്നങ്ങൾ ഇതിലുണ്ടാകരുത് എന്ന് പ്രത്യേകം ശ്രദ്ധിച്ചിരുന്നു. ഇക്കാര്യങ്ങളിലെല്ലാം പ്രത്യേകം ശ്രദ്ധിച്ചതിനു കാരണം, ശ്രീശങ്കരാചാര്യ യൂണിവേഴ്സിറ്റിയുമായും, അവിടെ നടക്കുന്ന പല പ്രശ്നങ്ങളുമായി ബന്ധപ്പെട്ടും, പല ഇടപാടുകളുമായി ബന്ധപ്പെട്ടും, പത്രമാധ്യമങ്ങളിലൂടെ കത്തിടപാടുകളും വാർത്തകളും വരുന്നുണ്ടായിരുന്നു. അതുകൊണ്ടുതന്നെ ആ യൂണിവേഴ്സിറ്റി സങ്കീർണങ്ങളായ പ്രശ്നങ്ങളുടെ നടുവിലാണെന്ന് എല്ലാവർക്കുമറിയാമായിരുന്നു. ചിലപ്പോൾ ഫയലുകളും, പുസ്തകങ്ങളും, വിലക്കു വാങ്ങിയ ഭൂമിയും, ഡിവിഷനും, കെട്ടിടവും പോലും കാണാതാവുന്ന പതിവുള്ള യൂണിവേഴ്സിറ്റിയാണിതെന്നു പല ഉദ്യോഗസ്ഥരും പറയാറുണ്ടായിരുന്നു. കൂടാതെ സംസ്കൃതത്തെ വെറുക്കുകയും തകർക്കുകയും ചെയ്യണമെന്ന പ്രതിജ്ഞയോടെ പ്രവർത്തിക്കുന്നുവരുമുണ്ട്. ഇതെല്ലാം ശ്രദ്ധിക്കണമെന്നത് എന്റെ കടമയാണെന്ന് ഞാൻ ഓർമ്മിച്ചിരുന്നു.



Scanned with CamScanner

1999 ൽ ജൂൺ മാസത്തിൽ രെജിസ്ട്രേഷൻ കഴിഞ്ഞ് മൂന്നു വർഷം തികഞ്ഞിരുന്നു. നിയമപ്രകാരം യൂണിവേഴ്സിറ്റി ആവശ്യപ്പെട്ട തനുസരിച്ച് തിരുവനന്തപുരം സെന്ററിൽ നിന്നും ആവശ്യമായ സർട്ടി ഫിക്കറ്റുകൾ വാങ്ങി, തീസിസ് സമർപ്പിക്കാനുള്ള പത്തു രൂപയുടെ അപേക്ഷാ ഫോറവും വാങ്ങി, പ്രൊഫസർ വാസുദേവൻ പോറ്റിയുടെ സർട്ടിഫിക്കറ്റോടു കൂടിത്തന്നെ മറ്റെല്ലാ പേപ്പറുകളും തീസീസിന്റെ മൂന്നു കോപ്പികളും യൂണിവേഴ്സിറ്റിയിൽ ഞാൻ സമർപ്പിച്ചു.

എറണാകുളത്ത് കാലടി യൂണിവേഴ്സിറ്റിയിലെ ഡെപ്യൂട്ടി രെജി സ്ട്രാറുടെ ഓഫീസിൽ തീസീസിന്റെ മൂന്നു കോപ്പികളും സമർപ്പിച്ചപ്പോൾ എന്തോ പുതിയ ഒരു സാധനം വന്നതു പോലെയായി രുന്നു, അദ്ദേഹത്തിന്റെ മുഖഭാവം. ആ തീസീസ് എന്തുചെയ്യണമെന്ന് അദ്ദേഹത്തിന് ഒരു പിടുത്തവുമില്ലാത്ത ഭാവമായിരുന്നു. എനിക്കത് തിരികെ തരണമോ അതോ അവിടെ സൂക്ഷിക്കണമോ എന്ന സംശയം അദ്ദേഹത്തിന്റെ പെരുമാറ്റത്തിലും വാക്കുകളിലും പ്രകടമായിരുന്നു. ശ്രീ ശങ്കരാചാര്യ യൂണിവേഴ്സിറ്റിയിൽ തീസീസ് സമർപ്പിക്കുന്നതിനു മുമ്പ് രെജിസ്ട്രാറെയും, അനുബന്ധ ഓഫീസർമാരേയുമെല്ലാം കാണു കയുണ്ടായി. എല്ലാവരിലും ഏതോ ഒരു സംശയം നിലനിൽക്കുന്നതു പോലെ. അവരിലോരോരുത്തരും പല വരികളും തിരിച്ചും മറിച്ചും പറ യുന്നുണ്ടായിരുന്നു. എവിടേയോ പന്തികേടുള്ളതുപോലെ എനിക്കു തോന്നി. അതുകൊണ്ട് തീസീസ് ആരു സ്വീകരിക്കണമെന്നു പോലും സംശയമുണ്ടായി. 'അവിടെ വെച്ചേക്ക്' എന്നാണൊരു സെക്ഷൻ ഓഫീ സർ പറഞ്ഞത്.

കാലം കടന്നുപൊയ്ക്കൊണ്ടേയിരുന്നു. ശങ്കരാചാര്യ യൂണിവേ ഴ്സിറ്റിയിൽ പലപ്രാവശ്യം കാര്യങ്ങൾ നിങ്ങുന്നുണ്ടോ എന്നറിയാൻ അന്വേഷിച്ചു. ആർക്കും ഒന്നും അറിഞ്ഞുകൂടാ. മിക്കവാറും എല്ലാ മുറി കളിലും, യേശു ക്രിസ്തുവിനെ കുരിശിൽ ആണിയടിച്ചിരിക്കുന്നതു പോലെ, ശങ്കരാചാര്യരെ ആണിയടിച്ചു തൂക്കിയിട്ടുണ്ട്. ഞാനോർത്തു "അങ്ങ് ഇവിടെ നിന്നും പോയതു നന്നായി." ഇവിടെ രക്ഷയില്ലാത്തതു കൊണ്ടാണ് ഞാൻ ഈ സംസ്ഥാനം വിട്ടുപോയത്, എന്ന് ശ്രീ ശങ്കരാ ചാര്യർ എന്നോട് പറയുന്നതായിട്ടെനിക്കു തോന്നി. എല്ലാ ഡോക്കു മെന്റ്സും വെച്ചുകൊണ്ട് 2000 ജനുവരി 28 ന് ഞാൻ ശ്രീ ശങ്കരാചാര്യ യൂണിവേഴ്സിറ്റിയിലെ രെജിസ്ട്രാർക്ക് വീണ്ടും കത്തെഴുതി. ഓരോ പോയിന്റുകളായി ചേർത്ത് ഞാൻ സർവഥാ തീസീസ് സമർപ്പിക്കാൻ നിയമപരമായി യോഗ്യനാണെന്നും യൂണിവേഴ്സിറ്റി, നിയമപ്രകാരം എന്റെ തീസീസ് പരിശോധിക്കണമെന്നും അപേക്ഷിച്ചു. യൂണിവേഴ്സി



Scanned with CamScanner

റ്റിയിൽ നിന്നൊരു മറുപടിയുമില്ലായിരുന്നു. ഞാൻ കാലടയിൽ പോയി രെജിസ്ട്രാറേയും ജോയിന്റ് രെജിസ്ട്രാറേയും കണ്ടു. അവർ പറഞ്ഞു "തന്റെ തീസീസിന് കാര്യമായ പ്രശ്നമുണ്ട്. പരിഹരിക്കാൻ സാധിക്കുമോ എന്നു നോക്കട്ടെ."

ഡോ. കെ. ജി. പൗലോസിന്റെ വീട്ടിലേക്ക് പോയി കാര്യങ്ങളെല്ലാം പറഞ്ഞു. വളരെ ലാഘവത്തോടെ അതൊന്നും ശരിയാകാൻ പോകുന്നില്ലെന്ന് 'അദ്ദേഹം' പറഞ്ഞു. വേദനയോടെ തിരിച്ചിറങ്ങി വന്നു. എന്റെ ജീവിതത്തിൽ വിദ്യാഭ്യാസപരമായ എല്ലാ കാര്യങ്ങൾക്കും ഇങ്ങിനെയൊരു അന്ത്യമുണ്ടാകുന്നതിനെക്കുറിച്ചു ഞാൻ കുറേ നേരം വേദനിച്ചുകൊണ്ടേയിരുന്നു. എല്ലാ വിവരങ്ങളും ചേർത്ത് വിദ്യാഭ്യാസ മന്ത്രിക്കും കേരള ഗവൺമെന്റ് പ്രിൻസിപ്പൽ സെക്രട്ടറിക്കുമെഴുതി. 13 -4-2000 ൽ ചേർന്ന സിന്റിക്കേറ്റ് യോഗ തീസീസ് പരിശോധന മാറ്റിവെക്കാൻ തീരുമാനിച്ചു എന്ന മറുപടി ലഭിച്ചു. കാരണമെന്തെന്നോ പിന്നെ എപ്പോൾ പരിശോധിക്കുമെന്നോ എന്നൊന്നും ബുദ്ധിപൂർവമായി അതിൽ എഴുതിയിട്ടില്ല. കാരണമൊന്നും എഴുതിയിട്ടുമില്ലായിരുന്നു എന്നതും അതു സെക്രട്ടറി അന്വേഷിച്ചില്ലാ എന്നതുമായിരുന്നു വസ്തുത. എന്റെ തീസീസ് അന്ത്യശ്വാസം വലിക്കാൻ അവിടെ നിന്നാരംഭിച്ചിരുന്നു. ഏപ്രിൽ 28 ന് ഞാൻ വൈസ് ചാൻസലർക്കും കത്തെഴുതി. സുദീർഘമായ ഒരു കത്തായിരുന്നു അത്. ഒരു മറുപടിയും എനിക്കു ലഭിച്ചില്ല. തീസീസ് സമർപ്പിച്ചിട്ട് ഒരു വർഷം കഴിഞ്ഞിട്ടും അതിനെക്കുറിച്ചൊരു മറുപടിയും ലഭിച്ചില്ല. എന്റെ ലാബറട്ടറിയിലെ ഗവേഷണ പ്രവർത്തനങ്ങളും മറ്റു കാര്യങ്ങളും നടന്നു കൊണ്ടിരിക്കുമ്പോഴും എറണാകുളത്തു വന്നു ഞാൻ ഈ തീസീസിന്റെ അവസ്ഥയെക്കുറിച്ചന്വേഷിച്ചുകൊണ്ടേയിരുന്നു. ഒരു മറുപടിയുമില്ലാത്ത അവസ്ഥ.

**ഹൈക്കോടതിയിലേക്കൊരു കേസുമായി യാത്ര**

ജീവിതത്തിൽ ഇന്നുവരെ കോടതിയിലേക്ക് കയറേണ്ടി വന്നിട്ടില്ല എങ്കിലും മൂന്നു വർഷത്തിലധികം പരിശ്രമിച്ച് ചെയ്ത ഒരു തീസീസിന് എന്തെങ്കിലും വിധത്തിലൊരംഗീകാരം കൊതിക്കുന്ന മനസ്സുമായി വഞ്ചിയൂർ കോടതിക്ക് സമീപമുള്ള പ്രസിദ്ധനായ അഡ്വ. കൽക്കുറ അവർകളെ കാണുവാൻ പോയി. ഹൈക്കോടതിയിലെ കേസും കാര്യങ്ങളുമെല്ലാം അദ്ദേഹത്തിന്റെ മകനാണ് കൈകാര്യം ചെയ്യുന്നതെന്നു പറഞ്ഞ് അദ്ദേഹം മകനെ പരിചയപ്പെടുത്തിത്തന്നു. അദ്ദേഹമാകട്ടെ ഒരു വിഷമവുമില്ലാതെ ഇത് പരിഹരിക്കാവുന്നതേയുള്ളൂ എന്ന് പല പ്രാവശ്യം ആവർത്തിച്ചു പറയുകയും ചെയ്തു. എല്ലാ തെളിവുകളുമുള്ളതുകൊണ്ട് യൂണിവേഴ്സിറ്റിക്ക് ഒരു കാരണവശാലും ഇതിൽ നിന്ന്



Scanned with CamScanner

ഒഴിയാൻ സാധിക്കില്ല എന്നും വ്യക്തമായ എല്ലാ രേഖകളുമുണ്ടല്ലോ, പിന്നെയെന്തിനാണ് സംശയിക്കുന്നത്...... എന്നിങ്ങനെയും വിവരിച്ചു തന്നു. കുറേ ആത്മവിശ്വാസം തോന്നിയതപ്പോഴാണ്. ഹൈക്കോടതിയിൽ കേസുകൊടുക്കാൻ എന്തെല്ലാമാണ് വേണ്ടത് എന്ന് വ്യക്തമായി പറയുകയും ചെയ്തു. അതനുസരിച്ച് എല്ലാ രേഖകളുടേയും കോപ്പിയെടുത്ത് 2500 രൂപ കോടതിഫീസും അദ്ദേഹത്തിന്റെ നിർദ്ദേശപ്രകാരം അടച്ചു.

എല്ലാ ആഴ്ചകളിലും എന്നതുപോലെ ഞാൻ അഡ്വക്കേറ്റിന്റെ വീട്ടിൽ പോകുമായിരുന്നു. ആഴ്ചകളും മാസങ്ങളും കഴിഞ്ഞു. കോടതിയിൽ കേസ് രെജിസ്റ്റർ ചെയ്തിട്ടുണ്ടോ എന്നു പോലും വ്യക്തമാകുന്ന ഒരു രേഖയും എനിക്കദ്ദേഹം നൽകിയില്ല. ഒരിക്കൽ എറണാകുളം കലൂരിലുള്ള അദ്ദേഹത്തിന്റെ വീട്ടിലേക്ക് ഞാൻ പോയി കാര്യങ്ങളെല്ലാം തിരക്കി. എനിക്ക് ബദാം മിൽക്കുൾപ്പെടെ വലിയ സ്വീകരണം നൽകിയെങ്കിലും കേസിനെക്കുറിച്ച് വ്യക്തമായ ഒരു രൂപരേഖയും അദ്ദേഹം നൽകിയില്ലാ. കോടതിയിൽ കേസ് എത്തിയിട്ടുണ്ടോ അവിടെയത് രെജിസ്റ്റർ ചെയ്തിട്ടുണ്ടോ എന്നുപോലും ഇന്നും ഞാൻ സംശയിക്കുന്നു.

യൂണിവേഴ്സിറ്റിയിലെ ആരെങ്കിലും ഈ കേസിൽ പ്രതിയായിട്ടുണ്ടോയെന്ന് ഞാൻ വീണ്ടും വീണ്ടും ചോദിച്ചു. അതിനദ്ദേഹം മറുപടി പറഞ്ഞത്, ഇങ്ങിനെയൊരു തീസീസിനെക്കുറിച്ചേ യൂണിവേഴ്സിറ്റിക്കറിഞ്ഞുകൂടാ എന്ന് യൂണിവേഴ്സിറ്റി അഡ്വക്കേറ്റ് പറഞ്ഞു എന്നായിരുന്നു. കലൂരിൽ നിന്ന് തിരിച്ച് ദുഃഖത്തോടെ മടങ്ങുമ്പോഴും അദ്ദേഹം പറഞ്ഞു "പേടിക്കാനൊന്നുമില്ല, എല്ലാം ശരിയാക്കാം." ഞാൻ വീണ്ടും അദ്ദേഹത്തിനോട് വക്കീൽ ഫീസിനെക്കുറിച്ചു ചോദിച്ചു. "ഏയ് അതിന്റെയൊന്നും ആവശ്യമില്ല. അങ്ങ് രാഷ്ട്രത്തിനു വേണ്ടി ചെയ്യുന്ന മഹത്തായ സേവനം മതിയല്ലോ." എന്നദ്ദേഹം പറയുകയും ചെയ്തു. എത്ര രൂപയാണെങ്കിലും അതു തരാൻ ഒരു വിഷമവുമില്ലെന്ന് ഞാനാവർത്തിച്ചു, അദ്ദേഹമതു നിരസിച്ചു.

എന്റെ ഒരു ബന്ധുവിനെ പോലെയായിരുന്നതുകൊണ്ടും കർണാടകയിലെ മംഗലാപുരം സ്വദേശികളായതിനാലും തുളുഭാഷ തന്നെ സംസാരിക്കുന്നതുകൊണ്ടും അഡ്വക്കേറ്റിന്റെ കുടുംബവുമായി വളരെക്കാലത്തെ ബന്ധമുണ്ടായിരുന്നതിനാലുമാണ്, ഉപദേശം സ്വീകരിക്കാനും പിന്നീട് കോടതിയിൽ കേസുകൊടുക്കാനും അദ്ദേഹത്തിനെ തന്നെ ഞാൻ ആശ്രയിച്ചത്. പിന്നീട് ദുഃഖം തോന്നി ശങ്കരാചാര്യയൂണിവേഴസിറ്റിയിലെ അനുഭവത്തിൽ നിന്നും ഒട്ടും ഭിന്നമല്ല ഈ കേസ്

അഡ്വ. കൽക്കൂറ കൈകാര്യം ചെയ്യുന്ന രീതിയും. 2000-ാം മാണ്ട് ജൂലൈ മുതൽ ഒരു വർഷം പൂർണമായും അഡ്വക്കേറ്റിന്റെ പുറകേ നടക്കേണ്ടി വന്നു. അതിനൊരു വർഷം മുമ്പ് യൂണിവേഴ്സിറ്റിയിലെ പല ഓഫീസർമാരുടെയും പുറകേയും നടക്കേണ്ടി വന്നു.

ഒരു വർഷം കഴിഞ്ഞപ്പോൾ ഞാൻ അഡ്വക്കേറ്റിനെ കണ്ടു പറഞ്ഞു "ഇതുവരേയും ഹൈക്കോടതിയിൽ കേസു രെജിസ്റ്റർ ചെയ്തോ എന്നു പോലും എനിക്ക് വ്യക്തമല്ല. ഒരു പ്രാവശ്യം പോലും വാദം കേട്ടോ കോടതി എന്നും വ്യക്തമല്ല. അങ്ങയുടെ ഉദ്ദേശവും എനിക്കറിഞ്ഞുകൂടാ. കേസ് പിൻവലിക്കണം" ഒരു സങ്കോചവുമില്ലാതെ ആ മനുഷ്യൻ പറഞ്ഞു "അതാണ് നല്ലത് ഇത്ര മോശമായ യൂണിവേഴ്സിററിയിൽ നിന്ന് പിഎച്ച്.ഡി. എടുക്കുന്നതിനേക്കാൾ മറ്റേതെങ്കിലും യൂണിവേഴ്സിറ്റിയിൽ നിന്നും അഭിമാനത്തോടെ പിഎച്ച്.ഡി. ലഭിക്കുവാൻ ശ്രമിക്കുന്നതായിരിക്കും നല്ലത്. കേസ് പിൻവലിക്കാനുള്ള അപേക്ഷ ഞാനുടനെ ശരിയാക്കാം." എന്റെ മനസ്സ് മന്ത്രിക്കുന്നുണ്ടായിരുന്നു. കേസ് കോടതിയിലെത്തിയിട്ടുണ്ടോ എന്നുപോലും വ്യക്തമല്ലാത്ത അവസ്ഥയിൽ അത് പിൻവലിക്കാൻ ബുദ്ധിമുട്ടുണ്ടാകില്ല. 2001 ആഗസ്റ്റ് 25 നാണ് കോടതിയിൽ കേസ് പിൻവലിക്കാനുള്ള അപേക്ഷ നൽകിയത് എന്ന് അഡ്വക്കേറ്റ് അറിയിച്ചു. പല സിനിമകളിലും കേട്ടിരിക്കുന്ന ഡയലോഗുണ്ട് വക്കീലന്മാർ കോടതിയിൽ ന്യായമല്ല ബോധിപ്പിക്കാറുള്ളത് അന്യായം ബോധിപ്പിക്കലാണ് ചെയ്യാറുള്ളത്. എന്റെ ബന്ധുവിനെ പോലെയുള്ള അഡ്വക്കേറ്റുപോലും ഒരു വർഷം എന്നെ നടത്തിച്ച് കോടതിയിൽ കേസ് എത്തിച്ചിട്ടുണ്ടോ എന്നുപോലും പറഞ്ഞില്ല. അതോടൊപ്പം എന്റെ പ്രൊഫസറിന്റെ കത്തുമായി ഞാൻ കാലടി ശ്രീ ശങ്കരാചാര്യ യൂണിവേഴ്സിറ്റിയിൽ പോയി ശങ്കരാചാര്യരുടെ മുന്നിൽ നിന്ന് ഒരു മിനിറ്റ് പ്രാർത്ഥിച്ച്, "പരമാചാര്യ അങ്ങയെ ദയാവധത്തിനുവിധേയമാക്കിയ ഈ യൂണിവേഴ്സിറ്റിയിൽ നിന്നും അടിയൻ പടിയിറങ്ങുകയാണ്. ഇനിയൊരു ജന്മമുണ്ടെങ്കിൽ നമുക്ക് രണ്ടുപേർക്കും കേരളത്തിൽ ജനിക്കാതിരിക്കാൻ പ്രാർത്ഥിക്കാം."

രെജിസ്ട്രാറെ കണ്ട് അപേക്ഷ കൊടുത്തു. അദ്ദേഹം പറഞ്ഞു "തനിക്ക് എം എ സംസ്കൃതമില്ലാത്തതുകൊണ്ടാണ് പിഎച്ച്.ഡി. തരാൻ ബുദ്ധിമുട്ടുള്ളത് എന്നാണ് സിണ്ടിക്കേറ്റിന്റെ അഭിപ്രായം." ഞാൻ ഒരു ചോദ്യം മാത്രം ചോദിച്ചു. "നമ്മുടെ വിദ്യാഭ്യാസമന്ത്രിയാകാൻ സ്കൂളിൽ പോകണമെന്നു പോലും നിർബന്ധമില്ല. സംസ്കൃത സർവകലാശാലയിലെ രെജിസ്ട്രാറാകാൻ കുച്ചിപ്പുടിയിലോ, നങ്ങ്യാർ കൂത്തിലോ പി. എച്ച്.ഡി. മതി. ഇവിടെ വൈസ് ചാൻസലറാകാൻ മാർക്സിസത്തിൽ



Scanned with CamScanner

എം.എ.മതി. സംസ്കൃതത്തിലുള്ള ശാസ്ത്രസാങ്കേതിക വിദ്യകളെക്കുറിച്ച് സംസ്കൃതത്തിലൊരു തീസീസ് എഴുതാൻ ഒരു പിഎച്ച്.ഡിയുള്ള എനിക്ക് അവകാശമില്ലെന്ന് നേരത്തെ പറഞ്ഞു കൂടായിരുന്നോ? ഈ അഞ്ചുവർഷം നിങ്ങളെ പോലെയുള്ളവരുടെ മുമ്പിൽ തലകുനിച്ച് വണങ്ങി നിന്ന മഹാപാപം ഞാനെങ്ങിനെ കഴുകിക്കളയും. ഞാനിവിടെ രെജിസ്റ്റർ ചെയ്ത് എല്ലാ മാസവും ഫീസടച്ച്, തീസീസ് സംക്ഷിപ്തം സമർപ്പിക്കാൻ വ്യക്തമായി നിങ്ങളെനിക്ക് കത്തയച്ചു. കൃത്യം മൂന്നു വർഷത്തിനുള്ളിൽ തീസീസ് സമർപ്പിച്ചുകൊള്ളാനുള്ള സ്പെഷ്യൽ ഉത്തരവ് എനിക്കയച്ചു തന്നു. ഞാൻ നേരിട്ടു താങ്കളെ വന്നു കണ്ടപേക്ഷിച്ചു. കേരള സർക്കാർ പ്രിൻസിപ്പൽ സെക്രട്ടറിയുടെ കത്ത് നിങ്ങൾക്കു കിട്ടി. അതിലും എന്റെ തീസീസ് തിരസ്കരിച്ചു എന്നല്ല ഡെഫർ ചെയ്തു എന്നാണ് പറഞ്ഞിരിക്കുന്നത്. സാർ ഒരപേക്ഷ മാത്രം നന്മകൾ മാത്രം ദർശിച്ച ശങ്കരാചാര്യരുടെ ചിത്രങ്ങൾ എല്ലാ മുറിയിലും തൂക്കിയിട്ടിട്ടുണ്ട്. തൂക്കിയിട്ടിരിക്കുന്ന ആണിയുടെ അടുത്ത് 'ഇത് കഴുമരം' എന്നുകൂടി എഴുതിവെക്കണം സാർ ഞാൻ പോകുന്നു."

ഒരു വികാരവുമില്ലാതെ 'തന്നെപ്പോലെ എത്ര പേരെ ഞങ്ങൾ തൂക്കിലേറ്റിച്ചുട്ടുണ്ട് എന്ന ഭാവത്തിൽ അയാളവിടെ ഇരുന്നു. ഞാൻ ബസ്സ്സ്റ്റാന്റിലേക്ക് നടക്കുമ്പോൾ വഴിയുടെ രണ്ടു വശത്തും അടുത്ത ദിവസത്തേക്ക് അറക്കാനായി കെട്ടിയിട്ടിരിക്കുന്ന ധാരാളം ചാവാലി പശുക്കളെ കണ്ടു. ഇവയെ യൂണിവേഴ്സിറ്റിക്കകത്ത് കെട്ടിയിട്ടിരുന്നെങ്കിൽ, കൂടെ നിൽക്കാമായിരുന്നു എന്നെനിക്കു തോന്നി. അങ്കമാലിയിലെ നെടുംബാശ്ശേരി വിമാനത്താവളത്തിന് ശ്രീ ശങ്കരാചാര്യരുടെ പേരു നൽകാത്തത് നന്നായി, കാരണം ഇനി ആചാര്യൻ കേരളത്തിലേക്ക് വരില്ല. ആരെല്ലാം ശ്രമിച്ചാലും അങ്ങ് ഇങ്ങോട്ടു വരരുതേ സ്വാമിൻ എന്ന് ഞാൻ പ്രാർത്ഥിക്കുന്നു.

## ഇന്ത്യൻ സയിന്റിഫിക് ഹെറിറ്റേജ് പുസ്തക പ്രകാശനം

തീസീസ് പിൻവലിക്കാനുള്ള അനുവാദത്തിനപേക്ഷിച്ചിട്ട് ഇന്നും (2009) എന്റെ തീസീസ് ശ്രീ ശങ്കരാചാര്യ യൂണിവേഴ്സിറ്റി എനിക്കു തിരിച്ചു നൽകിയിട്ടില്ല. അവയെ ഒരു പുസ്തകത്തിന്റെ രൂപത്തിലാക്കാനുള്ള യജ്ഞം ഞാൻ നേരത്തെ ആരംഭിച്ചിരുന്നു. അപ്രകാരം സംക്ഷിപ്തമാക്കി, സി എസ് ഐ ആർ ഡയറക്ടർ ജനറലിന് ഒരു ഫോട്ടോ കോപ്പി അയച്ചുകൊടുത്ത്, ആ പുസ്തകത്തിന് അവതാരികയെഴുതണമെന്നഭ്യർത്ഥിച്ചു. അദ്ദേഹം എന്റെ ഡയറക്ടർ ഡോ. വിജയ്നായരെ ബന്ധപ്പെട്ടു. ഡോ. ദാമോദരൻ റിട്ടയർ ചെയ്തതിനു ശേഷം ഡോ. വിജയ് നായരായിരുന്നു ഡയറക്ടർ. എന്റെ ഈ പുസ്തകവുമായി



Scanned with CamScanner

ബന്ധപ്പെട്ട എല്ലാ കാര്യങ്ങളും ചോദിച്ചറിഞ്ഞതിനുശേഷം വളരെ ശ്ലാഘനീയമായ ഒരു മുഖവുര എഴുതിയച്ചുതന്നു. അതും ചേർത്ത ഇന്ത്യൻ സയിന്റിഫിക് ഹെറിറ്റേജ് എന്ന എന്റെ പുസ്തകം ഏപ്രിൽ 1 ന് (2000) വൈകു. 6 മണിക്ക് ശ്രീമതി. അശ്വതി തിരുനാൾ ഗൗരീ ലക്ഷ്മീബായി തമ്പുരാട്ടി തിരുവനന്തപുരത്തു വെച്ച് പ്രകാശനം നിർവഹിച്ചു. പ്രഗത്ഭരായ അനവധി വ്യക്തികൾ സ്റ്റേജിലും ശ്രോതാക്കളുടെ കൂട്ടത്തിലുമുണ്ടായിരുന്നു. തിരുവനന്തപുരത്ത് അഭേദാശ്രമത്തിനടുത്തുള്ള കോഓപ്പറേറ്റീവ് ഓഡിറ്റോറിയത്തിലായിരുന്നു പ്രകാശന കർമ്മം നിർവഹിച്ചത്. അതൊരു സംഭവമായിരുന്നു. ഈ പുസ്തകത്തെക്കുറിച്ചു ദ ഹിന്ദു ന്യൂസ് പേപ്പർ നല്ല വിലയിരുത്തൽ പ്രസിദ്ധീകരിച്ചു.

**മുമ്പോട്ടു വെച്ച കാൽ പുറകോട്ടു വെക്കരുത്**

ഒരു നല്ല തീസീസ് എഴുതി അതിന്റെ സംക്ഷിപ്തം പുസ്തകമായി പ്രസിദ്ധീകരിച്ചുവെങ്കിലും ഒരു ഡിഗ്രിയെടുക്കാനുള്ള സ്കോപ് തീസീസിനുണ്ട്. കേരളത്തിൽ സാധിക്കാത്തതുകൊണ്ട് മറ്റൊരിടത്തു സാധിച്ചുകൂടെന്നില്ലല്ലോ എന്നൊരു ചിന്തയും മനസ്സിലുദിച്ചു.

**ദേശീയ സംസ്കൃത വിദ്യാപീഠത്തിൽ നിന്ന് ഡി.ലിറ്റ്**

എന്റെ സംസ്കൃത പ്രൊഫസർ പറഞ്ഞതനുസരിച്ച് 2001 മാർച്ച് 4 ന് ഞാനൊരു കത്ത് തിരുപ്പതിയിലെ ദേശീയ സംസ്കൃത വിദ്യാപീഠത്തിലേക്കയച്ചു. പ്രൊഫസർ പ്രഹ്ലാദാചാർ എന്നാണ് വൈസ് ചാൻസലറുടെ പേര്, അദ്ദേഹത്തിനാണ് കത്തയച്ചത്.

ഇതിനു മുമ്പ് ഒരിക്കൽ അവിടെ പോകാനുള്ള ഭാഗ്യം ലഭിച്ചിട്ടുണ്ടായിരുന്നു. കേന്ദ്ര മാനവ വിഭവശേഷി മന്ത്രി പ്രൊഫ. മുരളി മനോഹർ ജോഷി ആ യൂണിവേഴ്സിറ്റി സ്റ്റാറ്റസുള്ള സ്ഥാപനത്തിന് സംസ്കൃതത്തിലെ ശാസ്ത്രത്തെക്കുറിച്ച് പഠിക്കുവാനായി പ്രോജക്റ്റു കൊടുത്തപ്പോൾ അതിന്റെ ചർച്ചക്കായിട്ടായിരുന്നു ഞാനവിടെ പോയത്. അന്ന് പ്രഗത്ഭരായ പലരും ഉണ്ടായിരുന്നു. അവർക്ക് സംസ്കൃതത്തിൽ അത്രക്കും അറിവുണ്ടായിരുന്നില്ലെങ്കിലും അവർ ആധുനീക ശാസ്ത്രത്തിൽ പ്രഗത്ഭരായിരുന്നതുകൊണ്ട് എനിക്ക് കാര്യമായിട്ടൊന്നും പറയാനൊ ചർച്ചയിൽ പങ്കെടുക്കാനോ സാധിച്ചില്ല. എങ്കിലും ഇടക്കിടക്ക് ചില സംസ്കൃത ശാസ്ത്ര വരികൾ ഞാൻ ഉദ്ധരിച്ചത് പലരും ശ്രദ്ധിച്ചിരുന്നു. അതുകൊണ്ട് അവർക്കെന്നെ അറിയാമായിരുന്നു. ഞാനെഴുതിയ കത്ത് അവർ വായിച്ച് എന്നെ ആ യൂണിവേഴ്സിറ്റിയിലെ ഒരു 'റിഫ്രഷർ' കോഴ്സിന് ക്ലാസെടുക്കാൻ ക്ഷണിച്ചു. ഏകദേശം 50 പ്രതിനിധികൾക്ക്, തുടർച്ചയായി സംസ്കൃത ശ്ലോകം ഉദ്ധരിച്ചുകൊണ്ട്

നടത്തിയ രണ്ടു മണിക്കൂർ ക്ലാസും തുടർന്നുണ്ടായിരുന്ന ചോദ്യോത്തരങ്ങളും അവരെ സ്വാധീനിച്ചിരുന്നു. ഈ രണ്ടു സംഭവങ്ങളും എന്റെ കത്തും തുടർന്ന് എന്റെ വിവരണങ്ങളും, ശങ്കാചാര്യ സംസ്കൃത യൂണിവേഴ്സിറ്റിയെക്കുറിച്ചുള്ള അറിവും, പ്രൊഫ. വാസുദേവൻ പോറ്റിക്ക് അവിടെയുള്ള സ്വാധീനവും എല്ലാം എനിക്ക് വലിയ സഹായമായി ഭവിച്ചു. ശങ്കരാചാര്യ യൂണിവേഴ്സിറ്റിയിൽ നിന്ന് തീസീസ് പിൻവലിച്ചതും, കോടതി ഇടപാടുകൾ സമാപിച്ചതിന്റേയുമെല്ലാം രേഖകളുമായിട്ടായിരുന്നു എന്നോട് ദേശീയ സംസ്കൃത വിദ്യാപീഠത്തിലേക്ക് വരാനായി വൈസ് ചാൻസലർ നിർദ്ദേശിച്ചത്. തീസീസ് കണ്ട ഉടനെ പ്രൊഫ. പ്രഹ്ളാദാചാറിന് അത് വളരെ ഇഷ്ടപ്പെട്ടു. ആ യൂണിവേഴ്സിറ്റിയിലെ ചാൻസലർ, ഡോ. പഞ്ചമുഖി എന്ന പ്രഗത്ഭനായ പണ്ഡിതനായിരുന്നു. എക്കണോമിക്സ് തീസീസ് സംസ്കൃതത്തിലെഴുതി പിഎച്ച്.ഡി നേടിയ വ്യക്തിയായിരുന്ന അദ്ദേഹത്തിനും എന്റെ തീസീസ് ഇഷ്ടപ്പെട്ടു. അവർ രണ്ടുപേരും എന്നോട് കാര്യമായിട്ടൊന്നും പറഞ്ഞില്ല. ഈ തീസീസ് അടിമുടി മാറ്റി മറ്റൊരു പേരും കൊടുത്ത് കഴിയുന്നത്രയും വേഗം സമർപ്പിക്കാൻ പറഞ്ഞു. കേരളമല്ലാത്തതു കൊണ്ടും, വൈസ് ചാൻസലറും ചാൻസലറും രാഷ്ട്രീയക്കാരല്ലാത്തതുകൊണ്ടും, മറ്റ് സംസ്ഥാനക്കാരോട് പുച്ഛമില്ലാത്തതുകൊണ്ടും, കൺട്രോളർ ഓഫ് എക്സാമിനേഷൻ അസൂയയും മറ്റു മാനസീക രോഗങ്ങളും വിഷമങ്ങളുമില്ലാത്ത നല്ല മലയാളിയായതുകൊണ്ടും, എന്റെ മനസ്സിൽ ആഹ്ലാദം തോന്നി. ശ്രീ ശങ്കരാചാര്യന് സാധിക്കാത്തത് ശ്രീനിവാസന്റെ ആസ്ഥാനത്തുള്ള ഡീംഡ് യൂണിവേഴ്സിറ്റിയിൽ നിന്ന് സാധിക്കുമോ എന്നൊരാശ്വാസവും ആഗ്രഹവും! ഏതു നെഗറ്റീവുകളേയും പോസിറ്റീവുകളാക്കുക എന്നൊരാഗ്രഹവുമുണ്ടായിരുന്നു. 2001 ജൂൺ 19 നാണ് ഞാനും വൈസ് ചാൻസലറും ചാൻസലറും, ചില പ്രശസ്ഥ സംസ്കൃത പണ്ഡിതരുമായുള്ള കൂടിക്കാഴ്ച അവിടെ വെച്ച് നടന്നത്.

### ആന്ധ്രയിൽ നിന്ന് പിഎച്ച്.ഡി യേക്കാൾ വലിയ ഡിഗ്രി

ഞാൻ മൂന്നു മാസങ്ങൾക്കകം തീസീസ് തിരുത്തി എഴുതി അതും കൊണ്ട്, പ്രൊഫ. വാസുദേവൻ പോറ്റിയുടെ അനുവാദത്തോടെ നേരെ റേണി ഗുണ്ടയിലിറങ്ങി, തിരുപ്പതിയിലേക്ക് ബസ്സ് കയറി, എല്ലാ ദേവന്മാരെയും, കോവളത്തെ ധർമ്മശാസ്താവിനേയും മനസ്സിൽ ധ്യാനിച്ച്, പ്രഹ്ളാദാചാറിന്റെ വീട്ടിലേക്ക് പോയി. അതിരാവിലെ 7 മണിക്ക് അദ്ദേഹം പൂജ കഴിഞ്ഞിരിക്കുന്ന വേളയിൽ ഞാൻ അഭിവാദനം ചെയ്തു. "വിശ്വാമിത്ര ഗോത്ര ആശ്വാലായന സൂത്ര ജമദഗ്നി പ്രവര ഗോപാലകൃഷ്ണശർമ്മാ നാമഃ അഹം ഭോഃ അഭിവാദയേ" നമസ്കരിച്ച് തീസീസ് കയ്യിൽ കൊടു



Scanned with CamScanner

ത്തു. നിർമ്മല ഹൃദയമുള്ളവനും അറിവിന്റെ ഉത്തുംഗ ശൃംഗത്തിലുള്ള വനും മധുരമായി താഴ്ന്ന ശബ്ദത്തിൽ നിഷ്കളങ്കമായ മുഖഭാവത്തോടെ വൈസ് ചാൻസലർ സ്ഥാനത്തിലിരിക്കുന്നവനുമായ അദ്ദേഹം, കേരള ത്തിലെ ഒരു യൂണിവേഴ്സിറ്റി ഉദ്യോഗസ്ഥനും ഇല്ലാത്ത ചൈതന്യ ത്തോടെ പറഞ്ഞു. "നമ്മൾ കുറച്ചുനേരം ചർച്ച ചെയ്യണം. ഞാനുടനെ ഓഫീസിലേക്കു വരാം. ഏകദേശം രണ്ടു മിനിറ്റു ദൂരം നടന്നാൽ ഓഫീ സായി. അവിടെ ഇരുന്നോളൂ" ഭവ്യതയോടെ ഞാൻ ഓഫീസിൽ കാത്തി രുന്നു. 9 മണിക്ക് പ്രഹ്ളാദാചാർ ഓഫീസിലെത്തി. രെജിസ്ട്രാറും കൺട്രോളറും കൂടെ എത്തി കുറേ നേരം സംസാരിച്ചു. കാര്യങ്ങളെല്ലാം വിശദമായി നോട്ടു ചെയ്യാൻ സ്റ്റെനോഗ്രാഫറെ വിളിച്ചിരുന്നു. എല്ലാ ത്തിനും അടുക്കും ചിട്ടയുമുള്ള കുലീനമായ പെരുമാറ്റം. ഞാൻ അന്നു രാത്രി തന്നെ മടങ്ങി, സെപ്റ്റംബർ 5 ന് ഞാൻ തീസീസ് സമർപ്പിച്ചു.

ഏതാണ്ട് മൂന്നു മാസത്തിനുള്ളിൽ അവിടെ നടന്ന ഒരു സെമി നാറിൽ പ്രബന്ധമവതരിപ്പിക്കണമെന്നെന്നോടു പറഞ്ഞു. തികച്ചും നൂത നമായ ആശയങ്ങൾ ഞാനവതരിപ്പിച്ചു. അതവർക്കൊരു ഹരമായി. അവർ ഐകകണ്ഠ്യേന പറഞ്ഞു. "താങ്കളുടെ സംസ്കൃത ഭാഷാപ്ര യോഗവും സ്ഫുടതയും ഞങ്ങൾക്കസൂയ തോന്നുന്നു." പണ്ഡിത രായ എല്ലാ ആന്ധ്രാക്കാരും കർണാടകക്കാരും തമിഴരും അഭിനന്ദി ച്ചു. അടുത്ത മാസം സംസ്കൃത പ്രതിഷ്ഠാന്റെ ഒരു ശിബിരമുണ്ടായി രുന്നു അതിലും ക്ലാസെടുത്തത് ഏവർക്കും ഇഷ്ടപ്പെട്ടു. 2001 സെപ്റ്റം ബർ ബാച്ച് വിദ്യാർത്ഥികളുടെ കൂടെ എന്റെ പേര് ചേർക്കപ്പെട്ടു. ആറു മാസത്തിനകം തീസീസ് സമർപ്പിക്കാനനുവാദം തന്നു. യൂണിവേഴ്സിറ്റി ഗ്രാന്റ് കമ്മീഷനിൽ (യു.ജി.സി) നിന്നും, ഒരു ശാസ്ത്ര വിഷയത്തിൽ ഡോക്ടറേറ്റുള്ള എനിക്ക് സംസ്കൃതത്തിലെ ശാസ്ത്രത്തിലെ പിഎ ച്ച്.ഡി. തീസീസ് സമർപ്പിക്കാൻ പ്രത്യേകാനുമതി അവർ നേടിയെടു ക്കുകയുണ്ടായി. ശ്രീ ശങ്കരാചാര്യ യൂണിവേഴ്സിറ്റിയിലുള്ള തീസീ സിനും പുതിയതായി ഞാൻ തയ്യാറാക്കിയ തീസീസിനും ഒരു ബന്ധ വുണ്ടാകില്ലെന്നവരെയറിയിച്ചു. ഇതെല്ലാം അത്യധികം വേഗതയോടെ അവർ ചെയ്തതിനാലാണ് ഇത്രയും പെട്ടെന്ന് തീസീസ് സമർപ്പിക്കാൻ എനിക്ക് ഭാഗ്യമുണ്ടായത്. പ്രൊഫ. വാസുദേവൻ പോറ്റി ശ്രീ ശങ്കരാ ചാര്യ യൂണിവേഴ്സിറ്റിയും, ദേശീയ സംസ്കൃത വിദ്യാപീഠവുമായി നല്ല രീതിയിൽ സമന്വയിപ്പിക്കുന്നുണ്ടായിരുന്നതിനാൽ 'ഇവിടെ ലഭി ക്കാത്തവന് ഒരിടത്തും ലഭിക്കരുതെന്ന മാനസീകാവസ്ഥയുടെ കയ്പ്' കാലടിയിൽ നിന്ന് അനുഭവിക്കേണ്ടി വന്നില്ല.

അതിപ്രശസ്തരായ മൂന്നു പേർക്കാണ് എന്റെ തീസീസ് പരിശോ ധിക്കാനയച്ചുകൊടുത്തത്. ഹൈദരാബാദ് യൂണിവേഴ്സിറ്റിയിലേയും



Scanned with CamScanner

മദ്രാസ് യൂണിവേഴ്സിറ്റിയിലേയും, ഐ ഐ ടി മദ്രാസിലേയും പ്രഗത്ഭരായ പ്രൊഫസർമാർ അസാധാരണമായ നല്ല റിപ്പോർട്ടു നൽകിയെന്നാണ് എന്നോട് ഡോ. പഞ്ചമുഖി സൂചിപ്പിച്ചത്. ഡോ. പഞ്ചമുഖി, (ചാൻസലർ) ഈ തീസീസ് യൂ ജി സി യിലെ സംസ്കൃത വിഭാഗത്തെ കാണിച്ചുകൊടുത്ത് ഇയാൾക്ക് പിഎച്ച്.ഡി യോ അതിനേക്കാൾ കൂടുതലോ അർഹതയുണ്ടെന്ന് അവരോടു പറഞ്ഞു. ആ വരി യൂ ജി സിയിലുള്ളവർക്ക് വളരെയേറെ ഇഷ്ടപ്പെട്ടു. "അതിലേറെ അവകാശമുണ്ടെങ്കിൽ, ഇങ്ങിനെയൊരു തീസീസ് ആരും സമർപ്പിച്ചിട്ടില്ലെങ്കിൽ, അയാളുടെ പാണ്ഡിത്യം നിങ്ങൾക്കെല്ലാവർക്കും ബോധ്യമുണ്ടെങ്കിൽ തീസീസ് പരിശോധിച്ചവരുടെ അഭിപ്രായവും ചോദിച്ച് ഡി ലിറ്റ് ബിരുദം നൽകി കൂടെ എന്ന അവരുടെ മറുചോദ്യം ഡോ. പഞ്ചമുഖിയെ വല്ലാതെ ആഹ്ളാദിപ്പിച്ചുവത്രെ. (ഇതദ്ദേഹം പിന്നീടാണ് എന്നോട് പറഞ്ഞത്)

**ഗീവ് ഹിം ദ ഹൈയ്യസ്റ്റ് ഡിഗ്രി ഗവർണറുടെ നിർദ്ദേശം**

തിരുപ്പതിയിലേക്ക് പല പ്രാവശ്യം എന്നെ അവർ ക്ഷണിച്ചിരുന്നു. ഇന്റർവ്യൂവിനും, ക്ലാസെടുക്കാനും, സെമിനാറിനുമെല്ലാം ഞാൻ അവിടത്തെ അവിഭാജ്യഘടകമായി. ഒരിക്കൽ കർണാടക ഗവർണർ ഡോ. തിവാരി തിരുപ്പതി സന്ദർശനത്തിനു വരുന്നുണ്ടായിരുന്നു. അദ്ദേഹത്തെ വിദ്യാപീഠത്തിലേക്കവർ ക്ഷണിച്ചു. അദ്ദേഹം പറഞ്ഞുവത്രെ "ദൽഹിയിൽ മുരളീ മനോഹർ ജോഷിയുടെ അദ്ധ്യക്ഷതയിൽ കൂടിയ സംസ്കൃതത്തിലെ ശാസ്ത്രം എന്ന വിഷയത്തെക്കുറിച്ച് നടന്ന സെമിനാറിൽ ഒരു മലയാളിയായ ഡോ. ഗോപാലകൃഷ്ണൻ പ്രസംഗിച്ചിരുന്നു. ഒരു മണിക്കൂർ പ്രസംഗം ഞാൻ മുൻനിരയിലയിരുന്നു കേട്ടു. എന്നെ അതു വല്ലാതെ സ്വാധീനിച്ചു. അയാളുടെ ക്ലാസു കൂടി എന്റെ സന്ദർശനത്തോടൊപ്പം ചേർക്കുക." ഇതെനിക്കൊരനുഗ്രഹമായി. ഞാൻ, രണ്ടു മണിക്കൂർ ക്ലാസ്, ഈ തീസിസിന്റെ അടിസ്ഥാനത്തിൽ ഒരു പ്രോജക്റ്ററും, പേപ്പറും കയ്യിലില്ലാതെ എടുത്തു. ഡോ. തിവാരി അസാധാരണമായി അഭിനന്ദിച്ച്, എന്റെയടുത്തു വന്ന് എന്നെ കെട്ടിപ്പിടിച്ചു. പ്രൊഫ. പ്രഹ്ളാദാചാറിനോടും ഡോ. പഞ്ചമുഖിയോടുമായി പറഞ്ഞു "ഗീവ് ഹിം ദ ഹൈയ്യസ്റ്റ് ഡിഗ്രി". ഞാൻ സന്തോഷം കൊണ്ടു എല്ലാം മറന്നു. മലയാളിയായ കൺട്രോളർ ഓഫ് എക്സാംസ് വന്നു പറഞ്ഞു "മലയാളിയായതിൽ ഞാനിപ്പോൾ അഭിമാനിക്കുന്നു."

സംസ്കൃത വിദ്യാപീഠത്തിൽ പ്രത്യക്ഷമായും പരോക്ഷമായും എന്റെ അറിവ് അളക്കാനും തീസീസിന്റെ നിലവാരം പരിശോധിക്കാനുമായി ഒൻപതു വ്യത്യസ്ഥ പരിശോധനകൾ നടത്തിയതിന്റെ ഭാഗമായിരുന്നു മേൽ വിവരിച്ചതെല്ലാം എന്ന് എന്നോട് അവർ 2002 ജനുവരി



Scanned with CamScanner

യിൽ പറഞ്ഞപ്പോൾ ഞാൻ സന്തോഷിച്ചു. "പിഎച്ച്.ഡിക്കു പകരം താങ്കൾക്ക് അവസാനത്തെ ഡിഗ്രിയായിരിക്കും നൽകുക ഡി ലിറ്റ്" എന്നുമെന്നെ അറിയിച്ചു.

## ഡി ലിറ്റ് ലഭിച്ച ഒരേ ഒരു സയിന്റിസ്റ്റ്

സ്വാതന്ത്ര്യാനന്തര ഭാരതത്തിൽ ഒരു സയിന്റിസ്റ്റിനു മാത്രമേ ഡി ലിറ്റ് ലഭിച്ചിട്ടുള്ളൂ, അത് (എറണാകുളം ദ്വാരകാ ഹോട്ടലിലെ സപ്ലയർ ആയിരുന്ന) ഗോപാലകൃഷ്ണനനാണ്. 2002 ഒക്ടോബർ 25 ന് അതിവിപുലമായ കോൺവൊക്കേഷനിൽ, അനേകം പണ്ഡിതരുടേയും ഉദ്യോഗസ്ഥരുടേയും സാന്നിദ്ധ്യത്തിൽ വർണ്ണാഭമായ അന്തരീക്ഷത്തിൽ എന്നെ അർഘ്യപാദ്യാദികളോടെ പൂജ നടത്തി, ചാൻസലറും വൈസ് ചാൻസലറും, ജില്ലാ കളക്ടറും, ചേർന്ന് സ്വീകരിച്ചാനയിച്ച്, പീഠത്തിലിരുത്തി നളന്ദയിലും തക്ഷശിലയിലുമുണ്ടായിരുന്നതുപോലെ വേദമന്ത്രങ്ങൾ ചൊല്ലി ഹാരമണിയിച്ച്, അത്യപൂർവമായ കോൺവൊക്കേഷനിലൂടെ സർട്ടിഫിക്കറ്റും മറ്റനവധി മെമെന്റോകളും നൽകി. ഈ മഹായജ്ഞം കാണാൻ എന്റെ കുടുംബാംഗങ്ങളാരുമുണ്ടായിരുന്നില്ല, എന്നതൊഴികെ എനിക്ക് നിറഞ്ഞ ആഹ്ലാദം മാത്രമായിരുന്നു. എല്ലാ പത്രങ്ങളിലും ഫോട്ടോ വന്നു. ചാനലുകൾ അതു പ്രദർശിപ്പിച്ചു. അനുമോദനങ്ങളുടെ കൂമ്പാരമായിരുന്നു, അവിടുന്നു ലഭിച്ചത്, കാലടി ശ്രീ ശങ്കരാ സർവകലാശാല നൽകാതിരുന്ന പിഎച്ച്.ഡി. യേക്കാൾ വലിയ ഒരു ഡി ലിറ്റ് സർവഥാ യോഗ്യതയുള്ള കൈകളിൽ നിന്നും, യോഗ്യമായ സ്ഥാപനത്തിൽ നിന്നും സ്വീകരിക്കാൻ എനിക്ക് ജഗദീശ്വരൻ അനുവാദവും അനുഗ്രഹവും നൽകി. കേരളത്തിൽ നിന്നുണ്ടായ ദൗർഭാഗ്യം അവിടത്തെ അനുഗ്രഹമായി മാറിയത് ഈശ്വരാനുഗ്രഹം കൊണ്ടും മാതാപിതാക്കളുടെയനുഗ്രഹം കൊണ്ടും മാത്രമാണ്! ഇത്രയും ഞാനെഴുതിയത് എന്റെ കർമ്മമണ്ഡലത്തിലെ, 1996 മുതൽ 2001 അവസാനം വരെയുള്ള ഒരുപ്രത്യേക പഠനത്തെക്കുറിച്ചു മാത്രമായിരുന്നു. അതിന്റെ കൂടെ ഞാൻ ചെയ്തു കൊണ്ടേയിരുന്ന മറ്റു കാര്യങ്ങളിലൊന്നിലും പിഴവുകളോ കുറവുകളോ ഞാൻ വരുത്താത്തതിനാൽ അവയെല്ലാം ജീവിതാനുഭവത്തിൽ ചേർക്കട്ടെ. (ഇനി ഞാൻ തിരിച്ച് എന്റെ ലാബറട്ടറിയിലേക്കും സാമൂഹ്യ പ്രവർത്തനങ്ങളിലേക്കും, 1996 ലേക്കും മടങ്ങി, വിവരണം നൽകട്ടെ)

## എന്റെ ഗവേഷണ കർമ്മമണ്ഡലത്തിലേക്ക് വീണ്ടും

1995 നും 2000 നും ഇടക്കുള്ള കാലഘട്ടത്തിൽ കേരളത്തിനകത്തും പുറത്തുമുള്ള അനേകം സ്ഥാപനങ്ങളിൽ, കോളേജുകളിൽ, സർക്കാർ സ്ഥാപനങ്ങളിൽ, പ്രൊഫഷണൽ സ്ഥാപനങ്ങളിൽ, സർക്കാർ

അർദ്ധസർക്കാർ, പ്രൈവറ്റ് സ്ഥാപനങ്ങളിൽ, ജാതി മത സംഘടനക ളിൽ, ആത്മീയ കേന്ദ്രങ്ങളിൽ എല്ലാം ക്ലാസുകളെടുക്കുവാനും പ്രഭാ ഷണങ്ങൾക്കുമായും ജൈത്രയാത്ര നടത്തി. കേരളത്തിലേയും പുറ ത്തുമുളള പല യൂണിവേഴ്സിറ്റികളിലും, പോസ്റ്റ് ഗ്രാജ്വേഷന് വ്യത്യസ്ഥ ശാസ്ത്രവിഷയങ്ങളിൽ വൈവാ വോസി എക്സാമിനറായും, എക്സാ മിനേഷൻ ബോർഡുമെമ്പറായും, സെലക്ഷൻ കമ്മിറ്റി അംഗമായും, പങ്കെടുക്കുവാൻ പോയിരുന്നു.

പല സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട വിശേഷ ദിവസങ്ങളിൽ എനിക്ക് അതിഥി സ്ഥാനവും ലഭിച്ചിരുന്നു. ദേശീയവും അന്തർദേശീ യവുമായ പല സെമിനാറുകൾ കേരളത്തിൽ സംഘടിപ്പിക്കുമ്പോഴും അതിൽ ഒരു പ്രധാന സ്ഥാനം എനിക്കും ജഗദീശ്വരാനുഗ്രഹത്താൽ ലഭിച്ചിരുന്നു. പല കോളേജുകളിലും അഡ്വൈസറി കമ്മിറ്റിയിലും ഞാനു ണ്ടായിരുന്നു. എന്റെ ലാബറട്ടറിയിൽ മാത്രം ഒരു ഉത്തരവാദിത്വവും ഏൽപ്പിക്കുകയുണ്ടായിട്ടില്ല എന്നതിൽ ഒരു ദുഃഖവും എനിക്ക് പിന്നീടും അപ്പോഴും തോന്നിയില്ല. എനിക്ക് പുറത്ത് ലഭിച്ചിരുന്ന അംഗീകാരത്തിൽ വേദനിക്കുന്ന അരഡസൻ വ്യക്തികൾ ലാബറട്ടറിയിലുണ്ടായിരുന്നു. വളരെ സമ്പത്തും രാഷ്ട്രീയസ്വാധീനവും ഉളള കുടുംബങ്ങളിൽ നിന്ന് വിവാഹം കഴിച്ച അവരെ, ഡയറക്ടർമാർക്കും ഭയമായിരുന്നതു പോലെ തോന്നിയിട്ടുണ്ട്. ഇതൊന്നും എന്നെ കാര്യമായി ബാധിക്കാതെ ഞാൻ പ്രവർത്തിച്ചുക്കൊണ്ടിരുന്നു. പലപ്പോഴും സഹപ്രവർത്തകരുടെ ഈ അസൂയ കാരണം ഗവേഷണത്തിനുള്ള ഉപകരണങ്ങൾ ഉപയോഗി ക്കാനും എനിക്കനുമതി നിഷേധിച്ചിരുന്നതും വിഷമത്തിന് കാരണമാ യില്ല. നേരത്തെ സൂചിപ്പിച്ചിരുന്നതുപോലെ എല്ലാ സംഭവങ്ങൾക്കും മൂകസാക്ഷിയായി ഞാൻ പ്രവർത്തിച്ചു. ഒരു ഇംഗ്ലൂഷ് വരിയെന്നു മോർക്കുമായിരുന്നു. For every action there is an opposite reaction, ഇതെല്ലാവർക്കും ബാധകമാണെന്ന്, ഞാനെപ്പോഴും പറയാറുണ്ട്.

## സാമൂഹിക പ്രവർത്തനത്തിലെ നാഴികക്കല്ലുകൾ

വിചാരകേന്ദ്രത്തിന്റെ പ്രവർത്തകനായിരുന്ന എനിക്ക്, പ്രൊഫ. കെ.ഐ. വാസു, ഡോ. ദ്വാരകാദാസ തുടങ്ങിയ പ്രസിദ്ധരായ ശാസ്ത്ര ജ്ഞന്മാരുടെ നേതൃത്വത്തിൽ 1985 കളിൽ ആരംഭിച്ച സ്വദേശി ശാസ്ത്ര പ്രസ്ഥാനത്തിൽ നല്ല സ്ഥാനമുണ്ടായിരുന്നു. ഇത് വിചാര കേന്ദ്രത്തിന്റെ ഭാഗമായി ആദ്യകാലങ്ങളിൽ പ്രവർത്തിച്ചുകൊണ്ടിരുന്നു. 1995 കളിൽ ഏകദേശം സ്വതന്ത്രമായി പ്രവർത്തനമാരംഭിച്ചു. തിരുവനന്തപുരം കേന്ദ്ര മായി പ്രവർത്തിക്കാൻ തുടങ്ങിയ വേളയിൽ അതിന്റെ ഉത്തരവാദിത്വം ഏറ്റെടുക്കാൻ എനിക്കു ഭാഗ്യമുണ്ടായി. ഒരു സംഘടന വളരെ നല്ലരീ



Scanned with CamScanner

തിയിൽ പ്രവർത്തിക്കുന്നുണ്ടോയെന്നൊന്നും നമ്മൾ മലയാളികൾക്ക് പ്രശ്നമല്ല, പ്രസിഡന്റും സെക്രട്ടറിയുമൊക്കെയാകണം. മീറ്റിങ് വിളിച്ചു കൂട്ടണം, പദവിയുള്ളവരെയെല്ലാം ബഹുമാനിക്കണം. ഒരു യോഗ്യത യുമില്ലാത്തവരേയും വാനോളം പുകഴ്ത്തി പറയണം ഇതെല്ലാം പല സംഘടനകളിലുമുള്ളതുപോലെ സ്വദേശി സയൻസ് മൂവ്മെന്റിലും കാര്യമായിട്ടുണ്ടായിരുന്നു. അഖില കേരളാടിസ്ഥാനത്തിൽ അതിന്റെ പ്രചാരകൻ ആർ എസ് എസ് (പ്രചാരകനായ) ജയകുമാറായിരുന്നു. 1985 മുതൽക്കാണ് തിരുവനന്തപുരത്ത് കാര്യമായ പരിപാടികൾ സംഘ ടിപ്പിക്കാൻ ഞാൻ തുടങ്ങിയത്. അതു വളരെ വിജയമാകുകയും ചെയ്തി രുന്നു. പലപ്പോഴും കമ്മിറ്റി വിളിച്ചു കൂട്ടിയാൽ അംഗങ്ങൾ വരാറില്ല. തിരുവനന്തപുരത്താണെങ്കിൽ പ്രത്യേകിച്ചും. വരുന്നവർ ഉത്തരവാദി ത്വമേറ്റെടുക്കാറുമില്ല. എടുത്തവർ ചെയ്യാറുമില്ല. ഇതു മാത്രമായിരുന്നു സ്വദേശി ശാസ്ത്രപ്രസ്ഥാനത്തിന്റെ രീതി. ഏറ്റെടുക്കുന്ന കാര്യങ്ങളെല്ലം നല്ല നിലയിൽ പ്രാവർത്തികമാക്കാൻ ശ്രമിച്ചപ്പോൾ അതിന്റെ പ്രസി ഡന്റായ പാലക്കാട് എൻ.എസ്.എസ് എഞ്ചിനീയറിംഗ് കോളേജിലെ പ്രിൻസിപ്പാളായിരുന്ന ഡോ. വി.ബി. പണിക്കരും പ്രചാരകനായ ജയ കുമാരും, അവരുടേതായ വിമർശനങ്ങൾ തൊടുത്തു വിട്ടു തുടങ്ങി. എത്ര വിമർശിച്ചിട്ടും, കാര്യങ്ങൾ ഭംഗിയായി പോകുന്നതും അവർക്ക് അസഹനീയമായിത്തോന്നിത്തുടങ്ങിയിരുന്നു. ഇന്നേവരെ ലഭിച്ചിട്ടുള്ള അനുഭവജ്ഞാനവും കൂടെയുള്ള നല്ല സുഹൃത്തുക്കളുടെ സഹകര ണവും ചേർന്ന് സ്വദേശി ശാസ്ത്രപ്രസ്ഥാനം നന്നായിനടക്കുന്നത് വാർധ ക്യത്തിന്റെ മനസ്സും പദവിയുടെ പിൻബലവുമുണ്ടെന്ന കാരണത്താൽ ഡോ. പണിക്കർക്കും ജയകുമാറിനും ഇഷ്ടപ്പെടുന്നില്ലായിരുന്നു.

**ആര്യഭടീയ സെമിനാർ**

1997 ൽ പ്രമുഖരെ ഉൾപ്പെടുത്തിക്കൊണ്ട് 1-ാം ആര്യഭടീയ സെമി നാർ തിരുവനന്തപുരത്ത് ഞാൻ നടത്തി. ധാരാളം ശാസ്ത്രജ്ഞ ന്മാരതിൽ പങ്കെടുത്തു. പ്രസിദ്ധങ്ങളായ പല ലാബറട്ടറികളും സെമി നാർ സ്പോൺസർ ചെയ്തു. മിന്നിത്തിളങ്ങുന്ന വിജയം സംഘടന യിലെ ചില ഭാരവാഹികൾക്ക് രുചിച്ചില്ല. 1998 ഫെ. 13 മുതൽ 16 വരെ രണ്ടാം ആര്യഭടീയ സെമിനാറും സംഘടിപ്പിച്ചു. പ്രകടമായ സഹാ യവും, അനുഗ്രഹവും എല്ലായിടത്തു നിന്നും ലഭിച്ചു. തിരുവനന്തപു രത്ത് അന്നേവരെ ഒരു ശാസ്ത്ര പ്രസ്ഥാനത്തിന്റെ പേരിലും ഇത്രയും ഉജ്ജ്വലമായ ഒരു സെമിനാറും നടന്നിട്ടില്ല. തിരുവനന്തപുരത്തു നിന്നും പുറത്തു നിന്നുമുള്ള പല പ്രസിദ്ധമായ ലാബറട്ടറികളിൽ നിന്നും ധാരാളം ശാസ്ത്രജ്ഞന്മാർ ആര്യഭടീയ സെമിനാറിൽ പങ്കെടുത്തു, എന്നുമാത്ര



Scanned with CamScanner

മല്ല അവരുടെ കേന്ദ്ര-സംസ്ഥാന ലാബറട്ടറികളും സ്ഥാപനങ്ങളും അത് സ്പോൺസർ ചെയ്യുകയുമുണ്ടായി. സ്വദേശി ശാസ്ത്ര പ്രസ്ഥാനത്തിന്റെ കമ്മിറ്റിയംഗങ്ങൾ ഓരോ കാരണം പറഞ്ഞ് മാറി നിന്നുവെങ്കിലും സെമിനാർ അവിസ്മരണീയ വിജയമായിരുന്നു. അവരിലൊരാളും കാര്യമായി ഒന്നും ചെയ്തില്ലെന്നു മാത്രമല്ല. അവസാന നിമിഷം പലരും മാറി നിൽക്കുകയുമുണ്ടായി. ആരും സഹായിക്കാനില്ലാത്ത അവസ്ഥയിൽ എന്റെ ലാബറട്ടറിയിലെ ഡയറക്ടർ, സ്റ്റാഫിനേയും, വാഹനവും, മറ്റെല്ലാ സൗകര്യങ്ങളും നൽകി എന്നെ സഹായിച്ചു. അഭൂതപൂർവമായ വിജയമായി രണ്ടാം ആര്യഭടീയയും നടന്നു. തികച്ചും സ്വാർത്ഥ താൽപര്യങ്ങളും അധികാരത്തിന്റെ പേരിൽ ലഭിക്കേണ്ട സ്ഥാനത്തിനും മാത്രം ആഗ്രഹിച്ചുകൊണ്ടിരുന്നവരുടെ കൂട്ടത്തിൽ ഇനിയും പ്രവർത്തിക്കേണ്ടതില്ലെന്നു ഞാനും തീരുമാനിച്ചു.

### അപ്രതീക്ഷിതമായ ആരോപണം

ഔദ്യോഗിക കർമ്മങ്ങൾക്കൊപ്പം ഭാരതീയ പൈതൃകം, പ്രത്യേകിച്ചും ഭാരതത്തിന്റെ ശാസ്ത്രപൈതൃകം പ്രചരിപ്പിക്കുവാനുള്ള ഒരു വേദി ഉണ്ടാക്കുക. അതിന്റെ ഉദ്ദേശവും, ലക്ഷ്യവും, മാർഗവും എന്റെ ജീവിതാഭിലാഷത്തിനു സമഞ്ജസമായിത്തന്നെയുള്ളതു കൂടിയാകുക. അപ്പോൾ ഉണ്ടാകുന്ന സംതൃപ്തി അനിർവചനീയമായിരിക്കും. അതായിരുന്നു എനിക്ക് സ്വദേശീ ശാസ്ത്ര പ്രസ്ഥാനം. അതിൽ പ്രവർത്തിക്കുമ്പോൾ തളർച്ച തോന്നാറുണ്ടായിരുന്നില്ല. ജനങ്ങളുടെ നിർലോഭമായ പിന്തുണ ലഭിച്ചിരുന്നു. ശാസ്ത്രജ്ഞന്മാരുടേയും ശാസ്ത്ര സംഘടനകളുടേയും അനുഗ്രഹങ്ങളും സഹായവും നിരന്തരം ലഭിച്ചിരുന്നു. അനവധി നല്ല പരിപാടികൾ ആസൂത്രണം ചെയ്യാൻ സാധിച്ചിരുന്നു. ഈ പ്രസ്ഥാനം ജന്മം കൊണ്ടതിനു ശേഷം തിരുവനന്തപുരത്ത് കമ്മിറ്റി മീറ്റിങ്ങുകളല്ലാതെ കാര്യമായിട്ടൊന്നും അന്നേവരെ നടന്നിട്ടില്ല. എന്നതിൽ നിന്നും പ്രതിമാസ പരിപാടികൾ പോലെ ഓരോന്നായി വിജയകരമായി സംഘടിപ്പിക്കുവാൻ സാധിക്കുന്ന അവസ്ഥയിലെത്തി. അതിൽ സംഘടനയുടെ ജില്ലാ ഭാരവാഹികളോ സംസ്ഥാന ഭാരവാഹികളോ കാര്യമായിട്ടൊന്നും പങ്കെടുക്കാതിരുന്നിട്ടും പരിപാടികൾ വിജയമായി ത്തീർന്നിരുന്നു. ഇതെല്ലാം ദൈവത്തിന്റെ സ്വന്തം നാട്ടിൽ പ്രശ്നമുണ്ടാക്കും. പ്രശ്നം ആരംഭിക്കുന്നത് ലളിതമായ ആരോപണത്തിലൂടെയായിരിക്കും. പരിപാടികൾ വിജയിപ്പിച്ചാൽ "ഏകാധിപതിയാണ്, തന്നിഷ്ടം പോലെ പ്രവർത്തിക്കുന്നവനാണ്, എന്തൊക്കെയോ പ്രശ്നങ്ങളുണ്ടെ"ന്നും പലരും പറയും. "ധാരാളം ഫണ്ടു കളക്ഷനും നടത്തുന്നുണ്ട്." ഇതെല്ലാം പറഞ്ഞ് നടന്ന് ആ സംഘടനയെ ഒന്നുമല്ലാതാ



Scanned with CamScanner

ക്കിയാൽ പറഞ്ഞു നടക്കുന്നവന്റെ ഉത്തരവാദിത്വം തീർന്നു. ഉയരുമ്പോൾ തളർത്തണം. നല്ല രീതിയിൽ കാര്യങ്ങൾ നടന്നു പോകുന്നുവെങ്കിൽ അതിന്റെ പങ്ക് എനിക്കും വേണം. കാര്യങ്ങൾ നടക്കുമ്പോൾ എന്തെങ്കിലും പ്രശ്നങ്ങളുണ്ടായാൽ അത് സംഘടിപ്പിച്ചവന്റേയും മറ്റുള്ളവരുടെയും തലയിൽ വെക്കണം. ഇതെല്ലാമാണ് നമ്മുടെ ജീവിതത്തിൽ നിത്യവും കാണുന്ന കാഴ്ചകൾ.

അതു കൊണ്ടു തന്നെ സ്വദേശീ ശാസ്ത്ര പ്രസ്ഥാനം തിരുവനന്തപുരത്ത് അറിയപ്പെട്ടു തുടങ്ങുമ്പോൾ ഒന്നും ചെയ്യാത്ത പ്രഗത്ഭർക്ക്, വിജയിക്കുന്ന പരിപാടികളുടെ ക്രെഡിറ്റിന്റെ ഷെയർ കൊടുക്കണം. അതിനെ പ്രോട്ടോക്കോൾ എന്നും ഇംഗ്ലീഷിൽ പറയുന്നുണ്ട്. ഭാരവാഹികളെ ക്ഷണിച്ച് വിളിച്ചു വരുത്തി, രാജകീയ പ്രൗഢിയോടെ മധുരിക്കുന്ന വലിയ വാക്കുകളുപയോഗിച്ചു, പ്രശംസാ പുഷ്പങ്ങൾ ചൊരിഞ്ഞ്, സ്റ്റേജിൽ കസേരയിലിരുത്തി, ജനസഹസ്രങ്ങളുടെ മുന്നിൽ വെച്ച്, അവരെക്കുറിച്ചു പാടിപുകഴ്ത്തണം. അതിനൊന്നും പ്രസ്ഥാനത്തിൽ എന്റെ കൂടെ പ്രവർത്തിച്ചവർക്കും, എനിക്കും ചിലവഴിക്കാൻ സമയവും ഊർജ്ജവും കാര്യമായിട്ടില്ലാതിരുന്നതിനാൽ പ്രസ്ഥാനത്തിന്റെ വാർഷീക മിറ്റീങ് എറണാകുളത്ത് ബി ടി എച്ചിൽ നടന്നപ്പോൾ സംഘാടക കാര്യദർശി ജയകുമാറും ഡോ. വി.ബി. പണിക്കരും, മറ്റു ചിലരും എനിക്കെതിരെ ശക്തമായ വിമർശനങ്ങൾ ചൊരിഞ്ഞു. അതെല്ലാം നിഷ്പക്ഷമാണെന്നു കാണിക്കാൻ കുറേ പ്രശംസയും. ജനാധിപത്യ വിരുദ്ധം, ഏകാധിപത്യം എന്നെല്ലാം ഘോരഘോരപ്രസംഗങ്ങൾ നടന്നു. ഡോ. കെ.ഐ. വാസു മാത്രം എന്നെ അനുകൂലിച്ച് ആ മീറ്റിങ്ങിൽ സംസാരിച്ചു. ഇതിനേക്കാൾ വലുത് എന്റെ ലാബറട്ടറിക്കകത്ത് നിന്ന് ലഭിച്ചിരുന്നതിനാൽ ഈ ആരോപണങ്ങളൊന്നും എന്നെ ബാധിച്ചില്ല. ഇതെല്ലാം പ്രതീക്ഷിച്ചതുമായിരുന്നു. ഞാൻ ചിരിച്ചുകൊണ്ടിരിക്കവേ ചില പ്രതിനിധികൾ എന്റെയടുത്തു വന്നു പറയുന്നുണ്ടായിരുന്നു. "ഗോപാലകൃഷ്ണൻ ഇതൊന്നും കാര്യമാക്കണ്ട. പൊതുപ്രവർത്തനമല്ലേ ഇങ്ങിനെയൊക്കെയുണ്ടാകും." ഞാൻ ഒന്നിനും പ്രതികരിച്ചില്ല. അവിടെ നിന്ന് ആരോടും ഒന്നും പറയാതെ അക്ഷരാർത്ഥത്തിൽ നിർവികാരനായി ഇറങ്ങിപോന്നു. തൃപ്പൂണിത്തുറ വീട്ടിൽ പോയി രാത്രി തന്നെ തിരുവനന്തപുരത്തേക്ക് തിരിച്ചു. പ്രസ്ഥാനത്തിന്റെ പേരിൽ, ആര്യഭടീയം സെമിനാറിനായി ശേഖരിച്ച തുക ചിലവു കഴിഞ്ഞ് ബാക്കി ഫിക്സഡ് ഡെപ്പോസിറ്റ് ബാങ്കിലിട്ടു. ആ റെസീപ്പ്റ്റ് അധികാരികളെ ഏൽപ്പിച്ചു. ഓഡിറ്റ് റിപ്പോർട്ടും അവരെയേൽപ്പിച്ച്, പ്രസ്ഥാനത്തോട് യാത്ര പറഞ്ഞ് പുറത്തിറങ്ങി.



Scanned with CamScanner

**ഗോപാലകൃഷ്ണൻ 'അഴിമതിക്കാരനാ'കുന്നു**

ഏതാനും ദിവസങ്ങൾക്കുള്ളിൽ ഒരു സന്ധ്യക്ക് സ്വദേശി ശാസ്ത്ര പ്രസ്ഥാനത്തിന്റെ ഇന്നത്തെ ദേശീയ നേതാവ് ജയകുമാർ എന്റെ വീട്ടിൽ വന്നു. ഭീഷണി സ്വരത്തിൽ "നിങ്ങൾ എടുത്ത (കട്ടതായ) സംഖ്യ തിരിച്ചു നൽകണം. ആരുടേയും അനുവാദമില്ലാതെ ഇത്രയും രൂപ സംഭരിച്ചെതെന്തിനായിരുന്നു? ഇഷ്ടംപോലെ അതെല്ലാം ചിലവഴിച്ചതെന്തിനായിരുന്നു? ഇത്രയും വേഗത്തിൽ ഓഡിറ്റ് റിപ്പോർട്ടും കൊടുത്ത് കൈകഴുകാമെന്നൊന്നും വിചാരിക്കേണ്ട. ഇത് നേരിടാൻ എനിക്കറിയാം. അതു വേണ്ടതു പോലെ ഞങ്ങൾ ചെയ്യുന്നുമുണ്ടാകും." അതിശക്തമായ ഭാഷയിൽ ജയകുമാർ പറഞ്ഞു. "നിങ്ങൾ പതിനായിരം രൂപ കട്ടിട്ടുണ്ട്. കള്ളനാണ് നിങ്ങൾ."

വ്യക്തമായ മറുപടി ഓരോ ആരോപണത്തിനും ഞാൻ കൊടുത്തുവെങ്കിലും അതയാൾക്ക് സ്വീകാര്യമായിരുന്നല്ല. എന്റെ വീട്ടിൽ വന്ന് ആക്ഷേപിക്കാൻ യോഗ്യതയില്ലെന്നു ഞാൻ പറഞ്ഞു. ഗേറ്റ് തുറന്ന് "താൻ പടിക്കു പുറത്തു പോയില്ലെങ്കിൽ കഴുത്തു പിടിച്ച് പുറത്താക്കും...." മൂന്നു പ്രാവശ്യം ഞാനത് ആവർത്തിച്ചു. അയാൾ ഗേറ്റിനു പുറത്തു കടന്നു. "ഇതിനെല്ലാത്തിനും തന്നെക്കൊണ്ടു മറുപടി പറയിപ്പിക്കും" എന്ന് ആക്രോശിച്ചു കൊണ്ടയാൾ നടന്നുപോയി. പോകുന്ന വഴിയിൽ ഉറക്കെ പറയുന്നുണ്ടായിരുന്നു. "തന്റെ ഡയറക്ടറേയും ഡി ജി യേയും കണ്ട് കാര്യങ്ങൾ ബോധിപ്പിച്ച് പതിനായിരം രൂപ കട്ടത് തിരിച്ചു മേടിച്ചേ ഇനി വിശ്രമമുള്ളൂ."

അടുത്ത ആഴ്ച തന്നെ ആർ ആറെല്ലിലെ എന്റെ ഡയറക്ടർക്ക് ഒരു കത്തു കിട്ടി. "ഗോപാലകൃഷ്ണൻ ആര്യഭടീയ എന്ന സെമിനാറിന്റെ പേരിൽ കണക്കില്ലാതെ സംഭാവന പിരിച്ചിട്ടുണ്ട്. സി എസ് ഐ ആറും, ആർ ആറെല്ലും സ്പോൺസർഷിപ്പ് സംഖ്യ കൊടുത്തിട്ടുണ്ട്. സ്വന്തം ഇഷ്ടപ്രകാരമാണ് ഈ സർക്കാർ ഫണ്ട് വിനിയോഗിച്ചത്. സെമിനാർ കഴിഞ്ഞ് ദിവസങ്ങൾക്കകം സമർപ്പിച്ച ഓഡിറ്റഡ് റിപ്പോർട്ടിലുള്ളത് കൃത്രിമ വൗച്ചറുകളാണ് വേണ്ട നടപടികളെടുക്കണം." ഇതേ പോലെ ഒരു കത്ത് ഡൽഹിയിലെ എന്റെ ഡയറക്ടർ ജനറലിനും ലഭിച്ചിരിക്കാൻ സാധ്യതയുണ്ടെന്ന് എന്റെ ഡയറക്ടർ പറഞ്ഞു. എന്റെ ധർമ്മബോധത്തെക്കുറിച്ച് വ്യക്തമായി അറിയാവുന്ന ഡയറക്ടർ ഡോ. ദാമോദരൻ, വരാന്തയിൽ വെച്ച് കണ്ട് ഇങ്ങിനെയൊരു കത്തു വന്നിട്ടുണ്ടെന്ന് അറിയിക്കുക മാത്രമാണ് ചെയ്തത്.

**അപകീർത്തിയുടെ വാർത്ത പ്രചരിച്ചുകൊണ്ടിരുന്നു**

ആർ എസ് എസ്സിന്റെ ഭാഗമായി സ്വദേശീശാസ്ത്ര പ്രസ്ഥാന



Scanned with CamScanner

ത്തിൽ പ്രവർത്തിച്ചിരുന്ന ഡോ. ഗോപാലകൃഷ്ണൻ പ്രസ്ഥാനത്തിൽ നിന്ന് 'വൻ തുക' മോഷ്ടിച്ചിട്ടുണ്ടെന്ന് ദിവസങ്ങൾ കൊണ്ട് മലയാളികളായ ആർ എസ് എസ് പ്രവർത്തകരുള്ളീടത്തെല്ലാം ജയകുമാർ പ്രചരിപ്പിച്ചത് തിരുവനന്തപുരത്തു നിന്നായിരുന്നു. ഞാൻ പ്രഭാഷണത്തിനു പോകുന്നതും, ഭാവിയിൽ പോകാൻ സാധ്യതയുള്ളതുമായ സ്ഥലങ്ങളിലെല്ലാം, ഈ പ്രചരണം ശക്തമായി നടത്തി. കേരളത്തിലെ പൊതു പ്രവർത്തനരംഗത്ത് അറിയപ്പെട്ടു തുടങ്ങിയ വ്യക്തി എന്ന നിലയിൽ ഈ ആരോപണങ്ങൾ, ജയകുമാർ ഉദ്ദേശിച്ച ഫലം കുറേയേറെ ഉണ്ടാക്കി. ഈ സംഭവങ്ങൾക്കുശേഷം സ്വദേശി ശാസ്ത്രപ്രസ്ഥാനത്തിന്റെ പ്രവർത്തനങ്ങളിൽ ഞാൻ പങ്കെടുത്തിട്ടില്ല. കേരളത്തിലെവിടെ പോയാലും ഈ സംഭവം കഴിഞ്ഞ്, പത്തു വർഷങ്ങൾ കഴിഞ്ഞിട്ടും ഈ ആരോപണത്തെക്കുറിച്ച് കേൾക്കാറുണ്ട്. ജയകുമാർ എന്ന സ്വദേശിശാസ്ത്രപ്രസ്ഥാനത്തിന്റെ അഖില ഭാരത പ്രചാരകൻ പ്രചരിപ്പിച്ചത് ഇതായിരുന്നു. "ഡോ. ഗോപാലകൃഷ്ണൻ പതിനായിരക്കണക്കിന് രൂപ കട്ടിട്ടുണ്ട്." മിഡിൽ ഈസ്റ്റ് രാജ്യങ്ങളിൽ കുറേയധികം നുണക്കഥകൾ കൂടി ചേർത്തു. അവിടത്തെ മലയാളികളിൽ പലരും ഇപ്പോഴും ഇതിനെക്കുറിച്ച് ചോദിക്കാറുണ്ട്. അവരോടെല്ലാം ഞാൻ മറുപടി പറയാറുണ്ട്. "ഒരു ഗവൺമെന്റ് ഓഫ് ഇന്ത്യസ്ഥാപനത്തിൽ പ്രവർത്തിക്കുന്ന സീനിയർ സയിന്റിസ്റ്റിന്റെ ശമ്പളമുണ്ട്, എന്റെ ഭാര്യക്ക് ബി എസ് എൻ എൽ ൽ ജോലിയുണ്ട്, എന്റെ മകൾക്ക് ഇൻഫോസിസിലും ജോലിയുണ്ട് (ഇപ്പോൾ മകനും എച്ച് എ എല്ലിൽ ജോലിയുണ്ട്). പ്രതിമാസം കുറഞ്ഞത് അയ്യായിരം രൂപ കുടുംബത്തിൽ നിന്നു ഞങ്ങൾ സേവന പ്രവർത്തനങ്ങൾക്കായി അനാഥാലയത്തിലേക്കും പാവപ്പെട്ടവർക്കും കൊടുക്കുന്നുണ്ട്. സ്വദേശി ശാസ്ത്ര പ്രസ്ഥാനത്തിന്റെ പതിനായിരം രൂപ കൊണ്ടെനിക്കെന്താകാനാണ്."?

ഞാൻ എന്റെ പ്രഭാഷണങ്ങളിൽ കാര്യമായിത്തന്നെ പറയാറുണ്ട്; ആദികാവ്യമായ രാമായണം എഴുതിയത് വാത്മീകിയാണെങ്കിലും അതുണ്ടാക്കിയത് മന്ഥരയാണ്. ലോകോത്തരബൃഹദ്ഗ്രന്ഥമായ മഹാഭാരതം രചിച്ചത് വേദവ്യാസനാണെങ്കിലും അതുണ്ടാക്കിയത് ശകുനിയാണ്. പരീക്ഷിത്ത് മഹാരാജാവിന് ശൃംഗിയിൽ നിന്ന് ഒരു ശാപം ഏൽക്കേണ്ടിവന്നതുകൊണ്ടാണ് മഹാഭാഗവതമുണ്ടായത്. ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സയിന്റിഫിക് ഹെറിറ്റേജിന് ജന്മം നൽകി വളർത്താൻ ജഗദീശ്വരാനുഗ്രഹമുണ്ടായത് ഗോപാലകൃഷ്ണനാണെങ്കിലും, അതുണ്ടാകാൻ കാരണമായത് ജയകുമാർ ആണ്. വീണ്ടും ഞാൻ പറയുന്നു, ഗോപാലകൃഷ്ണൻ കള്ളനാണെന്ന് ജയകുമാർ പ്രചരിപ്പിച്ചില്ലാ

യിരുന്നെങ്കിൽ ഇങ്ങിനെയൊരുസംഘടനയെക്കുറിച്ചു ചിന്തിക്കേണ്ട ആവശ്യമുണ്ടാകുമായിരുന്നില്ല.

ഈ ജയകുമാറിനോട് എനിക്കൊരു കടപ്പാടുണ്ട്, എനിക്കെതിരെ കൊണ്ടുവന്ന ഈ ആരോപണമാണ് സ്വന്തമായൊരു സംഘടന കെട്ടിപ്പടുക്കണമെന്നാവേശമെന്നിലുണ്ടാക്കിയതും ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സയിന്റിഫിക് ഹെറിറ്റേജിന് ജന്മം നൽകാൻ അവസരമുണ്ടായതും. പൊതുപ്രവർത്തനത്തിൽ ആർ എസ് എസുമായി ബന്ധപ്പെട്ടവരിൽ ധാരാളം പേർ ഉന്നയിച്ചുകൊണ്ടേയിരുന്ന ഈ ആരോപണമെല്ലാം തട്ടി മാറ്റി മുന്നോട്ടു പോകാനും ഇനിയുണ്ടാകാൻ സാധ്യതയുള്ള ഏത് പ്രശ്നങ്ങളും, ആരോപണങ്ങളും അഭിമുഖീകരിക്കാനുമുള്ള ചങ്കൂറ്റമുണ്ടാക്കിയതും ജയകുമാർ ലോകസമക്ഷം അവതരിപ്പിച്ച "ഡോ. ഗോപാലകൃഷ്ണൻ കള്ളനാണെന്ന" ആരോപണ നാടകമാണ്.

### കീടനാശിനി പ്രഭാഷണം വരുത്തിയ വിന

എന്റെ ഗവേഷണമണ്ഡലത്തിലേക്ക് ഞാനിനി തിരിച്ചു വരട്ടെ. ഏകദേശം മൂന്നു വർഷം ഞാൻ കീടനാശിനിയിൽ ഗവേഷണം നടത്തിയിരുന്നു. സുഗന്ധവ്യഞ്ജനങ്ങളിലും മറ്റു ദ്രവ്യങ്ങളിലുമുള്ള കീടനാശിനിയുടെ അവശിഷ്ടങ്ങൾ, ഭാരതത്തിൽ നിന്നുമുള്ള കയറ്റുമതിയെ സാരമായി ബാധിക്കുന്നുണ്ടായിരുന്നു. അതിനു കൂടി പരിഹാരം കാണുക എന്ന ഉദ്ദേശത്തോടെയായിരുന്നു ഈ പഠനം നടത്തിയത്. ഒരു പുതിയ അറിവിന്റെ മണ്ഡലം എനിക്ക് തുറന്നു ലഭിച്ചതും ഈ പഠനത്തിലൂടെയാണ്. 1999 കാലഘട്ടത്തിൽ കേരളമെമ്പാടും തെങ്ങുകൾക്ക് മണ്ഡരിരോഗം ബാധിച്ചു എന്നതു എല്ലാവർക്കുമറിയാവുന്ന ചരിത്രമാണ്. പത്രങ്ങളിൽ വാർത്തകൾ നിറഞ്ഞു നിന്നിരുന്നു. കേരള സർക്കാർ കേരളത്തിലെമ്പാടും ഡൈക്കോഫോൾ കീടനാശിനി ഉപയോഗിക്കാനായി വൻതോതിൽ കാർഷികവകുപ്പിലൂടെ വാങ്ങിക്കൂട്ടിയിരുന്നുവത്രെ. ആ കീടനാശിനിയുടെ പ്രയോഗത്തിലൂടെ ഉണ്ടാകാൻ സാധ്യതയുള്ള മാരകരോഗങ്ങളെക്കുറിച്ച് പത്രമാധ്യമങ്ങളിൽ നിരന്തരം പലരും ലേഖനങ്ങളും, പ്രതികരണങ്ങളും വരുമായിരുന്നു. ഈ വിഷയത്തെക്കുറിച്ച് എന്നോട് ഒരു പ്രഭാഷണം നടത്തണമെന്ന് തൈക്കാട് ഗാന്ധിസ്മാരക നിധിയിലെ പ്രവർത്തകർ ആവശ്യപ്പെട്ടു. പത്തു വർഷങ്ങളായി ഞാനവിടെ പല വിഷയങ്ങളിലും ക്ലാസെടുക്കുന്നതുപോലെയാണ് ഈ ക്ലാസും അവർ സംഘടിപ്പിച്ചത്. 1999 ഡിസംബർ 12 ന് ഗാന്ധിസ്മാരക നിധിയിലെ ക്ലാസ് "കീടനാശിനിയും ആരോഗ്യപ്രശ്നങ്ങളും" എന്ന വിഷയമായിരുന്നു. വളരെ വ്യക്തമായി ഞാൻ ക്ലാസെടുത്തു. എല്ലാവർക്കും അതിഷ്ടപ്പെടുകയും ചെയ്തു എന്നാണറിഞ്ഞ



Scanned with CamScanner

ത്. അതിലൊരു വ്യക്തി മണ്ഡരിയെക്കുറിച്ചും ഡൈക്കോഫോളിനെക്കുറിച്ചും അനവധി ചോദ്യങ്ങൾ, പ്രഭാഷണാനന്തരം ചോദിക്കുകയുണ്ടായി. അതിനെല്ലാം ശാസ്ത്രീയമായ മറുപടിയും കൊടുത്തു. അതെല്ലാം അയാൾ എഴുതിയെടുക്കുന്നുമുണ്ടായിരുന്നു. ക്ലാസുകഴിഞ്ഞ് അയാൾ അവിടെയുള്ള ആരോടോ എന്തോ ചോദിച്ച് പോകുന്നതും ഞാൻ ശ്രദ്ധിച്ചു. അടുത്ത ദിവസത്തെ (13-ാം തീയതിയിലെ) മാതൃഭൂമി പത്രത്തിൽ വളരെ പ്രാധാന്യത്തോടെ ഒരു വാർത്ത പ്രസിദ്ധീകരിച്ചിരിക്കുന്നതായി കണ്ടു "ഓർഗാനോ ക്ലോറിൻ കീടനാശിനി കാൻസറിന് കാരണമാകുമെന്ന് വിദഗ്ദാഭിപ്രായം" ഇതായിരുന്നു വാർത്തയുടെ തലക്കെട്ട്. ആ വാർത്തയിൽ എന്റെ പേര് ഡോ. എം. ഗോപാലകൃഷ്ണൻ, 'ഡയറക്ടർ', റീജിയണൽ റിസർച്ച് ലാബറട്ടറിയെന്നാണ് കൊടുത്തിരുന്നത്. ഈ വാർത്ത കേരള ഗവണ്മെന്റിന്റെ മണ്ഡരിനയത്തെയും കീടനാശിനി വിതരണത്തേയും അടിമുടി ബാധിച്ചു. തുറവൂർ മുതൽ തിരുവനന്തപുരം വരെ ഈ കീടനാശിനി പ്രയോഗത്തിനെതിരെ നാട്ടുകാർ ശക്തമായ പ്രതിഷേധ മാർച്ചു വരെ നടത്തിയെതിർത്തു. ഇതും മാതൃഭൂമി പത്രം എല്ലാ ദിവസവും പ്രാധാന്യത്തോടെ പ്രസിദ്ധീകരിച്ചിരുന്നു. സംസ്ഥാന കൃഷിവകുപ്പ് മന്ത്രിയിൽ നിന്നും സെക്രട്ടറിയിൽ നിന്നുമെല്ലാം ആർ ആർ എൽ ഡയറക്ടർ ഡോ. വിജയ്നായർക്ക് നിരന്തരം ഫോൺ സന്ദേശങ്ങളും, വിമർശനങ്ങളും, ഭീഷണിപോലും വരാൻ തുടങ്ങിയിരുന്നുവത്രെ. മാതൃഭൂമിയിലെ 'ഡയറക്ടർ' എന്ന് എന്നെക്കുറിച്ചെഴുതിയത് ഒരു ഗവൺമെന്റ് ലാബറട്ടറിയുടെ സർവാധികാരി, ഗവൺമെന്റ് പോളിസിയെ വിമർശിച്ചതായിട്ടായിരുന്നു ചർച്ച മാറി വന്നത്. കൂടാതെ ശാസ്ത്രജ്ഞന്മാരുടെ വിദഗ്ദാഭിപ്രായത്തിന് കൂടുതൽ സ്വീകാര്യതയുമുണ്ടല്ലോ.

എനിക്ക് ആദ്യത്തെ കാരണം കാണിക്കൽ നോട്ടീസ് ഡിസംബർ 14 ന് ഡയറക്ടർ ഡോ. വിജയ് നായർ ഒപ്പിട്ടു തന്നു. തുടർന്നുള്ള ദിവസങ്ങളിൽ എന്നും എനിക്ക് വാണിങ് ലെറ്റർ ലഭിച്ചുകൊണ്ടേയിരുന്നു, എന്നു പറയുന്നതാവും ശരി. ലാബറട്ടറിയിലെ ശ്രീകുമാറും, സുരേഷ്കുമാറും ഡയറക്ടറെ കാര്യമായി സ്വാധീനിച്ച് ഓരോ ദിവസവും ഡയറക്ടർ തരുന്ന കുറിപ്പുകൾ പത്രങ്ങൾക്കെത്തിച്ചുകൊണ്ടിരുന്നു. ഡയറക്ടർക്ക് ഉണ്ടായിരുന്ന ഭയം മുതലെടുത്ത് ഇവർ രണ്ടുപേരും അവരുടെ മനസ്സിലെ വികാരങ്ങൾ മുഴുവനും ഡയറക്ടറിലൂടെ എനിക്കെതിരെ പ്രയോഗിക്കാൻ പത്രപ്രസ്ഥാവനകളും പത്രക്കുറിപ്പുകളും നൽകാൻ ഡയറക്ടറെ നിർബന്ധിതനാക്കികൊണ്ടേയിരുന്നു. സ്ഥാനത്തും അസ്ഥാനത്തും ലാബറട്ടറിയിൽ എന്നെ ഒരു ഭീകരവാദി

യാക്കുകയായിരുന്നിരിക്കാം ലക്ഷ്യം എന്നുവരെ എനിക്കു തോന്നി. മേൽ വിവരിച്ച രണ്ടു ശാസ്ത്രജ്ഞന്മാരും ലാബറട്ടറി മുഴുവനും പ്രചരിപ്പിച്ചത് "ഡോ. വിജയ്നായർ ഡയറക്ടറായിരിക്കുമ്പോൾ തന്നെ ഗോപാലകൃഷ്ണൻ സ്വയം ഡയറക്ടറെന്നു പറഞ്ഞാണ് ഈ റിപ്പോർട്ട് കൊടുത്തതെ"ന്നായിരുന്നു. എന്നോട് പറഞ്ഞവരോടെല്ലാം ഞാൻ ഓർമ്മിപ്പിച്ചു "ഞാൻ കൊടുത്ത വാർത്തയല്ല അത്. ഡയറക്ടർ എന്ന സ്ഥാനം മാതൃഭൂമി റിപ്പോർട്ടറാണ് നൽകിയത്. ഗാന്ധിസ്മാരക നിധിയിലെ സെക്യൂരിറ്റിക്കാരനോടോ മറ്റാരോടോ ചോദിച്ചിട്ടായിരുന്നു. അസിസ്റ്റന്റ് ഡയറക്ടർ എന്നതിനു പകരം ഡയറക്ടർ എന്ന സ്ഥാനപ്പേര് വാർത്തയിൽ കൊടുത്തത്. അവിടെ അടിച്ചു വിതരണം ചെയ്ത നോട്ടീസിൽ പോലും ഞാൻ ലാബറട്ടറിയിലെ സയിന്റിസ്റ്റാണെന്നുപോലും പറഞ്ഞിട്ടില്ല. അതിൽ കൊടുത്തിരിക്കുന്ന ഇനിഷ്യൽ പോലും എൻ. എന്നല്ല എം എന്നാണ്." പക്ഷേ ഈ വിവരണങ്ങളൊന്നും ലാബറട്ടറിയിൽ വിലപ്പോകാൻ അനുവദിക്കാത്ത വിധത്തിൽ ഡയറക്ടറുടെ കൂട്ടത്തിൽ പലരും ചേർന്ന് ഇല്ലാത്തതെല്ലാം പ്രചരിപ്പിച്ചിരുന്നു. കോൺഡക്റ്റ് റൂൾ ലംഘിച്ചതിന് തുടർ നടപടികളെടുക്കാതിരിക്കാൻ കാരണം ബോധിപ്പിക്കാനുള്ള ഒരു നോട്ടീസും കൂടി എനിക്ക് ലഭിച്ചു. ഡയറക്ടറിൽ നിന്നും കൺട്രോളറിൽ നിന്നുമായിരുന്നു അത്. ഈ രണ്ടു കത്തുകളുമായി ഞാൻ ഡയറക്ടറെ കണ്ട ഉടനെ ശക്തമായ ഭാഷയിൽ ഡയറക്ടർ ഡോ. വിജയ്നായർ പറഞ്ഞു. "താങ്കളെ എനിക്കു കാണണ്ട. പറയുന്നതു കേൾക്കാനും താൽപര്യമില്ല. ഓരോ മണിക്കൂറും എനിക്ക് ഇവിടെ സീരിയസ് ആയിട്ടുള്ള ഫോൺ കോളുകളാണ് വരുന്നത്. ഇതിനു നടപടിയെടുത്തേ മതിയാവൂ."

ഇനി എന്തായിരിക്കും സംഭവിക്കുന്നത് എന്ന ദുഃഖത്തോടെയും ഭയത്തോടെയും ഞാൻ ഡയറക്ടറുടെ മുറിവിട്ടിറങ്ങി. കൺട്രോളറെ കണ്ടു കാര്യങ്ങൾ ധരിപ്പിച്ചു. "ഇതല്ലാതെ മറ്റുവഴികളില്ലെന്ന്" അദ്ദേഹം പറഞ്ഞു. "നടപടികളെടുക്കണമെന്ന് നിർദ്ദേശം വന്നാൽ എനിക്കതല്ലേ സാധിക്കൂ." കഴിഞ്ഞ കുറേക്കാലമായി ലാബറട്ടറിയിൽ ഒറ്റപ്പെട്ടിരിക്കുന്നതുപോലെ കഴിയുന്ന എനിക്ക് "ഞാൻ സ്വയം ലാബറട്ടറിയിലെ ഡയറക്ടറാകുകയാണെന്ന" ആരോപണവും കൂടി ഏൽക്കേണ്ടി വന്നു. ലാബറട്ടറിയിലെ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ ശ്രീ രാജൻപിള്ള എന്റെ ഒരു അഭ്യുദയ കാംക്ഷിയായിരുന്നുതാനും. അദ്ദേഹം പോലും ഈ സമയത്ത് കൈമലർത്തി. ഡയറക്ടറുടെ കൂടെ നിന്ന യുവശാസ്ത്രജ്ഞന്മാരും എന്റെ ഡിവിഷന്റെ ഹെഡുമെല്ലാം ഇനിയും കാര്യങ്ങൾ കൂടുതൽ സങ്കീർണമാക്കുമെന്നറിഞ്ഞു. എനിക്കു ലഭിച്ച ഒരു കാരണം



Scanned with CamScanner

കാണിക്കൽ നോട്ടീസിനും മറുപടികൊടുക്കാതെ അവയെല്ലാമെടുത്ത് ഞാൻ മാതൃഭൂമി പത്രമാഫീസിൽ പോയി ചീഫ് എഡിറ്ററെ കണ്ടു.

ചീഫ് എഡിറ്ററോടു നടന്ന കാര്യങ്ങളെല്ലാം പറഞ്ഞു. അദ്ദേഹത്തന്റെ മുഖഭാവത്തിലൊരു മാറ്റവുമില്ലാതെ അദ്ദേഹം മൂന്ന് ചോദ്യങ്ങൾ ചോദിച്ചു. "ഈ റിപ്പോർട്ടിൽ പറഞ്ഞിരിക്കുന്ന വിവരങ്ങളിൽ ഏതെങ്കിലും താങ്കൾ പിൻവലിക്കാൻ ആഗ്രഹിക്കുന്നുണ്ടോ? പറഞ്ഞതിലെന്തെങ്കിലും തെറ്റുകളുണ്ടോ? അതിലെന്തെങ്കിലും തിരുത്തൽ വേണോ?"

ഞാൻ അസന്ദിഗ്ദ്ധമായി പറഞ്ഞു "പറഞ്ഞതെല്ലാം അക്ഷരം പ്രതി ശാസ്ത്രീയമാണ്, ശരിയുമാണ് അതിലൊന്നും ഒരു കുഴപ്പവുമില്ല. അതിന്റെ എല്ലാ ഉത്തരവാദിത്വവും ഞാനേറ്റെടുക്കുന്നു. പക്ഷേ നിങ്ങൾ എന്നെ ഡയറക്ടർ എന്നെഴുതിയതാണ് പ്രശ്നമായത്. അഞ്ചുദിവസമായി എന്നെ ലാബറട്ടറിയിലിട്ട് പൊരിക്കുകയാണ്. ഒരു ഗവൺമെന്റ് ലാബറട്ടറിയുടെ ഡയറക്ടർ ഗവൺമെന്റ് പോളിസിക്കെതിരെ പ്രസംഗിച്ചു എന്നതാണ് ആരോപണം. നിയമപരമായി ഒരു ശാസ്ത്രജ്ഞൻ പ്രസംഗിക്കാൻ പോകുമ്പോൾ അനുമതി വേണമെന്നാണിപ്പോൾ എന്റെ ഡയറക്റും പറയുന്നത്. ഇതൊരു വലിയ പ്രശ്നമാകാൻ കാരണം മാതൃഭൂമിയിൽ എന്നെ 'ഡയറക്ടർ' എന്ന് എഴുതിയിട്ടുള്ളതുകൊണ്ടാണ്." ഇത്രയും ഞാൻ പറഞ്ഞപ്പോൾ അദ്ദേഹം പറഞ്ഞു "ഞാനൊരു പേപ്പർ തരാം അത് കൊണ്ടുപോയി ഒരു കോപ്പി ഡയറക്ടർക്കും ഒരു കോപ്പി കൺട്രോളർക്കും കൊടുത്തു പറയുക. ഇനി ഒരു കാരണംകാണിക്കൽ കത്തെനിക്കു തന്നാൽ നിങ്ങൾ കോടതി കയറേണ്ടി വരുമെന്ന്." അദ്ദേഹം ഒരു പേപ്പർ എനിക്കു തന്നു. അത് റീജിയണൽ റിസർച്ച് ലാബറട്ടറിയുടെ ലെറ്റർ പാഡിൽ എനിക്ക് തന്നിരിക്കുന്ന കാരണം കാണിക്കൽ നോട്ടീസിന്റെ (പ്രസ് റിലീസ് പോലുള്ള) പത്രക്കാർക്കുള്ള കോപ്പിയായിരുന്നു.

മാതൃഭൂമിയിലെ ചീഫ് എഡിറ്റർ പറഞ്ഞു. "ഒരു സീനിയർ ശാസ്ത്രജ്ഞന് പൂർണമായും രഹസ്യസ്വഭാവത്തോടെ മാത്രം കൊടുക്കേണ്ടതായ കാരണം കാണിക്കൽ നോട്ടീസ് പത്രങ്ങൾക്കു നൽകി കോൺഡക്റ്റ് റൂൾ പൂർണമായും വയലേറ്റ് ചെയ്തത് നിങ്ങളുടെ ഡയറക്ടറും കൺട്രോളറുമാണ്. ഇനി എന്തുവേണമെന്ന് ചിന്തിച്ചു ചെയ്യുക." അപ്പോൾ തന്നെ ആ കത്തുമായി ഞാൻ ഡയറക്ടറുടെ മുറിയിൽ കയറി. അദ്ദേഹം സംസാരിക്കാൻ തുടങ്ങുന്നതിനു മുമ്പ് ഞാൻ പറഞ്ഞു. "സാർ കഴിഞ്ഞ നാലഞ്ചു ദിസങ്ങളായി ഒരു തെറ്റും ചെയ്യാത്ത എന്നെ ഇത്രയുമധികം ഭീഷണിപ്പെടുത്തി വേദനിപ്പിച്ചു. ഇനി ഇതുപോലെ



Scanned with CamScanner

എന്തെങ്കിലും ചെയ്ത് ഒരടിമുന്നോട്ടു പോയാൽ നമ്മൾ മൂന്നുപേരും പോലീസ് സ്റ്റേഷനിലോ കോടതിയിലോ വെച്ചായിരിക്കും കാണുന്നത്. എനിക്കു രഹസ്യസ്വഭാവത്തോടെ തരേണ്ടതായ കാരണം കാണിക്കൽ നോട്ടീസ് മാതൃഭൂമി പത്രത്തിന്നയച്ചത് എല്ലാ അടിസ്ഥാന നിയമങ്ങളുടേയും ലംഘനമാണ്. എന്റെ അഡ്വക്കേറ്റ് ശ്രീ. ഫിലിപ്പ് എം പ്രസാദാണ്. അദ്ദേഹം പണ്ട് നക്സലൈറ്റായിരുന്നു എന്നുകൂടി അറിയിക്കട്ടെ. ഈ പറഞ്ഞത് സാറിനും കൺട്രോളർക്കും ലാബറട്ടറിയിലെ ശാസ്ത്രജ്ഞന്മാരായ രണ്ടു കുമാരന്മാർക്കും (ശ്രീകുമാറിനും സുരേഷ്കുമാറിനും) ബാധകമാണ് എന്നു കൂടി അറിയിക്കുന്നു. ഇനി ഇക്കാര്യത്തിന് എന്നെ ഈ മുറിയിലേക്ക് വിളിച്ചാലും എനിക്കിവിടെ വരേണ്ടതായ ബാധ്യതയില്ല. നിയമവ്യവസ്ഥകൾ പാലിക്കേണ്ടവർ തന്നെ അതു ലംഘിച്ചാൽ അവരാണ് മാപ്പു പറയേണ്ടത്.'' ഇത്രയും പറഞ്ഞ് ഞാൻ ഇറങ്ങി. അതിനു ശേഷം പിന്നീട് ആ വിഷയം എന്റെ ലാബറട്ടറിയിൽ ചർച്ച ചെയ്യപ്പെട്ടിട്ടില്ല എന്നു മാത്രമല്ല എനിക്കു തന്നിരുന്ന കാരണം കാണിക്കൽ നോട്ടീസിനൊന്നും ഞാൻ മറുപടിയും കൊടുത്തില്ല.

### കാനഡയിൽ വികസിപ്പിച്ച സാങ്കേതിക വിദ്യ ഭാരതത്തിലേക്ക്

ഇതേ കാലയളവിൽ ഹൈലെവൽ പോളി അൺനാച്ചുറേറ്റഡ് ഫാറ്റി ആസിഡുകളുള്ള ഉൽപന്നങ്ങൾ ഉണ്ടാക്കാനുള്ള സാങ്കേതിക വിദ്യ എന്റെ പ്രൊഫസറും, ഞാനും ഗീതയും കാനഡയിൽ വികസിപ്പിച്ചത്, ബാംഗ്ലൂരിലെ കൂൾ കൊമസ്റ്റിബിൾ എന്ന കമ്പനി വിലക്കുവാങ്ങിയിരുന്നു. ആ ഉൽപന്നത്തിന്റെ നിർമ്മാണം, ഗുണനിലവാരം, എന്നിപ്രകാരമുള്ള എല്ലാ കാര്യങ്ങളും നിയന്ത്രിക്കാൻ എനിക്ക് നിരന്തരം ബാംഗ്ലൂർക്ക് പോകാനുള്ള അവസരവും ലഭിച്ചിരുന്നു. വിദേശത്തു വികസിപ്പിച്ച സാങ്കേതികവിദ്യ ഭാരതത്തിൽ ഉപയോഗിക്കാൻ സാധിച്ചതിൽ അഭിമാനം തോന്നി.

### രണ്ടാമതൊരു വീടുണ്ടാക്കാനുള്ള ഭാഗ്യം

1992 ൽ തന്നെ അച്ഛൻ തൃപ്പൂണിത്തുറയിലെ സ്ഥലം മക്കൾക്കായി ഭാഗിച്ചിരുന്നു. എനിക്ക് ലഭിച്ചത് തറവാടിന്റെ ഒരു മൂലക്കുള്ള വലിയ കുളമായിരുന്നു. എന്റെ സഹോദരന്മാരോട്, അവർക്കിഷ്ടമുള്ള ഭാഗം സ്വീകരിച്ചുകൊള്ളുവാൻ ഞാൻ പറഞ്ഞിരുന്നു. ആർക്കും എടുക്കാൻ താൽപര്യമില്ലെങ്കിൽ കുളം ഞാനെടുക്കാമെന്നും പറഞ്ഞു. കോയമ്പത്തൂർക്ക് ഗവേഷണത്തിനായി പോകുന്ന വഴിക്ക് ഞാൻ തൃപ്പൂണിത്തുറയിലിറങ്ങിയപ്പോൾ അടുത്ത പറമ്പിൽ വലിയ ഒരു കെട്ടിടനിർമ്മാണത്തിന് തറക്കലിടലും ഭൂമിപൂജയും നടക്കുകയാണ്. ശ്രീ പ്രഭാകരൻ

എന്ന കോൺട്രാക്ടർ ഒരാശുപത്രി പണിയുകയാണ്. അതിനുള്ള കർമ്മം നടക്കുമ്പോഴാണ് അതിലൂടെ ഞാൻ പോകുന്നത്. പരീക്ഷണ പഠനങ്ങൾക്കായി കോയമ്പത്തൂർ അവിനാശലിംഗം കോളേജിലേക്കുള്ള യാത്രാമദ്ധ്യേയാണ് തൃപ്പൂണിത്തുറയിൽ ഭാഗ്യത്തിനിറങ്ങിയത്. എന്റെ കുളം നികത്തിക്കിട്ടിയാൽ കൊള്ളാമെന്ന ആഗ്രഹവുമായി അന്നുതന്നെ പ്രഭാകരനെ കണ്ടു. ബന്ധപ്പെട്ട എല്ലാ കാര്യങ്ങളും അദ്ദേഹത്തോടു പറഞ്ഞു. അപ്പുറത്തുള്ള രെജിസ്ട്രാർ ഓഫീസിലൂടെയും, സ്കൂളിലൂടെയുമെല്ലാം മണ്ണു ലോറി കയറ്റി ഈ വലിയ കുളം നികത്തിയെടുക്കാനുള്ള ശ്രമം രണ്ടു മൂന്നു വർഷമായി ഞാൻ നടത്തികൊണ്ടിരുന്നു. സർക്കാർ ഭൂമിയിലൂടെ ലോറികയറ്റി വ്യക്തിപരമായ കാര്യങ്ങൾ ചെയ്യുന്നതിനുണ്ടാകാവുന്ന പ്രശ്നങ്ങൾ ഓർത്ത് ആരും അനുവാദം തന്നില്ല. അതുകൊണ്ട് ഈ സ്ഥലത്തു കൂടെ ലോറിയിൽ മണ്ണു നിറച്ച് വലിയ കുളം നികത്താനനുവദിക്കണമെന്ന് ഞാൻ ശ്രീ പ്രഭാകരനോട് പറഞ്ഞു. കോരിച്ചൊരിയുന്ന മിഥുനം-കർക്കിടത്തിലെ മഴ, പൂഴിമണ്ണിൽ ചക്രം താഴ്ന്നുപോകുമെന്നുറപ്പ്. നിറഞ്ഞു കവിയുന്ന 55 അടി വ്യാസമുള്ള കുളം, ഉപ്പുമാവുമാതിരിയുള്ള മണ്ണ്, എങ്ങിനെ ലോറിക്കാർ മണ്ണുകൊണ്ടുവരും എന്നതിന് ഒരു പരിഹാരമോ മറുപടിയോ എനിക്കില്ല. എല്ലാ വഴികളും പരിശോധിച്ച്, പ്രഭാകരൻ കോൺട്രാക്ടറെ കണ്ട് അഭ്യർത്ഥിച്ചു. "അങ്ങുതന്നെ ഈ കുളം നികത്തിത്തരണം" ആദ്യം സാധിക്കില്ല എന്നു പറഞ്ഞെങ്കിലും എന്റെ മുഖഭാവം കണ്ട്, അദ്ദേഹത്തിന്റെ ഒരു ബന്ധുവിലൂടെ മൂന്നു ദിവസം കൊണ്ട് കുളം നികത്തി, 15 ലോറി കരിങ്കൽ, ഭാവിയിൽ വീടുവെക്കാനുമായി ഇറക്കിത്തന്നു. 30,0000 രൂപമാത്രമാണ് ചിലവായത്. കുളത്തിലിട്ട മണ്ണ് രണ്ടുവർഷം കൊണ്ട് നല്ലവണ്ണം ഉറച്ചിരുന്നു. കാനഡയിൽ നിന്ന് വന്ന് കയ്യിലുണ്ടായിരുന്ന ഫെല്ലോഷിപ്പിന്റെ സംഖ്യയും പി എഫുമെടുത്ത് ഒരു വീടുപണിയണമെന്നു തോന്നി. ഞാനറിയാതെ എന്റെ ജാതകം നോക്കി ഗുരുദശയിൽ ശുക്രാപഹാര സമയമായിരുന്നു അത്. ഗുരു ഉച്ചത്തിൽ രണ്ടാം ഭാവത്തിൽ ശുക്രൻ പന്ത്രണ്ടിൽ. ഈ ഒരു യോഗത്തിൽ വീടു വെക്കുകയാണെങ്കിൽ ഉദ്ദേശിച്ച വീടുപണി ഒരു ബുദ്ധിമുട്ടും കൂടാതെ തീർക്കാൻ സാധിക്കുമെന്നതായിരുന്നു വിവരണം. ശ്രീ.പി.എസ്. നായരുടെ പുസ്തകത്തിലും ഈ വിവരണം കണ്ടു. രണ്ടും കൽപിച്ചാണ് വീടു പണി 1995 ഏപ്രിൽ മാസത്തിലാരംഭിച്ചത്. അതിന്റെ പണി ഒരു ഭംഗവുമില്ലാതെ ആ വർഷാവസാനം തന്നെ തീരുകയും ചെയ്തു. ചെറിയ ഒരു തുക ബാങ്ക് ലോണുമെടുത്ത് ആ പണിപൂർത്തിയാക്കി. അങ്ങിനെ ജീവിതത്തിൽ കാനഡയിൽ നിന്നു ലഭിച്ച സമ്പാദ്യവും ചേർത്ത് ഒരു വീട് മറ്റു സഹോദരന്മാ



Scanned with CamScanner

രുടെ വീടിന്റെ കൂടെയെനിക്കും തൃപ്പൂണിത്തുറയിൽ തീർക്കാൻ സാധിച്ചു. ഈ വീടിന്റെ നിർമ്മാണത്തിലെല്ലാകാര്യത്തിലും എന്റെ ജ്യേഷ്ഠന്റെ മകൾ ജയശ്രീയുടെ സഹായം അവിസ്മരണീയമായിരുന്നു. അവളുടെ മേൽനോട്ടമില്ലായിരുന്നെങ്കിൽ എനിക്ക് ആ വീട് പണിയെക്കുറിച്ച് ചിന്തിക്കാനേ സാധിക്കുമായിരുന്നില്ല.

**പൂർവകാല ബന്ധങ്ങൾ അയവിറക്കിക്കൊണ്ടിരുന്നു**

കൊച്ചിൻ കോളേജിലും ഞാൻ പഠിച്ച സെന്റ് ആൽബർട്ട്സിലും മഹാരാജാസിലുമെല്ലാമുള്ള അദ്ധ്യാപകരേയും സുഹൃത്തുക്കളേയും സഹപാഠികളേയും അതേ പോലെ ഹൈദരാബാദ് ആർ ആറെല്ലിൽ (ഇപ്പോൾ അതിന്റെ പേര് ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് കെമിക്കൽ ടെക്നോളി) ഉണ്ടായിരുന്ന എല്ലാപേരെയും ബന്ധപ്പെട്ടുകൊണ്ടേയിരുന്നു. കഴിഞ്ഞ ഏതാനും വർഷങ്ങളായി ഡോ. ലക്ഷ്മീനാരായണയേയും ഡോ. കൈമളിനേയും ബന്ധപ്പെടാൻ അവരുടെ വിലാസം ലഭ്യമല്ലാതായിരിക്കുന്നു. ഔവർ കോളേജിലെ സഹ അദ്ധ്യാപകരേയും കാണാറുണ്ട്. ഡോ. രാമൻ സാറിനേയും അദ്ദേഹം ഏതാനും മാസങ്ങൾക്കു മുമ്പ് അന്ത്യശ്വാസം വലിക്കുന്നതു വരെ നിരന്തരം വീട്ടിൽ പോയിക്കാണുമായിരുന്നു. തൃപ്പൂണിത്തുറയിലെ പള്ളിക്കുന്നേൽ മത്തായി, (ബി എസ്സിക്ക് അഡ്മിഷൻ നേടിത്തന്ന) പ്രൊഫസറുമായും ബന്ധം ശക്തമായി തന്നെ നിലനിർത്തുന്നു. ഹൈസ്കൂളിൽ മലയാളം പഠിപ്പിച്ച ശ്രീ അരവിന്ദാക്ഷൻ സാറിനേയും സന്ദർശന വേളയിൽ മറക്കാറില്ല.

**ലാബറട്ടറിയിൽ എന്റേതായ പ്രോജക്റ്റ്**

ലാബറട്ടറിയിൽ എന്തെല്ലാം കോളിളക്കമുണ്ടാകുമ്പോഴും എന്റേതായ ഒരു സ്വതന്ത്ര ഗവേഷണ പ്രോജക്ടിനായി ഞാൻ നിരന്തരം പരിശ്രമിച്ചിരുന്നു. അങ്ങിനെ രണ്ടുവർഷത്തെ ശ്രമം കൊണ്ട് കേന്ദ്രസർക്കാറിന്റെ സാമൂഹ്യ കുടുംബക്ഷേമ വകുപ്പിന്റെ സഹായത്തോടെ കേരളസർക്കാർ, ഡയറക്ടർ ഓഫ് മെഡിക്കൽ എഡ്യൂക്കേഷനിലൂടെ ഒരു പ്രോജക്റ്റിന് എനിക്ക് അനുമതി നൽകി. 1997 ൽ അപേക്ഷിച്ച് നൂറുപ്രാവശ്യമെങ്കിലും തിരുവനന്തപുരത്തെ ഡി എം ഇ യുടെ ഓഫീസിലേക്ക് കയറിയിറങ്ങി, സെക്രട്ടറിയേറ്റിലും ഒരു നൂറുപ്രാവശ്യം കയറിയിറങ്ങി സ്വന്തമായി, ഒരു റിസർച്ച് പ്രോജക്റ്റ് 13 ലക്ഷം രൂപയുടേത്, 1999 -2000 ൽ ലഭിച്ചു. അതോടു കൂടി കുറേ സ്വതന്ത്രമായി ലാബറട്ടറിയിൽ പ്രവർത്തിക്കാനുള്ള ഭാഗ്യമുണ്ടായെങ്കിലും സഹായികളെയാരേയും അനുവദിക്കാൻ എന്റെ ഹെഡും ഡയറക്ടറും സന്മനസു കാണിച്ചില്ല. ഡയറക്ടറെ കണ്ട് കാര്യം ബോധിപ്പിക്കാനും എനിക്കു സാധിച്ചില്ല. ഒരിക്കൽ ഡയറക്ടർ ഡോ. വിജയ്നായർ പറയുകയുണ്ടായി

"ജീവിതത്തിലൊരു തെറ്റേ ഞാൻ ചെയ്തിട്ടുള്ളു അത് നിങ്ങളുടെ പ്രോജക്റ്റിന് ശുപാർശ ചെയ്തതാണ്" എന്ന്. അതൊന്നും എന്നെ തളർത്തിയില്ല. ഈ വരികളെല്ലാം അദ്ദേഹത്തെക്കൊണ്ടു പറയിപ്പിച്ചത് ഡോ. അറുമുഖവും (ഹെഡ് ഓഫ് ഡിവിഷനും) സയിന്റിസ്റ്റായ ശ്രീകുമാറും ചേർന്നായിരുന്നു. പല ഡയറക്ടർമാർ മാറിവരുമ്പോഴും അവരുടെ കൂടെ നിന്ന് കാര്യങ്ങളെല്ലാം യഥേഷ്ടം നടത്താനുള്ള കഴിവ് വിജയകരമായി പ്രയോഗിക്കാനും ഇവർക്ക് സാധിച്ചു. അസാമാന്യമായ വാക്ക് ചാതുരിയും, പ്രദർശനവും, പ്രകടനവും അവർക്കുണ്ടായിരുന്നു. ഞാൻ ഇവരുടെ കൂടെ പ്രവർത്തിക്കുന്ന സഹപ്രവർത്തകനാണെന്ന ബന്ധം പോലും ഇവരുടെ പെരുമാറ്റത്തിൽ ഇല്ലായിരുന്നു. എന്നെപ്പോലെ അരഡസൻ ശാസ്ത്രജ്ഞന്മാർ (സ്ത്രീകളും പുരുഷന്മാരും) ഇവരുടെ ബാഡ് ലിസ്റ്റിലായിരുന്നു.

ഇക്കാലയളവിലാണ് ഒരു പുതിയ ലാബറട്ടറി കെട്ടിടം ഡിവിഷനു ലഭിച്ചത്. അവിടെ ഇരിക്കാൻ എനിക്കൊരു ചെറിയ കാബിൻ ലഭിക്കാൻ പോലും വളരെയേറെ ബുദ്ധിമുട്ടേണ്ടി വന്നു. ഡയറക്ടർ പോലും ഈ രണ്ടുപേരുടേയും നിർദ്ദേശങ്ങൾക്കപ്പുറം പോകില്ലായിരുന്ന കാലത്താണ് എനിക്ക് ആയുർവേദത്തിന്റെ (കേന്ദ്രസർക്കാർ) പ്രോജക്റ്റ് ലഭിച്ചത്. അതൊരു അനുഗ്രഹമായിരുന്നു. മൂന്നു വർഷംകൊണ്ട് 58 ആയുർവേദ ഉല്പന്നങ്ങൾ പരിശോധിച്ച് അവയ്ക്ക് സ്റ്റാൻഡേർഡ് ഉണ്ടാക്കാനുള്ളതെല്ലാം ചെയ്തു. ലാബറട്ടറിയിലെ ഒറ്റപ്പെട്ട വ്യക്തിയുടെ, ഒറ്റപ്പെട്ട പ്രോജക്റ്റായി മാത്രം അതിനെ ഡയറക്ടർ കണക്കാക്കിയിരുന്നു. ഈ പഠനങ്ങൾ മുഴുവനും നടത്തിയത് ആയുർവേദ കോളേജിലെ വിദ്യാർത്ഥികളുടെ പ്രോജക്റ്റ് തീസീസ് വർക്കായിട്ടായിരുന്നു. അവരുടെ എം.ഡി. (ആയുർവേദ)യുടെ ഭാഗമായിട്ടോ അഥവാ ആയുർവേദ ഡിഗ്രി കഴിഞ്ഞവരുടെ ഇടക്കാല സമയം ഉപയോഗിച്ചോ ആയിരുന്നു ഈ റിസർച്ചെല്ലാം നടത്തിയത്. ആയുർവേദത്തെക്കുറിച്ച് ആധികാരികമായ ഒരു വിവരണം നൽകാനും, ഒരു പുസ്തകമെഴുതാനും ആയുർവേദ സെമിനാറിന് പങ്കെടുത്ത് ഇൻവൈറ്റഡ് ലെക്ചർ നൽകാനും എല്ലാം എനിക്കവസരം ലഭിച്ചത് ഈ ആയുർവേദ പ്രോജക്റ്റിലൂടെയാണ്. ഈ പ്രോജക്റ്റിന്റെ 13 ലക്ഷം രൂപ തിരുവനന്തപുരം മെഡിക്കൽ കോളേജ് കാമ്പസിലുള്ള ഡി.എം.ഇ. ഓഫീസിൽ നിന്ന് ലഭിക്കാനായി ഒരു ജന്മത്തിൽ ചെയ്യേണ്ടതായ കഠിന തപസ്സുചെയ്യേണ്ടി വന്നു. കേരള സർക്കാരിന്റെ കർമ്മ പദ്ധതികളും അത് നടപ്പിലാക്കി കിട്ടാൻ ഓരോ സർക്കാരുദ്യോഗസ്ഥനും അനുഭവിക്കേണ്ടിവരുന്ന നരകയാതനയും നേരിട്ടറിയാൻ ഇത് അവസരം നൽകി.

## ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സയിന്റിഫിക് ഹെറിറ്റേജിന്റെ ജനനം

1997 ൽ ആര്യഭടീയ ഒന്നാം സെമിനാറും 1998-ൽ രണ്ടാം സെമിനാറും സ്വദേശി ശാസ്ത്ര പ്രസ്ഥാനത്തിന്റെ പേരിൽ ഞാൻ ചീഫ് കോർഡിനേറ്ററായിരിക്കുമ്പോൾ നടത്തി. അതിൽ പ്രസ്ഥാനത്തിന്റെ ഫണ്ട് സ്വന്തം കീശയിലിട്ടു എന്ന ആരോപണവുമുണ്ടായിരുന്നതായി ഞാനെഴുതിയിട്ടുണ്ട്. അതു മലയാളികളുള്ള സ്ഥലത്തെല്ലാം ആർ.എസ്.എസിന്റെ ചില പ്രവർത്തകർ പ്രചരിപ്പിച്ചു കൊണ്ടേയിരുന്നു. വിചാരകേന്ദ്രത്തിന്റെ പ്രർത്തനത്തിലും ഞാൻ കാര്യമായ പങ്കുവഹിക്കുന്നുണ്ടായിരുന്നു. 1994 മുതൽ 2000 വരെയുള്ള കാലഘട്ടത്തിൽ കുറഞ്ഞത് 1000 പ്രഭാഷണങ്ങളെങ്കിലും ഞാൻ കേരളമെമ്പാടും നടത്തിയിട്ടുണ്ട്.

1998 ൽ ഞാൻ പരമേശ്വർജിയെ കണ്ട്, കുറേനേരം എന്റേതായ ഒരു പദ്ധതി നടപ്പിലാക്കുന്നതിനെക്കുറിച്ച് വിവരിച്ചു. "ഭാരതീയ പൈതൃകത്തിന്റെ സമഗ്ര പഠനത്തിനായി സിഡികളും കാസറ്റുകളും പുസ്തകങ്ങളും പ്രസിദ്ധീകരിക്കാനായി വിചാരകേന്ദ്രത്തിൽ തന്നെ ഒരു ചെറിയ ഗ്രൂപ്പ് തുടങ്ങണം. അത്യാധുനിക ശാസ്ത്രസാങ്കേതിക വിദ്യയുപയോഗിച്ച് അതിപുരാതന ഭാരതീയ പൈതൃകം പഠിപ്പിക്കണം" എന്ന് വിവരിച്ചു പറഞ്ഞു. പരമേശ്വർജിയുടെ മുഖത്ത് ഒരു ഭാവവ്യത്യാസമോ വലിയ താൽപര്യമോ കണ്ടില്ല. "എല്ലാ ഉത്തരവാദിത്വങ്ങളും ഞാനേറ്റെടുക്കാം. ചിലവിനുള്ള സംഖ്യയെല്ലാം അതിൽ നിന്നു തന്നെ ഉണ്ടാക്കാവുന്നതാണ്. ഈ പരിപാടിയൊരിക്കലും സംഘടനക്ക് ബാധ്യതയാകില്ല." ഞാൻ പല രീതിയിലും കാര്യങ്ങൾ ബോധ്യപ്പെടുത്താൻ ശ്രമിച്ചു. എല്ലാം കേട്ട് പരമേശ്വർജി പറഞ്ഞു "എല്ലാം വ്യക്തമായി എഴുതിത്തരൂ നോക്കാം." ആ വരികളിലൊന്നിലും, പരമേശ്വർജിയുടെ മുഖത്തും, പ്രതികരണത്തിലുമൊന്നും അംഗീകാരത്തിന്റെയോ താൽപര്യത്തിന്റേയോ വികാരമുണ്ടായിരുന്നില്ല.

അടുത്ത ദിവസം തന്നെ ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സയിന്റിഫിക് ഹെറിറ്റേജ് എന്ന പേരിൽ വിചാരകേന്ദ്രത്തിന്റെ ഭാഗമായി പ്രവർത്തിക്കാനൊരു പ്രത്യേക സംവിധാനം എന്ന പേരിൽ ഒരു പാരഗ്രാഫ് എഴുതി, ടൈപ്പ് ചെയ്ത് നിർദ്ദേശിച്ചിരുന്ന പ്രകാരം പരമേശ്വർജിക്ക് സമർപ്പിച്ചു. വായിച്ചു പോലും നോക്കാതെ പരമേശ്വർജി അത് മേശയിൽ വെച്ച്. "ചർച്ച ചെയ്തതിനുശേഷം എന്താണു വേണ്ടത് എന്ന് അറിയിക്കാമെന്നു" മാത്രം പറഞ്ഞു. ഞാൻ അസംതൃപ്തനായിത്തന്നെ മടങ്ങി. ഒന്നുരണ്ടു ആഴ്ചകൂടുമ്പോൾ പരമേശ്വർജിയെ സന്ദർശിച്ച് കാര്യങ്ങൾ തിരിക്കുമായിരുന്നു. അപ്പോഴെല്ലാം എനിക്ക് ലഭിക്കുന്ന മറുപടി "തരാം, ചർച്ച ചെയ്യാം, നോക്കട്ടെ" എന്നു മാത്രമായിരുന്നു. മൂന്നു



Scanned with CamScanner

മാസം കഴിഞ്ഞപ്പോൾ ശ്രീപരമേശ്വർജി പറഞ്ഞു. "ഇന്ത്യൻ ഇൻസ്റ്റി റ്റ്യൂട്ട് ഓഫ് സയിന്റിഫിക് ഹെറിറ്റേജ് എന്ന പേരു വേണ്ട, ഇന്ത്യൻ ഇൻസിറ്റിറ്റ്യൂട്ട് ഓഫ് കൾച്ചറൽ ഹെറിറ്റേജ് എന്നു മതി" എന്ന്. അങ്ങിനെയൊരു കൾച്ചറൽ ദൗത്യം നിർവഹിക്കാൻ വിചാരകേന്ദ്രമു ണ്ടല്ലോ എന്ന് ഞാനും പറഞ്ഞു. "ഇത് കാര്യകാരണി ബൈഠക്കിൽ വെച്ച്ചർച്ച ചെയ്ത് തീരുമാനമെടുക്കേണ്ടതാണെന്ന്" പരമേശ്വർജി പറ ഞ്ഞു. ഏതാണ്ട് ഒരുവർഷം കഴിഞ്ഞിട്ടും നിരന്തരം ബന്ധപ്പെട്ടിട്ടും ഒരു മറുപടിയും ലഭിക്കാതെ ഇതേപോലൊരു അഭിപ്രായം മാത്രം വന്ന പ്പോൾ ഇതൊന്നും നടക്കാൻ പോകുന്നില്ലെന്നുതന്നെ എനിക്കു തോന്നി. ഒരുപക്ഷേ ജയകുമാറിന്റെ സ്വാധീനമാകാം (ജയകുമാർ ഇഫക്റ്റ്) എന്നും എനിക്കു മനസ്സിലായി. വീട്ടിൽ ടി വി കണ്ടുകൊണ്ടിരിക്കേ നടന്നതെല്ലാം വിസ്തരിച്ച് ഞാൻ ഭാര്യയോടു പറഞ്ഞു. ഭാര്യ പെട്ടെന്ന് ഒരു നിർദ്ദേശം വെച്ചു. "നിങ്ങളെന്തിനാണ് ഇവരുടെയൊക്കെ പുറകേ പോകുന്നത് നിങ്ങൾക്ക് സ്വന്തമായിട്ടൊരു പ്രസ്ഥാനം തുടങ്ങിക്കൂടെ." ഈ വരി യിൽ ദൈവ നിശ്ചയം പോലെയൊരു മിന്നിത്തിളക്കം അനുഭവപ്പെട്ടു. അടുത്ത ദിവസം ഞാൻ ഡോ. സാംബശിവനെ കണ്ട് കാര്യങ്ങൾ വിവ രിച്ചു. ഡോക്ടറുടെ മറുപടി ലളിതമായിരുന്നു. "ഗോപാലകൃഷ്ണനെ എനിക്കറിയാം. ഗോപാലകൃഷ്ണൻ അതിന്റെ ഉത്തരവാദിത്വം ഏറ്റെടു ക്കാമെങ്കിൽ ഞാനുണ്ടാകും ഇല്ലെങ്കിൽ എനിക്ക് വയ്യ. എന്തെല്ലാമാണ് സംഘടനയിലൂടെ ഉദ്ദേശിക്കുന്നത് എന്നും ഡോ. സാംബശിവനോട് വിവരിച്ചു പറഞ്ഞ് ഞാൻ സംതൃപ്തിയോടെ ഇറങ്ങിവന്നു.

എല്ലാ മാസവും കരമനയിലെ ശങ്കരമണ്ഡപത്തിൽ എന്റെ ക്ലാസു ണ്ടായിരുന്നു. അതിന്റെ സെക്രട്ടറിയായ ശ്രീ ശേഖറിന്റ അടുത്തും ഞാൻ ഇപ്രകാരമൊരു സംഘടന രൂപീകരിക്കുന്നതിനെക്കുറിച്ചു പറഞ്ഞു. അദ്ദേഹത്തിന്റെ മറുപടി "അങ്ങിനെയൊന്നു വേണമെന്നു തീരുമാനി ച്ചാൽ ഒട്ടും വൈകിക്കേണ്ടതില്ല. നമുക്ക് ഉടനെ ഉൽഘാടനം ചെയ്യ ണം." അതും ആവേശം തോന്നിച്ച സംഭാഷണമായിരുന്നു. കൂടാതെ ശേഖർ പറഞ്ഞു എന്റെ അനുജൻ ചാർട്ടേഡ് എക്കൗണ്ടന്റാണ്. അദ്ദേഹം ട്രസ്റ്റിന്റെ എല്ലാ കാര്യങ്ങളും ചേർത്ത്, നിയമാവലി രെജി സ്റ്റർ ചെയ്യാനുള്ള സൗകര്യമുണ്ടാക്കിത്തരും. വേണ്ടതെല്ലാം ഞാൻ പറഞ്ഞുകൊള്ളാം ശേഖർ പറഞ്ഞത് കേട്ടപ്പോൾ കുറേക്കൂടി ആത്മ വിശ്വാസം തോന്നി. തിരുവനന്തപുരത്ത് പുത്തരിക്കണ്ടം മൈതാനിയിൽ രാമദാസമിഷന്റെ സമ്മേളനത്തിൽ എല്ലാവർഷവും രാമനവമി 9 ദിവ സങ്ങളിലും ഞാൻ പ്രഭാഷണത്തിനുപോകാറുണ്ട്. അവിടെ വെച്ച് പണ്ട് ഞാൻ പ്രവർത്തിച്ചിരുന്ന ഔവർ കോളേജിന്റെ പ്രിൻസിപ്പൽ ശ്രീ അച്ചു



Scanned with CamScanner

തൻ നായരെ കണ്ടു. അദ്ദേഹം പറഞ്ഞു "ഇത്രയും കാലം മറ്റു പല പ്രസ്ഥാനങ്ങളിലും പ്രവർത്തിച്ചതിന്റെ കുറ്റബോധമുണ്ട്, അതെല്ലാം പരിഹരിക്കാനായി നീ എന്തെങ്കിലും തുടങ്ങുകയാണെങ്കിൽ ഞാനും കൂടെയുണ്ട്." ഇതും കുറേയേറെ ആത്മവിശ്വാസം നൽകുന്ന വാക്കുകളായിരുന്നു. എല്ലാ കർമ്മങ്ങൾക്കും എന്നെ അനുമോദിക്കുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്തിരുന്ന എന്റെ രണ്ടുസഹോദരന്മാരേയും ഉൾപ്പെടുത്തിക്കൊണ്ട് ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സയിന്റിഫിക് ഹെറിറ്റേജ് ട്രസ്റ്റ് രൂപീകരിക്കാനുള്ള പ്രവർത്തനങ്ങളുമായി ഞാൻ മുന്നോട്ടുപോയി. ശേഖറിന്റ സഹോദരൻ ശ്രീ രാമകൃഷ്ണനാണ് ഇൻസ്റ്റിറ്റ്യൂട്ടിന്റെ നിയമാവലി എഴുതി തയ്യാറാക്കിയത്.

## ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സയിന്റിഫിക് ഹെറിറ്റേജ് ഉദ്ഘാടനം

ഡോ. സാംബശിവന്റേയും മറ്റും നിർദേശപ്രകാരം 1999 ആഗസ്റ്റ് 8-ാം തീയതി ശ്രാവണ പൗർണമിയുടെയന്ന് ഉദ്ഘാടനം നടത്തണമെന്ന് തീരുമാനിച്ചു. പ്രഗത്ഭരായ പലരേയും ഉൾപ്പെടുത്തി. അദ്ധ്യക്ഷൻ ഡോ. സംബശിവനും, ഉൽഘാടകൻ ഡോ. മാർത്താണ്ഡൻപിള്ളയും, ആശംസകൾക്കും മറ്റും പ്രഗത്ഭരായവരേയും ക്ഷണിച്ചു. എല്ലാവരും സന്തോഷത്തോടെ ക്ഷണം സ്വീകരിച്ചു. എന്റെ ലാബറട്ടറിയിലെ ശ്രീ. കെ.ആർ. പ്രസാദും, ശ്രീ. ഉണ്ണികൃഷ്ണനും കാര്യമായി എന്നെ സഹായിച്ചു. അന്നുമുതൽക്ക് ഇന്നുവരെയും, അതിനുമുമ്പ് സ്വദേശി ശാസ്ത്രപ്രസ്ഥാനത്തിൽ പ്രവർത്തിക്കുമ്പോഴും ശ്രീ.കെ.ആർ. പ്രസാദ് ഒരു ജ്യേഷ്ഠനെപോലെ ആർ ആറെല്ലിലും പുറത്തും നിറഞ്ഞ ഹൃദയത്തോടെ എല്ലാ സഹായവും മാർഗനിർദ്ദേശവും എനിക്ക് നൽകുമായിരുന്നു. ഇന്നും പ്രസാദ് ഇൻസിറ്റിറ്റ്യൂട്ടിന്റെ ജീവനാഡിയായി പ്രവർത്തിക്കുന്നു. എം. ജി. റോഡിലുള്ള ശൈവപ്രകാശ സഭാഹാളിലായിരുന്നു ഉദ്ഘാടനം വെച്ചിരുന്നത്. സ്വദേശി ശാസ്ത്രപ്രസ്ഥാനത്തിലേയും വിചാരകേന്ദ്രത്തിലേയും പല പ്രവർത്തകരും ഈ സംരംഭത്തെ നഖശിഖാന്തം എതിർത്തു. അവർ പരസ്യമായി തന്നെ ഇതിനെതിരെ പ്രചരണം നടത്തി. "ഗോപാലകൃഷ്ണന് പൈസയുണ്ടാക്കാനാണീ സംഘടന. ആര്യഭടീയ സെമിനാറിൽ നിന്നുണ്ടാക്കിയ പൈസ ഉപയോഗിച്ചാണ് ഈ സംഘടനയുണ്ടാക്കുന്നത്. ഇത് വിചാരകേന്ദ്രത്തിനെതിരാണ്. അവനവന് ഷൈൻ ചെയ്യാനാണ് ഈ ഒരു സംഘടന." അതിശക്തമായിരുന്നു ഇത്തരത്തിലുള്ള പ്രചരണം.

ഉൽഘാടന ദിവസത്തിന് ഏതാനും ദിവങ്ങൾക്കു മുമ്പ് ഡോ. സാംബശിവനെ കാണാൻ പോയപ്പോൾ അദ്ദേഹം എന്നെ അറിയിച്ചു. "ഇതിൽ പങ്കെടുക്കരുതെന്ന് പലരും വന്നെന്നോട് പറഞ്ഞു. ഉൽഘാട

നത്തിനു പോകരുതെന്നും. ഇത് ഗോപാലകൃഷ്ണന്റെ വ്യക്തിപരമായ സംരംഭമാണെന്നും സാമ്പത്തീക ക്രമക്കേടുകൾ നടത്തിയിട്ടുള്ള ആളാണ് ഗോപാലകൃഷ്ണനെന്നും "ഞാനവരോടു പറഞ്ഞു. ഞാനെന്തു ചെയ്യണം ചെയ്യരുത് എന്നൊക്കെ തീരുമാനിക്കുന്നത് ഞാനാണ്. നോക്കാം എന്തൊക്കെ സംഭവിക്കുന്നു" എന്ന്. ഡോ. സാംബശിവൻ അറിയിച്ചു. അതിനുശേഷം അദ്ദേഹം പറഞ്ഞു. "പ്രസിഡന്റ് ഓഫ് ഇന്ത്യ ശ്രീ.കെ.ആർ. നാരായണൻ ഉൽഘാടന ദിവസം എറണാകുളത്ത് സന്ദർശിക്കുന്നുണ്ട്. പ്രസിഡന്റിന്റെ ന്യൂറോ കൺസൾട്ടന്റ് ആയതു കൊണ്ട് എനിക്ക് എറണാകുളത്തേക്ക് പോകേണ്ടി വരും. എന്താണ് ചെയ്യുക." എനിക്കു ദുഃഖം തോന്നി.

ഞാൻ ഡോ. മാർത്താണ്ഡൻ പിള്ളയെ ബന്ധപ്പെട്ടു. അദ്ദേഹത്തിനോടും ഈ സംഘടനയുമായി ബന്ധപ്പെടരുതെന്ന് പലരും അറിയിച്ചിരുന്നു. അദ്ദേഹം വിചാരകേന്ദ്രമായും സേവാഭാരതി പ്രസ്ഥാനങ്ങളുമായും നല്ല ബന്ധമുള്ള വ്യക്തിയാണ്. അദ്ദേഹം എങ്ങിനെയെങ്കിലും വരേണ്ടത് അത്യാവശ്യമായിരുന്നു. പലപ്രാവശ്യം ഡോ. മാർത്താണ്ഡൻപിള്ള സാറിനെ ഞാൻ ബന്ധപ്പെടുമ്പോഴും "അദ്ദേഹം ഇവിടെയില്ല" എന്ന മറുപടിയായിരുന്നു ലഭിച്ചിരുന്നത്. നേരിട്ടു അദ്ദേഹത്തിന്റെ വീട്ടിലേക്കു ഞാൻ പോയി. കാണാൻ അനുവദിച്ചില്ല. "അകത്തില്ല" എന്ന മറുപടിയാണ് ലഭിച്ചത്. അദ്ദേഹം ഉൽഘാടനത്തിനു വരില്ല എന്ന് ഉറപ്പായി. ഡോ. സംബശിവനുമില്ല. ഡോ. മാർത്താണ്ഡൻപിള്ളയുമില്ല. ഡോ. മാർത്താണ്ഡൻപിള്ള വരാൻ സാധ്യതയില്ലെന്ന് ഡോ. സാംബശിവനെ അറിയിച്ചിരുന്നുവത്രെ. വരാൻ ശ്രമിക്കാമെന്നു മാത്രം സാംബശിവൻ വീണ്ടും പറഞ്ഞു.

ആഗസ്റ്റ് 8 ന് നടക്കുന്ന ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സയിന്റിഫിക് ഹെറിറ്റേജിന്റെ ഉൽഘാടനത്തിൽ പങ്കെടുക്കരുതെന്നും അത് വിചാരകേന്ദ്രത്തിനും സ്വദേശി ശാസ്ത്രപ്രസ്ഥാനത്തിനുമെതിരായി പ്രവർത്തിക്കുന്ന സംഘടനയാണെന്നുമുള്ള ടെലിഫോൺ സന്ദേശം, ഉൽഘാടനചടങ്ങിന് വരാനുള്ള/വരാൻ സാധ്യതയുള്ള എല്ലാവർക്കുമെത്തിക്കൊണ്ടേയിരുന്നു. അവരിൽ നിന്ന് മറ്റുള്ളവർക്കുമെത്തിക്കാനുള്ള നിർദ്ദേശവുമുണ്ടായിരുന്നു.

വരുന്നതുവരട്ടെയെന്നു ഞാനും വിചാരിച്ചു. വൈകുന്നേരം ആറു മണിക്കാണ് ഉൽഘാടനം. നാലരമണിക്ക് ഡോ. സാംബശിവനറിയിച്ചു. "ഞാൻ എറണാകുളത്തേക്കു പോയില്ല. ഉൽഘാടനത്തിനുണ്ടാകും." വളരെ ആശ്വാസം തോന്നി. ഉൽഘാടനവേളയിൽ തൊട്ടു താഴെ റോഡ് സൈഡിൽ നിന്നുകൊണ്ട് പോലും ഉൽഘാടനത്തിനു വരുന്നവരെ

പിന്തിരിപ്പിക്കാൻ ശ്രമമുണ്ടായെങ്കിലും മുന്നൂറോളം പേർ പങ്കെടുത്തു. ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സയിന്റിഫിക് ഹെറിറ്റേജ് എന്ന സംഘടനയുടെ ഔപചാരിക ഉൽഘാടനം 1999 ആഗസ്റ്റ് 8 ന് ശ്രാവണ പൗർണമി ദിവസം നടന്നു. വിചാരിച്ചതിനേക്കാൾ ഭംഗിയായും മംഗളകരമായും നടന്നതിനെ ഈശ്വരാനുഗ്രഹം കൊണ്ട് എല്ലാവരും അഭിനന്ദിച്ചു. വന്നവർക്കെല്ലാം ലഡ്ഡുവിതരണം ചെയ്തു. ആത്മസംതൃപ്തിയുടെ നിമിഷമായിരുന്നു അത്. പ്രത്യേകിച്ചും ദുഃഖവും ടെൻഷനും നിറഞ്ഞ അന്തരീക്ഷത്തിൽ നിന്നു സന്തോഷത്തിലേക്കുള്ള മാറ്റം ഡോ.മാർത്താണ്ഡപിള്ള പങ്കെടുക്കാത്തത് ആരും ശ്രദ്ധിച്ചതേയില്ല. രണ്ടു പ്രധാന കാര്യങ്ങളായിരുന്നു മുന്നിൽ ഒന്നാമത്തേത്, ഒരു നല്ല നിയമാവലിയുണ്ടാക്കണം രണ്ട് വാർഷിക സെമിനാർ സംഘടിപ്പിക്കണം. ശേഖറിന്റെ അനുജൻ നിയമാവലി മൂന്നു മാസത്തിനകം ഉണ്ടാക്കിത്തന്നു. അത് 1999 നവംബർ മാസത്തിൽ ഔപചാരിക ട്രസ്റ്റായി രെജിസ്റ്റർ ചെയ്തു.

രെജിസ്റ്റ്രാർ ഓഫീസിൽ രെജിസ്ട്രേഷൻ കാര്യങ്ങൾ നടക്കുമ്പോൾ അതു കൈകാര്യം ചെയ്തിരുന്ന ക്ലാർക്ക് ചിരിക്കുന്നുണ്ടായിരുന്നു. കാര്യമെന്തെന്നു തിരക്കിയപ്പോൾ അയാൾ പറഞ്ഞു. “കേരളത്തിലിപ്പോഴുള്ള ചാരിറ്റബിൾ ട്രസ്റ്റുകളിൽ 65 ശതമാനവും ചത്തു കഴിഞ്ഞു. 20 ശതമാനം ഹൈക്കോടതി കേസിലാണ് 10 ശതമാനം കാശുണ്ടാക്കാൻ വേണ്ടി മാത്രം കുറേകാര്യങ്ങൾ ചെയ്യുന്നു. പിന്നെയൊരഞ്ചു ശതമാനമുണ്ട് എന്നു തോന്നുന്നു. നിങ്ങളുടെ ട്രസ്റ്റ് ഏതു വിഭാഗത്തിൽ പെടുമെന്നറിഞ്ഞുകൂടാ എന്നോർത്ത് ചിരിച്ചതാണ്. ഞാൻ തെറ്റായിട്ടു പറഞ്ഞിട്ടുണ്ടെങ്കിൽ ക്ഷമിക്കണം.” ഈ ഒരു സന്ദേശം എനിക്ക് വളരെയേറെ പ്രയോജനപ്പെട്ടു. അന്നുമുതൽക്കിന്നുവരെ, ഞാൻ ശ്രദ്ധയോടെ കാര്യങ്ങൾ കൈകാര്യം ചെയ്യുന്നതിന് ഈ ഒരു സന്ദേശം ഉപകരിക്കുന്നുണ്ട്.

## ഇൻസ്റ്റിറ്റ്യൂട്ടിന്റെ ഒന്നാം വാർഷിക സെമിനാർ

ഒന്നാമത്തെ വാർഷിക സെമിനാർ എറണാകുളത്ത് സംഘടിപ്പിക്കാൻ തീരുമാനിച്ചു. എന്റെ ജ്യേഷ്ഠൻ ശ്രീനിവാസൻ അതിന്റെ പൂർണ ഉത്തരവാദിത്വവുമേറ്റെടുത്ത് 1-ാം, ശാസ്ത്ര-2000 എന്ന പേരിൽ അതിപ്രഗത്ഭരായ പലരും പങ്കെടുത്ത സെമിനാർ രാജാജിറോഡിലുള്ള കല്യാണമണ്ഡപത്തിൽ നടന്നു, വൻ വിജയമായിരുന്നു അത്. അന്നുവരെ കേരളത്തിലങ്ങോളമിങ്ങോളം നടത്തിയിട്ടുള്ള പ്രഭാഷണങ്ങളിൽ പങ്കെടുത്തതിൽ ധാരാളം വ്യക്തികളും പ്രമുഖരും ശാസ്ത്ര 2000 ൽ പങ്കെടുത്തു അടുക്കും ചിട്ടയോടും കൂടി കാര്യങ്ങൾ നടന്നു.

### കാസറ്റുകളുടെ പ്രകാശനം

ചങ്ങനാശ്ശേരിക്കടുത്ത് വാഴപ്പിള്ളിയിൽ ഒരു മധുകുമാർ മൂകാംബിക ക്ഷേത്രത്തിലേക്ക് ദർശനത്തിനു പോകുകയായിരുന്നു. ട്രെയിനിൽ വെച്ച് യാത്രക്കാർ എന്റെ പ്രഭാഷണത്തെക്കുറിച്ച് ചർച്ച ചെയ്യുന്നുണ്ടായിരുന്നുവത്രെ. ചെറുപ്പക്കാരനായ അദ്ദേഹം മൂകാംബിയിൽ പോയി തൊഴുതു, അവിടുത്തെ പൂജാരിയെക്കണ്ട് കുറേ നേരം സംസാരിച്ച് കുറേ കീർത്തനങ്ങളുടെ കാസറ്റുകളിറക്കാനുള്ള പരിപാടി ആവിഷ്കരിക്കുകയാണെന്നു പറഞ്ഞു. അതിനായി ഏകദേശം 65,000 രൂപയും സ്വരൂപിക്കണമെന്നായിരുന്നു അവരുടെ ചർച്ചാവിഷയം. മൂകാംബിയിലെ പൂജാരി പറഞ്ഞുവത്രെ. "ഇത്രയും രൂപ മുടക്കിയാൽ അതു തിരിച്ചു കിട്ടാൻ എത്രകാലമെടുക്കും. അതിനു പകരം തിരുവനന്തപുരത്തെ ഒരു ഡോ. ഗോപാലകൃഷ്ണൻ ചെയ്ത പ്രഭാഷണത്തിന്റെ കാസറ്റുകളിറക്കി കൂടെ എന്ന്. മധുകുമാർ മൂകാംബിയിൽ നിന്ന് നേരെ എന്നെ ഫോണിൽ ബന്ധപ്പെട്ടു. ഞാനദ്ദേഹത്തോടു പറഞ്ഞു. "ഏറ്റുമാനൂർ ഭാഗവതസത്രത്തിൽ നടത്തിയ പ്രഭാഷണം എല്ലാവർക്കും ഇഷ്ടപ്പെട്ടു എന്നാണ് എനിക്കുതോന്നിയത്. അതിന്റെ കാസറ്റ് ഏറ്റുമാനൂരിലെ ശ്രീ. പി.എൻ.ഗോപാലകൃഷ്ണന്റെ കയ്യിലുണ്ട്. അത് ഇറക്കിയാൽ നന്നായിരിക്കും." മധുകുമാർ ആ കാസറ്റും വാങ്ങി രണ്ടുദിവസത്തിനകം എന്റെയടുത്തുവന്നു പറഞ്ഞു. "ഏതോ ഒരു ദൈവനിയോഗം പോലെ തോന്നുന്നു സാർ. ഇന്നലെരാത്രി ഉറങ്ങുന്ന വേളയിൽ, അർദ്ധരാത്രി കഴിഞ്ഞ് ജനലിൽ ഒരു ഈശ്വരീയരൂപം, കൊല്ലൂർ മൂകാംബികാദേവി പോലെ, വന്ന് ഈ കാസറ്റുകളിറക്കണമെന്നു പറഞ്ഞു." ഞാൻ വിചാരിച്ചു നന്മകൾക്കൊരു നന്മയുടെ കരുത്തും കൂടിയിരിക്കട്ടെ. "ഈ കാസറ്റുകളിറക്കുന്നതിൽ എനിക്ക് ഒരു പൈസയും വേണ്ട. കുറച്ചു കോപ്പികളെനിക്കു തരണം അതിന്റെ വിലയും ഞാൻ തരാൻ തയ്യാറാണ്. എനിക്ക് റോയൽട്ടിയായിട്ടോ മറ്റു വിധത്തിലോ ഒന്നും തന്നെ ഇന്നും എന്നും ആവശ്യമില്ല. എല്ലായിടത്തും ഭാരതത്തിന്റെ ഈ സന്ദേശമെത്തട്ടെ" എന്നു പറഞ്ഞ് മധുകുമാറിനെ യാത്രയാക്കി.

ഈ ഒരു ചർച്ചയിൽ നിന്ന്, മൂകാംബികയുടെ പ്രസാദം പോലെ കാസറ്റുകളുടെ പ്രചാരണം ആരംഭിക്കുന്നു . എല്ലാ ഭാഗവത സത്രത്തിന്റേയും പ്രഭാഷണങ്ങൾ പിന്നീട് പ്രകാശനം ചെയ്യാറുണ്ട്. പട്ടം ശിവരാമകൃഷ്ണയ്യരെക്കണ്ട് ഒരു കാസറ്റു റിക്കോർഡർ വാങ്ങിക്കാനുള്ള സംഭാവന തരണമെന്നഭ്യർത്ഥിച്ചു. അതിരാവിലെ അവിടെയെത്തി ഞാനും ജ്യേഷ്ഠനുമാണ് ഈ സംഭാവന പിരിക്കൽ നടത്തിയത്. ഒന്നും ചിന്തിക്കാതെ അദ്ദേഹം 50 നൂറിന്റെ നോട്ടെടുത്തു തന്നു. ആ സംഭാ



Scanned with CamScanner

വന കൊണ്ട് ഒരു കാസറ്റ് റെക്കോർഡർ ഉണ്ടാക്കി, വീട്ടിലും ഓഫീസിലുമിരുന്ന് രാത്രി സമയങ്ങളിൽ പൈതൃകസന്ദേശങ്ങളെല്ലാം റെക്കോർഡു ചെയ്യുമായിരുന്നു. മധുകുമാർ വളരെ പ്രൊഫഷനലായി ത്തന്നെ കാസറ്റുകൾ പഞ്ച് ചെയ്തും നല്ലവർണങ്ങളോടുകൂടിയ ഫ്ളാപ്പുകളടിച്ചും പൊതുപ്രഭാഷണത്തിന്റെ കാസറ്റുകളിറക്കി കേരളമെമ്പാടും പ്രചരിപ്പിച്ചു. ഇൻസ്റ്റിറ്റ്യൂട്ടിന്റെ സന്ദേശം കേരളമെമ്പാടും, കേരളീയരിലൂടെ ലോകമലയാളികൾക്കും എത്തിച്ചതിൽ മധുകുമാർ വഹിച്ച പങ്ക് അവിസ്മരണീയമാണെന്ന് അടിവരയിട്ടെഴുതാൻ ഞാനാഗ്രഹിക്കുന്നു. കേരളത്തിലെ മുക്കിലും മൂലയിലും എല്ലാവിഭാഗം ജനങ്ങളിലും, സ്ഥാപനങ്ങളിലും, ആശ്രമങ്ങിലും ക്ഷേത്രങ്ങളിലും, കേരളീയരുള്ള മറ്റുപ്രദേശങ്ങളിലുമെല്ലാം കാസറ്റുകളെത്തിയിരുന്നു. തിരുവനന്തപുരത്ത് മണികണ്ഠൻ എന്ന ഒരു ചെറുപ്പക്കാരൻ ഈ കാസറ്റുകൾ പുതിയവയെല്ലാം കോപ്പിയെടുത്ത് എത്തിച്ചുതുടങ്ങി. ഒരു കോപ്പിറൈറ്റുമില്ലാതെ ആവേശോജ്ജ്വലമായ കാസറ്റുകളും വിജ്ഞാനോജ്ജ്വലമായ കാസറ്റുകളും പ്രചരിപ്പിച്ചും പ്രചരിച്ചും കൊണ്ടേയിരുന്നു.

### പുസ്തക പ്രകാശനം

2000 ൽ സി എസ് ഐ ആർ ഡയറക്ടർ ജനറൽ മുഖവുരയെഴുതി പ്രസിദ്ധീകരിച്ചത് ഇൻസ്റ്റിറ്റ്യൂട്ടിന്റെ 14-ാമത്തെ പുസ്തകമായിരുന്നു. ഇന്ത്യൻ സയിന്റിഫിക് ഹെറിറ്റേജ് ആദ്യത്തേത് 15 വരികളുള്ള ഭഗവദ്ഗീതാ മെസ്സേജ് എന്ന ഒറ്റ പേപ്പറായിരുന്നു. രണ്ടാമത്തേതാകട്ടെ ഇന്ത്യൻ ഹെറിറ്റേജ് എന്ന ചെറുപുസ്തകവും രണ്ടും ഇംഗ്ലീഷായിരുന്നു. ആ പ്രസിദ്ധീകരണങ്ങൾക്കു ശേഷം, ഈശാവാസ്യ ഉപനിഷത്, ഈശ്വരസങ്കൽപം, ഭാരതീയ ശാസ്ത്രരത്നങ്ങൾ, ആര്യഭടീയം തുടങ്ങിയ അനേകം പുസ്തകങ്ങൾ മലയാളത്തിലും ഇംഗ്ലീഷിലും പ്രസിദ്ധീകരിച്ചു. ഹെറിറ്റേജ് പബ്ലിക്കേഷൻ സീരീസ് എന്ന പരമ്പരയിൽ. എണ്ണം ഏകദേശം നൂറിനോടടുക്കുന്നു,

### നോട്ടീസുകളിലൂടെ സന്ദേശം

സന്ദേശങ്ങൾ പ്രചരിപ്പിക്കാനുള്ള എളുപ്പമാർഗം ഒരു രൂപയും രണ്ടു രൂപയും വിലയുള്ള പ്രിന്റഡ് ലഘുനോട്ടീസുകളാണെന്ന് ബോധ്യപ്പെട്ടു. അന്നുതൊട്ടിന്നുവരെ ഇംഗ്ലീഷിലും മലയാളത്തിലുമായി 36 തരത്തിലുള്ള നോട്ടീസുകളും നിരന്തരം പ്രസിദ്ധീകരിച്ചു വിതരണം ചെയ്യുന്നുണ്ടായിരുന്നു. ഭാരതീയ പൈതൃകം പഠിക്കാൻ മാത്രമല്ല പൈതൃകത്തിനെതിരെ നടക്കുന്ന പ്രവർത്തനങ്ങളെ ശക്തിയുക്തം എതിർക്കാനും കാസറ്റുകളും ബ്രോഷറുകളും നോട്ടീസുകളും പ്രഭാഷണങ്ങളും പ്രചാരണത്തിലെത്തിയിരുന്നു.



Scanned with CamScanner

## വെബ്സൈറ്റിലൂടെ പ്രചരണം

അത്യാധുനീക ശാസ്ത്ര സാങ്കേതിക വിദ്യയിലൂടെ അതിപുരാതനമായ ഭാരതീയ പൈതൃകം പഠിപ്പിക്കുക എന്നത് ഇന്റർനെറ്റിലൂടെ നടത്താൻ 2000 ആഗസ്റ്റ് 15 ന് www.iish.org എന്ന വെബ്സൈറ്റ് പ്രവർത്തനമാരംഭിച്ചു. അമേരിക്കയിലെ ശ്രീധരൻനായർ അവർകളുടെ തിരുവനന്തപുരത്തെ കമ്പനിയായ സോഫ്റ്റ് റൂട്ടാണ് വെബ്സൈറ്റ് ഉണ്ടാക്കി പ്രവർത്തിപ്പിച്ചിരുന്നത്. വെബ്സൈറ്റിലൂടെ പ്രഭാഷണങ്ങൾ ലഭ്യമാക്കാൻ തുടങ്ങിയതോടെ ഇൻസ്റ്റിറ്റ്യൂട്ട് അത്യാധുനിക സാങ്കേതിക വിദ്യയിലേക്ക് കടന്നു. ഹെറിറ്റേജ് സന്ദേശങ്ങളും ഇംഗ്ലീഷിലുള്ള ഭാരതീയ പുരാതന ശാസ്ത്ര പുസ്തകങ്ങളും ഫ്ളോപ്പിഡിസ്കിലും ലഭ്യമാകാൻ ആരംഭിച്ചതും 1999 ഡിസംബറിലായിരുന്നു.

## സി ഡി കളിലൂടെ സന്ദേശ പ്രചരണം

വി.എസ്.എസ്.സി. യിൽ പ്രവർത്തിക്കുന്ന ശാസ്ത്രജ്ഞനായ ശ്രീ ഗോപകുമാർ എന്റെ ഒരുപ്രഭാഷണം, പട്ടം എൻ.എസ്.എസ്. ഹാളിൽ കേൾക്കുവാനിടവന്നു. അദ്ദേഹം എന്നെ അറിയിച്ചു "കാസറ്റുകളുടെ കാലഘട്ടം ഉടനെ അവസാനിക്കും. ഈ പ്രഭാഷണങ്ങളെല്ലാം സിഡിയിലാക്കണം.പത്തു മണിക്കൂർ പ്രഭാഷണം വരെ ഒരു സിഡിയിലാക്കാം." അദ്ദേഹത്തിന് എന്തെങ്കിലും ചെയ്യാൻ സാധിച്ചാൽ അതൊരു വലിയ അനുഗ്രഹമായിരിക്കുമെന്ന് ഞാൻ പറഞ്ഞു. ഒരു തടസ്സവും കൂടാതെ ഞാനദ്ദേഹത്തെ ഏൽപ്പിച്ച എല്ലാ കാസറ്റുകളും സിഡിയാക്കിത്തന്നു. സമൂഹത്തിൽ എം.പി.ത്രീ പ്ലെയർ വരുന്നതിനും സാർവത്രികമാകുന്നതിനും മുമ്പു തന്നെ ഇതിൽ വെച്ച് കേൾക്കാനുള്ള സിഡികൾ ഇൻസ്റ്റിറ്റ്യൂട്ട് ഇറക്കിയിരുന്നു. ഇതിനുമുമ്പായിത്തന്നെ ഓരോ മണിക്കൂർ ദൈർഘ്യമുള്ള പ്രഭാഷണങ്ങളുടെ സിഡികളും ഇറക്കിയിരുന്നു.

പിന്നീട് മറ്റനവധി സി ഡികളും, വി സിഡികളും, ഡി വി ഡികളും ഇറക്കാൻ ഇൻസ്റ്റിറ്റ്യൂട്ടിനു സാധിച്ചു. ഇന്ന് എണ്ണമറ്റവയുണ്ട്. സംപൂർണ വേദങ്ങളുടേയും ഡിവിഡികളും പ്രകാശനം ചെയ്ത് ഇൻസ്റ്റിറ്റ്യൂട്ട് മുന്നോട്ടു പോകുന്നു. ഇതെല്ലാം ജീവിതത്തിന്റെ ഭാഗമായി ചെയ്യുമ്പോഴും ധർമ്മബോധം ഉപദേശിക്കാൻ യോഗ്യതയുള്ളവന് ധർമ്മബോധമുണ്ടാകണം എന്ന ഉറച്ച വിശ്വാസം ജീവിതത്തിൽ ഓരോ ഇഞ്ചും പകർത്തിയിരുന്നതിനാൽ എന്റെ ലാബറട്ടറിയിലെ എല്ലാ ഗവേഷണപ്രവർത്തനങ്ങളിലും ഞാൻ പങ്കെടുത്ത് അതിന്റേതായ റിസൾട്ട് കാണിച്ചിരുന്നു. നിർഭാഗ്യവശാൽ അതൊന്നും, എന്റെ സ്ഥാപനത്തിൽ നിന്നും ഒരു നല്ലവാക്ക് ലഭിക്കാനുള്ള അവസരം ഉണ്ടാക്കിയില്ല.



Scanned with CamScanner

## അവിസ്മരണീയമായ പ്രഭാഷണപരമ്പരകൾ

1996 മുതൽ നടക്കുന്ന നൂറുകണക്കിനു പ്രഭാഷണങ്ങൾക്ക് 2000 മാണ്ടോടു കൂടി അടുക്കും ചിട്ടയുമുണ്ടായി. ഇൻസ്റ്റിറ്റ്യൂട്ടിന്റെ ഡയറക്ടർ എന്ന നിലയിലായി പ്രഭാഷണങ്ങളെല്ലാം. കൂട്ടത്തിൽ സി എസ് ഐ ആറിലെ ഒരു സീനിയർ ശാസ്ത്രജ്ഞൻ എന്ന സ്ഥാനവുമുണ്ടായിരുന്നു. മധുകുമാർ പ്രചരിപ്പിച്ചുകൊണ്ടിരുന്ന പൈതൃകം ഓഡിയോസിലൂടെയുള്ള കാസറ്റുകളും, ഇൻസിറ്റിറ്റ്യൂട്ട് നേരിട്ടു പ്രചരിപ്പിച്ചുകൊണ്ടിരുന്ന കാസറ്റുകളും പുസ്തകങ്ങളും ഈശ്വരാനുഗ്രഹത്താൽ വളരെയേറെ സ്വാധീനം സമൂഹത്തിലുണ്ടാക്കികൊണ്ടിരുന്നു. അനവധി വ്യക്തികൾ ഇവയുടെ കോപ്പിയെടുത്ത് വിതരണം ചെയ്യുന്നുമുണ്ടായിരുന്നു. ഇതിലൂടെയെല്ലാം അറിയപ്പെടുന്ന പ്രഭാഷകനിൽ നിന്ന് 'പ്രസിദ്ധനായ പ്രഭാഷകൻ' എന്ന പദവിയിലേക്കുയരാൻ ജഗദീശ്വരനനുഗ്രഹിച്ചു. മതപരിവർത്തനത്തിനെതിരായും യുക്തിവാദത്തിനെതിരായും ശാസ്ത്രവീക്ഷണത്തോടെ നടത്തിയ പ്രഭാഷണങ്ങളെല്ലാം പലർക്കും ഹരമായിരുന്നു. അതു പല സംഘടനകളും ക്ഷേത്രങ്ങളും പൊതുപ്രവർത്തകരുമെല്ലാം പൊതുവേദികളിൽ കേൾപ്പിച്ചിരുന്നു. ചങ്കൂറ്റമുള്ള പ്രഭാഷണമെന്ന വിലയിരുത്തലുമുണ്ടായി. ശക്തമായ ഭാഷയിലുള്ള അവതരണത്തിന്റെ ആധികാരികതക്ക് ആരാധകരേറെയായി. ചിലർക്ക് കാര്യമായ എതിർപ്പുമുണ്ടായിരുന്നു. (ബാഹ്യമായിട്ടാണെന്നു തോന്നുന്നു) പ്രഗത്ഭരായ പല രാഷ്ട്രീയക്കാരും ബുദ്ധിജീവികളും ഇതിന്റെ ശ്രോതാക്കളും പിന്നീട് ആരാധകരുമായി. അനേകായിരങ്ങളുടെ വീക്ഷണങ്ങളിൽ അനുനിമിഷം മാറ്റമുണ്ടായിക്കൊണ്ടിരുന്നു.

## പരീക്ഷിത്ത് തമ്പുരാൻ സ്മാരക പ്രഭാഷണം നടത്തി

2001 ജനുവരിയിൽ കോഴിക്കോട് പ്രഭാഷണപരമ്പരകൾ നടന്നു. പൊതുവേദികളിലും കുളത്തൂർ ആശ്രമത്തിലുമുൾപ്പെടെ. അവിടത്തെ ഐ ടി ഐയിൽ സ്വാമിവിവേകാനന്ദ ജയന്തിയോടനുബന്ധിച്ച് 12 ന് നടക്കാനിരിക്കുന്ന പ്രഭാഷണം ഒന്നുരണ്ടു അദ്ധ്യാപകരുടെ ഭീഷണിയെത്തുടർന്ന് പ്രിൻസിപ്പാൾ കാൻസൽ ചെയ്തു. ഒരു വൻ സമൂഹം വിദ്യാർത്ഥികൾ ഇതിനെതിരെ ജാഥ നടത്തി, "ഗോപാലകൃഷ്ണൻ ഞങ്ങളുടെ നേതാവ്" എന്ന മുദ്രവാക്യം വിളിച്ചു. പ്രോഗ്രാം നടക്കുമായിരുന്നെങ്കിൽ ഉണ്ടാകാൻ സാധ്യതയുള്ളതിനേക്കാൾ ഫലവത്തായി പ്രോഗ്രാമില്ലാതെ വന്നത്. ഈ ജാഥ മാധ്യമങ്ങളിൽ സ്ഥാനം പിടിച്ചു. 18 -ാം തീയതി കൊച്ചി മഹാരാജാവ് പരീക്ഷിത്ത് തമ്പുരാന്റെ സ്മാരകമായി പ്രഭാഷണം നടത്താനുള്ള ഭാഗ്യം (തൃപ്പൂണിത്തുറയിൽ) ലഭിച്ചു. തൃപ്പൂണിത്തുറ കോവിലകത്തെ പാചകക്കാരനായിരുന്ന ശ്രീ നാരായ



Scanned with CamScanner

ണനെമ്പ്രാന്തിരിയുടെ മകൻ ഗോപാലകൃഷ്ണന് കൊച്ചി മഹാരാജാവിന്റെ സ്മാരക പ്രഭാഷണം നടത്താനുള്ള ഭാഗ്യം ലഭിച്ചു, എന്നത് ചെറിയകാര്യമല്ല. കാലടി സംസ്കൃത സർവകലാശാലയിൽ എന്റെ പി എച്ച് ഡി തീസീസ് 'കൈകാര്യം' ചെയ്ത രെജിസ്ട്രാറായിരുന്ന ഡോ. പൗലോസായിരുന്നു പരീക്ഷിത്ത് മെമ്മോറിയൽ പ്രഭാഷണ സമിതിയുടെ സെക്രട്ടറി. ഇതിനുമുമ്പ് നടന്ന പ്രഗത്ഭരുടെ പ്രഭാഷണങ്ങളെല്ലാം ഒരു മണിക്കൂറായിരുന്നു. ഡോ. പൗലോസ്, എന്റെ പ്രഭാഷണം സംഘടിപ്പിക്കുന്നതിനെ ആദ്യം എതിർത്തിരുന്നു എന്നറിയാൻ സാധിച്ചു. അവസാനം സമിതിയുടെ നിർബന്ധം കൂടിയപ്പോൾ ഒരു നിബന്ധന വെച്ചുകൊണ്ടായിരുന്നു മെമ്മോറിയൽ ലെക്ചറിന് എന്നെ ക്ഷണിക്കാൻ സമ്മതിച്ചതത്രെ. ഒരു മണിക്കൂർ പ്രഭാഷണത്തിനു പകരം ഏകദേശം 8 മണിക്കൂർ വീതം രണ്ടുദിവസം പ്രഭാഷണം ജനുവരി 19, 20 തീയതികളിൽ നടന്നു. ശ്രീകോവിലിൽ കള്ളവാറ്റു നടത്തിയിരുന്ന പാറശ്ശാല മഹാദേവ ക്ഷേത്രത്തിൽ പ്രഭാഷണം നടത്തി. ആ ക്ഷേത്രം പൂർണമായും ചൈതന്യവത്താക്കി പുനർനിർമ്മിക്കാൻ കാരണമാകുകയും ചെയ്തു. ഈ സ്ഥലത്ത് വൻ സന്നാഹത്തോടെ നടക്കുന്ന കർമ്മങ്ങൾക്ക് മാർഗദർശകനാകാൻ എനിക്കു സാധിച്ചു. വേദത്തെ ദുർവ്യാഖ്യാനം ചെയ്യുന്നതിനെക്കുറിച്ച് ജനുവരി 21 ന് ഞാനിവിടെ തീപ്പൊരി പ്രഭാഷണം നടത്തി. അതിഗംഭീരമായ രീതിയിൽ ഇൻസിറ്റിറ്റ്യൂട്ട് നേരിട്ട് ചുമതലയെടുത്ത്, ജനുവരി 26 ന് ഒരു പൂർണദിന സെമിനാർ തിരുവനന്തപുരത്ത് നടത്തി. എല്ലാ മാസങ്ങളിലും കരമന ബോധാനന്ദാശ്രമത്തിലും, തീർത്ഥപാദമണ്ഡപത്തിലും, കൈമനം അമൃതാനന്ദമയീ ആശ്രമത്തിലും പ്രതിമാസ ക്ലാസുകൾ നടന്നുകൊണ്ടേയിരുന്നു. ചെറുകോൽപുഴ ഹിന്ദുമതസമ്മേളനത്തിന് ശക്തിപകർന്നുകൊണ്ടുള്ള പ്രഭാഷണങ്ങൾക്ക് ആരംഭം കുറിക്കാൻ എനിക്ക് ദൈവാനുഗ്രഹമായത് ഫെബ്രുവരി 5-ാം തീയതിയിലെ പ്രഭാഷണമായിരുന്നു. 2001 ഫെബ്രുവരി 7 മുതൽ സുദീർഘമായ പ്രഭാഷണ പരമ്പരകൾ കുവൈറ്റിലും, ബെഹ്റെനിലും ഷാർജയിലും ദുബൈയിലും അബുദാബിയിലും നടന്നു. വേദഗണിതത്തെക്കുറിച്ച് ഒരു ദിവസത്തെ ശിബിരവും ഇൻസ്റ്റിറ്റ്യൂട്ടിന്റെ നേതൃത്വത്തിൽ ഫെബ്രുവരി 17 ന് നടന്നു.

**പ്രഭാഷണപരമ്പരകൾ**

ഇൻസ്റ്റിറ്റ്യൂട്ട് പ്രവർത്തനം തുടങ്ങിയ വർഷം തന്നെ വിവിധ സംഘടനകളുമായി സഹകരിച്ച് എല്ലാ മാസവും പഠന ക്ലാസുകൾ ആരംഭിച്ചു. കൈമനം അമൃതാനന്ദമയീമഠം, കാലടി ബോധാനന്ദാശ്രമം, വള്ളിക്കാവ് അമൃതാനന്ദമയീമഠം, പാറശ്ശാലക്ഷേത്രം, ഗാന്ധാരി അമ്മൻകോവിൽ,



Scanned with CamScanner

ഏജീസ് ഓഫീസിലേയും സെക്രട്ടറിയേറ്റിലേയും ഉദ്യോഗസ്ഥർക്കായി കുമാരസ്വാമിഹാൾ, ഗാന്ധിസ്മാരക നിധി, ഹിന്ദി പ്രചാരസഭ, കരമന ശിവൻ കോവിൽ എന്നിവിടങ്ങളിൽ നിരന്തരമായ ക്ലാസുകളാരംഭിച്ചു.

ആൾ സെയിന്റ്സ കോളേജ്, മാർ ഇവാനിയോസ് കോളേജ്, എം ജി കോളേജ്, എൻ.എസ്.എസ്. കോളേജ് ധനുവച്ചപുരം, ചങ്ങനാശ്ശേരി, നീറമൺകര, പാലക്കാട് എന്നിവിടങ്ങളിലും ക്ലാസുകളുണ്ടായിരുന്നു. എറണാകുളം, തൃശ്ശൂർ എന്നീ ജില്ലകളിലും കന്യാകുമാരി ജില്ലയിലെ വിവിധ ഭാഗങ്ങളിലും പഠനക്ലാസുകൾ നടന്നിട്ടുണ്ട്.

കേരളത്തിനു പുറത്ത് നടന്ന പ്രഭാഷണപരിപാടികളിൽ ശ്രദ്ധേയമായത് മാർച്ച് 11, 12, 13 തീയതികളിലും, ഏപ്രിൽ 20, 21 തീയതികളിലും, ജൂൺ 9, 10, 11 തീയതികളിലും ബംഗ്ലൂരിൽ വിവിധ സ്കൂളുകളിലും കോളേജുകളിലും, ക്ഷേത്രങ്ങളിലും, ആശ്രമങ്ങളിലും നടന്ന അനവധി പ്രഭാഷണങ്ങളാണ്. ടെലികോം ട്രെയിനിങ് സെന്റർ, കൊച്ചിൻ റിഫൈനറി, തിരുവനന്തപുരം ലയൺസ് ക്ലബ്, ശ്രീ ചിത്ര തിരുന്നാൾ ഇൻസ്റ്റിറ്റ്യൂട്ട് എന്നിവിടങ്ങളിലെ ക്ലാസുകൾ കൂടാതെ ഇൻസിറ്റിറ്റ്യൂട്ട് ഈ വർഷം തീർത്ഥപാദമണ്ഡപത്തിൽ ഏകദേശം 40 പ്രഭാഷണങ്ങൾ സംഘടിപ്പിച്ചിരുന്നു.

കേരളസർക്കാരും തിരുവനന്തപുരത്തെ ഗവേഷണശാലയായ സി ടി സി ആർ ഐയും പ്രത്യേകമായി ദേശീയ ശാസ്ത്രദിനാഘോഷം ഫെബ്രുവരി 28 ന് നടത്തിയപ്പോൾ അത് ഇൻസ്റ്റിറ്റ്യൂട്ടിന് വലിയൊരംഗീകാരമായിത്തന്നെ ഭവിച്ചു. പാലക്കാട് ബ്രാഹ്മിൻസ് എഡ്യൂക്കേഷൻ സൊസൈറ്റിയുടെ കീഴിൽ വൻജനാവലി പങ്കെടുക്കുന്ന എന്റെ പ്രഭാഷണപരമ്പരക്ക് പ്രചാരണം ലഭിക്കാൻ 2001 മാർച്ച് 1 ന് നടത്തിയ പ്രഭാഷണം കൊണ്ടു സാധിച്ചു. അന്നുതൊട്ടിന്നുവരെ വർഷത്തിൽ രണ്ടുതവണയെങ്കിലും മോയൻസ് ഹൈസ്കൂൾ ഗ്രൗണ്ടിൽ പ്രഭാഷണം നടത്തുന്നത് കേൾക്കാൻ വൻജനാവലി എത്താറുണ്ട്.

കോഴിക്കോട് ജില്ലയിലെ ഇൻസ്റ്റിറ്റ്യൂട്ടിന്റെ ശക്തനായ പ്രവർത്തകനായ ബാലകൃഷ്ണൻ പണിക്കശ്ശേരിയുടെ പ്രവർത്തനഫലമായി ജില്ലയിൽ ഇൻസിറ്റിറ്റ്യൂട്ടിന്റെ പ്രവർത്തനങ്ങൾക്ക് നല്ല അംഗീകാരം ലഭിച്ചു. മാർച്ച് 31 മുതൽ ഏപ്രിൽ 3 വരെ കോഴിക്കോടിൽ പത്തോളം പ്രഭാഷണങ്ങൾ നടന്നു. ലോകനാർകാവും, തച്ചോളി ഒതേനന്റെ ചരിത്രവും ഉറങ്ങുന്ന പലയിടത്തും സന്ദർശനം നടത്താനും ഭാഗ്യമുണ്ടായി. കോഴിക്കോട് ജില്ലയിൽ ശ്രീ ഗംഗാധരൻ നമ്പ്യാർ, നല്ല പ്രവർത്തനങ്ങൾ കാഴ്ചവെച്ച് കാസറ്റുകൾ ഉത്തരകേരളത്തിൽ പ്രചരിപ്പിക്കാൻ തുടങ്ങി. അതൊരു ജീവിതദൗത്യമായി ശ്രീ നമ്പ്യാർ പ്രവർത്തിച്ചു. വടകരയിലെ



Scanned with CamScanner